## മുക്കം ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം

## സമഗ്ര വികസന രേഖ



# കേരളം



135-7
673 602



# മുക്കം ഗ്രാമപഞ്ചായത്ത്

## സമഗ്ര വികസന രേഖ

### കോഴിക്കോട്



# പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



വി.പി. ചാത്തൻ
പ്രസിഡണ്ട്



എ.എം. അഹമ്മദ് കുട്ടി ഹാജി
വൈസ് പ്രസിഡണ്ട്



അബൂബക്കർ മൗലവി
മെമ്പർ ജില്ലാപഞ്ചായത്ത്



കെ.പി. അഹമ്മദ് കുട്ടി
ചെയർമാൻ
സ്റ്റാന്റിംഗ് കമ്മിറ്റി



ടി. പുഷ്പവല്ലി
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



കെ.പി.മൊയ്തീൻകുട്ടി
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



എ. കല്യാണിക്കുട്ടി
മെമ്പർ



എ.കെ. ജോസ്
മെമ്പർ



എൻ.കെ. അബൂബക്കർ
മെമ്പർ



പി. ആമിന
മെമ്പർ



ചേറ്റൂർ ബാലകൃഷ്ണൻ
മാസ്റ്റർ - മെമ്പർ

വി.കുഞ്ഞൻ
മെമ്പർ



എ.എം. ജമീലടീച്ചർ
മെമ്പർ

മുംതസ് ജമീല
മെമ്പർ



ഇ.കെ. ഷാഹുൽ ഹമീദ്
മെമ്പർ

## വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

വേണു കല്ലുരുട്ടി (കോർഗ്രൂപ്പ് കൺവീനർ)
ഡോ: നീനാകുമാർ
പി. ഓങ്കാരനാഥൻ
പുലരി ബാബു
എൻ. ബാബുട്ടൻ
എ. പ്രദീപ്കുമാർ
ഹസ്സനുൽ ബന്ന
പി. സജീവ്
കോയാലിമാസ്റ്റർ
പി. മനോജ് കുമാർ
വേലുക്കുട്ടി
ദേവസ്യ
കെ. രാജു
ബദറുദ്ദീൻ
കെ. ഷാജി
എ. കൃഷ്ണൻ
പി. പി. രവീന്ദ്രൻ
ടി. എ. മോഹൻദാസ്
കെ. രാമചന്ദ്രൻ
എൻ. സുരേന്ദ്രനാഥ്
കെ. റഫീഖ്
പി. രാധാകൃഷ്ണൻ
സതി
എം. ശാന്തകുമാരി
ജോസ് അധികാരത്തിൽ
എ. കല്യാണിക്കുട്ടി

എ. എം. അഹമ്മദ്കുട്ടിഹാജി
ചേറ്റൂർ ബാലകൃഷ്ണൻ നായർ
ഇ. കെ. ഷാഹുൽ ഹമീദ്
കെ. പി. അഹമ്മദ്കുട്ടി
എൻ. കെ അബൂബക്കർ
എ. എം. ജമീല ടീച്ചർ
കെ. ആയിഷ
മുംതസ് ജമീല
വി. കുഞ്ഞൻ
ഇ. പി. അരവിന്ദൻ
കെ. സുധാകരൻ
കെ. ടി. ബാബു
പി. സുധാകരൻ
മുക്കം ഭാസി
എം. അശോകൻ
എം. എം. സുഗുണൻ
ത്രേസ്യാമ്മ പൗലോസ്
ഐ. അബു
സുബൈദ ടീച്ചർ
എൻ. സുനിൽകുമാർ
പി. കെ. മുഹമ്മദ്
പി. ടി. സദാനന്ദൻ
ഇ. സുരേന്ദ്രൻ
എൻ. രവീന്ദ്രൻ
കെ. അസ്സയിൻ

---


*എഡിറ്റോറിയൽ ബോർഡ്*

വി. പി. ചാത്തൻ ◆ എം. ഗോവിന്ദൻ കുട്ടി ◆ എ. എം. അബ്ദുള്ള ◆ കെ. മോഹൻ
പി. പ്രേമൻ ◆ ടി. പുഷ്പവല്ലി ◆ മുക്കം ബാലകൃഷ്ണൻ ◆ എം. പ്രേമൻ
വേണു കല്ലുരുട്ടി ◆ എ. കെ. സജീവ് ◆ എൻ. ചന്ദ്രൻ

കവർ: സിഗ്നി ദേവരാജൻ
ലേ ഔട്ട്: ഫിങ്കർപ്രിന്റ്
പ്രിന്റിംഗ്: ലൂക്കോസ് പ്രിന്റ്സ്

# ഉൾത്താളുകളിൽ


1

2

3

4

5

6

1. ആമുഖം 7

2. ഭരണപരമായ ചരിത്രം 9

3. സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം 13

4. ഭൂ-ജന-ജല പ്രകൃതി 16

5.1. കൃഷി – ജലസേചനം 22

5.2. മൃഗസംരക്ഷണം-മത്സ്യബന്ധനം 41

5.3. വിദ്യാഭ്യാസം 47

5.4. പൊതുജനാരോഗ്യം-കുടിവെള്ളം 57

5.5. വ്യവസായം 66

5.6. ഊർജ്ജം-ഗതാഗതം 71

5.7. പാർപ്പിടം-സാമൂഹ്യക്ഷേമം 84

5.8. സംസ്ക്കാരം 91

5.9. വനിത 97

5.10. സഹകരണമേഖല 100

5.11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം 104

5.12 വിഭവസമാഹരണം 109

6. പ്രവർത്തനമേഖല 113

ഉപസംഹാരം



# 1

# ആമുഖം

സ്വാതന്ത്ര്യത്തിന്റെ അരനൂറ്റാണ്ട് പിന്നിടുന്ന നാം ഇന്നലെകളിൽ ഊന്നി നിന്ന് ഉയരങ്ങൾ എത്തിപ്പിടിക്കാൻ ശ്രമിക്കുമ്പോൾ എവിടെയെത്തി നില്ക്കുന്നുവെന്ന്കാണുന്നത് ശുഭോതർക്കമാണ്. പെരുമയാർന്ന 'കേരളമോഡൽ' വികസനം; താഴ്ന്ന സാമ്പത്തിക നിലവാരത്തിലും ബോധപൂർവ്വമായ സാമൂഹ്യ ഇടപെടലിലൂടെ ഈ സാമാന്യത്തിന്റെ ജീവിത നിലവാരമുയർത്താമെന്നത് ഇന്ന് രൂക്ഷമായ വികസന വെല്ലുവിളിയെ നേരിടുകയാണ്. വികസനമെന്നാൽ സ്കൂളും റോഡും പാലവും മാത്രമാണെന്ന സങ്കല്പനം അപകടമായ ഒരു പ്രവണതയിലേക്ക് നീങ്ങുന്നുവോ എന്ന ആശങ്കയുളവാക്കുന്നു. സാമൂഹ്യ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതുപ്രകാരം വിഭവങ്ങൾ നീക്കിവെക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ആസൂത്രണം എന്ന് നാം കാണേണ്ടിയിരിക്കുന്നു. മുകളിൽ നിന്ന് ദാനമായി ലഭിക്കുന്ന അധികാരവും കല്പിക്കപ്പെടുന്ന പദ്ധതികളും യഥാവിധിയായിരിക്കില്ല. നേരെമറിച്ച് നമ്മിൽ നിന്ന് രൂപപ്പെട്ട വികസിക്കുന്നവ സ്ഥായീഭാവവും മേന്മയും നിറഞ്ഞതായിരിക്കും. മുൻകാല അനുഭവങ്ങളെ വിമർശനബുദ്ധ്യാ പരിശോധിക്കുക, മാമൂൽവിട്ട് ചിന്തിക്കുക, പുതിയൊരു പ്രവർത്തനശൈലി കരുപ്പിടിപ്പിക്കുക എന്നിവ നമ്മുടെ ഇന്നുകളുടെ കടമയാണ്. ജനകീയത, പ്രാസ്ഥാനികത, സുതാര്യത, കാര്യക്ഷമത ഇവ നമ്മുടെ കാലഘട്ടത്തിന്റെ മുദ്രാവാക്യമായി മാറുകതന്നെ വേണം.

ശ്രീ.രാജീവ്ഗാന്ധി തുടക്കമിട്ട്, 1993ൽ ഇന്ത്യൻ പാർലിമെന്റ് പാസാക്കിയ 73,74 ഭരണഘടനാഭേദഗതിയെ തുടർന്ന് 94ലെ കേരള പഞ്ചായത്ത് രാജ് നിയമം മുഖേന നിലവിൽ വന്ന ഗ്രാമപഞ്ചായത്തുകൾ അധികാര വികേന്ദ്രീകരണത്തിന്റെ കേന്ദ്രബിന്ദുവായി അതുവഴി ജനങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം പ്രക്രിയയ്ക്ക് മൂർത്തമായ രൂപം നല്കുവാൻ കഴിയുന്നു. ജനകീയാസൂത്രണ പ്രസ്ഥാനം അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുന്നതിനുള്ള ജനകീയ മുന്നേറ്റമാണ്. ഗ്രാമപ്ചായത്ത് സമിതികളുടെ നേതൃത്വത്തിൽ ബഹുജനസംഘടനകളേയും വിദഗ്ധരേയും ഉദ്യോഗസ്ഥരേയും പ്രാദേശികമായി കോർത്തിണക്കുന്ന ഒരു ശൈലിയാണിത്. അധികാര വികേന്ദ്രീകരണത്തിന് തടസ്സം നിൽക്കുന്ന നിക്ഷിപ്തതാല്പര്യങ്ങളേയും ഭൂതകാല ജഡഭാരങ്ങളേയും തകർക്കുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനം പോലുള്ള ഒരു ജനകീയ മുന്നേറ്റത്തിനേ കഴിയൂ.

ഒമ്പതാം പഞ്ചവത്സരപദ്ധതി വിഹിതത്തിന്റെ 40 ശതമാനവും സംസ്ഥാന സർക്കാർ ചെലവഴിക്കുന്ന 60 ശതമാനവും മറ്റു സന്നദ്ധ ഏജൻസികളിൽ നിന്നുള്ളവയും കേന്ദ്ര സർക്കാർ ഫണ്ടുകളും തനതായ നികുതി വരുമാനവും സംഭാവനകളും സർവ്വോപരി മനുഷ്യാധ്വാനവും വിഭവസ്രോതസ്സുകളായിക്കണ്ട് ജനകീയ പങ്കാളിത്തത്തോട് കൂടി സ്കീമുകൾ തയ്യാറാക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെ അഭിലാഷങ്ങളോട് കൂടുതൽ അടുത്ത് നിൽക്കുന്നതും അതുകൊണ്ടു തന്നെ ഫലപ്രദവുമായ പഞ്ചവത്സര പദ്ധതി രൂപപ്പെടുത്താനാവും. അതോടൊപ്പം ജനങ്ങളുടെ ഇടയിലുള്ള 'ഒന്നും ശരിയാവില്ല'. എന്ന നിസ്സംഗത മാറുകയും വികസന പ്രവർത്തനങ്ങളിലെ ജനകീയ പങ്കാളിത്തം വർധിപ്പിക്കുകയും ചെയ്യും.

'96 സെപ്തംബർ ആദ്യവാരത്തോടെയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് നമ്മുടെ പഞ്ചായത്തിൽ തുടക്കം കുറിക്കുന്നത് . ഗ്രാമപഞ്ചായത്ത് സമിതി തെരെഞ്ഞെടുത്ത 6 പേർ അടക്കം 9 പേർ ഒന്നാംഘട്ട പരിശീലനത്തിൽ സെപ്തംബർ 21,22,29 ഒക്ടോബർ 2 തിയ്യതികളിലായി നമ്മുടെ 12 ഗ്രാമസഭകളും നിശ്ചിത പരിപാടിയനുസരിച്ച് നടന്നു. ശരാശരി 175 ആളുകൾ ഓരോ ഗ്രാമസഭകളിലും പങ്കെടുത്തു. 1,6,7 വാർഡുകളിലെ ഗ്രാമസഭകളിലെ പങ്കാളിത്തം ഗണ്യമായിരുന്നു. താരതമ്യേന പങ്കാളിത്തം കുറഞ്ഞുപോയത് 4,5 വാർഡുകളിലാണ് സമസ്തമേഖലയിൽ നിന്നുമുള്ള പ്രാതിനിധ്യ സ്വഭാവത്തോടുകൂടിയ പങ്കാളിത്തം ഗ്രാമസഭകൾക്കുണ്ടായിരുന്നു. എല്ലാ ഗ്രാമസഭകളിലും, ചുരുക്കം ഗ്രൂപ്പുകളിലൊഴികെ, സജീവമായ ചർച്ചകളും നിർദ്ദേശ ക്രോഡീകരണങ്ങളും നടന്നുവെന്നത് എടുത്തു പറയേണ്ട പ്രത്യേകതയാണ്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി എന്താണ് ജനകീയാസൂത്രണം എന്നതിനെക്കുറിച്ചുള്ള ചർച്ചാക്ലാസ്സുകളും സിമ്പോസിയങ്ങളും പൊതുയോഗങ്ങളും നടന്നതിന്റെ ഒരു ഗുണഫലവും കൂടിയാണിത്. എന്നാലും നിലവിലുള്ള വികസനസങ്കല്പത്തെ മുറിച്ചു കടക്കാൻ ഒരുപരിധിവരെയേ സാധ്യമായുള്ളൂ.

രണ്ടാംഘട്ട പരിശീലനം ഒക്ടോബർ 22 മുതൽ 3 ദിവസമായിരുന്നു. തുടർന്ന് ഒക്ടോബർ 31ന് പഞ്ചായത്തുതല പരിശീലകർക്ക് മുക്കം താഴക്കോട് മദ്രസ്സയിൽവെച്ച് പരിശീലനം നടന്നു. രണ്ടാംഘട്ട പരിശീലനത്തിൽ ഉദ്യോഗസ്ഥ തലപ്രതിനിധികൾക്ക് കൂടുതൽ പങ്കാളിത്തമുണ്ടായിരുന്നു. പഞ്ചായത്തുതല പരിശീലനത്തിനു മുമ്പായിത്തന്നെ ഉദ്യോഗസ്ഥരും പരിശീലകരും അടങ്ങുന്ന 12അംഗ അംഗ ടീം തുടർച്ചയായ 3 ദിവസങ്ങളിലായി പഠനപര്യടനം നടത്തി ഭൂവിനിയോഗം, ജലലഭ്യത, മൺതരമേപ്പുകൾ തയ്യാറാക്കി. തീർച്ചയായും അതൊരു പുത്തനനുഭവമായിരുന്നു. സമഗ്രത ഏറെ അവകാശപ്പെടുന്നില്ലെങ്കിലും പഞ്ചായത്തിന്റെ ശ്രദ്ധിക്കത്തക്ക ഒരു ചിത്രം രൂപപ്പെടുത്താൻ കഴിഞ്ഞു. ഇതിനിടയിൽ ആവശ്യമായ സെക്കന്ററി ഡാറ്റാകൾ വിവിധ സ്ഥാപനങ്ങളിൽ നിന്ന് സമാഹരിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു. തുടർന്ന് ഗ്രൂപ്പുകളായി തിരിഞ്ഞു റിപ്പോർട്ട് തയ്യാറാക്കാൻ ആസൂത്രണം നടത്തുകയും ചെയ്തു.

*പുത്തൻ വികസന രാഷ്ട്രീയത്തിന്റെ പരീക്ഷണ വേദിയായി ഈ സന്ദർഭം വളരട്ടെ! ഏത് വിഭാഗത്തിന്റേയും വസ്തുനിഷ്ഠമായ അഭിപ്രായങ്ങൾ പരിഗണിക്കപ്പെടുമെന്ന് ഉറപ്പുവരുത്തിക്കൊണ്ട് ഗ്രാമവികസന പ്രവർത്തനങ്ങളിൽ കക്ഷിരാഷ്ട്രീയത്തിനതീതമായ യോജിപ്പിന്റെ മേഖല നമുക്ക് കണ്ടെത്തണം. അങ്ങനെ നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ നേരിടാനുള്ള ഒരു സമരായുധമായി, ആഹ്ലാദപൂർവ്വം മുക്കം ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനരേഖ സമർപ്പിക്കുന്നു. നാളെയുടെ മഹായജ്ഞത്തിൽ പങ്കുചേരാൻ ഒരു മെയ്യൊരു മനമായി മാറുമെന്ന് പ്രതിജ്ഞ ചെയ്യാം.*



# 2

# പഞ്ചായത്തിന്റെ ഭരണചരിത്രം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | | : മുക്കം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | | : താഴക്കോട്, നീലേശ്വരം |
| ബ്ലോക്ക് പഞ്ചായത്ത് | | : കുന്ദമംഗലം |
| താലൂക്ക് | | : കോഴിക്കോട് |
| അസംബ്ലി മണ്ഡലം | | : കുന്ദമംഗലം |
| വിസ്തീർണ്ണം | | : 3128 ച.കി.മി. |
| അതിരുകൾ : | | |
| | വടക്ക് | : ഓമശ്ശേരി, കോടഞ്ചേരി |
| | കിഴക്ക് | : ഇരുവഴിഞ്ഞി പുഴ. |
| | തെക്ക് | : ഇരുവഴിഞ്ഞി പുഴ. |
| | പടിഞ്ഞാറ് | : ചാത്തമംഗലം |
| ജനസംഖ്യ | | : 30338 |
| | പുരുൻമാർ : 15132 | |
| | സ്ത്രീകൾ : 15206 | |
| ജനസാന്ദ്രത | | : 976 |
| അക്ഷരാഭ്യാസമുള്ളവർ | | : 24174 |
| വാർഡുകൾ | | : 12 |
| പ്രസിഡണ്ട് | | : വി.പി. ചാത്തൻ |
| വൈസ് പ്രസിഡണ്ട് | | : എ.എം. അഹമ്മദ്കുട്ടി ഹാജി |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ : | | കെ.പി. അഹമ്മദ് കുട്ടി |

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ വളരെ കുറഞ്ഞ ജനസംഖ്യയും വാസസ്ഥലങ്ങളും മാത്ര മുണ്ടായിരുന്ന ഈ പ്രദേശം ഇന്ന് ജനങ്ങൾ തിങ്ങി പ്പാർക്കുന്ന ഒരു ഗ്രാമമായിമാറി കഴിഞ്ഞിരിക്കുന്നു. ആയിരത്തിതൊള്ളായിരാമാണ്ടിൽ ഇരുന്നൂറോളം വീടു കളും എണ്ണൂറിൽപരം ജനങ്ങളും മാത്രമാണ് ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ ആറായിരത്തിൽപ്പരം വീടുകളും മുപ്പത്തിഅയ്യായിരത്തിൽപരം ജനങ്ങളും എന്ന അവസ്ഥയിലേക്ക് അത് വികസിച്ചിരിക്കുന്നു.

സ്വാതന്ത്ര്യം നേടി ജനാധിപത്യ ഭരണക്രമം വരുന്ന തിന് മുൻപ് ഏറെക്കുറെ നാടുവാഴി സമ്പ്രദായത്തോട് ഉപമിക്കാവുന്ന അംശം അധികാരികളുടെ വാഴ്ചയായി രുന്നു ഇവിടെ നിലവിലുണ്ടായിരുന്നത്. മണാശേരി- ചേന്ദമംഗല്ലൂർ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഭാഗത്തെ അംശം അധികാരിയായിരുന്ന കുട്ടിഹസ്സൻ അധികാരി ഏറെ ചർച്ചചെയ്യപ്പെട്ടിരുന്ന വ്യക്തിയാണ്. സ്വാതന്ത്ര്യ ലബ്ധിയെ തുടർന്നും നമ്മുടെ പ്രദേശം മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ ഭരണത്തിൻ കീഴിലായിരുന്നു. 1956-ൽ നവംബർ 1ന് ഐക്യകേരള പിറവിയെ തുടർന്ന് 1957-ൽ മേൽപ്പറഞ്ഞ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മണാശേരി കേന്ദ്രമായി മണാശേരി പഞ്ചായത്ത് രൂപ വൽക്കരിക്കപ്പെട്ടു. മുക്കം മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ തന്നെയാ യിരുന്നു.

മണാശേരി സ്കൂളിൽവെച്ച് കൈപൊക്കി വോട്ട് സമ്പ്രദായപ്രകാരം നടന്ന തെരഞ്ഞെടുപ്പിൽ മണാ ശേരി ഭാഗത്ത് നിന്ന് തടത്തിൽ എരേച്ചൻ നായർ, കൈതൂർ നാരായണൻ ചെട്ട്യാർ, വട്ടം കണ്ടത്തിൽ നാരായണൻ നായർ പി.പി. രാമൻ എന്നിവരും ചേന്ദമം ഗല്ലൂർ ഭാഗത്ത് നിന്ന് എ.എം. കുഞ്ഞഹമ്മദ്, പി. കുഞ്ഞൻ നായർ, കെ.പി. മുഹമ്മദ് ഹാജി എന്നിവരും പഞ്ചായത്ത് ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. എ.എം. കുഞ്ഞഹമ്മദ് ആയിരുന്നു ആദ്യത്തെ പ്രസി ഡന്റ്.

1961 ഡിസംബർ 1ന് മുക്കം പഞ്ചായത്ത് രൂപവ ത്ക്കരിച്ചുകൊണ്ടുള്ള വിജ്ഞാപനം വന്നു താഴക്കോട് നീലേശ്വരം വില്ലേജുകൾ ചേർന്നതായിരുന്നു മുക്കം പഞ്ചായത്ത്. സ്വാഭാവികമായും മണാശേരിയും ചേന്ദ മംഗല്ലൂരും മുക്കത്തിന്റെ ഭാഗമായി. ജനകീയ ഭരണസ മിതി അധികാരമേറ്റെടുക്കുന്നത് വരെ ഉള്ള കാലയള വിൽ സ്പെഷൽ ഓഫീസർ ഭരണമായിരുന്നു. 1963ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് ബി.പി. ഉണ്ണി മോയിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി 1-1-1964 ൽ അധികാരമേറ്റു. കെ.കെ. ഉണ്ണിക്കുട്ടി, ഇമ്പിച്ചിക്ക ണ്ടൻ പി.ടി. രാമൻ കെ.പി. മുഹമ്മദ് ഹാജി, എം.പി. ചായിച്ചൻ കെ.പി.സി. പണിക്കർ മഞ്ചേരി ജോസഫ് എന്നിവർക്ക് പുറമെ നാമനിർദ്ദേശം ചെയ്യപ്പെട്ട എം.ആർ. യശോദയും ഉൾപ്പെട്ടതായിരുന്നു ഭരണസ മിതി.

### മുക്കം ഗ്രാമപഞ്ചായത്ത്

**പ്രധാന സ്ഥാപനങ്ങൾ**

1) ലിറ്റലിൽ ഫ്ളവർ, യു.പി.എസ്. വേനപ്പാറ
2) സെന്റ് തോമസ് യു.പി. എസ്. കല്ലുരുട്ടി
3) ഗവ. എൽ.പി. എസ്. പൂളപ്പൊയിൽ
4) വില്ലേജ് ഓഫീസ്, നീലേശ്വരം
5) ഗവ. ഹൈസ്കൂൾ, നീലേശ്വരം
6) എ.എൽ.പി. എസ്. മുത്താലത്ത്
7) ഗവ. വെൽഫയർ യു.പി.എസ്. താഴക്കോട്.
8) സെന്റ് ജോസഫ് ഹോസ്പിറ്റൽ, അഗസ്ത്യൻമൂഴി
9) എ.യു.പി.സ്കൂൾ താഴക്കോട്
10) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മുക്കം
11) പോലീസ് സ്റ്റേഷൻ
12) പോസ്റ്റ് ഓഫീസ്
13) മുക്കം സർവ്വീസ് സഹകരണബാങ്ക്
14. എം.എം.ഒ. മുക്കം (എൽ.പി.എസ്. & എം.കെ. എച്ച്.എം.എം.ഒ. വി.എച്ച്. എസ്. എസ്. ഫോർ ഗേൾസ്)
15. ഗവ. എൽ.പി.സ്കൂൾ താഴക്കോട്
16. ഗ്രാമപഞ്ചായത്ത് ഓഫീസ് & ബസ്സ്റ്റാന്റ്
17. വില്ലേജ് ഓഫീസ്, താഴക്കോട്
18. കനറാബാങ്ക്
19. ഫെഡറൽ ബാങ്ക്
20. സബ് രജിസ്ട്രാർ ഓഫീസ്
21. ടെലഫോൺ എക്സ്ചേഞ്ച് (നിർമ്മാണത്തിൽ)
22. മൃഗാശുപത്രി
23. കെ.എസ്. ഇ.ബി. ഓഫീസ്
24. കൃഷിഭവൻ
25. ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് & ഐ.സി.ടി.
26. മുക്കം ഹൈസ്കൂൾ, മുക്കം
27. എ.എൽ.പി. സ്കൂൾ, കച്ചേരി
28. ഇസ്ലാഹിയ കോളേജ്, ചേന്ദമംഗല്ലൂർ
29. ഗവ. മാപ്പിള യു.പി. എസ്.ചേന്ദമംഗല്ലൂർ
30. സി.എച്ച്. എസ്. ചേന്ദമംഗല്ലൂർ
31. സുന്നിയ്യ അറബിക് കോളേജ്
32. എം.കെ.എച്ച്. എം.എം.ഒ.എച്ച്.എസ്. ഫോർ ബോയ്സ്
33. എം.എം. ഒ.എ.എൽ.പി. എസ്. നെല്ലിക്കുന്ന്, മണാശേരി.
34. എം.എ.എം.ഒ. കോളേജ്, മണാശേരി
35. ഗവ. യു.പി. എസ്, മണാശേരി
36. ഡോൺ ബോസ്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മാമ്പറ്റ.

## മുക്കം ഗ്രാമപഞ്ചായത്ത്



ഇന്ന് മണാശേരി പൊതുജന വായനശാല പ്രവർത്തിക്കുന്ന കെട്ടിടത്തിലായിരുന്നു ആദ്യകാലത്ത് പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്തിരുന്നത്. 1964 ജനുവരിയിൽ ഇത് മുക്കത്തേക്ക് മാറ്റി. 1971ൽ പുതിയ പഞ്ചായത്തുകളുടെ രൂപവത്കരണത്തിന്റെ ഭാഗമായി ഓമശേരി പഞ്ചായത്ത് രൂപീകരിച്ചപ്പോൾ മുക്കം പഞ്ചായത്തിന്റെ വാർഡ് ഏഴ് ഉൾക്കൊള്ളുന്ന കുലുക്കിപ്ര എന്ന ദേശം വിട്ടുകൊടുക്കേണ്ടി വന്നു. ഈ മാറ്റത്തിന്ശേഷം പഞ്ചായത്തിന്റെ ഭരണപരമായ അതിർത്തികളിൽ മാറ്റമൊന്നും വന്നിട്ടില്ല. പഞ്ചായത്തിന്റെ തെക്കും, കിഴക്കും അതിരിടുന്നത് ഇരുവഴിഞ്ഞിയും പടിഞ്ഞാറ് ചാത്തമംഗലം പഞ്ചായത്തും വടക്ക് ഓമശ്ശേരി, കോടഞ്ചേരി പഞ്ചായത്തുകളുമാണ്.

16 വർഷത്തെ നീണ്ടകാലയളവിന് ശേഷം രണ്ടാമത്തെ ബോർഡ് അധികാരത്തിൽ വരുന്നത് 1979ൽ ആണ്. ഏഴ് വാർഡുകളുടെ സ്ഥാനത്ത് പത്ത് വാർഡുകളായി മാറി. പുതുതായി ഒരു സീറ്റ് വനിതകൾക്ക് സംവരണം ചെയ്യപ്പെട്ടു. എൻ. സരോജിനി, കെ.സി. അബ്ദുള്ള ബി.പി. മൊയ്തീൻ, കെ. വാസു, എൻ.കെ. അബൂബക്കർ, കോക്കാപ്പള്ളി പാപ്പച്ചൻ (ജോസഫ്) ടി.കെ.അബു, സുരേഷ് ബാബു കെ. ബാലകൃഷ്ണൻ, സി. ഭാസ്ക്കരൻ എന്നിവരായിരുന്നു ബോർഡ് അംഗങ്ങൾ. ഈ ബോർഡിന്റെ ഭരണകാലയളവിൽ കെ. സുരേഷ് ബാബുവും പാപ്പച്ചനും, സി. ഭാസ്ക്കരനും പ്രസിഡന്റുമാരായിരുന്നു. ഇവരുടെ ഭരണകാലത്താണ് മുക്കത്തെ പഞ്ചായത്ത് ഷോപ്പിംഗ് സെന്ററും മാമ്പറ്റയിലെ മിനിസ്റ്റേഡിയവും പണികഴിപ്പിച്ചത് ഈ ഭരണസമിതിയുടെ കാലാവധിക്ക് ശേഷം കുറഞ്ഞകാലം ഉദ്യോഗസ്ഥഭരണമായിരുന്നു.

1988ൽ എ.എം. അഹമ്മദ് കുട്ടിഹാജി പ്രസിഡന്റായ പതിനൊന്നംഗ ഭരണസമിതി അധികാരത്തിൽ വന്നു. പി.ടി. ബാലകൃഷ്ണൻ, കെ.പി. അഹമ്മദ്കുട്ടി, കെ.സി. പ്രേമരാജൻ, പി. പ്രേമൻ, ചേറ്റൂർ ബാലകൃഷ്ണൻ നായർ കെ. ആയിഷ എം. ബാലകൃഷ്ണൻ നായർ സുഭദ്ര ടീച്ചർ, ജോസ് അധികാരത്തിൽ, ടി. ഗോപാലൻ എന്നിവരായിരുന്നു ബോർഡ് അംഗങ്ങൾ. അഹമ്മദ് കുട്ടിഹാജിയെ തുടർന്ന്ജോസ് അധികാരത്തിലും ടി. ഗോപാലനും പ്രസിഡണ്ടുമാരായി വന്നു. പഞ്ചായത്ത് ബസ് സ്റ്റാന്റ്, ഓഫീസ് കം-ഷോപ്പിംഗ് കോംപ്ലക്സ് മാർക്കറ്റ്, ബൈപ്പാസ് റോഡ്, മൂന്ന് മിനിസ്റ്റേഡിയങ്ങൾ രണ്ട് സാംസ്കാരികനിലയങ്ങൾ നീലേശ്വരത്ത് നേഴ്സറി സ്കൂൾ എന്നിവ ഈ ഭരണസമിതിയുടെ സംഭാവനകളാണ്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം '95 ഒക്ടോബർ രണ്ടിന് അധികാരത്തിൽ വന്ന സമിതിയാണ് നിലവിലുള്ളത്. വി.പി. ചാത്തൻ പ്രസിഡന്റായുള്ള ഭരണസമിതിയിൽ പന്ത്രണ്ട് അംഗങ്ങൾ ഉണ്ട്.

എ.എം. ജമീലടീച്ചർ, ഇ.കെ. ഷാഹുൽഹമീദ് എ.കല്ല്യാണിക്കുട്ടി, കെ.പി. അഹമ്മദ്കുട്ടി, മുംതസ് ജമീല, വി. കുഞ്ഞൻ, പി. ആമിന, എൻ.കെ. അബൂബക്കർ, എ.എം. അഹമ്മദ് കുട്ടി ഹാജി, ചേറ്റൂർ ബാലകൃഷ്ണൻ നായർ, ജോസ് അധികാരത്തിൽ എന്നിവരാണ് പുതിയ അംഗങ്ങൾ. എ.എം. അഹമ്മദ് കുട്ടി ഹാജി വൈസ് പ്രസിഡന്റും കെ.പി. അഹമ്മദ് കുട്ടി സ്റ്റാന്റിംഗ കമ്മറ്റി ചെയർമാനുമാണ്.

വ്യത്യസ്ത ആശയങ്ങൾവെച്ച് പുലർത്തുന്ന വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തന കേന്ദ്രമാണെങ്കിലും രാഷ്ട്രീയസ്പർദ്ദയോ സംഘർഷമോ ഇല്ലാത്ത പ്രദേശമാണ് മുക്കം. 1950 കളുടെ അവസാനംവരെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആധിപത്യമേഖലയായിരുന്നു മുക്കം അൻപതുകളോടെ കമ്മ്യൂണിസ്റ്റ് പാർട്ടി ശക്തിയാർജ്ജിച്ചുവന്നു. ഇന്ന് പഞ്ചായത്തിലെ പ്രബലമായ മറ്റു രാഷ്ട്രീയ കക്ഷികളാണ് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗും ഭാരതീയ ജനതാ പാർട്ടിയും. ജനതാദളും കോൺഗ്രസ്സ് എസ്സും ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ സർക്കാർ/അർദ്ധസർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ചിരിക്കുന്നത് മുക്കം ടൗണിലാണ്. വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, സഹകരണ ഷെഡ്യൂൾ ബേങ്കുകൾ ടെലിഫോൺ എക്സ്ചേഞ്ച്, സബ്ബ് പോസ്റ്റാഫീസ് രജിസ്ട്രാർ ഓഫീസ്, പോലീസ് സ്റ്റേഷൻ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കൃഷിഭവൻ, മൃഗാശുപത്രി, ഇലക്ട്രിസിറ്റി ഓഫീസ് തുടങ്ങിയവയെല്ലാം മുക്കം ടൗണിലെ '0' വട്ടത്തിൽ ഒതുങ്ങി നിൽക്കുന്നു. നീലേശ്വരം വില്ലേജാഫീസ് നീലേശ്വരത്തും, ആയുർവേദ ആശുപത്രി ആലുംതറയിലും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ എം.എ.എം. ഒ. കോളേജ്, മണാശേരിയിലും സുന്നിയ്യ അറബിക് കോളേജ് ചേന്ദമംഗല്ലൂരിലും പ്രവർത്തിക്കുന്നു.



# സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം

ഔഷധച്ചെടികളാൽ സമൃദ്ധമായ വെള്ളരിമലയുടെനിറുകയിൽ നിന്നും താഴ്‌വരകളിലേക്ക് കുതിച്ചു ചാടിയ ഇരുവ(ഴി)ഞ്ഞിപ്പുഴയുടെ ആശ്ലേഷത്തിലമർന്ന് നിർവൃതികൊള്ളുന്ന മുക്കം ഗ്രാമപ്രദേശം പഴയ മദിരാശി സംസ്ഥാനത്തിലുൾപ്പെട്ടിരുന്ന കോഴിക്കോട് താലൂക്കിന്റെ കിഴക്കൻ മേഖലയിൽ പെടുന്നു. കോഴിക്കോട് പട്ടണത്തിൽ നിന്ന് 30 കി.മി. കിഴക്കുമാറി സ്ഥിതി ചെയ്യുന്ന പ്രദേശമാണിത്. സ്ഥലനാമത്തിന്റെ കാര്യത്തിൽ ഭിന്നാഭിപ്രായം ഉണ്ടെങ്കിലും ഇരുവഞ്ഞിപ്പുഴയും ചെറുപുഴയും സന്ധിക്കുന്ന മുക്ക് എന്ന പ്രദേശം മുക്കമായതാവണമെന്ന നിഗമനമാണ് പ്രബലമായത്. നീരിലാക്ക് മുക്ക്, പൂഴായിമുക്ക് എന്നും ഈ പ്രദേശം അറിയപ്പെട്ടിരുന്നു.

ബ്രിട്ടീഷുകാരുടെ രേഖകൾക്ക് മുൻപ്, നമ്മുടെ ഗ്രാമത്തിൽ പരാമർശിക്കപ്പെടുന്ന പ്രദേശം മണാശ്ശേരിയാണ്,. 1809ൽ ഇത് അന്നത്തെ റവന്യൂ വിഭജനമനുസരിച്ച് പുഴവായ ഹൊബളിയിലായിരുന്നു. പുഴവായ്, കോഴിക്കോട് സാമൂതിരിമാരുടെ ഭരണാധിപത്യം സ്വീകരിച്ചിരിക്കുന്ന പുഴവായ് നായന്മാരുടെ ഭരണത്തിന്റെ കെട്ടുപാടിലുമായിരുന്നു. അതിനാൽ പഴയ പുഴവായ് നാട്ടിലെ മണ്ണിലേടത്ത് നായന്മാരുടെ മേൽക്കോയ്മാ പ്രദേശങ്ങളിൽ പെട്ടുവരുന്ന ഭാഗമാണിത്. ചാലിയാറിന്റേയും ഇരുവഴഞ്ഞിപ്പുഴയുടെയും മറ്റു ചെറുപുഴകളുടെയും കുന്ദമംഗലത്ത് നിന്ന് മണാശേരി വഴിയും അല്ലാതെയും കിഴക്ക് ചെറുവാടിയും വടക്ക് പുതുപ്പാടിയും കടന്നു പോകുന്ന മലമ്പാതയുടെയും വനവിഭവങ്ങളുടെയും പൊതുവെ വാണിജ്യവിളകളുടെയുമൊക്കെ കൂട്ടായ സമ്മർദ്ദഫലമാണ് മുക്കമെന്ന ക്രയവിക്രയ കേന്ദ്രത്തിന്റെ വളർച്ച. ഇന്ന് മുക്കത്തേക്ക് അതിന്റെ അഭികേന്ദ്രശക്തി (Centripetal force) സ്വരൂപപ്പെടുത്തുകയും മുക്കം പ്രദേശങ്ങൾ ഗവണ്മെന്റ് കണക്കിൽ ടൗണായി മാറുകയും ചെയ്തിട്ടുണ്ട്.

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് പാലക്കാട് കോട്ടയിലേക്കുള്ള പടയോട്ടം താമരശ്ശേരി ചുരംവഴി അമ്പലക്കണ്ടി, മണാശേരി(വട്ടോളി, മാമ്പറ്റ, കച്ചേരി, ചേന്ദമംഗല്ലൂർ, കോട്ടമ്മൽ, പന്നിക്കോട്) വഴികളിലൂടെ കടന്ന് തൃക്കളയൂർ വഴി പോയതിന് ചരിത്ര രേഖകളുണ്ട്.

സമുദായാചാരങ്ങളിൽ നിഷ്ഠയും ഭ്രഷ്ടും കൽപിക്കാൻ മണ്ണിലിടം നായന്മാർ എന്ന നാടുവാഴികൾക്ക് അധികാരം സാമൂതിരി കല്പിച്ചു നല്കിയിരുന്നു. അവർക്കിവിടെ ക്ഷേത്രങ്ങളും ആസ്ഥാനങ്ങളും സ്വത്തുക്കളുമുണ്ടായിരുന്നു. മണ്ണിലിടത്തുകാരുടെ നേരിട്ട് മേൽനോട്ടത്തിലുള്ള പ്രസിദ്ധമായ വട്ടോളി ഭഗവതി ക്ഷേത്രത്തിലെ എട്ടുദിവസം നീണ്ടുനില്ക്കുന്ന പാട്ടുൽസവം ഈ ഗ്രാമപ്രദേശത്തെ ഏറ്റവും വലിയ ഉൽസവമായിരുന്നു.

ഭൂമി പൂർവികമായി ദേവസ്വവും ബ്രഹ്മസ്വവും കൈയടക്കിയിരുന്നു. ബ്രാഹ്മണരായിരുന്നു ജന്മിമാർ. ഒറ്റി, കാണം, കൈചുണ്ടി, വാക്കാൽ ചാർത്ത് തുടങ്ങിയ പേരുകളിൽ ഭൂമി കുടിയാന്മാർക്ക് കൈമാറ്റം ചെയ്യപ്പെട്ടിരുന്നു. ജന്മിക്ക് തോന്നുമ്പോൾ കുടിയാനെ ഒഴിപ്പിക്കാനുള്ള പരിപൂർണ്ണ അവകാശമുണ്ടായിരുന്നു. മണ്ണിൽ കഠിനമായി അധ്വാനിച്ചുണ്ടാക്കുന്ന വിഭവങ്ങളുടെ സിംഹഭാഗവും ജന്മിക്ക് പാട്ടമായി നല്കി കുടിയാന്മാർ പട്ടിണി പങ്കുവെച്ചിരുന്നു.

മുടിയാട്ടം, വട്ടക്കളി, പരിചമുട്ടുകളി, കോൽക്കളി, ഐവർക്കളി, തുടങ്ങിയ തനതായ നാടൻ കലകൾക്ക് പുറമെ അനുഷ്ടാന കല (തിറ, തെയ്യം...)കളും ഈ ഗ്രാമത്തിന്റെ അനർഘ സൗഭാഗ്യങ്ങളായിരുന്നു. പാന യാംകളി, കഥകളി എന്നിവ നമ്മുടെ നഷ്ടസൗഭാഗ്യങ്ങളിൽപ്പെടുന്നു. സുപ്രസിദ്ധ കഥകളി ഗായകനായ താമരക്കുളത്ത് നാരായണൻ നമ്പൂതിരി ഇത്തരുണത്തിൽ സ്മരണീയരാണ്. (സംസ്ക്കാരം: 5.8കാണുക) നാൽപതുകളിൽ എസ്.കെ.പൊറ്റക്കാട്ടിന്റെ തൂലിക തുമ്പിൽ വിരിഞ്ഞ് നാടൻ പ്രേമമെന്ന റൊമാന്റിക് കാവ്യം നാം മനസ്സിലിട്ട് താലോലിക്കുന്നു. മുപ്പതുകളുടെ അവസാനത്തിൽ രൂപംകൊണ്ട തുമ്പോണ നാടകക്കമ്പനി സംഘാടകൻ തുമ്പോണരാമൻകുട്ടി കുന്നത്ത് കൃഷ്ണൻനായർ കിഴക്കേതൊടികയിൽ ഇമ്പിച്ചികണ്ടൻ തുടങ്ങി മൺമറഞ്ഞ പലരും അന്നത്തെ നടന്മാരായിരുന്നു. സാംസ്ക്കാരിക മേഖലയിലെ ചലനങ്ങൾ ഇവ്വിധമായിരുന്നെങ്കിൽ രാഷ്ട്രീയ പ്രക്ഷോഭരംഗം വ്യക്തമായി രൂപപ്പെട്ടിരുന്നില്ല.

സാമ്രാജ്യത്വ ജന്മി വിരുദ്ധപോരാട്ടമായി തുടങ്ങിയ 1921ലെ ഖിലാഫത്ത് പ്രസ്ഥാനം വഴിതെറ്റിയ ചില വർഗീയ വാദികളുടെ കൈയിലകപ്പെട്ടത്. നമ്മുടെ ഗ്രാമത്തിലും അതിന്റെ കെടുതികൾ വിതറി. കൊന്നും കവർന്നും തീവച്ചും കൊണ്ടുതുടങ്ങിയ ലഹളയിൽ നിരവധി വീടുകൾ തീ വെക്കപ്പെടുകയോ കൊള്ളവെക്കപ്പെടുകയോ ചെയ്തു. എല്ലാം ഉപേക്ഷിച്ചു നാട്ടുകാർ മുഴുവൻ ചെത്തുകടവ് പുഴയുടെ പടിഞ്ഞാറോട്ട് രായ്ക്കുമാനം ജീവനുംകൊണ്ട് പാലായനം ചെയ്തു.

കരിമ്പനങ്ങോട്ട് രാരുക്കുട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന മാമ്പറ്റ ബീരാൻ, അഗസ്ത്യമുഴി സീമാമു എന്നിവർ ലഹളക്കാരുടെ ഉദ്യമങ്ങളോടു എതിർപ്പു പ്രകടിപ്പിച്ചതിന്റെ ഫലമായി കൈകൾ കെട്ടിയിട്ട് പീഢിപ്പിക്കപ്പെട്ടവരാണ്. ഹിന്ദു മുസ്ലിം സൗഹൃദത്തിന്റെ പ്രതീകമായി ഇവർ ഇന്നും മാമ്പറ്റ അഗസ്ത്യമുഴി പ്രദേശങ്ങളിലെ പഴയ ഓർമ്മകളിൽ തെളിഞ്ഞു നിൽക്കുന്നു.

ജന്മി-നാടുവാഴിത്തത്തിനും ബ്രിട്ടീഷ് മേൽക്കോയ്മക്കുമെതിരെയുള്ള സായുധസമരമായി വളർന്നുവന്ന ഖിലാഫത്ത് പ്രസ്ഥാനത്തെ വർഗീയ ലഹളയാക്കി രൂപപ്പെടുത്തി തന്റെ ഭരണം നിലനിറുത്തുന്നതിൽ വെള്ളക്കാരൻ നേടിയ വിജയത്തിന്റെ തിക്തഫലങ്ങളാണ് ഹിന്ദുജനസാമാന്യം അനുഭവിച്ച കൊടിയ പീഡനങ്ങൾ എന്ന കാര്യംവിസ്മരിക്കത്തക്കതല്ല.

ജാതിക്കും അനാചാരങ്ങൾക്കും എതിരായ പോരാട്ടങ്ങൾ ഗണനീയമായ രീതിയിൽ നടന്നിട്ടില്ല ഒറ്റപ്പെട്ട പോക്കിരി സ്വഭാവത്തോടുകൂടിയ സംഭവങ്ങളുണ്ടായിട്ടുണ്ട്. മണ്ണിലിടത്തു തമ്പുരാനെ അടിയാളർ, പല്ലക്കിൽ ചുമലിലേറ്റി കൊണ്ടുവരുമ്പോൾ മാമ്പറ്റക്കടുത്ത് വെച്ച് അന്നേറെ വിവാദപുരുഷനായ അഞ്ഞിക്കമണ്ണിൽ രാമൻകുട്ടി ആജ്ഞാസ്വരത്തോടെ പല്ലക്ക് ഇറക്കിവെപ്പിക്കുകയും തമ്പുരാനെ സ്വകാലിൽ നടത്തിക്കുകയും ചെയ്ത സംഭവം കാരണവന്മാരിൽ നിന്ന് അറിയാൻ കഴിഞ്ഞു. പിന്നീട് ദേശീയ പ്രസ്ഥാനപ്രവർത്തനരംഗത്ത് പതിയെ പിച്ചവെച്ചപ്പോൾ മാത്രമാണ് അയിത്തോച്ചാടനപ്രവർത്തനങ്ങൾ കുറച്ചെങ്കിലും നടന്നത്.

ഈ നൂറ്റാണ്ടിന്റെ തുടക്കദശകങ്ങളിൽവരെ നെയ്ത്തു തറികളുണ്ടാക്കുന്ന പ്രദേശമാണിത്. ജനവാസം അധികമില്ലാത്ത ഇരുനൂറിനടുത്ത് വീടുകൾ മാത്രമുണ്ടായിരുന്ന ഗ്രാമം ഇന്ന് ആയിരക്കണക്കിന് വീടുകളുള്ള കൊച്ചുഗ്രാമങ്ങൾ ഉൾക്കൊണ്ട് നില്ക്കുന്നു. പനയോലയും തെങ്ങോലയും വഴിമാറി ഓടുകളും ടെറസുകളുമായ പാർപ്പിടങ്ങൾ ധൃതഗതിയിൽ വർദ്ധിച്ചുവരുന്നു. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ നമ്മുടെ ഗ്രാമത്തിന് വന്ന മാറ്റം തന്നെ ഒരു മദ്ധ്യവയസ്കനുപോലും ഉൾക്കൊള്ളാൻ കഴിയാത്തതല്ലല്ലോ. മൂന്ന് നാല് ദശകങ്ങൾ മുമ്പുവരെ പോക്ക്-വരവിനം ചരക്ക് കടത്തിനും ഇരുവഴിത്തിയേയും ചാലിയാറിനേയും ആശ്രയിച്ചിരുന്ന നമ്മൾ ഇന്ന് ഏതെല്ലാം വിധത്തിൽ ഇവ നിർവ്വഹിക്കുന്നുവെന്നത് കുറിക്കേണ്ടതല്ല തന്നെ. ചെമ്മൺപാതയിലൂടെ കരിവണ്ടിയിൽ യാത്ര ചെയ്തിരുന്നവർ ഇന്നും ഏറെ പേരുണ്ട്. നമ്മുടെ പ്രദേശത്തുകാരായി ബസ് ഗതാഗത രംഗത്ത് വന്നത് പൂറ്റാട്ട് ചെറിയത് ആണെന്നത് ഇവിടെ കുറിക്കട്ടെ.

സ്വാതന്ത്ര്യസമരത്തിന്റെ നേരിയ ചലനങ്ങൾ ഇവിടെയും പ്രകടമായിരുന്നു. 1937-ാമാണ്ടോടെ അഗസ്ത്യമുഴി കേന്ദ്രമാക്കിക്കൊണ്ട് നാഷണൽ കോൺഗ്രസ്സിന്റെ ഔദ്യോഗികകമ്മറ്റി രൂപീകരണവും പൊതുയോഗവും നടന്നു. എ.കെ.ജി മഞ്ചുനാഥറാവു, പി.ശേഖരൻ എന്നിവർ ആ പൊതുയോഗത്തിൽ പങ്കെടുത്തുതായി പലരും ഓർക്കുന്നു. രായിൻ മുഹമ്മദ് പുറ്റാട്ട് ചന്തുക്കുട്ടി, കൊടക്കാട്ട് കുഞ്ഞിക്കണ്ണൻ, ബി.പി.ഉണ്ണിമോയിൻ, നെല്ല്യോട്ട് ഉണ്ണിച്ചോയി, പടിഞ്ഞാറെ തൊടിക രാമൻ, എം.പി.ചായിച്ചൻ, ബീ.പി.കുഞ്ഞാലി ഹാജി തുടങ്ങിയവരായിരുന്നു. പ്രധാന കോൺഗ്രസ് പ്രവർത്തകർ അയിത്തോച്ചാടന പ്രവർത്തനങ്ങളുടെയും മദ്യവിരുദ്ധ പ്രചരണങ്ങളുടെയും രൂപമായിരുന്നു സ്വാതന്ത്ര്യസമരത്തിന് നേരിട്ട് സ്വാതന്ത്ര്യസമരത്തിൽ പങ്കാളിക

ളാകുന്നതിനുവേണ്ടി ഇവരിൽ പലരും പുതപ്പും മറ്റു സാമഗ്രികളുമായി കോഴിക്കോടു ഭാഗ്തേക്ക് പോയിരുന്നതായി അറിവുണ്ട്.

കോൺഗ്രസ് പാർട്ടി പ്രവർത്തകരായിരുന്നവരിൽ ചിലർ ക്രമേണ സോഷ്യലിസ്റ്റ് കോൺഗ്രസ് പാർട്ടിയിലും തുടർന്ന് കമ്യൂണിസ്റ്റ് പാർട്ടിയിലും പ്രവർത്തകരായി മാറി. എ.എം.ഉസ്സൻകുട്ടി, കെ.കെ.ഉണ്ണീക്കുട്ടി, പുറ്റാട്ട് കൃഷ്ണൻ, ടി.കുഞ്ഞൻ, അപ്പുച്ചെട്ടിയാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ പ്രസ്ഥാനം കെട്ടിപ്പടുക്കുകയും അചിരേണ കർഷകപ്രസ്ഥാനവും തൊഴിലാളി പ്രസ്ഥാനവും വളർച്ചയിലേക്ക് ഉയർന്നു വരികയും ചെയ്തിട്ടുണ്ട്.

45 നവമ്പർ 23ന് ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ കരുത്തനായ നേതാവ് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ ആകസ്മിക നിര്യാണത്തിനു നമ്മുടെ ഗ്രാമത്തിന് സാക്ഷ്യം വഹിക്കേണ്ടിവന്നു. കൊടിയത്തൂരിലെ കോട്ടമ്മൽ ഒരു കോൺഗ്രസ് പൊതുയോഗത്തിൽ പങ്കെടുത്ത് മടങ്ങവെ ഇന്നത്തെ പൊറ്റശ്ശേരി അങ്ങാടിക്കു സമീപം വെച്ച് ഹൃദയസ്തംഭനം മൂലം മരണമടയുകയാണുണ്ടായത്. മണാശേരിയിലെത്തിച്ച മൃതദേഹം വമ്പിച്ച ജനാവലിയുടെ സാന്നിധ്യത്തിൽ വാഹനത്തിലാണ് കോഴിക്കോട്ടേക്ക് കൊണ്ടുപോയത്.

സ്വാതന്ത്ര്യസമ്പാദനത്തെ തുടർന്നും നമ്മുടെ പ്രദേശം മദിരാശി പ്രവിശ്യയുടെ ഭാഗമായിരുന്നു. 94ലെ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് തെരഞ്ഞെടുപ്പിൽ കുന്നമംഗലം ഫർക്കയിൽ നിന്നും നമ്മുടെ പ്രദേശത്തെ എം.പി.ചായിച്ചൻ തെരഞ്ഞെടുക്കപ്പെട്ടു. ഏവർക്കും പരിചിതനായി വി.ടി.അച്യുതൻനായരായിരുന്നു എതിർസ്ഥാനാർത്ഥി. വിദ്യാഭ്യാസ രംഗത്തെ ഈ മേഖലയിലെ ഒരു കുതിച്ചുചാട്ടം ദർശിച്ച കാലമായിരുന്നു അത്. പൊതുവിദ്യാലയങ്ങളുടെ ഒരു ശ്രേണിതന്നെ നമ്മുടെ മേഖലയിലടക്കം രൂപപ്പെട്ടുവന്ന സുവർണ കാലഘട്ടമായിരുന്നു അത്. 1956ൽ സൊസൈറ്റീസ് ആക്ട് പ്രകാരം മുക്കം മുസ്ലിം അനാഥശാല, വി.മൊയ്തീൻകോയ ഹാജിയുടെ സമുജ്ജ്വലമായ നേതൃത്വത്തിൽ ഉയർന്നുവന്നത് ഒരുൾപ്പുളകത്തോടെ നാമോർക്കുന്നു. ഈ അനാഥാലയം ഇന്ന് കേരളത്തിലെ ഏറ്റവും വലിയ യത്തീംഖാനയായി വളർന്നിരിക്കുന്നു.

56 നവംബർ ഒന്നിന്റെ കേരളപ്പിറവി ജനങ്ങളിൽ ഒരു പുതിയ പ്രതീക്ഷയുടെ കൈത്തിരി കൊളുത്തി. 1957ലെ ഇഎംഎസിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഒരു ഓർഡിനൻസിലൂടെ കുടിയൊഴിക്കൽ നിരോധിച്ചു. ഭൂവുടമ ബന്ധങ്ങളിൽ സമൂലമായി സൃഷ്ടിക്കപ്പെട്ട മാറ്റത്തിന്റെ നിദർശനമാണ് കേരളത്തിന്റെ ഇന്നുകളുടെ മുഖച്ഛായ സാമൂഹ്യക്ഷേമരംഗത്ത് സമ്പന്ന രാഷ്ട്രങ്ങളോട് പോലും കിടപിടിക്കത്തക്ക, ലോകത്തിന്റെ തന്നെ ശ്രദ്ധയാകർഷിച്ച കേരള മോഡൽ ഇന്നൊരു ദശാസന്ധിയിലാണ്. തൊഴിലില്ലായ്മ, മുരടച്ചുനില്ക്കുന്ന ഉൽപാദനമേഖല സ്ത്രീകളോടുള്ള അവഗണന തുടങ്ങിയവയെല്ലാം ഇന്നുള്ള വെല്ലുവിളികളാണ്. കഴിഞ്ഞകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നിന്ന് ആവേശമുൾക്കൊണ്ട് ഒരു പതിയ നാളെയുടെ പ്രത്യാശയായി ഈ സംരംഭം മാറട്ടെ എന്നാശിക്കുന്നു.

✡

---

*"എല്ലാവരുടെയും
അത്യാവശ്യങ്ങൾ നിറവേറ്റാൻ
വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ
ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും"*

*–മഹാത്മാഗാന്ധി*



# 4

# ഭൂ-ജന-ജല പ്രകൃതി

കിഴക്കൻ മലയോരങ്ങളിലെ വെള്ളരിമലയുടെ ഉച്ചിയിൽ നിന്നും നിർഗമിച്ച് കൂലം കുത്തി, തിരുവമ്പാടി കോടഞ്ചേരി പഞ്ചായത്തുകൾക്കതിരിട്ട് നമ്മുടെ പഞ്ചായത്തിന്റെ കിഴക്കും തെക്കും ഭാഗങ്ങളെ വലം വെച്ച് ചാലിയാറിലലിഞ്ഞു ചേരുന്ന ഇരുവഞ്ഞിപ്പുഴയുടെ പടിഞ്ഞാറ് ചേർന്ന് വടക്ക് ഓമശ്ശേരിയും, പടിഞ്ഞാറ് ചാത്തമംഗലം പഞ്ചായത്തുകൾക്കിടയിലുമായി ഈ ഗ്രാമം സ്ഥിതിചെയ്യുന്നു. ഒരു കാലത്ത് കുംഭം മീനമാസങ്ങളിൽ പോലും നിലയില്ലാ കയങ്ങളായിരുന്ന പുഴയുടെ ഇന്നത്തെ അവസ്ഥ ഭൂപ്രകൃതിയിലുണ്ടാക്കിയ മാറ്റങ്ങൾ എഴുതാപാഠമായി നമുക്ക് പറഞ്ഞുതരുന്നു. പുഴയോരത്തെ പറമ്പുകളിൽ കിണറുകളും മററും കുഴിക്കുമ്പോൾ കണ്ടെടുത്ത വൻമരങ്ങളുടെ അവശിഷ്ടങ്ങളും പ്രത്യേക തരം മണ്ണും, പുഴയുടെ പഴയ കാലങ്ങളിലേക്കുള്ള ചൂണ്ടുപലകയായി കണക്കാക്കാം. പുഴയോരങ്ങളിൽ ഇപ്പോൾ തോട്ടങ്ങളായി മാറിയിട്ടുള്ള ചില പ്രദേശങ്ങളും, അവയുടെ പേരും മുമ്പ് പുഴ വഴിമാറി ഒഴുകിയിരുന്നു എന്ന സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

പച്ചക്കാടും, അതിനോട് ചേർന്നു കിടക്കുന്ന ഗ്രാമത്തിന്റെ മോന്തായം എന്നു വിശേഷിപ്പിക്കപ്പെടാവുന്ന കളരിത്തടവും, എന്നും വറ്റാത്ത നീരുറവകളും, പച്ചപുൽമേടുകളും അടങ്ങിയ ഫലഭൂയിഷ്ഠമായ പ്രദേശം. ഭൂരിഭാഗവും ചെറിയ കുന്നുപ്രദേശങ്ങൾ മലഞ്ചെരുവുകളിലെ പാടശേഖരങ്ങൾ ചെറിയ തോടുകൾ അങ്ങിങ്ങ് പാറക്കൂട്ടങ്ങളും കടുത്ത ചെങ്കൽ പ്രദേശങ്ങളും ഇത്രയുമാണ് പഞ്ചായത്ത് ഭൂപ്രകൃതി. പ്രകൃതി ഭംഗി കനിഞ്ഞനുഗ്രഹിച്ച പ്രദേശം. ഒരു കാലത്ത് ഗ്രാമത്തിന്റെ വ്യാപാരമാർഗ്ഗങ്ങളുടെ മർമ്മമായിരുന്നു ഇരുവഞ്ഞിപ്പുഴ.

കർക്കടകത്തിലെ കറുത്ത വാവിൽ അർദ്ധരാത്രി നീലക്കൊടുവേലിയും, മരമഞ്ഞളും ഈ വെള്ളത്തിൽ ഒഴുകിവരാറുണ്ടെന്നും ഈ കാരണത്താൽ പുഴയിലെ ജലം ഔഷധസമ്പൂർണ്ണമായിരുന്നുവെന്നും ഉള്ള ഒരു വിശ്വാസം നിലവിലുണ്ടായിരുന്നു. നവജാതശിശുക്കളെ കുളിപ്പിക്കുന്നതിന് ഈ പുഴയിലെ വെള്ളം മുക്കിക്കൊണ്ടുപോകുമായിരുന്നു.

നഷ്ടപ്രതാപങ്ങളുടെ കഥകൾ വിളിച്ചോതി വേനൽക്കാലങ്ങളിൽ കണ്ണീരുപോലെ ഒലിച്ചിറങ്ങുന്ന നദിയുടെ ഇപ്പോഴത്തെ അവസ്ഥ പരിതാപകരം തന്നെ. കോഴിക്കോട് ജില്ലയുടെ തെക്ക് കിഴക്ക് മൂലയിലായി അതിർത്തി പഞ്ചായത്തുകളായ കൊടിയത്തൂർ, കാരശ്ശേരി കൂടരഞ്ഞി, തിരുവമ്പാടി എന്നിവിടങ്ങളിലേക്കുള്ള ഒരു കവാടമായി ഈ ഗ്രാമം നിലകൊള്ളുന്നു.

വിസ്തീർണ്ണം 31.28 ച.കി.മീറ്ററാണ്. പുഴ.

തീരം ഏതാണ്ട് 10 കി.മീറ്ററിലധികം വരും.

ഭൂപ്രകൃതി ഏതാണ്ട് ഇപ്രകാരമായിരിക്കും.

| | വിസ്തീർണം (ഹെക്ടർ) | ശതമാനം |
|---|---|---|
| 1. ഉയർന്ന സമതലം | 32 | 1 |
| 2. ചെറു ചെരിവ് | 1843 | 57 |
| 3. ഇടത്തരം ചെരിവ് | 744 | 23 |
| 4. തീരസമതലം | 129 | 4 |
| 5. താഴ്വാരങ്ങൾ | 485 | 15 |

പട്ടിക 1. ഭൂവിനിയോഗം

ഭൂമി സംബന്ധിച്ച വിവരങ്ങൾ
(കൃഷിഭവനടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 280 ഹെക്ടർ |
| പുരയിടം | 2738 |
| പുറംമ്പോക്ക് | 198 |
| കൃഷിയോഗ്യ തരിശ് | ഇല്ല |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 15 ഹെക്ടർ |
| വനം | 2 ഹെക്ടർ |

ഉയർന്ന കുന്നിൻപ്രദേശങ്ങൾ പച്ചക്കാട്, തടപറമ്പ്, ചെറുതടം, കാഞ്ഞിരപ്പാറ, കുറുഞ്ചോല, അരച്ചാംകുന്ന്, ഇരിഞ്ഞംപറ്റകുന്ന്, താഴക്കോട് മല, തടപറമ്പ്, ചമത്തിതടം തുടങ്ങിയവയാണ്. സമുദ്രനിരപ്പിൽ നിന്നും സുമാർ 700 അടി വരെ ഉയരമുള്ള പ്രദേശങ്ങൾ ഇവിടെയുണ്ട്. നെൽവയലുകൾ നേർത്ത് വീതികുറഞ്ഞ പാടശേഖരങ്ങളാണ്. വിശാലമായ പാടശേഖരങ്ങൾ ഇല്ല തന്നെ. വിശാലമായി പരന്നുകിടക്കുന്ന തെങ്ങിൻതോപ്പുകളും, കമുകിൻതോപ്പുകളും വിരളം തന്നെ. എന്നാൽ വിശാലമായമായൊരു റബ്ബർ തോട്ടം ഉണ്ട്. ലാറ്ററേറ്റ് (ചെങ്കൽമണ്ണ്) മണ്ണാണ് ഭൂരിഭാഗം പ്രദേശങ്ങളും. വയലുകളിൽ കളിമണ്ണും, പുഴയോരങ്ങളിൽ പശിമരാശിയുള്ള മണൽ കലർന്ന എക്കൽമണ്ണും, കടുത്ത ചെങ്കൽ പ്രദേശങ്ങളും പാറകളടങ്ങിയ പ്രദേശങ്ങൾ എന്നിവയും ഉൾക്കൊള്ളുന്നു. മണ്ണുകളെല്ലാം തന്നെ ശരാശരി ഫലഭൂയിഷ്ടി ഉള്ളതാണ്. വെണ്ണക്കോട് ചേന്നമംഗലൂർ, മണാശ്ശേരി പ്രദേശങ്ങളിൽ താരതമ്യേന ഫലപുഷ്ടി കുറഞ്ഞ പ്രദേശങ്ങൾ ഉൾപ്പെടുന്നു.

നീർവാർച്ച കുറഞ്ഞ പ്രദേശങ്ങൾ തീരെ കുറവാണ്. എന്നാൽ മണ്ണൊലിപ്പ് മിക്ക പ്രദേശങ്ങളിലും ഒരു പ്രശ്നം തന്നെ. വനങ്ങൾ കുറവാണെങ്കിലും ഇടതൂർന്ന് നിൽക്കുന്ന കാർഷികമേഖലയും, ഫലവൃക്ഷങ്ങളും നിറഞ്ഞ പ്രദേശം. മൊട്ടക്കുന്നുകളില്ല. മലിനീകരണം സൃഷ്ടിക്കുന്ന വ്യവസായശാലകളും ഇല്ല. മുഖ്യവിളകൾ, തെങ്ങ്, നെല്ല്, കമുക്, റബ്ബർ, കുരുമുളക്, വാഴ, കശുമാവ് എന്നിവയാണ്. ഉപവിളകളായി, പച്ചക്കറികൾ, പയർവർഗങ്ങൾ, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, ജാതി, മരച്ചീനി, പഴവർഗ്ഗങ്ങൾ, തുടങ്ങിയവയെല്ലാം കൃഷി ചെയ്യുന്നു.

മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം ഇതാണ് കാലാവസ്ഥ.

ജൂൺമുതൽ ആഗസ്റ്റ് വരെ-ഇടവപ്പാതി.

സപ്തംബർ-നവമ്പർ വരെ-വടക്കുകിഴക്കൻ കാലവർഷം

ഡിസംബർ-ജനുവരി- മഞ്ഞുകാലം (തണുപ്പുകാലം)

ഫിബ്രുവരി-മെയ് വരെ-കടുത്ത വേനൽക്കാലം

മിക്കവാറും മാസങ്ങളിൽ ഇടമഴ ലഭിക്കാറുണ്ട്. 80-25 കിലോമീറ്റർ വേഗതയിൽ കാറ്റ് വീശുന്നു.

പശു, കാള, പോത്ത്, ആട് എന്നിവയാണ് സാധാരണ വളർത്തു മൃഗങ്ങൾ. കോഴി കൃഷിയും തീരെ കുറവല്ല. മുള്ളൻപന്നി, കാട്ടുമുയൽ, മരപ്പട്ടി (മെരു) കോക്കാൻ (കാട്ടുപൂച്ച) എന്നീ കാട്ടുമൃഗങ്ങൾ ഇപ്പോഴും ഇപ്രദേശങ്ങളിൽ അപൂർവ്വമായി കാണപ്പെടുന്നു. മലമ്പാമ്പ്, കരിമൂർഖൻ എന്നീ ഇഴജന്തുക്കളും അത്യപൂർവ്വമായി കാണപ്പെടുന്നു.

കാട്ടുകോഴി, നത്ത്, കൂമൻ, ബുൾബുൾ, കാട്ടുമുഴക്കി എന്നിങ്ങനെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പക്ഷിക്കൂട്ടങ്ങളും അങ്ങിങ്ങ് കാണപ്പെടുന്നുണ്ട്.

പാണൽ, കുവ്വ, പുല്ലാഞ്ഞി, അതിരാണി, അരിപ്പൂവ്, പുഴവഞ്ഞികൾ, കൂവ്വളം തുടങ്ങി വേരറ്റു തുടങ്ങിയ സസ്യലതാദികളും ഈ പ്രദേശത്ത് കാണപ്പെടുന്നു. കൂവ്വളം, ആടലോടകം, ചുവന്ന കാട്ടുതെച്ചി, അമൽപൊരി, കഞ്ഞിക്കൂർക്കൽ, ശതാവരി തുടങ്ങി ഒട്ടേറെ ഔഷധ സസ്യങ്ങളുടെ ഒരു കലവറ തന്നെ ഈ പ്രദേശത്തുണ്ട്. ഔഷധ പ്രധാനമായ ആര്യവേപ്പ്, കറിവേപ്പ്, മുരിങ്ങ, അശോകം, അലരി, മന്ദാരം, തുളസി, ചെമ്പരുത്തി എന്നിവയും സമൃദ്ധമായി വളർന്ന് ഈ പ്രദേശത്തെ അനുഗൃഹീതമാക്കുന്നു.

പഞ്ചായത്തിലെ ഇപ്പോഴത്തെ ജനസംഖ്യ ഏതാണ്ട് 35000 ത്തോളം വരും. 1991 ലെ സെൻസസ് രേഖകൾ പ്രകാരം ഇത് 30338 ആണ്. ഇതിൽ 15132 പേർ പുരുഷന്മാരും 15206 പേർ സ്ത്രീകളുമാണ്. 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 5717 ആണ്. ഇതിൽ 3969 പേർ ആൺകുട്ടികളും 2028 പേർ പെൺകുട്ടികളുമാണ്. ജനസാന്ദ്രത ഒരു ച.കി. മീറ്ററിന് 976 എന്ന് കണക്കാക്കിയിരിക്കുന്നു. ആകെ വീടുകൾ 5551 ആണ്. വീടൊന്നിൽ ശരാശരി 5.46 ആളുകൾ ഉള്ളതായി കാണുന്നു. പട്ടികജാതിയിൽ പെട്ടവർ 4322 പേരുണ്ട്. ഇതിൽ 2116 പേർ പുരുഷന്മാരും 2206 പേർ സ്ത്രീകളുമാണ്. പട്ടികവർഗ്ഗത്തിൽ പെട്ട 25 പേരുണ്ട്. ഇതിൽ 14 പേർ സ്ത്രീകളും 11 പേർ പുരുഷന്മാരുമാണ്.

സാക്ഷരത പുരുഷന്മാരിൽ 12528 ഉം സ്ത്രീകൾക്കിടയിൽ 11646 ഉം കണക്കാക്കുന്നു. മൊത്തം സാക്ഷരതാശതമാനം 98 ൽ അധികമാണ്.

## പട്ടിക–2

# വാർഡ് തല ജനസംഖ്യാവിവര പട്ടിക

| | | വിസ്തീർണ്ണം | വാസ വസതികൾ | വസതികൾ | ജനസംഖ്യ | ആൺ | പെൺ | (0.6) വയസ് ഗ്രൂപ്പ് | ആൺ | പെൺ | എസ്.സി. എസ്.ടി. | പെൺ | സാക്ഷരത ആൺ | പെൺ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 0209 | മുക്കം പഞ്ചായത്ത് | 31.28 | 5527 | 5551 | 30338 | 15132 | 15206 | 3969 | 2028 | 1941 | 2116 | 2206 | 12528 | 11646 |
| 1 | വാർഡ് 1 | --- | 537 | 540 | 2495 | 1762 | 1233 | 275 | 143 | 132 | 308 | 303 | 1070 | 988 |
| 2 | വാർഡ് 2 | --- | 528 | 529 | 3377 | 1730 | 1647 | 461 | 272 | 235 | 176 | 166 | 1474 | 1326 |
| 3 | വാർഡ് 3 | --- | 413 | 427 | 2797 | 1309 | 1488 | 271 | 113 | 158 | 216 | 247 | 1160 | 1190 |
| 4 | വാർഡ് 4 | --- | 587 | 588 | 2976 | 1471 | 1505 | 408 | 215 | 193 | 361 | 351 | 1206 | 1161 |
| 5 | വാർഡ് 5 | --- | 516 | 516 | 2911 | 1438 | 1473 | 406 | 206 | 200 | 128 | 116 | 1131 | 996 |
| 6 | വാർഡ് 6 | --- | 540 | 540 | 2746 | 1356 | 1390 | 332 | 192 | 140 | 207 | 207 | 1099 | 1067 |
| 7 | വാർഡ് 7 | --- | 476 | 476 | 2737 | 1351 | 1386 | 517 | 768 | 249 | 86 | 85 | 1000 | 939 |
| 8 | വാർഡ് 8 | --- | 528 | 528 | 2692 | 1313 | 1379 | 328 | 167 | 161 | 215 | 260 | 1111 | 1107 |
| 9 | വാർഡ് 9 | --- | 466 | 471 | 2671 | 1456 | 1215 | 342 | 188 | 154 | 165 | 170 | 1223 | 936 |
| 10 | വാർഡ് 10 | --- | 496 | 496 | 2508 | 1239 | 1269 | 312 | 161 | 151 | 132+11 | 149+14 | 1030 | 998 |
| 11 | വാർഡ് 11 | --- | 440 | 440 | 2428 | 1207 | 1221 | 317 | 149 | 168 | 122 | 152 | 1024 | 938 |

(അവലംബം : സെൻസസ്–'91)

**മുക്കം പഞ്ചായത്ത്**

**ജലസ്രോതസ്സുകൾ**




അവലംബം : പഠനപര്യടനം.

**വാർഡുതല ജനസംഖ്യ**

(പട്ടിക 2 കാണുക)

ആകെ കുടുംബങ്ങളുടെ എണ്ണം 5551 ആയി കണക്കാക്കുന്നു. 1240 പേർ കാർഷിക വൃത്തിയിൽ ഏർപ്പെട്ടവരാണ്. ഇതിൽ 1167 പേർ പുരുഷന്മാരും 73 പേർ സ്ത്രീകളുമാണ്. കർഷകതൊഴിലാളികൾ 2165 പേർ വരും. ഇതിൽ 1653 പേർ പുരുഷന്മാരും 512 പേർ സ്ത്രീകളുമാണ്. നാമമാത്ര തൊഴിലാളികൾ 854 പേർ വരും. ഇതിൽ 570 പേർ പുരുഷന്മാരും, 284 പേർ സ്ത്രീകളുമാണ്.

നിർമാണമേഖലയിൽ തൊഴിലെടുക്കുന്നവർ, വിദഗ്ദതൊഴിലാളികൾ ജിവനക്കാർ, അദ്ധ്യാപകർ, വ്യാപാരികൾ തുടങ്ങിയ മേഖലകളിലും ഒരു നല്ല ശതമാനം ജോലി ചെയ്യുന്നു.

**തൊഴിൽ വിഭജനം**

(പട്ടിക 3 കാണുക)

കൃഷയാണ് പ്രധാന തൊഴിൽ മേഖല. അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്. വിദേശങ്ങളിൽ ജോലി ചെയ്യുന്നവർ ഒരു ഗണനീയ വിഭാഗമാണ്. കാർഷികമേഖലയിൽ നിന്നുള്ള പിൻതലമുറയുടെ പിന്മാറ്റം ഈ മേഖലയിലെ പ്രശ്നങ്ങൾ രൂക്ഷമാക്കുന്നു.

പൊതുവിദ്യാഭ്യാസ നിലവാരം ഉയർന്നതല്ല എന്നത് ഗൗരവമർഹിക്കുന്നു. 30 ലധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലയിലും, സ്വകാര്യമേഖലയിലുമായി നിലവിലുണ്ട്. ജാതിമത ഉച്ചനീചത്വങ്ങൾ സമൂഹത്തിൽ നിന്നും ഏറെക്കുറെ തുടച്ചുമാറ്റപ്പെട്ടിട്ടുണ്ട്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കുറവു തന്നെ. എന്നാൽ ജ്യോതിഷികൾ സമൂഹത്തിൽ ഗണനീയമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഹരിജനങ്ങളും, പട്ടികജാതി, പട്ടികവർഗ, ദുർബല വിഭാഗങ്ങളും സമൂഹത്തിന്റെ പൊതുധാരയിൽ ഇനിയും പൂർണ്ണമായലിഞ്ഞു ചേർന്നു വരുന്നതേയുള്ളൂ.

ആറ്റുപുറം മുതൽ പുൽപ്പറമ്പ് വരെയുള്ള പ്രദേശങ്ങളും മുക്കം, പരിസര പ്രദേശങ്ങൾ തടപ്പറമ്പ്, മണാശേരി, പൂളപ്പൊയിൽ, വെണ്ണക്കോട് എന്നിവിടങ്ങളും ജനങ്ങൾ തിങ്ങി താമസിക്കുന്ന മേഖലകളാണ്.

താരതമ്യേന ജലസമ്പുഷ്ടമായ ഒരു പ്രദേശമാണ്. കിഴക്കും, തെക്കും ഭാഗങ്ങൾ ഇരുവഞ്ഞിപ്പുഴ അതിരിടുന്നു. തോടുകളും, കുളങ്ങളും, കിണറുകളും കൊണ്ട് സമ്പന്നമാണ്. 22 കി.മീറ്ററോളം നീളത്തിലുള്ള തോടുകൾ പഞ്ചായത്തിലെ പ്രധാന ജലസേചന നീർവാർച്ചാ ഉപാധിയാണ്. 90 ലധികം കുളങ്ങളും 70 ശതമാനത്തിലധികം വീടുകളിലും കിണറുകളുമുണ്ട്. വേനൽക്കാലങ്ങളിൽ വറ്റിവരളുന്ന കിണറുകൾ അപൂർവ്വം പ്രദേശങ്ങളിൽ മാത്രം ഒതുങ്ങുന്നു. കിണറുകളിൽ പാറയുള്ള പ്രദേശങ്ങളും താരതമ്യേന കുറവായി കാണുന്നു. ഒരിക്കലും വറ്റാത്ത നീരുറവകൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാണപ്പെടുന്നു. ഒരിക്കലും വറ്റാത്ത ജലസമ്പത്തുമായി ഒട്ടേറെ കുളങ്ങളും കിണറുകളുമുണ്ട്. നീരൊഴുക്ക് കൂടുതലായി തെക്കു ഭാഗത്തേക്കും കിഴക്കു ഭാഗത്തേക്കുമൊഴുകി ഇരുവഞ്ഞിപുഴയിൽ പതിക്കുന്നു. എന്നാൽ 8-ാം വാർഡു പൂർണ്ണമായും 7,9,10 വാർഡുകളിൽ നിന്നും ഭാഗികമായും നീരൊഴുക്ക് പടിഞ്ഞാറോട്ടൊഴുകി കൂടത്തായിപുഴയിൽ ചെന്നുചേരുന്നു. ഭൂഗർഭജലം മിക്കവാറും പ്രദേശങ്ങളിൽ 150 ലധികം അടി താഴെയാണ് കാണുന്നത്. സമുദ്രനിരപ്പിൽ നിന്നും ഏതാണ്ട 300 അടി ഉയരത്തിലാണ് സമതല പ്രദേശങ്ങൾ. നീർവാർച്ച സൗകര്യങ്ങൾ ഏറെക്കുറെ പൂർണ്ണമാണ്. ചുരുക്കം ചില നെൽവയലുകളിൽ ചുരുങ്ങിയ കാലങ്ങളിൽ വെള്ളക്കെട്ട് അനുഭവപ്പെടുന്നുണ്ട്. മണാശ്ശേരി, കണ്ണന്തറവയൽ, പുൽപ്പറമ്പ് പ്രദേശങ്ങളിലാണ് ഇത് കൂടുതലായുള്ളത്.

എന്നാൽ മണ്ണൊലിപ്പ് മിക്ക പ്രദേശങ്ങളിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ശരാശരി വർഷപാതം 1993 ലെ കണക്കു പ്രകാരം 2005 മില്ലി മീറ്ററാണ്. വടക്കു കിഴക്കൻ കാലവർഷത്തിൽ നിന്നും ലഭിക്കുന്ന ശരാശരി 698 മില്ലീമിറ്ററാണ്. സംസ്ഥാന ശരാശരിയിൽ നിന്നും ഉയർന്ന തോതിൽ മഴ മിക്കവാറും കാലങ്ങളിൽ ലഭിക്കുന്നുണ്ട്. ഇടമഴകൾ മിക്ക മാസങ്ങളിലും ലഭിക്കുന്നുണ്ട്. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറഞ്ഞ മഴ ഫെബ്രുവരി മാർച്ചു മാസങ്ങളിലാണ്. നെൽകൃഷി പൂർണമായും മഴയെ ആശ്രയിച്ചാണ്. എന്നാൽ തെങ്ങിനും, കമുകിനും അങ്ങിങ്ങായി ജലസേചനം നടത്തുന്നുണ്ട്. വേനൽക്കാലങ്ങളിൽ ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഒന്നാം വാർഡിലെ കറുത്തപറമ്പ്, പയ്യടി പറമ്പ്, 2-ാം വാർഡിലെ കപ്പടച്ചാൽ, തടപ്പറമ്പ്, ഇരുൾകുന്ന്, 3-ാം വാർഡിലെ കുറുഞ്ചോല മീത്തൽ, കിഴക്കുംപാടം, വിളയത്ത് പസൂളി 4-ാം വാർഡിലെ എടോളിക്കുന്ന്, ചേന്നാംകുന്ന്, 5-ാം വാർഡിലെ ചേന്ദമംഗല്ലൂർ ഹൈസ്കൂൾ കുന്ന്, 6-ാം വാർഡിലെ ചോലക്കുഴി മീത്തൽ, 7-ാം വാർഡിലെ ചെറുത്തടം നെടുമങ്ങാട്, പുൽപ്പറമ്പ്, 8-ാം വാർഡിലെ അയഞ്ചേറ്റിക്കുന്ന് പുത്തൂർപറ്റമല, 9-ാം വാർഡിലെ നൊട്ടൻതൊടിക കുന്ന്, കിഴക്കേകണ്ടി കുന്ന്, 10ലെ തരിപ്പകുന്ന്, പൂവത്തരിക്കുന്ന് 11 ലെ പൃക്കച്ചാൽകുന്ന്, ിട്ടാരംകോട്ട്, കാടംകുനികുന്ന് 12 ലെ നാരങ്ങാളികുന്ന്, കല്ലുരുട്ടിമല എന്നിവയാണ്.

പട്ടിക 4

## പ്രതിമാസ മഴയുടെ ലഭ്യത

അവലംബം (കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോഡ് രേഖകൾ-1993

| ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ | വാർഷികലഭ്യത |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 0 | 22.7 | 22.3 | 56.3 | 137.3 | 589.6 | 693.8 | 304.2 | 46.3 | 407.0 | 117.3 | 9.4 | 2406.2 | 200.5 |

## താപനില

| | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| ഏറ്റവും കൂടിയത് | 32.5 | 33.1 | 33.7 | 34.4 | 33.6 | 29.7 | 28.3 | 29.0 | 30.7 | 30.2 | 31.3 | 32.2 |
| ഏറ്റവും കുറഞ്ഞത് | 21.0 | 22.4 | 24.6 | 25.7 | 25.5 | 23.6 | 22.7 | 23.1 | 23.5 | 23.4 | 23.3 | 22.4 |

പട്ടിക 3

## തൊഴിൽ വിഭജനം

| ആകെ കുടുംബങ്ങൾ | കർഷകർ എണ്ണം | | കർഷക തൊഴിലാളികൾ | | പട്ടികജാതി | | പട്ടികവർഗം | | നാമമാത്ര തൊഴിലാളികൾ | |
|---|---|---|---|---|---|---|---|---|---|---|
| | M | F | M | F | M | F | M | F | M | F |
| 5551 | 1167 | 73 | 1653 | 512 | 2116 | 2206 | 11 | 14 | 570 | 284 |

(അവലംബം : സെൻസസ് രേഖ)



# 5.1

# കൃഷി
# ജലസേചനം

നീലേശ്വരം താഴക്കോട് വില്ലേജുകൾ ചേർന്നതാണ് ഇപ്പോഴത്തെ മുക്കം ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ കിഴക്ക് തെക്ക് ഭാഗങ്ങൾ ഇരുവഴിഞ്ഞിപ്പുഴ വലം വെക്കുന്നു. പണ്ടുകാലം മുതൽ തന്നെ തികച്ചും കാർഷികമേഖലയാണ്. കുന്നിൻ പ്രദേശങ്ങൾ, താഴ്വരകൾ, സമതലങ്ങളിലെ നെൽവയലുകൾ, പുഴയോര പ്രദേശങ്ങളടങ്ങിയതാണ് ഭൂപ്രദേശം. പഴയ കാലങ്ങളിൽ കൃഷി മാത്രമായിരുന്നു ജനങ്ങളുടെ മുഖ്യ ജീവനോപാധി. ഭൂരിഭാഗം കർഷകരും ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമി ഉള്ളവരായിരുന്നു.

മുൻകാലങ്ങളിൽ നെൽകൃഷിയായിരുന്നു പ്രധാനം തെങ്ങ്, കമുക് എന്നീ കൃഷികൾ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. നെൽകൃഷിയായിരുന്നു പ്രധാന തൊഴിൽമേ

പട്ടിക1

| കൈവശഭൂമി വിസ്തീർണ്ണം | | | |
|---|---|---|---|
| വാർഡ് നമ്പർ | നാമമാത്രകർഷകർ ഹെക്ടറിൽ താഴെ | ചെറുകിട കർഷകർ 1–2 ഹെക്ടർ | വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ |
| 1 | 2 | 3 | 4 |
| 1 | 238 | 22 | 1 |
| 2 | 295 | 29 | 3 |
| 3 | 379 | 33 | 3 |
| 4 | 232 | 25 | 3 |
| 5 | 243 | 30 | 3 |
| 6 | 420 | 24 | 5 |
| 7 | 275 | 20 | 3 |
| 8 | 216 | 21 | 2 |
| 9 | 232 | 21 | 4 |
| 10 | 241 | 17 | 3 |
| 11 | 226 | 29 | 3 |
| 12 | 205 | 42 | 21 |
| ആകെ | 3202 | 313 | 54 |
| ശതമാനം | 89.7% | 8.8% | 1.5% |

ഖല. കഷിസ്ഥലങ്ങൾ ഭൂരിഭാഗവും ജന്മിമാരുടെ വക യായിരുന്നു. നമ്പൂതിരി, നായർ സമുദായത്തിൽ പെട്ട വരായിരുന്നു ജന്മി കുടുംബങ്ങൾ.

കൃഷിപൂർണമായും മഴയെ ആശ്രയിച്ചായിരുന്നു ചെയ്തിരുന്നത്. ആകെ ഭൂമിയുടെ പതിനഞ്ചു ശതമാന ത്തോളം നെൽകൃഷിയായിരുന്നു. നാടൻ കലപ്പ, കാള കൾ, പകലന്തിയോളം പണിയുന്ന കർഷകർ, കർഷക ത്തൊഴിലാളികൾ, തോടുകൾ, കുളങ്ങൾ, ഏത്തവും, പെട്ടിയും ഉപയോഗിച്ചുള്ള ജലസേചനം ഇതായിരുന്നു പഴയ കാർഷിക രീതി. ആര്യൻകാളി, ചമ്പാവ്, കരിമു ണ്ടകൻ, കൂട്ടുമുണ്ടകൻ, നകര, പള്ളിയാറൽ, തെക്കൻ ചീര, മോടൻ, കൊളപ്പാല തെക്കൻ തുടങ്ങി ഒട്ടനവധി നാടൻ വിത്തുകളാണ് ഉപയോഗിച്ചിരുന്നത്. മിക്കവാറും സ്ഥലങ്ങളിൽ വർഷത്തിൽ ഒരു പൂല് മാത്രമാണ് കൃഷി ചെയ്തിരുന്നത്. പച്ചിലയാണ് വളമായി വയലുകളിൽ ഉപയോഗിച്ചിരുന്നത്. കീടനാശിനികൾ അക്കാലത്ത് ഒട്ടും തന്നെ ഇല്ലായിരുന്നു. ചാഴിക്ക് വിലക്ക് പുഴുവിന് മുറം വീശൽ, ചൂടുചാരം വിതറൽ തുടങ്ങിയവയായിരുന്നു പ്രധാന നിവാരണമാർഗങ്ങൾ. വയൽ വരമ്പുകളിൽ വളർന്നിരുന്ന ചില പ്രത്യേക സസ്യങ്ങളും കീടരോഗ ബാധകളുടെ നിയന്ത്രണത്തിൽ സ്വാധീനം ചെലുത്തി യിരുന്നതായി പറയപ്പെടുന്നു. വയലേലകളിൽ തോടു ഭാഗങ്ങൾ കൈതകൾ വെച്ചു പിടിപ്പിച്ചിരുന്നു

**തൊഴിൽമേഖല**

കാലിവളർത്തൽ, കന്നുപൂട്ട്, കൈക്കോട്ട് പണി, ഞാറു പറി, ഞാറുനടൽ, കളപറി, കൊയ്ത്ത്, മെതി തുടങ്ങി യവയായിരുന്നു പ്രധാന തൊഴിൽ മേഖല. ഇടവേളക ളിൽ കർഷകതൊഴിലാളി സ്ത്രീകൾ പായനെയ്ത്ത് പനമ്പ് മുറം എന്നിവ നിർമ്മിക്കുന്ന ജോലികളിൽ ഏർപ്പെട്ടു വന്നു. പുരകകെട്ട്, വേലികെടട് തുടങ്ങിയവ യായിരുന്നു കാർഷിക മേഖലയിലെ മറ്റു തൊഴിലവസ രങ്ങൾ. ചുരുക്കം ചിലർ ആടുകളേയും കോഴികളേയും വളർത്തിയിരുന്നു. ഇടത്തരം കുടിയാന്മാരുടെ കുടുംബ ങ്ങളിൽ നിന്നും സ്ത്രീകൾ ജന്മികുടുംബങ്ങളിലെ വീട്ടു ജോലികളിലും നെല്ലുകുത്ത് അവിൽ ഇടി തുടങ്ങിയ ജോലികളും ചെയ്തുവന്നു. പണിക്കും കൊയ്ത്തിനും മറ്റു ജോലിക്കുമെല്ലാം നെല്ലായിരുന്നു കൂലിയായി കൊടു ത്തിരുന്നത്. കുടിയാന്മാർ ജന്മിക്ക് ആഘോഷങ്ങളിലും മറ്റും കാഴ്ചവെക്കേണ്ടത് നിർബ്ബന്ധമായിരുന്നു. ഇതേ പോലെ കുടിയാൻമാരുടെ കീഴിലുള്ള തൊഴിലാളികൾ കുടിയാന്മാർക്കും കാഴ്ചകൾ സമർപ്പിക്കുന്നതും പകര മായി അവർക്ക് നെല്ല്, എണ്ണ, കോടി എന്നിവയും കൊടുക്കുക പതിവായിരുന്നു.

**ഇടവിളകൾ:**

നെൽ വയലുകളിൽ നെൽകൃഷിയില്ലാത്ത ഇടവേള കളിൽ ചാമ, മുത്താറി, എള്ള് എന്നിവയാണ് കൃഷി ചെയ്തിരുന്നത്. പറമ്പുകൾ വളച്ചുകെട്ടി കൃഷി ചെയ്തിരുന്നവർ തീരെ കുറവായിരുന്നു. മിക്കവാറും പറമ്പുകൾ മേച്ചിൻ സ്ഥലങ്ങളായും തരിശായും കിട ന്നിരുന്നു. പറമ്പുകളിൽ ഇടവിളയായി പ്രധാനമായും ചേമ്പ്, ചേന, കാച്ചിൽ (കാവുത്ത്) ചെറുകിഴങ്ങ്, മത്തൻ, ഇളവൻ, കറമൂസ വാഴ എന്നിവയായിരുന്നു കൃഷി ചെയ്തിരുന്നത്. തെങ്ങുകൃഷി തീരെ ശ്രദ്ധിക്ക പ്പെട്ടിരുന്നില്ല. തെങ്ങിന് വളപ്രയോഗം പതിവില്ലായി രുന്നു. ചാണകം, ചാരം കാലിമേയൽ എന്നിവയാണ് പ്രധാനമായും മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുന്ന തിന് സഹായിച്ചത്.

**ഗതാഗതം,വിപണനം:**

ഗതാഗതമാർഗങ്ങൾ പഞ്ചായത്തിൽ തീരെ കുറ വായിരുന്നു. കോഴിക്കോടായിരുന്നു ഏറ്റവും അടുത്ത വിപണനകേന്ദ്രം. കൂടത്തായി പുഴയിലെ 'ചെത്തുക ടവ്' പട്ടണവുമായി ബന്ധപ്പെടുന്നതിൽ പ്രധാന തട സമായിരുന്നു. ജലമാർഗം ചാലിയാർ വഴി ഇരുവഴി ഞ്ഞിരിപ്പുഴയിലൂടെ തോണിമാർഗമായിരുന്നു ചരക്കു വ്യാപാരം നടന്നിരുന്നത്. കാളവണ്ടികൾ ഗതാഗത ത്തിലും ചരക്കുവ്യാപാരത്തിലും അക്കാലത്ത് പ്രധാന പങ്കുവഹിപ്പിച്ചിരുന്നു. വ്യാപാരം ഏതാണ്ട് പൂർണ്ണമാ യിത്തന്നെ ഇടനിലക്കാർ മുഖേനയായിരുന്നു. ഒരു ആഴ്ച ചന്ത വളരെ മുമ്പുതന്നെ മുക്കത്ത് നിലവിലു ണ്ടായിരുന്നു. കൃഷിക്കാർ അവരുടെ ഉൽപന്നങ്ങൾ, തേങ്ങ, അടക്ക,വാഴക്കുല, പച്ചക്കറികൾ, കിഴങ്ങു വർഗങ്ങൾ, എന്നിവ ഈ ചന്തയിലാണ് വിൽപന നട ത്തിയിരുനത്. പുകയില വെറ്റില ഉണക്കമത്സ്യം എന്നിവ ഈ ചന്ത വഴിയാണ് ആളുകൾ വാങ്ങിക്കൊ ണ്ടിരുന്നത് പച്ചമത്സ്യം അക്കാലത്ത് പൊതുവെ ലഭ്യ മായിരുന്നില്ല.

**ജീവിതരീതി:**

താള് (ചേമ്പിൻതണ്ട്) മത്തനില, ഇളവനില, പയ റിന്റെ ഇല, വാഴക്കിഴങ്ങ്, ചേമ്പ്, ചേന, വാഴയുടെ കുടപ്പൻ, ഉണ്ണിക്കാമ്പ്, കറമൂസ തുടങ്ങിയവയെല്ലാം പ്രധാനഭക്ഷ്യവസ്തുക്കളായി ഉപയോഗിച്ചിരുന്നു. കൂവ്വപ്പൊടി, പനമ്പൊടി, ഈന്തിൻകായ എന്നിവയും പ്രധാന ഭക്ഷ്യോത്പന്നങ്ങളായിരുന്നു. ചക്ക, മാങ്ങ എന്നിവ പലവിധത്തിലും ഭക്ഷ്യവസ്തുക്കളായി ഉപ യോഗിച്ചിരുന്നു. ചക്കക്കുരു മണ്ണിലിട്ട് സൂക്ഷിച്ചും ചക്ക ഉണക്കി സൂക്ഷിച്ചും, പഴുത്ത ചക്കവരട്ടി സൂക്ഷിച്ചും, പഴുത്തമാങ്ങയുടെ ചാറെടുത്ത് ഉണക്കി 'മാങ്ങാതിര'കളുണ്ടാക്കി സൂക്ഷിച്ചും, കടുത്ത വറുതി ക്കാലത്ത് (മിഥുനം, കർക്കിടകം) കർഷകർ ഉപയോ ഗിച്ചിരുന്നു.

1940കളുടെ ഉത്തരാർദ്ധമായപ്പോഴേക്കും തെക്കൻ തിരുവിതാംകൂറിൽനിന്നും മലബാർ മേഖലയിലേക്ക് ആരംഭിച്ച കുടിയേറ്റം ഈ പ്രദേശത്തെ കാർഷിക മേഖലയിൽ പുത്തൻ ചലനങ്ങൾക്ക് വഴി തുറന്നു. പിന്നീട് വൻകുടിയേറ്റ മേഖലയായി മാറിയ കൂടരഞ്ഞി, തിരുവമ്പാടി, കാരശ്ശേരിയുടേയും കൊടിയത്തൂരിന്റേയും ഭാഗങ്ങൾ ഇവിടെക്കെല്ലാമുള്ള ഒരു കവാടമായിരുന്നു മുക്കം അങ്ങാടി. മുക്കം പഞ്ചായത്തിൽ തോട്ടത്തിൽ കടവ്, കല്ലുരുട്ടി, വേനപ്പാറ, പച്ചക്കാട് തുടങ്ങിയ പ്രദേശങ്ങളിലാണ് കുടിയേറ്റ കർഷകർ ഏറിയകൂറും. 1956ൽ ഐക്യകേരളം നിലവിൽ വരികയും 1957ൽ ആദ്യത്തെ ഗവണ്മെന്റ് അധികാരത്തിൽ വരികയും തുടർന്നുണ്ടായ കുടിയൊഴിപ്പിക്കൽ തടഞ്ഞുകൊണ്ടുള്ള നിയമനിർമ്മാണങ്ങളും കാർഷിക മേഖലയിലെ പുതിയ മാറ്റങ്ങൾക്ക് ആക്കം കൂട്ടി. ഒഴിഞ്ഞുകിടന്നിരുന്ന തെങ്ങിൻ തോപ്പുകളും തരിശുഭൂമികളും വളച്ച് കെട്ടുവാനും പുതിയ വിളകൾ പരീക്ഷിക്കുന്നതിനും കൃഷിക്കാർ കുറേശ്ശെയായി മുന്നോട്ടു വന്നു. കപ്പ, കരിമുണ്ട ഇനത്തിൽപ്പെട്ട കുരുമുളക് പറമ്പുകലിലെ നെൽകൃഷി എന്നിവ വ്യാപകമായിതുടങ്ങി. തെങ്ങിന് തടം എടുക്കുവാനും വളം ചെയ്യുന്നതിനും ആരംഭിച്ചു. പ്രധാനമായും പച്ചില, ചാണകം, ചാരം എന്നിവയാണ് വളമായി ഉപയോഗിച്ചിരുന്നത്.

1960കളുടെ ആരംഭത്തിൽ പട്ടാമ്പി നെല്ലുഗവേഷണകേന്ദ്രത്തിൽ നിന്നും തെരഞ്ഞെടുത്ത നെൽവിത്തുകൽ കർഷകർക്കിടയിൽ പ്രചാരത്തിൽ വന്നു. ഇതോടുകൂടി നെൽകൃഷിരംഗത്ത് പുത്തൻ പരീക്ഷണങ്ങൾക്ക് വളരെ സാവകാശം കർഷകർ മുന്നോട്ടു വന്നു. രാസവളങ്ങളും കീടനാശിനികളും ശീലിച്ചുതുടങ്ങി അത്യുല്പാദന ശേഷിയുള്ള നെല്ലിനങ്ങളുടെ കണ്ടുപിടുത്തം 1970കളാകുമ്പോഴേക്കും കാർഷിക രംഗത്ത് ഒരരു കുതിച്ചു ചാട്ടത്തിനു തന്നെ കാരണമായി. 70കളുടെ ഉത്തരാർദ്ധമായപ്പോഴേക്കും തരിശ്ശായിക്കിടന്നിരുന്ന സ്ഥലങ്ങൾ ഏറെക്കുറെ അപ്രത്യക്ഷമായി. പുതിയപുതിയ വിളകൾ ഇടവിളയായും മുഖ്യവിളയായും നിലവിൽ വന്നു. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം വർദ്ധിച്ചു. ഉൽപാദനത്തിലും ഉൽപാദന ക്ഷമതയിലും പുതിയ മാനങ്ങൾ കണ്ടെത്തി.

ഈ കുതിച്ചുചാട്ടം താൽക്കാലികമായിരുന്നു എന്നാണ് പിന്നീടുള്ള അനുഭവങ്ങൾ നമ്മെ പഠിപ്പിച്ചത്. കാർഷികരംഗത്തെ പുത്തൻ വിജ്ഞാനങ്ങളുടെ പ്രചരണത്തോടൊപ്പം തന്നെ കേരളത്തിലുണ്ടായ വിദ്യാഭ്യാസ മേഖലയിലെ കുതിച്ചുചാട്ടം കാർഷിക മേഖലയിലുണ്ടായ ഭൂപരിഷ്ക്കരണ നിയമങ്ങൾ, പിന്നോക്ക പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള സംവരണം എന്നിവ ഉത്പാദന മേഖലയിലെ ബന്ധങ്ങളിൽ കാതലായ മാറ്റങ്ങൾക്ക് കാരണമായതായി കാണാം. സാർവത്രികമായ വിദ്യാഭ്യാസവും പുത്തൻ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതും പരമ്പരാഗത കർഷകത്തൊഴിലാളികളുടെ പിൻതലമുറയെ കാർഷിക മേഖലയിൽ നിന്നും അകറ്റിത്തുടങ്ങി. കാർഷിക മേഖലയിലെ ആകർഷകമല്ലാത്ത കൂലിവ്യവസ്ഥ മറ്റുമേഖലയിൽ സംഘടിത തൊഴിലാളികൾക്കുണ്ടായ നേട്ടങ്ങൾ എന്നിവയും ഈ മേഖലയിൽ ആവശ്യമായത്ര ആളുകൾ ലഭ്യമല്ലാത്ത അവസ്ഥയാണ് സൃഷ്ടിച്ചത്.

1970കളുടെ ഉത്തരാർദ്ധം മുതൽ 1980കളുടെ ഉത്തരാർദ്ധമായപ്പോഴേക്കും ഇത് കാർഷിക മേഖലയെ കുറേശ്ശയായി തളർത്തിത്തുടങ്ങി. ഉല്പാദനത്തിന്റേയും ഉല്പാദനക്ഷമതയുടെയും സൂചിക പിറകോട്ടു തിരിഞ്ഞു. കാർഷികോത്പന്നങ്ങൾക്കുണ്ടായ വിലയിടിവ്, ഗൾഫിലേക്ക് തുറക്കപ്പെട്ട പുതിയ തൊഴിലവസരങ്ങൾ എന്നിവയും, കാർഷിക രംഗത്തെ രൂക്ഷമായ രോഗകീടബാധകളും, കൂലി, വിലവർധനയും ഈ തകർച്ചക്ക് ആക്കം കൂട്ടിയ ഘടകങ്ങളായിരുന്നു. 1988ഓടുകൂടി നിലവിൽ വന്ന ഗ്രൂപ്പ് ഫാമിങ് സമ്പ്രദായം ചെറിയ മാറ്റങ്ങൾക്ക് തുടക്കമിടാൻ സഹായകമായിട്ടുണ്ടെങ്കിൽപോലും ഒരു സ്ഥായിയായ മാറ്റം ഇതിലുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

കാർഷികരംഗത്ത് വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ഒരു ശതമാനം പോലും അവശേഷിക്കുന്നില്ല. അനുയോജ്യമായ വിളക്രമങ്ങളും സ്ഥലവിഭവമാനേജ്മെന്റും മാത്രമാണ് ഈ പ്രതിസന്ധി മുറിച്ചുകടക്കുന്നതിന് നമ്മുടെ മുന്നിലുള്ള ഏകമാർഗ്ഗം.

മൊത്തം ഭൂവിഭാഗത്തിൽ 14% നെൽകൃഷി ആയിരുന്നു (452 ഹെക്ടർ) എന്നാൽ തൊണ്ണൂറുകളിലേക്ക് കടന്നപ്പോൾ ഇത് 8-10 ശതമാനമായി കുറഞ്ഞിട്ടുണ്ട് (280 ഹെ). നെൽപ്പാടങ്ങൾ നികത്തി പുരയിടങ്ങളാക്കി മാറ്റലും തെങ്ങുകൃഷിയാക്കി മാറ്റലും താരതമ്യേന ഇവിടെ കുറഞ്ഞ തോതിലേ ഉണ്ടായിട്ടുള്ളൂ. എന്നാൽ എഴുപതുകളുടെ അവസാനം മുതൽ നെൽകൃഷിരംഗത്തുണ്ടായ തകർച്ച (വിലക്കുറവും, കൂലിവിലവർധനവും) കർഷകരെ മാറി ചിന്തിക്കുന്നതിന് പ്രേരിപ്പിച്ചു. അടയ്ക്കക്ക് ഇടക്കാലത്തുണ്ടായ താരതമ്യേന ആകർഷകമായ വിലയും, കുറഞ്ഞ ഉൽപാദനചിലവും നെൽവയലുകൾ കമുകിൻ തോപ്പുകളാക്കി മാറ്റുന്ന പ്രക്രിയക്ക് തുടക്കമിട്ടു.

ഒരു വശത്ത് ജന്മിത്തം അവസാനിക്കുകയും ഭൂമി യഥേഷ്ടം കൈകാര്യം ചെയ്യുന്നതിന് അവസരം ലഭിക്കുകയും ചെയ്തു. മറുവശത്ത് രോഗകീടബാധകളും

കാർഷികതൊഴിലാളികളുടെ ലഭ്യതകുറവ്, രാസവളം, കീടനാശിനികളുടെ അമിതമായ ഉപയോഗം. ഉൽപ്പന്ന ങ്ങൾക്കുണ്ടായ വിലക്കുറവ്, കാർഷിക സാമഗ്രികളുടെ അമിതമായ വിലവർധനവ് എന്നിവ നെൽകൃഷിയെ ദുഷ്കരമായ ഒരു ജോലിയായി മാറ്റി. കൂടാതെ '60" കളിലും '70" കളിലും അനുഭവപ്പെട്ട രൂക്ഷമായ ഭക്ഷ്യ ക്ഷാമത്തിനുണ്ടായ അയവും, ആവശ്യാനുസരണം ഭക്ഷ്യവസ്തുക്കൾ മാർക്കറ്റിൽ ലഭിക്കുന്ന അവസ്ഥയും, കാർഷികരംഗത്തു നിന്നും മറ്റു മേഖലകളിലേക്കുള്ള ഈ മാറ്റത്തിന് ആക്കം കൂട്ടിയ ഘടകങ്ങളാണ്.

നെൽവയലുകളിൽ ഭൂരിഭാഗവും ഒരുപ്പൂ മാത്രം കൃഷി ചെയ്യുന്നവയാണ്. വെള്ളപ്പൊക്കം ഭൂരിഭാഗം സ്ഥലത്തും ഒന്നാം വിള തടയപ്പെടുന്നു. വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനോ, ജലസേചനം നൽകി മറ്റൊരു വിള എടുക്കുന്നതിനോ ഉള്ള പദ്ധതികളൊന്നും ആവി ഷ്കരിക്കപ്പെട്ടില്ല. വേനൽകാലങ്ങളിൽ നെൽവയലു കൾ തരിശായിടുന്ന രീതി നിലനില്ക്കുന്ന. 40 ശതമാ നത്തോളം സ്ഥലം മാത്രമാണ്. വേനൽക്കാലങ്ങളിൽ തുടർവിളകൾ ചെയ്യപ്പെടുന്നത്.

**പട്ടിക 2**

**നെൽകൃഷി വിള വിസ്തീർണ്ണം**

| ക്രമനമ്പർ | വിള | വിസ്തീർണ്ണം |
|---|---|---|
| 1 | ഒന്നാം വിള (വിരിപ്പ്) | 130 ഹെക്ടർ |
| 2. | രണ്ടാം വിള (മുണ്ടകൻ) | 280 ഹെക്ടർ |
| 3. | മൂന്നാം വിള (പുഞ്ച) | ഇല്ല. |

(അവലംബം: കൃഷിഭവൻ രേഖ)

മറ്റുകാർഷിക വിളവുകളുടെ കാര്യത്തിലും പ്രകട മായ മാറ്റം ഉണ്ടായിട്ടുണ്ട്. തെങ്ങിൻ തോപ്പുകളിലും, കമുകിൻ തോപ്പുകളിലും പ്രധാന ഇടവിളയായി കൃഷി ചെയ്തിരുന്ന കുരുമുളക് മാരകമായ ധ്രുതവാട്ടരോഗം കാരണം ഏറെക്കുറെ നിർമാർജ്ജനം ചെയ്യപ്പെട്ടു. ഇട വിളകളായി കൃഷിചെയ്തിരുന്ന വാഴ, ദീർഘകാല പച്ച ക്കറികൾ, കിഴങ്ങുവർഗ്ഗപച്ചക്കറികൾ, എന്നിവയെല്ലാം കുറഞ്ഞ് കറഞ്ഞ് വരികയാണ്. ജനസംഖ്യാവർദ്ധനവ് ചെലുത്തുന്ന സമ്മർദ്ദങ്ങളും കാർഷിക വളർച്ചയെ സാരമായി ബാധിച്ചതായി കാണാം. മുഖ്യതൊഴിൽ കൃഷി എന്നതിൽനിന്നും, കൃഷി ഒരു അനുബന്ധതൊ ഴിൽ എന്നതിലേക്ക് ധ്രുതഗതിയിൽ മാറിക്കൊണ്ടിരി ക്കുന്നു. വാസസ്ഥലങ്ങളുടെയും നിർമ്മാണപ്രവർത്ത നങ്ങളുടെയും അമിത വർധന, അതുമായി ബന്ധപ്പെട്ട റോഡുകളും മറ്റു അനുബന്ധ സൗകര്യങ്ങളും വിവേ ചന രഹിതമായി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. നീർവാർച്ചയ്ക്കും, ജലസേചനത്തിനും പ്രകൃത്യാ ഉണ്ടായിരുന്ന സൗകര്യങ്ങളെല്ലാം തടയപ്പെടുകയോ, മാറ്റിമറിക്കപ്പെടുകയോ ചെയ്തു. ഇത് കാർഷികമേഖ ലയുടെ പ്രത്യേകിച്ച് നെൽകൃഷിയുടെ അടിതെറ്റിക്കുക തന്നെ ചെയ്തു. കുളങ്ങൾ, തോടുകൾ, ജലനിർഗ്ഗമന മാർഗ്ഗങ്ങൾ തുടങ്ങിയവക്ക് ഒന്നും തന്നെ പൊതുമു തൽ എന്ന നിലയ്ക്കുള്ള സംരക്ഷണം ലഭിക്കാതെ പോയി.

കൂട്ടുകുടുംബ വ്യവസ്ഥയിലുണ്ടായ മാറ്റങ്ങളുടെയും ജന്മിത്വം അവസാനിച്ചതിനെയും തുടർന്ന് കൃഷിഭൂമി ചെറിയ തുണ്ടുകളായി മാറുന്ന പ്രക്രിയ ത്വരിതപ്പെ ടുത്തി. വളരെ ചെറിയ തുണ്ടുകളായി ഭൂമി വിഭജിക്ക പ്പെട്ടു. ഗൾഫ്മലയാളികളിൽനിന്നുള്ള വരുമാനം വർദ്ധി ച്ചതോടുകൂടി കെട്ടിടനിർമ്മാണങ്ങൾക്കായി കൃഷിഭൂമി യുടെ വലിയൊരു പങ്ക് മാറിപ്പോയി. ഇങ്ങിനെ ഛിന്ന ഭിന്നമാക്കപ്പെട്ട ഭൂമികളിൽ ശാസ്ത്രീയ കൃഷിസമ്പ്രദാ യങ്ങൾ അവലംബിക്കുന്നതും, ആദായകരമായി കൃഷി സംഘടിപ്പിക്കുകയും എളുപ്പമായിരിക്കില്ല.

പഞ്ചായത്തിന്റെ കിഴക്കും തെക്കും വലയം ചെയ്ത് ഇരുവഞ്ഞിപ്പുഴയൊഴുകുന്നുണ്ടെങ്കിലും പുഴയുടെ തീര ങ്ങളിൽ പോലും സമതലങ്ങൾ തീരെ കുറവാണ്. പുഴ യോരങ്ങളിലേക്ക് ചരിഞ്ഞുകിടക്കുന്ന ഭൂപ്രകൃതി മണ്ണൊലിപ്പ് വർദ്ധമാനമായ തോതിൽ സൃഷ്ടിക്കപ്പെ ടുന്നു. ആവശ്യമായ മുൻകരുതലോ, വിവേചനമോ, മണ്ണ്സംരക്ഷണ പ്രവർത്തനങ്ങളോ കൂടാതെ ഇത്തരം ചരിഞ്ഞ പ്രദേശങ്ങളിലെ കൃഷിസമ്പ്രദായം മണ്ണൊലി പ്പിന് ആക്കം കൂട്ടുന്ന ഒരു ഘടകമാണ്. പുഴയിൽനിന്നും വ്യാപാരാടിസ്ഥാനത്തിലുള്ള വിവേചനമില്ലാത്ത മണൽവാരൽ കാരണം ജലവിതാനം അസാധാരണ മാംവിധം താഴുന്നതിനും, പുഴയോരങ്ങളിലേതടക്കമുള്ള കിണറുകളും മറ്റുജല സ്രോതസ്സുകളും വറ്റിവരളുന്നതി നിടയാക്കുകയും ചെയ്തിട്ടുണ്ട്.

മുഖ്യവിളകളായ തെങ്ങിന്റെയും, നെല്ലിന്റെയും ഉല്പാദന ക്ഷമത അടിസ്ഥാനസൗകര്യങ്ങളിലുള്ള ഈ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ അനുദിനം കുറഞ്ഞു വരികയാണ്. തെങ്ങിൽനിന്നുള്ള ശരാശരി നാളികേ രോൽപാദനം 38 മാത്രമാണ്. അതേപോലെ തന്നെ ചെറിയ തുണ്ടുഭൂമികളിലെ നെല്ലുൽപാദനം പാടശേഖ രങ്ങളുടേതുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ പിറ കിലാണ്.

ബഹുഭൂരിഭാഗത്തിനും കൃഷി മുഖ്യതൊഴിൽ അല്ലാ തായപ്പോൾ കൃഷിയിലുള്ള താൽപര്യം കുറഞ്ഞുതു ടങ്ങി. ഒന്നുകിൽ വെള്ളക്കോളർജോലി, അല്ലെങ്കിൽ ഗൾഫ് എന്ന രൂപത്തിലേക്ക് സ്ഥിതിഗതികൾ മാറി. സമൂഹത്തിൽ ഏതെങ്കിലും വിധത്തിൽ സാമ്പത്തിക സൗകര്യങ്ങൾ സാധിച്ചെടുത്തവർ കൃഷിഭൂമിയുടെ നല്ലൊരു പങ്ക് കൈവശപ്പെടുത്തി. എന്നാൽ അത്തരം

**പട്ടിക 3**

**വിള വിസ്തീർണ്ണവും ഉല്പാദനവും (Ref. കൃഷി വൻ അടിസ്ഥാന വിവര രജിസ്റ്റർ)**

| വിള | വിസ്തീർണ്ണം ഹെക്ടർ | മൊത്തം ഉല്പാദനം മെട്രിക് ടൺ | ഉല്പാദനക്ഷമത കി.ഗ്രാംഹെക്ടറിൽ |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 130 | 348 | 2680 |
| നെല്ല് രണ്ടാംവിള | 280 | 868 | 3100 |
| നെല്ല് (മൂന്നാംവിള) | Nil | Nil | Nil |
| പയർ | 50 ha | 31 | 620 |
| മരച്ചീനി | 30 | 480 | 16 |
| പച്ചക്കറികൾ | 5 | 18.5 | 3700 |
| തെങ്ങ് | 1512 | 694000എണ്ണം | 4500 |
| വാഴ | 45 | 675 | 6 kg/ 15000/ |
| കുരുമുളക് | 72. | 15 | 200 (dry) |
| പ്ലാവ് | 70 | 140 | 2000 |
| കശുമാവ് | 30 | 16 | 530 |
| മാവ് | 40. | 8 | 2200 |
| റബ്ബർ | 392 | 252 | 643 |
| കമുക് | 245 | 294 | 1200 (dry) |

ഭൂമികളിലെ കാർഷികവികസനം അവർക്ക് താൽപര്യമുള്ള വിഷയമായിരുന്നില്ല. കർഷകതൊഴിലാളികളെ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ട്, കൃഷിചിലവിലുണ്ടായ അമിതമായ വർധനവ്, കാർഷികോൽപ്പന്നങ്ങൾക്ക് സ്ഥായിയായ വിലയില്ലായ്മ, എന്തുസാധനങ്ങളും പണംകൊടുത്താൽ മാർക്കറ്റിൽ വാങ്ങാൻ ലഭിക്കുന്ന അവസ്ഥ. ഇത്രയുമായപ്പോൾ, കാർഷികവൃത്തിയിലെ ബദ്ധപ്പാടുകൾ ഒഴിവാക്കുന്നിടത്തേക്ക് സ്ഥിതി മാറി. ഏറ്റവും കുറഞ്ഞ അദ്ധ്വാനം, ഏറ്റവുംകൂടിയ ആദായം എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്ന് നിർമ്മാണപ്രവർത്തനങ്ങൾക്ക് ലഭിച്ചുതുടങ്ങിയ മെച്ചപ്പെട്ട കൂലി കർഷകതൊഴിലാളികളെ ആ മേഖലയിലേക്ക് ആകർഷിച്ചു.

## മുഖ്യ കാർഷിക വിളകൾ

**നെല്ല്:**

നെൽവയലുകൾ പൊതുവെ ഫലപുഷ്ഠിയുള്ളതാണ്. ഒന്നാം വിള (വിരിപ്പു) കൃഷിക്കാലത്ത് ഏറ്റവും വലിയ പ്രശ്നം വെള്ളപ്പൊക്കമാണ്. ഏതാണ്ട് 50 ശതമാനത്തോളം നെൽവയലുകളും വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോകുന്ന പ്രദേശങ്ങളാണ്. നെൽവയലുകൾ കമുകിൻതോപ്പുകളാക്കി മാറ്റുന്നതാണ് മറ്റൊരു പ്രശ്നം.

ജൈവവളങ്ങളുടെ ലഭ്യതയില്ലായ്മ, കർഷകതൊഴിലാളി (പ്രത്യേകിച്ച് കൊയ്യുന്നതിലും, മെതിക്കുന്നതിലും) കളെ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ട് എന്നിവയും പ്രധാന പ്രശ്നങ്ങൾ തന്നെ. ഒന്നാംവിളക്കാലത്ത് അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ ഏറെ സ്ഥലങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ജലസ്രോതസ്സുകൾ വഴിതിരിക്കപ്പെടുകയും, മറ്റും ചെയ്തതിന്റെ ഫലമായി ഇപ്പോൾ ഇത്തരം സ്ഥലങ്ങൾ കേവലം ഇരുപ്പൂ വായി മാറിയിട്ടുണ്ട്.

### പട്ടിക 4

**87. തെങ്ങ്കൃഷി സംബന്ധിച്ച വിവരങ്ങൾ**

| | | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ് കൃഷി ഹെക്ടർ | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ. | കാറ്റ്-വീഴ്ച | തെങ്ങോലപ്പുഴു | കൂമ്പു ചീയൽ | ചെന്നീരൊലിപ്പ് | മറ്റുള്ളവ | ആകെ |
| 1. | 95 | 1615 | 12350 | 13965 | Nil | Nil | 9 | 2 | 7 | 18 |
| 2. | 137 | 3151 | 17399 | 20550 | Nil | Nil | 31 | 3 | 9 | 43 |
| 3. | 305 | 6710 | 35990 | 42700 | Nil | Nil | 17 | 1 | 13 | 31 |
| 4. | 88 | 1760 | 11440 | 13200 | Nil | Nil | 8 | 4 | 8 | 20 |
| 5. | 92 | 2024 | 117[illegible] | 13800 | Nil | Nil | 23 | 2 | 9 | 34 |
| 6 | 185 | 3330 | 24420 | 27750 | Nil | Nil | 13 | 2 | 9 | 24 |
| 7. | 115 | 2300 | 14950 | 17250 | Nil | Nil | 9 | 3 | 11 | 23 |
| 8 | 80 | 1200 | 10800 | 12000 | Nil | Nil | 11 | 3 | 13 | 27 |
| 9 | 90 | 2700 | 11700 | 14400 | Nil | Nil | 7 | 5 | 9 | 21 |
| 10 | 103 | 2572 | 13390 | 15965 | Nil | Nil | 12 | 2 | 8 | 22 |
| 11 | 116 | 2552 | 13920 | 16472 | Nil | Nil | 11 | 1 | 14 | 26 |
| 12 | 106 | 2650 | 12720 | 15370 | Nil | Nil | 28 | 1 | 12 | 41 |

(അവ: കൃഷിഭവൻ രേഖകൾ)

ക്കുറെ പൂർണമായിതന്നെ ഉപയോഗിക്കുന്നുണ്ട്. എന്നാൽ രണ്ടാം വിളക്കാലത്ത് ഇപ്പോഴും നാടൻ ഇനങ്ങളും, മേത്തരം ഇനങ്ങളുമാണ് കൃഷിചെയ്യുന്നത്. വൈക്കോലിന്റെ ആവശ്യവും, വൈക്കോലിന്റെ ആകർഷകമായ വിലയുമാണ് ഇതിനുള്ള മുഖ്യകാരണം.

മുൻകാലങ്ങളിൽ മൂന്ന് കൃഷി ചെയ്തിരുന്ന കുറച്ച്

ഒന്നാം വിളക്കാലത്തുണ്ടാകുന്ന അതിവർഷം നിശ്ചിത തോതിൽ വളം ചേർക്കുന്നതിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു.

**തെങ്ങ്:**

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണത്തിന്റെ 50 ശതമാനവും തെങ്ങുകൃഷിയാണ്. ഡബ്ല്യു.സി.ടി. നാടൻ

മുക്കം പഞ്ചായത്ത്
കാർഷികവിഭവങ്ങൾ




അവലംബം: പഠന പര്യടനം

## പട്ടിക 5 A

## കാർഷികോപകരണങ്ങൾ

| ഉഴവുപകരണങ്ങൾ | | | | മരുന്നു തളി ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രെയർ | നാപ്സാക് സ്പ്രെയർ | മറ്റുള്ളവ | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | പോർട്ടബ്ൾ പമ്പുസെറ്റ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | 1 | | 1 | 3 | 5 | Nil | Nil | 1 | 3 |
| 2 | | 1 | 3 | 2 | 3 | Nil | Nil | Nil | 3 |
| 3. | | | 4 | 5 | 7 | Nil | Nil | Nil | 4 |
| 4 | | 1 | 2 | 2 | 2 | Nil | Nil | 1 | 2 |
| 5 | | | 3 | 2 | 3 | Nil | Nil | Nil | 3 |
| 6 | 1 | | 3 | 4 | 6 | Nil | Nil | 2 | 17 |
| 7 | | | 4 | 3 | 4 | Nil | Nil | Nil | 4 |
| 8 | | 1 | 1 | 2 | 3 | Nil | Nil | 1 | 2 |
| 9. | | | Nil | 3 | 3 | Nil | Nil | Nil | 6 |
| 10. | | 1 | Nil | 3 | 5 | Nil | Nil | Nil | 5 |
| 11 | | 2 | 2 | 15 | 6 | 1 | 1 | 2 | 16 |
| 12 | | - | Nil | 23 | 11 | Nil | 1 | Nil | 9 |

(അവ.കൃഷിഭവൻ)

ഇനങ്ങളാണ് മുഖ്യമായും കൃഷിചെയ്തിട്ടുള്ളത്. അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ മാത്രമായി കൃഷിചെയ്ത സ്ഥലങ്ങൾ ഇല്ല. മണ്ണൊലിപ്പ് നിവാരണ മാർഗ്ഗങ്ങളുടെ അപര്യാപ്തത, ജൈവവളങ്ങളുടെ ലഭ്യതയില്ലായ്മ, ഇടക്കിടെയുണ്ടാകുന്ന വരൾച്ച, ഉൽപന്നങ്ങളുടെ സുസ്ഥിരമല്ലാത്ത വിലക്രമം. കർഷകതൊഴിലാളികളുടെയും തെങ്ങുകയറ്റതൊഴിലാളികളുടെയും അഭാവം എന്നിവയാണ് കർഷകർ നേരിടുന്ന മുഖ്യപ്രശ്നങ്ങൾ. ഇടക്കിടെയുണ്ടാകുന്ന വരൾച്ചയും രാസവളങ്ങളുടെ അമിതമായ വിലക്കയറ്റവും, ജൈവവളങ്ങളുടെ അപര്യാപ്തതയും സമീകൃതമായ വളപ്രയോഗത്തിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്ന ഘടകങ്ങളാണ്. ഉല്പാദനക്ഷമത താരതമ്യേന കുറവാണ്. വിളക്രമത്തിലുണ്ടായ മാറ്റവും ഉല്പാദനക്ഷമതയെ ബാധിക്കുന്ന ഘടകമാണ്. വാഴ, കുരുമുളക്, കമുക്, ഇഞ്ചി, മഞ്ഞങ്ങൾ, കിഴങ്ങുവർഗങ്ങൾ എന്നിവയാണ് മുഖ്യ ഇടവിളകൾ. കൂമ്പുചീയൽ ചെന്നീരൊലിപ്പ്, കൊമ്പൻചെല്ലി, ചെമ്പൻചെല്ലി, തുടങ്ങിയ രോഗകീട ബാധകൾ അങ്ങിങ്ങായി കൃഷിക്ക് നാശനഷ്ടങ്ങൾ വരുത്തുന്നുണ്ട്.

തെങ്ങിന്റെ ഉല്പാദനക്ഷമത കുറയുന്നതിലെ മറ്റൊരു മുഖ്യകാരണം. ശാസ്ത്രീയ കാർഷിക മുറകൾ സ്വീകരിക്കുന്നതിലെ വിമുഖതയാണ്. ശാസ്ത്രീ രീതിയല്ലാത്ത ഭൂനിയോഗമാണ് മറ്റൊരു പ്രധാന പ്രശ്നം. ഉദാഹരമണമായി തെങ്ങിൻതോപ്പുകൾ മാത്രമുണ്ടായിരുന്ന മേഖലകളിൽ ഇടയ്ക്കിടെയും, തെങ്ങിൻ തോപ്പുകളിൽപോലും റബ്ബർകൃഷി ചെയ്തുതുടങ്ങി. സാമൂഹ്യ

## പട്ടിക 6

### രാസവള - കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993–94 | | | 1994–95 | | | 1995–96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം മെ.ടൺ | കീടനാശിനി മെ.ടൺ | | രാസവളം മെ.ടൺ | കീടനാശിനി ദ്രവം | ഖരം | രാസവളം മെ.ടൺ | കീടനാശിനി ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | സഹകരണം | 116 | 58 | 90 kg | 64 | 35 lit | 75 kg | 75mt | 10 lit | 50kg |
| 2 | സ്വകാര്യം | 270 | 118 lit | 1465 kg | 304 | 94 lit | 839 kg | 371 | 135 lit | 2328 kg |
| 3 | സർക്കാർ | Nil | 5 li | 515 kg | Nil | 9 lit | 300 5kg | Nil | 4 lit | 3490 kg |

വനവൽക്കരണത്തിന്റെ മറവിൽ വനങ്ങളിലും, തരിശു ഭൂമികളിലും മറ്റും വളർത്തിയെടുത്തിരുന്ന വൻമരങ്ങ ളുടെ ചെടികൾ തെങ്ങിൻതോപ്പുകളിലേയും പുരയിട ങ്ങളിലേയും ഇടവിളയായിമാറി.

തെങ്ങിലായാലും നെല്ലിലായാലും അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കളുടെ കാര്യത്തിൽ കർഷ കർ ഇന്നും വിമുഖരാണ്. ഇത്തരം നടീൽവസ്തുക്ക ളുടെ ചില പ്രത്യേക സ്വഭാവങ്ങളും ഇവയ്ക്കാവശ്യ മായി വരുന്ന പ്രത്യേക പരിചരണമുറകളും, വിതരണം ചെയ്യപ്പെടുന്ന ഇത്തരം വസ്തുക്കളുടെ ഗുണമേന്മ സംബന്ധിച്ച് വിശ്വാസ്യത സൃഷ്ടിക്കാൻ കഴിയാതിരു ന്നതും ഒരു പോരായ്മയായി നിലനില്ക്കുന്ന വസ്തു തകളാണ്.

**കമുക്:**

കമുക് കൃഷി ഒരു മുഖ്യകൃഷിയായി മാറിയിട്ടുണ്ട്. നെൽവയലുകൾ കമുകിൻ തോപ്പുകളാക്കി മാറ്റിയതും, പരമ്പരാഗതമായ മേഖലകളിൽ കൂടുതൽ പരിചരണം ലഭിക്കുന്നതും, ആകർഷകമായ വിലയും, കുറഞ്ഞ ഉല്പാദനചെലവും ലഘുവായ കാർഷികരീതികളു മാണ് മുഖ്യമായും കമുക് കൃഷിയിലേക്ക് തിരിയാൻ കർഷകരെ പ്രേരിപ്പിച്ച ഘടകങ്ങൾ. കമുക് കൃഷിക്ക് ജലസേചനസൗകര്യമില്ലാത്ത മേഖലകളിൽപ്പോലും കമുക് കൃഷിചെയ്തുവരുന്നു. പുതിയ ഇനങ്ങളായ മംഗളയും ശ്രീമംഗലയും മൊഹിത്നഗർ എന്നിവയും പരീക്ഷിക്കപ്പെടുന്നുണ്ട്. വാഴ, കുരുമുളക്, തുടങ്ങിയ വയാണ് മുഖ്യ ഇടവിളകൾ.

**കുരുമുളക്:**

പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും സാമാന്യം നല്ല തോതിൽ കൃഷി ചെയ്യപ്പെട്ടിരുന്ന കുരുമുളക് തോട്ട ങ്ങൾ അനുദിനം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുക യാണ്. മാരകമായ ദ്രുതവാട്ടരോഗം പ്രതിരോധങ്ങളെ അവഗണിച്ച് ഈ കൃഷിയെ കീഴടക്കികൊണ്ടിരിക്കുന്നു. ഒരുകാലത്ത് പുരയിടങ്ങളെ വേനൽ, വർഷമില്ലാതെ പച്ചയണിയിച്ച് കർഷകന് ആശ്വാസമേകിയ ഈ കൃഷി ഇന്ന് നാശോന്മുഖമാണ്. നാശനഷ്ടം നേരിട്ട തോട്ടങ്ങ ളിൽ വീണ്ടും ഇത് വെച്ചുപിടിപ്പിക്കുന്നതിലും പ്രയാസം നേരിടുന്നുണ്ട്. പുതിയ മേഖലകളിൽ കഴിയാവുന്നിട ത്തോളം കടന്നുകയറാൻ ശ്രമിക്കുക മാത്രമാണ് ഒരു പോംവഴിയായി നിർദ്ദേശിക്കുവാനുള്ളത്. കഴിയാവു ന്നിടത്തോളം രോഗപ്രതിരോധശക്തിയുള്ള ഇനങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതുമുണ്ട്.

**റബ്ബർ:**

1940 കൾക്ക് ശേഷമാണ് റബ്ബർ. ഈ പ്രദേശ ത്തേക്ക് കടന്നുവന്നത്. ഇന്ന് പഞ്ചായത്തിലെ ഒരു അവ ഗണിക്കാനാവാത്ത കാർഷികമേഖലയായി റബ്ബർമാറി യിട്ടുണ്ട്. സാമാന്യമായി സ്ഥിരതയുള്ള ഒരു വിലക്രമവും രോഗകീടബാധ പൊതുവെ കുറഞ്ഞ അവസ്ഥയും, കൂടുതൽ കൂടുതൽ ആളുകളെ ഈ രംഗത്തേക്കാകർഷി ക്കുന്നു. തെങ്ങിൻതോപ്പുകളാണ് റബ്ബർകൃഷിയുടെ വ്യാപനത്തിനിരയാകുന്ന ഒരു മേഖല. തേങ്ങയുടെ വിലയിലുണ്ടാകുന്ന ഭീമമായ ഇടിച്ചിൽ, ദുഷ്കരമായ കാർഷികജോലികൾ, എന്നിവയെല്ലാം തെങ്ങുകൃഷി യിൽ നിന്നും റബ്ബറിലേക്ക് തിരിയാൻ കർഷകരെ പ്രേരി പ്പിച്ചിട്ടുണ്ട്.

**കശുമാവ്:**

പഞ്ചായത്തിലെ ഒരു നല്ലശതമാനം പ്രദേശത്ത് കശുമാവ് കൃഷിചെയ്തിരുന്നു. എന്നാൽ ഇടക്കാലങ്ങ

ളിൽ പലപ്പോഴായി കശുമാവ് തോട്ടങ്ങൾ വെട്ടിമാറ്റുകയും, തെങ്ങ് റബ്ബർ തോട്ടങ്ങളായി മാറ്റുകയും ചെയ്തിട്ടുണ്ട്. കശുവണ്ടിക്ക് ഇടക്കാലത്തുണ്ടായ വിലക്കയറ്റവും കാർഷികജോലികൾ പൊതുവെ കുറഞ്ഞതുമായ ഈ കൃഷിയിലേക്ക് കർഷകരുടെ ശ്രദ്ധ വീണ്ടും തിരിയുന്ന ഒരവസ്ഥയുണ്ട്. പക്ഷെ, സ്ഥലങ്ങൾ ഒട്ടും ലഭ്യമല്ലാത്തതാണ് ഒരു ഘടകം.

### വാഴ

നെൽവയലുകളിലാണ് ഏത്തവാഴ പ്രധാനമായും കൃഷിചെയ്തുവരുന്നത്. ഭാരിച്ച അധ്വാനം, പ്രകൃതിക്ഷോഭംകൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾ, വർധിച്ച കൃഷിച്ചെലവ്, ജൈവവളങ്ങളുടെ അമിതവിലയും പച്ചിലയുടെ അപര്യാപ്തതയും എല്ലാം ഒത്തിണങ്ങി ഈ കൃഷി ഇന്ന് ഒരു പ്രതിസന്ധിയിലാണ്. തെങ്ങിൻതോപ്പുകളിലും കമുകിൻതോപ്പുകളിലുമെല്ലാം ഇടവിളയായി വാഴകൃഷിചെയ്തുവരുന്നു. വാഴപഴങ്ങൾക്കുള്ള വർധിച്ച ആവശ്യവും ആകർഷകവിലയും ആശാവഹമാണ്. ഇടവിളയായി പ്രോത്സാഹിപ്പിക്കപ്പെടുന്നതിന് ഏറ്റവും കൂടുതൽ സാധ്യത ഈ പ്രദേശത്തുണ്ട്.

### എള്ള്:

മുൻകാലങ്ങളിൽ തെങ്ങിൻതോട്ടങ്ങളിലും ഉയർന്ന വയൽപ്രദേശങ്ങളിലും തുടർവിളയായി മൂന്നാംവിളക്കാലത്ത് നെൽവയലുകളിലും കൃഷിചെയ്തുവരുന്നു. എന്നാൽ ഇടക്കാലത്ത് ഈ കൃഷി തീരെ കുറഞ്ഞുവരികയാണ്. ഒരു എണ്ണവിത്ത് എന്ന നിലയിലും, മണ്ണിന്റെ ഘടന നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന പയർവർഗച്ചെടി എന്ന നിലയിലും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതും വികസനസാധ്യതകളുള്ളതുമായ ഒരിനമാണ് എള്ള്.

### മരച്ചീനി:

കാർഷികമേഖലയിൽനിന്നും അനുദിനം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഒരുകാലത്ത് വ്യാപാരാടിസ്ഥാനത്തിൽ വിശാലമായ മേഖലകളിൽ കൃഷിചെയ്തിരുന്നു. എന്നാൽ സ്ഥിരം വിളകൾ ഈ പ്രദേശങ്ങൾ കയ്യടക്കിയതോടുകൂടി മരച്ചീനി കേവലം വീട്ടാവശ്യങ്ങൾക്കുമാത്രമുള്ള ഒരു കൃഷിയായി ചുരുങ്ങിയിട്ടുണ്ട്. സ്വന്തം ആവശ്യങ്ങൾക്ക് മാത്രം കൃഷിചെയ്യുന്നവരാണ് ഭൂരിഭാഗവും. ഒരു ഉപഭക്ഷ്യവസ്തു എന്ന നിലയിൽ പ്രോത്സാഹനമർഹിക്കുന്നതും പുരയിടങ്ങളിൽ ഇടവിളയായി വികസിപ്പിക്കാൻ സാധ്യതകളുമുണ്ട്.

### പയർ:

കാർഷികപ്രാധാന്യമുള്ള ഒരു കൃഷിയാണ് പയർ. മണ്ണിന്റെ ഘടന നിലനിർത്തുന്നതിൽ ഗണ്യമായ സംഭാവന പയർവർഗകൃഷികൾക്കുണ്ട്. കൂടുതലും വേനൽക്കാലങ്ങളിൽ നെൽവയലുകളിലാണ് ഇപ്പോൾ കൃഷി ചെയ്തുവരുന്നത്. ആവശ്യമായ സമയങ്ങളിൽ ഗുണമേന്മയുള്ള വിത്തുകൾ ലഭിക്കുന്നില്ല എന്നുള്ളത് ഒരു പ്രധാന പ്രശ്നമാണ്. നെൽവയലുകളിൽ മൂന്നാം വിളക്കാലത്ത് തുടർവിളയായും ഒരു ഇടവിളയായി തെങ്ങ്, കമുക് തോട്ടങ്ങളിലും വികസിപ്പിച്ചെടുക്കുവാൻ സാധ്യത കൂടുതലായുണ്ട്.

### പച്ചക്കറികൾ:

പച്ചക്കറികളും കേവലം വേനൽക്കാലകൃഷിമാത്രമാണ്. പഞ്ചായത്ത് പ്രദേശത്ത് അനുയോജ്യമായ മണ്ണും കാലാവസ്ഥയും കണക്കിലെടുത്താൽ ഏറ്റവും കൂടുതൽ വികസന സാധ്യത ഈ കൃഷിക്കുണ്ട്. ഓരോ വീട്ടിലും ഒരു പച്ചക്കറിത്തോട്ടം എന്ന നിലയിൽ വികസനരംഗത്തും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു.

### പഴവർഗ്ഗങ്ങൾ:

വാഴ കഴിഞ്ഞാൽ, പഴവർഗങ്ങളിൽ പ്രധാനമായ ഇനങ്ങൾ പ്ലാവും മാവുമാണ് കൃഷിചെയ്തുവരുന്നത്. ആവശ്യത്തിൽകൂടുതൽ ചക്ക ഉല്പാദിപ്പിക്കപ്പെടുന്ന പ്രദേശം. എന്നാൽ മാവിന്റെ നിലതീർത്തും വ്യത്യസ്തമാണ്. മുമ്പുണ്ടായിരുന്ന നാടൻ മാവിനങ്ങൾ ഏതാണ്ട് പൂർണമായി ഇല്ലാതായി വരുകയാണ്. ഭൂമിയുടെ തുണ്ടവൽക്കരണം കാരണം ചെറിയ ചെറിയ തുണ്ടുഭൂമികളിൽ വലിയ ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള സാധ്യതകളും കുറഞ്ഞുവരുന്നു. എന്നാൽ പുതിയ ഇനം ഒട്ടുമാവുകളും മറ്റും വേണ്ടത്ര പ്രചരിച്ചിട്ടില്ല. അതുപോലെതന്നെ പഴവർഗമേഖലയിൽ വളരെ ശ്രദ്ധയർഹിക്കുന്നതും വികസനസാധ്യതയുള്ളതുമായ ഒരു മേഖലയാണ് കൈതച്ചക്കക്കുള്ളത്.

### സുഗന്ധവ്യഞ്ജനങ്ങൾ:

കുരുമുളക് മാറ്റിനിർത്തിയാൽ ശ്രദ്ധയർഹിക്കുന്ന മേഖലയാണ് മഞ്ഞൾ, ഇഞ്ചി, കരയാമ്പൂ, ജാതിക്ക, കച്ചോലം തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ ഇഞ്ചിയും മഞ്ഞളും ഇടവിളയായി കൃഷിചെയ്തുവരുന്നു. എന്നാൽ മറ്റു ദീർഘകാല വിളകളായ ഗ്രാമ്പൂ, ജാതി എന്നിവ വേണ്ടത്ര പ്രചരിപ്പിക്കപ്പെട്ടിട്ടില്ല. ജാതിക്കയിലെ ആൺ,പെൺ വ്യത്യാസം ഒരു പ്രധാന പ്രശ്നമാണ്. ആവശ്യമായ ഒട്ടുതൈകൾ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ടും ഈ കൃഷിയുടെ വികസനം തടയപ്പെടുന്നു.

### ചെറുകിഴങ്ങുവർഗങ്ങൾ

ഇടവിളയായി പ്രോത്സാഹിപ്പിക്കുന്നതിനും വൻവികസനസാധ്യതകളുള്ളതുമായ ഒരിനമാണ്. ചേമ്പ്, ചേന, കൂർക്കൽ, ചെറുകിഴങ്ങ്, കാച്ചിൽ, മധുരക്കിഴങ്ങ് തുടങ്ങിയവയെല്ലാം പ്രത്യേകം ശ്രദ്ധയർഹിക്കുന്നവയാണ്.

### പട്ടിക 5

### മണ്ണ്

| തരം | വിസ്തീർണ്ണം |
|---|---|
| ചെങ്കൽമണ്ണ് | 2680 ha |
| കളിമണ്ണ് | 452 ha |
| മണൽ കലർന്നപശിമരാശി മണ്ണ് | 63 ha |
| കടുത്ത ചെങ്കൽ പ്രദേശം | 32 ha |
| പാറകൾ | 6 ha |

അവ: കൃഷിഭവൻ രേഖകൾ

**മണ്ണ്**

അമിതമായ രാസവളപ്രയോഗം, ജൈവവളങ്ങളുടെ അപര്യാപ്തത, മണ്ണൊലിപ്പും മണ്ണുസംരക്ഷണപ്രവർത്തനങ്ങളുടെ പോരായ്മകളും മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞുവരുന്നതിനിടയാക്കിയിട്ടുണ്ട്. ഇടതൂർന്ന കൃഷിയും ഇതിന്നാക്കംകൂട്ടിയിട്ടുണ്ട്. പ്രധാനമായും ലാട്രയിറ്റ് മണ്ണാണ് പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ചുരുങ്ങിയ സ്ഥലങ്ങളിൽ മണൽകലർന്ന പശിമരാശി മണ്ണും, കടുത്ത ചെങ്കൽ പ്രദേശങ്ങൾ, പാറകൾ, കളിമൺ പ്രദേശങ്ങൾ എന്നിവയും ആണ് മണ്ണിന്റെ സ്വഭാവം.

മണ്ണ് പരിശോധിച്ച് ആവശ്യമനുസരിച്ച് വളം ചേർത്ത് കൃഷിചെയ്യുന്ന ശാസ്ത്രീയ സമീപനം തീരെ കുറവാണ്. മണ്ണ് പരിശോധനയ്ക്കുള്ള സൗകര്യങ്ങളുടെ അപര്യാപ്തത, മണ്ണ് പരിശോധിച്ച് വളം ചെയ്യുന്നതിലെ അവബോധമില്ലായ്മയും ഒരുപോരായ്മയായി കാണേണ്ടതുണ്ട്.

കാർഷികോപകരണങ്ങൾ പ്രാചീന കാർഷികോപകരണങ്ങളിൽനിന്നും ഏറെക്കുറെ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കാളകളുടെ സ്ഥാനത്ത് ഉഴവിന്ന് ട്രില്ലറും, ടാക്ടറും വ്യാപകമായിതന്നെ നിലവിൽവന്നു കഴിഞ്ഞു. മെതിയന്ത്രങ്ങളും തെങ്ങുകയറ്റ യന്ത്രങ്ങളും ചെറിയ തോതിൽ പ്രചരിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ കൊയ്ത്തുയന്ത്രങ്ങൾ, നടീൽ യന്ത്രങ്ങൾ എന്നിവ നിലവിൽവന്ന് കഴിഞ്ഞിട്ടില്ല. മരുന്ന് തളിക്കുന്നതിന് കൈകൊണ്ടു പ്രവർത്തിക്കുന്ന സ്പ്രെയറുകൾ വ്യാപകമായി ഉപയോഗിച്ചുവരുന്നു.

**രാസവളം,കീടനാശിനികൾ:**

രാസവളവും കീടനാശിനികളും കൃഷിക്കാർ വ്യാപകമായി ഉപയോഗിച്ചുവരുന്നു. എന്നാൽ വിവേചനമില്ലാത്ത ഇവയുടെ ഉപയോഗം മൂലം പരിസ്ഥിതിപ്രശ്നങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മണ്ണിലെയും പ്രകൃതിയിലെയും പ്രകൃത്യാ ഉള്ള പ്രതിരോധശക്തികൾ തകർക്കപ്പെട്ടതിന്റെ ഫലമായി രോഗകീടബാധകൾ നിയന്ത്രണാധീതമായി വളർന്നുകൊണ്ടിരിക്കുന്നു. ഇത്തരം കാര്യങ്ങളിൽ കൃഷിക്കാരിലുള്ള അജ്ഞത ഇതിന് വലിയൊരളവ് സഹായകമായിട്ടുണ്ട്. രാസവളങ്ങൾക്കും കീടനാശിനികൾക്കും കുത്തനെയുണ്ടായിട്ടുള്ള വിലവർദ്ധനവും പരിസ്ഥതി പ്രശ്നങ്ങളും അല്പാല്പം മാറിചിന്തിക്കുന്നതിനും, ജൈവവസ്തുക്കളുടെ കൂടുതലായുള്ള ഉപയോഗത്തിലേക്കും, ജൈവകീട നിയന്ത്രണ സംവിധാനത്തിലേക്കും മാറി ചിന്തിക്കുവാൻ കർഷകരെ പ്രേരിപ്പിക്കുന്നു.

**നഴ്സറികൾ:**

ഗുണമേന്മയുള്ള് നടീൽവസ്തുക്കൾ, വിത്തുകളും തൈകളും ഏതു കൃഷിയെ സംബന്ധിച്ചും പ്രാധാന്യമേറിയ വസ്തുതയാണ്. ഇന്ന് ഇതിനുവേണ്ടി ആശ്രയിക്കപ്പെടുന്നത്. സർക്കാർ ഏജൻസികളെയാണ്. എന്നാൽ ഈ മേഖലയിൽ ആവശ്യത്തിന്റെ അഞ്ച് ശതമാനം പോലും നിറവേറ്റിക്കൊടുക്കാൻ ഈ രംഗത്തെ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. കൂടാതെ വിതരണം ചെയ്യപ്പെടുന്നതിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനോ, നിശ്ചിതകാലത്ത് ലഭ്യത ഉറപ്പുവരുത്താനോ കഴിഞ്ഞിട്ടില്ല. ഏറ്റവും അടിയന്തിര പ്രാധാന്യമുള്ളതും പരിഗണിക്കപ്പെടേണ്ടതുമായ ഒരു മേഖലയാണ് അതത് പ്രദേ

പട്ടിക 7
നടീൽ വസ്തു വിതരണം

| | | എണ്ണം | |
|---|---|---|---|
| ഇനം | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 1045എണ്ണം | 698 | 1060എണ്ണം |
| തെങ്ങ് | 160 | 320 | 160 എണ്ണം |
| കുരുമുളക് | 5000 | 1600 | 12000എണ്ണം |
| കവുങ്ങ് | 400 | 200 | 300എണ്ണം |
| പഴവർഗചെടികൾ | 112 | 451 | 182എണ്ണം |
| എള്ള് | 50കി.ഗ്രാം | 50 കിഗ്രാം | 1550 കിഗ്രാം |
| പച്ചിലവളവിത്ത് | - | - | - |
| വാഴകന്ന് | 2027 | 150 | - |
| പഴവർഗങ്ങൾ | 1240കി.ഗ്രാം | 344 കിഗ്രാം | 300 കിഗ്രാം |
| നെല്ല് വിത്ത് | 1240കിഗ്രാം | 1100 കിഗ്രാം | 370 കിഗ്രാം |
| ഇഞ്ചി, മഞ്ഞൾ | - | 345കിഗ്രാം | 140 കിഗ്രാം |
| പച്ചക്കറി വിത്തുകൾ | 2304 പാക്കറ്റുകൾ | 1492 പാക്കറ്റുകൾ | 990 പാക്കറ്റുകൾ |
| സുഗന്ധവിളതൈകൾ | - | 40എണ്ണം | 145എണ്ണം |

അവലംബം: കൃഷിഭവൻ രേഖകൾ

ശത്തിനാവശ്യമായ വിത്തുകളും തൈകളും തെരഞ്ഞെടുത്ത് ഉൽപാദിപ്പിക്കുന്നതിന്നും വിതരണം ചെയ്യുന്നതിനും ആവശ്യമായ സംവിധാനങ്ങൾ കാർഷികമേഖലയുടെ മൊത്തം വികസനം ഉറപ്പുവരുത്തുന്ന ഏറ്റവും പ്രധാനഘടകമാണ്.

**ജൈവവളങ്ങൾ:**

ജൈവവളങ്ങളുടെ ലഭ്യതയും ഉയർന്നവിലയും ഏറ്റവും വലിയ പ്രശ്നം തന്നെ. കാർഷികമേഖലയിൽ നിന്നും ഉഴവുമാടുകളും മറ്റും പിൻമാറിയതോടുകൂടി കാലിവളർത്തലും, കാലിവളവും ഇല്ലാതായി. പച്ചിലവളങ്ങളുടെ ലഭ്യതയും ഭൂമികൾ ചെറിയ തുണ്ടുകളായതോടെ തീരെ കുറഞ്ഞു. മാലിന്യസംസ്കരണത്തിനും കമ്പോസ്റ്റ് നിർമ്മാണത്തിനും ആവശ്യമായ ബോധവൽക്കരണവും മറ്റു സഹായവും നൽകി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

**വൈദ്യുതി:**

വൈദ്യുതി പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും എത്തിയിട്ടുണ്ട്. എന്നാൽ കാർഷിക ജലസേചന പ്രവർത്തനങ്ങൾക്ക് ഉപയോഗക്ഷമില്ല. ഇന്നത്തെ സംഗിൾ ഫെയ്സ് ലൈനുകൾ ഇരട്ടിപ്പിച്ചും വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കണ്ടുപിടിച്ചും മാത്രമേ ഇത് ശാശ്വതമായി പരിഹരിക്കാൻ കഴിയൂ.

**കർഷകതൊഴിലാളികൾ:**

പരമ്പരാഗതകർഷക തൊഴിലാളികളുടെ ഈ മേഖലയിൽനിന്നുള്ള പിൻമാറ്റം കാർഷികരംഗത്തെ മുരടിപ്പിന്റെ മുഖ്യവസ്തുതയായി നിലനില്ക്കുന്നു. കൂടുതൽ ഉദാരമായ യന്ത്രവൽക്കരണവും, ജോലിഭാരം ലഘൂകരിച്ചു. ഈ പ്രതിസന്ധി തരണം ചെയ്യേണ്ടതുണ്ട്. കൂടുതലായി ഇടവിളകൾ കൃഷിചെയ്തും ആദായകരമായി പുനഃസംഘടിപ്പിച്ചും ഈ രംഗത്ത് നിലയുറപ്പിക്കുന്നതിന്നാവശ്യമായ പിന്തുണ കർഷകർക്ക് ലഭ്യമാക്കേണ്ടതുണ്ട്.

**വിലനിയന്ത്രണം:**

ഉല്പാദനസീസണിലുള്ള ഉല്പന്നങ്ങളുടെ വിലയിടിവും കർഷകർ ഇന്ന് നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമാണ്. വിലകുറയുന്ന സീസണുകളിൽ സാധനങ്ങൾ സംഭരിച്ചുസൂക്ഷിച്ചുവെക്കുന്നതിനും കൃഷിക്കാർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും ഉള്ള സാധ്യതകൾ കണ്ടെത്തേണ്ടതുണ്ട്.

**പട്ടിക 8 കൂലിനിരക്ക്**

| കാർഷികമേഖല | | | | നിർമാണമേഖല | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ഇനങ്ങൾ | സ്ത്രീ | പുരുഷ | ഇനങ്ങൾ | സ്ത്രീ | പുരു |
| 1 | കന്ന് പൂട്ട് | - | 150/- | കോൺക്രീറ്റ് | 110/ | 150/- |
| 2. | കിളക്കൽ | - | 90/- | കയ്യാൾജോലി | 1001/- | 125/- |
| 3. | ഞാറ് പറി | 70/ | - | മറ്റ്ജോലികൾ | 1001/- | 125/- |
| 4. | നടീൽ | 70/- | | | | |
| 5. | കളപറിക്കൽ | 70/- | | | | |
| 6. | തെങ്ങുകയറ്റം | - | 2രൂ | | | |
| 7. | മറ്റുകാർഷിക ജോലികൾ | 70/- | 90/- | | | |

(അവ.വിവരദായകർ)

കൃഷിനാശത്തിൽനിന്നും സംരക്ഷണം: കാർഷിക നാശമാണ് മറ്റൊരു തലവേദന. മാരകമായ രോഗങ്ങൾ, കീടങ്ങൾ, പ്രകൃതിക്ഷോഭം, തുടങ്ങിയവ കാർഷികമേഖലയിൽ നാശങ്ങൾ വിതയ്ക്കുന്നുണ്ട്. പലവിധ ആശ്വാസനടപടികൾ നിലവിലുണ്ടെങ്കിലും, ആയത് ഫലപ്രദമല്ല. കൃഷിനാശം രാഷ്ട്രത്തിന്റെ നഷ്ടമായി കൂടി കണക്കിലെടുത്ത് ഏതു തരത്തിലുള്ള കൃഷിനാശത്തിനും അർഹമായ ആശ്വാസം തക്കസമയത്ത് തന്നെ ലഭ്യമാക്കേണ്ടതുണ്ട്.

**ബോധവൽക്കരണ പരിപാടികൾ:**

ആസൂത്രിതമായ കാർഷിക വികസന പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി കൃഷിരീതികൾ, മണ്ണ് പരിശോധന, വിളക്രമം, മണ്ണ്സംരക്ഷണം, വളപ്രയോഗം, ജലസേചനം, കീടരോഗനിയന്ത്രണം, വായ്പാ

**പട്ടിക 9**

**3.6. ദുരിതാശ്വാസ വിതരണം**

**പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (Ha)**

| വർഷം | വെള്ളപൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | - | - | 57 | - | - | - |
| 1994-9 | 14.4 ha | - | 224.ha | - | 329 Nos | 80012/- |
| 1995-96 | - | - | 41.48 | - | 95 Nos | 79691/- |

(അവ.കൃഷിഭവൻ രേഖ)

സൗകര്യങ്ങൾ, യന്ത്രവൽക്കരണം തുടങ്ങി കൃഷിയുമായി ബന്ധപ്പെട്ട എല്ലാ മേഖലകളെ സംബന്ധിച്ചും നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സ്ഥായിയായ സംവിധാനം ആവശ്യമാണ്.

**കാർഷിക വികസന സമിതികൾ**

പഞ്ചായത്തിൽ കാർഷികരംഗത്ത് ഒട്ടേറെ വികസന സമിതികൾ പ്രവർത്തിച്ചുവരുന്നു. എന്നാലിന്ന് അവയുടെ പ്രവർത്തനങ്ങൾ സർക്കാർ നല്കുന്ന സൗജന്യങ്ങൾ കർഷകരിലെത്തിക്കുക എന്നതിലൊതുങ്ങിയിട്ടുണ്ട്. കാർഷിക വികസന സമിതികൾ വാർഡുകളിൽ. എല്ലാ കൃഷിക്കാരെയും ഉൾക്കൊള്ളുന്ന ഒരു സമിതി എന്ന രൂപത്തിൽ പുനഃസംഘടിപ്പിക്കേണ്ടതും, എല്ലാകർഷകരും അതിൽ അംഗങ്ങളാകുന്നത് നിർബന്ധമാക്കുകയും, സമിതികളുടെ പ്രവർത്തനം നിയമവിധേയമാക്കേണ്ടതുമാണ്.

**കാർഷി വായ്പകൾ**

കാർഷിക വായ്പകൾ സുലഭമായി ലഭിക്കുന്നതിന് സംവിധാനങ്ങൾ ഇപ്പോൾതന്നെ പഞ്ചായത്ത് പ്രദേശത്ത് നിലവിലുണ്ട്. വാങ്ങുന്ന വായ്പകൾ നിശ്ചിത ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കപ്പെടുന്നില്ല എന്നതാണ് ഈ രംഗത്തെ ഏറ്റവും വലിയ പ്രശ്നം. നീതീകരണമില്ലാത്ത ചില വായ്പാ വ്യവസ്ഥകളും കർഷകരെ നിരുത്സാഹപ്പെടുത്തുന്നതാണ്.

(വായ്പാസ്ഥാപനങ്ങളും കാർഷിക കടങ്ങളും സംബന്ധിച്ച് പട്ടിക)

**സംസ്കരണവും വിപണനവും.**

കാർഷികോല്പന്നങ്ങളുടെ സംസ്കരണവും വിപണനവും പൂർണ്ണമായും സ്വകാര്യമേഖലയെ ആശ്രയിച്ചിരിക്കുന്നു. വ്യാപാരം, ഒരു നല്ലപങ്ക് ഇടത്തട്ടുകാർ മുഖേനയാണ്. കർഷകർക്ക് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിലും, ന്യായവില ലഭ്യമാക്കുന്നതിലും ഇത് തടസ്സങ്ങൾ സൃഷ്ടിക്കുന്നു. സഹകരണ മേഖല ഇക്കാര്യത്തിൽ വേണ്ടത്രമുന്നോട്ട് വന്നിട്ടില്ല. കാർഷികോല്പന്നങ്ങൾ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന യാതൊരുവിധ വ്യവസായ സംരംഭങ്ങളും പഞ്ചായത്തിലുണ്ടായിട്ടില്ല.

**ജലസേചനം:**

നെൽകൃഷി ഏറെക്കുറെ പൂർണ്ണമായും മഴയെ ആശ്രയിച്ചു തന്നെയാണ് നടത്തുന്നത്. എന്നാൽ തെങ്ങ്, കമുക് എന്നിവക്ക് ചുരുങ്ങിയ തോതിൽ ജലസേചന മാർഗ്ഗങ്ങൾ അവലംബിച്ചു തുടങ്ങിയിട്ടുണ്ട്. 22 കി.മീ. തോടുകൾ നമ്മുടെ നെൽവയലുകളോട് ചേർന്നുണ്ടെ

**പട്ടിക 10**

**പാടശേഖരത്തെ സമിതികൾ**

| നമ്പർ സമിതിയുടെ പേര് | വിസ്തീർണ്ണം | അംഗങ്ങൾ | ഒന്നാംവിള | രണ്ടാംവിള | Reg.No. |
|---|---|---|---|---|---|
| 1. 10-ാം വാർഡ് നെല്ലുൽപാദക സമിതി | 20 | 45 | 13 | 20 | 47/91 |
| 2. പുല്ലങ്കോട് നെല്ലുല്പാദകസമിതി | 40 | 120 | 27 | 40 | 435/90 |
| 3. തെച്യാട് പാടശേഖരസമിതി | 30 | 73 | 15 | 30 | 645/90 |
| 4. 3-ാം വാർഡിലെ നെല്ലുൽപാദകസമിതി | 15 | 30 | 2 | 15 | 146/92 |
| 5. ചേന്ദമംഗലൂർ പാടശേഖരസമിതി | 25 | 58 | Nil | 25 | 106/93 |
| 6. മണാശ്ശേരി നെല്ലുൽപാദക സമിതി | 50 | 98 | 28 | 50 | 583/90 |
| 7. പൂളപ്പൊയിൽ കാർഷിക വികസന സമിതി | 30 | 70 | 16 | 30 | 517/90 |
| 8. വെണ്ണക്കോട് (ആലിൻതറ) സമിതി | 15 | 35 | 8 | 15 | 346/92 |
| 9. മുത്തേരി കാഞ്ഞിരാമുഴി കർഷക സമിതി | 35 | 70 | 17 | 35 | 183/92 |
| 10. മാമ്പറ്റ നെല്ലുൽപ്പാദകസമിതി | 20 | 30 | 4 | 2 | 11/93 |

**തെങ്ങ് കൃഷി വികസന സമിതി**

| പേര് | ഏരിയ | അംഗങ്ങൾ |
|---|---|---|
| മുക്കം പഞ്ചായത്ത് കേരവികസന സമിതി | മുക്കം പഞ്ചായത്ത് | 283 |
| **കുരുമുളക് സംരക്ഷണ സമിതി** | | |
| മുക്കം പഞ്ചായത്ത് കുരുമുളക് സംരക്ഷണ സമിതി | മുക്കം പഞ്ചായത്ത് | 588 |

ങ്കിലും വേനൽക്കാലത്ത് വെള്ളം ലഭിക്കുന്ന തോടുകൾ ഇല്ലെന്നുതന്നെ പറയാം. ചീർപ്പുകൾ നെല്ലിന് ജലസേചനം ഉദ്ദേശിച്ചുനിർമ്മിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. തക്കസമയത്ത് പലകയിടുന്നതിനോ അറ്റകുറ്റ പണികൾ നടത്തുന്നതിനോ, പൊതുമുതൽ എന്ന നിലയ്ക്ക് ശ്രദ്ധിക്കപ്പെടുന്നില്ല. തെങ്ങുകൃഷിക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതികൾ ഉപയോഗപ്പെടുത്തി കിണറുകളും പമ്പുസെറ്റുകളും ധാരാളമായി സ്ഥാപിക്കപ്പെടുന്നുണ്ട്. എന്നാൽ ജലസേചനത്തിനാവശ്യമായ സുലഭമായ ജലം മിക്ക കിണറുകളിലും ഇല്ലാത്ത ഒരവസ്ഥയുണ്ട്. ആധുനിക ജലസേചന സൗകര്യങ്ങളായ ഡ്രിപ്പ്, സ്പ്രിംഗ്ളർ രീതികളും വേണ്ടത്ര പ്രയോജനപ്പെടുത്തുന്നതിന് കർഷകർ മുന്നോട്ടു വരുന്നില്ല. ഉയർന്ന ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ ഭൂഗർഭ ജലം ചൂഷണം ചെയ്യുന്നതിനുള്ള സാദ്ധ്യതകളും പരിഗണിക്കേണ്ടതാണ്.

ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ കൂട്ടായ്മ ഒരു മുഖ്യഘടകമായി കാണേണ്ടതുണ്ട്, എന്നാൽ അക്കാര്യത്തിൽ വേണ്ടത്ര അവബോധം കൃഷിക്കാരിലുണ്ടായിട്ടില്ല. തെങ്ങിന് ജലസേചനം ലക്ഷ്യമാക്കി ഏതാനും ചെറുകിട സാമൂഹ്യജല സേചനപദ്ധതികൾക്ക് പഞ്ചായത്തിൽ തുടക്കമിട്ടിട്ടുണ്ട്. വിദ്യുച്ഛക്തിയുടെ ലഭ്യതയാണ് കാർഷികരംഗത്തെ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വിഘാതമായ ഏറ്റവും പ്രധാന പ്രശ്നം എന്ന തിരിച്ചറിവ് ഉണ്ടാവേണ്ടിയിരിക്കുന്നു.

**പുഴയോരങ്ങളുടെ സംരക്ഷണം**

ഏതാണ്ടു പത്തു കിലോമീറ്ററിലധികം നീണ്ടുകിടക്കുന്ന പുഴയോര പ്രദേശം അങ്ങിങ്ങായി ഇടിഞ്ഞിടിഞ്ഞ് കൃഷിക്കും വസ്തുവകകൾക്കും നാശനഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇടിയുന്നതിന് സാധ്യതയുള്ള സ്ഥലങ്ങൾ വേർതിരിച്ച് സൈഡ്ഭിത്തി കെട്ടിയും മറ്റും സംരക്ഷണം ഉറപ്പുവരുത്തേണ്ടതുണ്ട്.

**യഥാർത്ഥ കർഷകരുടെ എണ്ണക്കുറവ്**

വിദേശനാടുകളിൽ ജോലിചെയ്യുന്നവർ, വിദൂരങ്ങളിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർ, അവകാശതർക്കങ്ങൾ, തുടങ്ങിയതുകാരണം ശരിയായി കൃഷിചെയ്യാതെ അലസമായിട്ടിരിക്കുന്ന പ്രദേശങ്ങളിൽ കൃഷി ഇറക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടാകേണ്ടതുണ്ട്. ഈ സ്ഥലങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി സ്ഥിതിചെയ്യുന്നു. പ്രത്യേക പാട്ടവ്യവസ്ഥകൾക്ക് കീഴിൽ ഇത്തരം സ്ഥലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള സാധ്യതകൾ ആരായേണ്ടതുണ്ട്.

**കൃഷിഭവൻ**

കൃഷിഭവനുകൾ പഞ്ചായത്തിലെ കൃഷിക്കാരുടെ ആശാകേന്ദ്രമാണ്. എന്നാൽ ഒട്ടനവധി പരിമിതികളും,

**പട്ടിക 11 കാർഷികവായ്പ**

| കാർഷിക | വായ്പ | വായ്പസംഖ്യ (1000) | | |
|---|---|---|---|---|
| നമ്പർ1 | ബാങ്കിന്റെ പേര് | 1993-94 | 94-95 | 95-96 |
| 1. | മുക്കം സർവ്വീസ് സഹകരണ ബാങ്ക് | 4835 | 7922 | 9015 |
| 2. | കാനറാ ബാങ്ക, മുക്കം | 4015 | 5200 | 7028 |
| 3. | ഫെഡറൽ ബാങ്ക് മുക്കം | 349 | 485 | 590 |
| 4. | കാർഷിക വികസനബാങ്ക്, മുക്കം | 463 | 732 | 1175 |

അവലംബം: ധനകാര്യസ്ഥാപനങ്ങൾ

പോരായ്മകളും, ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പരാജയപ്പെടുന്നു. കൃഷിഭവൻ പ്രവർത്തനങ്ങൾ കുറ്റമറ്റതും പ്രവർത്തനക്ഷമമാക്കേണ്ടതും അനുപേക്ഷണീയമാണ്.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷികരംഗത്ത് പരിഗണനയർഹിക്കുന്ന പ്രശ്നങ്ങൾ.

1. ജലസേചന സൗകര്യങ്ങൾ നെൽകൃഷിക്കും, കര കൃഷിക്കും ആവശ്യമായതോതിൽ നിലവിലില്ല. നിലവിൽ ഉള്ളവ ഉപയോഗയോഗ്യമല്ല.

2. അമ്പത് ശതമാനത്തിലധികം സ്ഥലത്ത് നെൽകൃഷി ഒന്നാംവിളകാലത്ത് വെള്ളപ്പൊക്കകാരണം ചെയ്യുവാൻ കഴിയുന്നില്ല.

3. മണ്ണൊലിപ്പ് - ഏറ്റക്കുറച്ചിലുകളോടെ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളെയും ബാധിക്കുന്നു.

4. പുഴയിൽനിന്നു വ്യാപാരാടിസ്ഥാനത്തിലുള്ള മണൽവാരലും അതുവഴി കിണറുകളിലെയും കുളങ്ങളിലെയും ജലവിതാനം താണുപോവുന്നത്.

5. നീർവാർച്ചയ്ക്കുള്ള സൗകര്യമില്ലായ്മയും, വെള്ളക്കെട്ടും.

6. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളം ചേർക്കുന്നതിനുള്ള സൗകര്യങ്ങളുടെ പോരായ്മ?

7. വയൽനികത്തി മറ്റ് കൃഷികൾക്കും കെട്ടിട

**പട്ടിക 12**

**ജലസേചന സംവിധാനങ്ങൾ**

| വാർഡ് നമ്പർ | പൊതുജല-സേചന കിണറുകൾ | കുഴൽകിണർ | കുളം | ചീർപ്പുകൾ | ആയക്കെട്ട് (ഹെക്ടർ) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 1 | Nil | 3 | Nil | - |
| 2 | Nil | Nil | 3 | 1 | 2 ha |
| 3 | 1 | Nil | 6 | 1 | 10 ha |
| 4 | 1 | Nil | 1 | Nil | Nil |
| 5 | 1 | Nil | 5 | Nil | Nil |
| 6 | Nil | Nil | 7 | 3 | 20 ha |
| 7 | 1 | Nil | 5 | Nil | Nil |
| 8 | Nil | Nil | 9 | 1 | 2 |
| 9 | Nil | Nil | 9 | 2 | 8 |
| 10. | Nil | Nil | 13 | Nil | Nil |
| 11. | 1 | Nil | 9 | 2 | 30 |
| 12 | 1 | Nil | 14 | Nil | Nil |

(അവ.കൃഷിഭവൻ)

ങ്ങൾക്കും ഉപയോഗിക്കൽ

8. ജൈവവളങ്ങളുടെ ലഭ്യതകുറവ്.

9. കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.

10. നെൽകൃഷിക്ക് അനുബന്ധ സൗകര്യങ്ങളുടെ കുറവ്. (തോടുകൾ കെട്ടുക, ആഴവും വീതിയും ഇല്ലായ്മയും തുടങ്ങിയവ.)

11. കാർഷികമേഖലയിലേക്കുള്ള ഗതാഗതസൗകര്യങ്ങളുടെ കുറവ്.

12. കാർഷിക പദ്ധതികൾക്കുള്ള വൈദ്യുതി ലഭ്യതയില്ലായ്മ.

13. വിവിധ വിളകളുടെ രോഗകീട ബാധകളും, പ്രതിരോധ മാർഗ്ഗങ്ങളുടെ അഭാവവും.

14. കർഷകതൊഴിലാളികളുടെ കുറവ്.

15. ഉയർന്ന കൂലിനിരക്കും, സാമഗ്രികളുടെ ഉയർന്ന വിലയും.

16. കാർഷികോല്പന്നങ്ങളുടെ വിലയിടിവ്.

17. കാർഷിക വിളകൾക്കുണ്ടാകുന്ന വിവിധനാശനഷ്ടങ്ങൾ (രോഗകീടാണു ബാധ, പ്രകൃതിക്ഷോഭം തുടങ്ങിയവ)

18. ശാസ്ത്രീയ രീതികൾ അവലംബിക്കുന്നതിലുള്ള അവബോധമില്ലായ്മ.

19. കാർഷിക രംഗത്ത് ആവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യതകുറവ്.

20. കാർഷിക വികസന സമിതികളുടെ ഫലപ്രദമല്ലാത്ത പ്രവർത്തനം

21. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിലുള്ള നിയമക്കുരുക്കുകളും യഥാസമയം വായ്പ ലഭിക്കാതിരിക്കലും, സാങ്കേതികതടസ്സവും.

23. പുഴയോരം ഇടിഞ്ഞുണ്ടാവുന്ന നാശനഷ്ടങ്ങൾ.

24. യഥാർത്ഥ കർഷകരുടെ എണ്ണക്കുറവ്.

25. പ്രധാന ഉൽപാദന സീസണിലെ ഉല്പന്നങ്ങളുടെ വിലക്കുറവ്.

26. കൃഷിഭവൻ പ്രവർത്തനങ്ങൾ ഫലപ്രദമല്ലാത്തത്.

27. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്.

**സാധ്യതകൾ**

1. ഇരുവഞ്ഞിപ്പുഴയിൽനിന്നും 1-ാം വാർഡിലേക്ക് അഗസ്ത്യൻമുഴി നിന്നും മണാശ്ശേരി വയൽവരെയും, 12-ാം വാർഡിലെ തോട്ടത്തിൽ കടവിൽനിന്നും, കല്ലുരുട്ടിവരെയും, 8-ാം വാർഡിലെ മാതോലത്ത് കടവിൽ നിന്നും ആര്യമ്പാടം വരെയും ലിഫ്ട് ഇറിഗേഷൻ ഏർപ്പെടുത്തി നെൽകൃഷിക്ക് ഉപയോഗിക്കുന്നതിന് സാദ്ധ്യതകളുണ്ട്. ഇതുകൊണ്ട് വെള്ളപ്പൊക്ക പ്രദേശങ്ങളിൽ രണ്ടാമതൊരു വിളവെടുക്കുന്നതിന് സാധ്യതകളുണ്ട്.

2. 1-ാം വാർഡിലെ ഇരുമ്പക്കടവ്(2) രണ്ടാംവാർഡിലെ പെരുമ്പടപ്പ്, (3) മൂന്നാം വാർഡിലെ ആറ്റുപുരം.(4) നാലാംവാർഡിലെ ചേന്ദമംഗലൂർ (5) ആറാംവാർഡിലെ ചക്കാലം കുന്ന്,(6) 12-ാം വാർഡിലെ പച്ചക്കാട്, മടപ്പള്ളി, എന്നിവിടങ്ങളിൽ ഇരുവഞ്ഞിപ്പുഴയിൽ നിന്നും വെള്ളം പമ്പ്ചെയ്ത് കരകൃഷിക്ക് സാമൂഹ്യജലസേചനപദ്ധതികൾ ഏർപ്പെടുത്തുന്നതിന് സാദ്ധ്യതകളുണ്ട്.

3. ഒന്നാം വാർഡിലെ കുറ്റിപ്പാല പൊതുകിണർ, 2. കൊളങ്ങരവീട്ടിലെ കുളം 3. രണ്ടാംവാർഡിലെ തടപ്പറമ്പിലെ മേലേകോഴിശ്ശേരി പ്രകൃതി ജല സ്രോതസ്സ്. 4. മൂന്നാം വാർഡിലെ ചോലക്കുഴിക്കുളം. (5) ചാലിശ്ശേരി കുളം കച്ചേരിക്കുളം.(6) അഞ്ചാം വാർഡിലെ കൂന്തലക്കുളം (7) കാടാമ്പള്ളിചാൽകുളം, (8) പാണക്കോട്ടിൽ കുളം (9) കപ്യാന്തൊടിയിൽ കുളം, (10) ആറാം വാർഡിൽ ക്ലായിൽ പഞ്ചായത്തുകുളം, (11) ചോലവയൽകുളം 12. പടിഞ്ഞാറെ തൊടികയിൽ കുളം (13) കമ്പിളിയിടം കുളം, 14. പൂക്കോട്ടുകുളം. 15. ചിറക്കൽ കുളം. (16) മാട്ടുമ്മൽ കുളം, 17. 7-ാം വാർഡിലെ അരീക്കരകുളം. 18. പുത്തൻകുളം, 19. അമ്പലക്കുളം. 20. 8-ാം വാർഡിലെ പാലപ്പറമ്പത്ത് കുളം 21. കിളിക്കോട്ടുചാൽ കുളം (22) ചെറുപാൽ പറമ്പത്ത് കുളം, 23. ഇരട്ടകുളങ്ങര കുളം 24. വടക്കെപറമ്പിൽ കുളം 25. മഠത്തിൽ കുളം 26. പത്തനംവീട് കുളം 27. വെണ്ണക്കോട്ടു പറമ്പത്തു കുളം. 28. നെല്ലിക്കോട്ടു കുളം 29. ഒമ്പതാം വാർഡിലെ മണിക്കുളം. 30. പൂലേരിക്കുളം. 31. ചോത്തലക്കുളം 32. കുറ്റേരിക്കുളം 33. തുപ്പുങ്കരകുളം 34. പത്താംവാർഡിലെ പുൽതൊടികകുളം. 35. പുല്ലമ്പാടിക്കുളം 36.കരിമ്പലങ്ങോട്ടു കുളം 37. പടിഞ്ഞാറെക്കണ്ടികുളം 38. പയറ്റൂളിക്കുളം. 39. അരീപ്പുറത്തു കുളം. 40. കുന്നത്തുപൊയിൽ കകുളം. 41. പതിനൊന്നാം വാർഡിലെ പങ്കിശ്ശേരി കുളം. 42. ചോലാക്കരകുളം 43. കടുങ്ങമ്പലംകുളം 44. പുൽപറമ്പ് കുളം 45. പാപ്രക്കുളം (എന്നിവ വികസിപ്പിച്ച് ജലസേചന യോഗ്യമാക്കുന്നതിന് സാദ്ധ്യതയുണ്ട്.) (46). 12- ാം വാർഡിലെ മാടച്ചാൽകുളം, (47)നെല്ലിക്കാപൊയിൽ കുളം.

1. രണ്ടാംവാർഡിലെ വെങ്ങളം പൊയിൽ 2. ഒഴല്ലൂർ ലക്ഷംവീട് പ്രദേശം. 3. മൂന്നാംവാർഡിലെ മരപ്പെട്ടി. 4. കുറുഞ്ചോലമീത്തൽ 5. വായന 6. നാലാംവാർഡിലെ പാറശ്ശേരിക്കുന്ന്. 7. ചേനാംകുന്ന് (8) അഞ്ചാംവാർഡിലെ ഒരം കുഴി (9) പൊറ്റശ്ശേരി, (10) ആറാംവാർഡിൽ കണിയാർകുഴി ഒടുവിൽ വയൽ 11. പുന്നച്ചാൽ വയൽ 12. ഏഴാം വാർഡിൽ ബങ്കളം 13. ചേപ്പിലങ്ങാട്ട് 14. വാഴക്കാട്ടുപൊയിൽ 15. കുമ്മാളിവയൽ 16. എട്ടാം വാർഡിൽ പൂലേരി വയൽ, 17. പാലാട്ടുപറമ്പ് ഒമ്പതാം വാർഡിൽ മണിപ്ര 18. പത്താംവാർഡിൽ പയറ്റൂളി പതിനൊന്നാം വാർഡിൽ അരേറ്റുപടി 20. പൃക്കച്ചാൽ കുന്ന് 24. അയ്യപ്പൻ കുന്ന് 25. ഇട്ടാരം കോട് 26. ആനപ്രച്ചാൽ 27. പന്ത്രണ്ടാം വാർഡിൽ വാളന്നൂർ. 28. പച്ചക്കാട്ട് 29. കോളോത്ത് വയൽ 30. പയ്യൂളി.31. മുത്രാട്ടും പടി എന്നിവിടങ്ങളിൽ പുതിയ കിണറുകളും, കുളങ്ങളും

നിർമ്മിച്ചു വെള്ളം പമ്പുചെയ്ത് ജലസേചനം നടത്തുന്നതിന് സാധ്യതകളുണ്ട്. 12-ാം വാർഡിലെ വാളന്നൂർ തോട്ടിൽ മുകൾഭാഗത്ത് ചീർപ്പ് കെട്ടി ജലസേചനം നടത്തുന്നതിന് സാധ്യതകളുണ്ട്.

4. വാർഡിലെ 1. ചക്കാലൻ കുന്ന്, 2. പുൽപറമ്പ് 3. 6-ാം വാർഡിലെ കണ്ണിപ്പൊയിൽ 4. ഏറാമ്പ്രചോല 5. 11-ാം വാർഡിലെ പുല്ലങ്കോട്ടു വയൽ എന്നിവിടങ്ങളിൽ ചീർപ്പുകൾ നിലവിലുള്ളവ ഉപയോഗയോഗ്യമാക്കുന്നതിനും, പുതിയവ നിർമ്മിക്കുന്നതിനും സാധ്യതയുണ്ട്. മണാശ്ശേരി വലിയതോട് സൈഡ് കെട്ടി ചീർപ്പിടുക. 9. എട്ടാംവാർഡിലെ ചേറ്റൂർ കുളം നന്നാക്കി ജലസേചനയോഗ്യമാക്കണം. 10. വാർഡിലെ തുമ്പച്ചാൽ - പൃക്കച്ചാൽ കുന്ന് 8-ാം വാർഡിൽ നെല്ലിക്കോട്ടു മുതൽ അയിഞ്ചേറ്റിൽവരെയുള്ള തോട് സൈഡ് കെട്ടുന്നതിനും, 10-ാം വാർഡിൽ മാങ്ങാപൊയിൽ നിലവിലുള്ള ചീപ്പ് റിപ്പയർ ചെയ്യേണ്ടതുമാണ്.

1-ാം വാർഡിലെ അഗസ്ത്യൻമുഴി വയലിൽനിന്നും 2-ാം വാർഡിലെ താഴെക്കോട്ട് കുന്നിന്റെ മുകളിലേക്ക് കുളം നിർമ്മിച്ചുവെള്ളം പമ്പ്ചെയ്തു ജലസേചനം നടത്താവുന്നതുമാണ്. ഇതിന്നാവശ്യമായ സ്ഥലവും, അദ്ധ്വാനവും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

6. വെള്ളക്കെട്ട് ഒഴിവാക്കുന്നതിന്നും, നീർവാർച്ചാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി 1-ാം വാർഡിൽ അഗസ്ത്യൻമുഴി വയൽതോട് റിപ്പയർ, 2. നാലാം വാർഡിൽ പൊറ്റശ്ശേരി മുതൽ പറമ്പാട്ട് വരെ തോട് സൈഡ് കെട്ടൽ. 3. എടോളിപ്പാലി ഭാഗത്ത് ട്രാക്ടർ കടത്തുന്നതിന് തോടിന് സ്ലാബിടൽ 4. വായനപ്പാടം തോട് സൈഡു കെട്ടൽ. 5. പുൽപറമ്പ് തോട് കീറി ആഴവും വീതിയും കൂട്ടി പുനരുദ്ധരിക്കൽ 6. ആറാം വാർഡിൽ കാക്കുഞ്ഞിമൂല വരെ താഴ്ചയും വീതിയും കൂട്ടി ചീർപ്പിടൽ 7. 9-ാം വാർഡ് മണി പ്രഭാഗം തോടുകീറി നീർവാർച്ചാ സൗകര്യം ഏർപ്പെടുത്തൽ. 8. പത്താംവാർഡിൽ കരിമ്പലങ്ങോട്ടു മുതൽ പങ്കിശ്ശേരി വരെ തോട് സൈഡ് കെട്ടൽ. 9. പൊയിൽമുണ്ടുപാറ ഭാഗത്തുതോടു കീറി നീർവ്വാർച്ചയ്ക്കു സൗകര്യപ്പെടുത്തൽ. 10. പൂളപ്പൊയിൽ ചേറ്റൂർ പാടംവരെ തോടുകീറി വെള്ളക്കെട്ട് ഒഴിവാക്കൽ. 11. പതിനൊന്നാം വാർഡിൽ അരേറ്റുപടി പുല്ലങ്കോട് തോടിന്റെ സൈഡ് ഒരു ഭാഗം കരിങ്കല്ല് കൊണ്ടു കെട്ടി ചീർപ്പിടൽ. 12. കാടാം കുനിതൈച്യാട് റോഡിന്റെ താഴോട്ട് നീലേശ്വരം കല്ലുരുട്ടി റോഡിന്റെ ഇടയിലുള്ള തോട് ഒരു ഭാഗം കരിങ്കല്ലുകൊണ്ട് കെട്ടി ചീപ്പിടൽ. കക്കാരം വയൽതോടു വെള്ളാരം കുന്ന് വരെയുള്ള 200 മീറ്റർ തോട് വീതി കൂട്ടികരിങ്കല്ല് കൊണ്ടുകെട്ടൽ. 14. കുഴിക്കലാട്ട് വയൽതൊട്ടു പാറക്കോട്ടുനിലം വരെയുള്ള തോട് വീതി കൂട്ടി സൈഡ് കെട്ടൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് സാധ്യതയുണ്ട്. 12- ാം വാർഡിലെ പയ്യോളി വയൽ സൈഡ് കെട്ടുന്നതിനും സാധ്യതകൾ ആരായണം.

7. പുഴയോരങ്ങളിലെ ജലസ്രോതസ്സുകളിൽ ജലവിതാനം നിലനിർത്തുന്നതിന് ജലസേചനത്തിന് ആവശ്യമായ തോതിൽ വെള്ളം ലഭിക്കുന്നതിനും ഇരുവഞ്ഞിപ്പുഴയിൽ ആവശ്യമായ ചെക്കുഡാമുകൾ നിർമ്മിച്ചാൽ സാദ്ധ്യതയുണ്ട്. 7-ാം വാർഡിലെ എരഞ്ഞുണ്ടി മുതൽ അരീക്കൽ വരെയുള്ള തോടിന്റെ സൈഡ് കെട്ടി വയലിൽ മണ്ണ് വീഴുന്നത് തടയണം.

8. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കും മണ്ണിലെ ജലാംശം നിലനിർത്തുന്നതിനും കയ്യാലകെട്ടൽ, കുഴികൾ നിർമ്മിക്കൽ തുടങ്ങിയ നടപടികൾക്ക് സാദ്ധ്യതയുണ്ട്.

9. മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ചു കമ്പോസ്റ്റുണ്ടാക്കുകയും നെൽവയലുകളിലും, തെങ്ങിൻ തോപ്പുകളിലും, ഇടവിളയായും, തുടർവിളയായും പയർവർഗ്ഗങ്ങളും, പച്ചിലവളച്ചെടികളും കൃഷിചെയ്താൽ ജൈവവളങ്ങളുടെ ലഭ്യത ഉറപ്പ് വരുത്താൻ സാദ്ധ്യതയുണ്ട്.

10. കാർഷികമേഖലയിലൂടെയുള്ള ഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുക വഴി കൃഷിച്ചെലവ് കുറയ്ക്കുന്നതിനും, കർഷകരുടെ ആദായം വർദ്ധിപ്പിക്കുന്നതിനും സാദ്ധ്യതയുണ്ട്.

11. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കുന്നതും, മഞ്ഞൾ, ഇഞ്ചി, കച്ചോലം, വെറ്റില, ജാതി ഗ്രാമ്പൂ എന്നീ ഇടവിളകൾ കൃഷിചെയ്യുന്നതും വഴി ഉയർന്ന കൂലിയും വിലയും മൂലമുള്ള അധിക ചിലവുകൾ മറികടക്കുവാൻ സാധ്യതയുണ്ട്.

12. കർഷകർക്ക് അവരുടെ ഉല്പാദനരീതി സീസണിൽ സാധനങ്ങൾ സൂക്ഷിച്ചുവെക്കുന്നതിനും, ന്യായവിലക്ക് വില്പന നടത്തുന്നതിനും സൗകര്യപ്പെടും വിധം പൊതു സംവിധാനങ്ങൾ ചെയ്യുന്നതുകാരണം ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും കൃഷിക്കാരുടെ ആദായം വർദ്ധിപ്പിക്കുന്നതിനും സാദ്ധ്യതയുണ്ട്.

14. എല്ലാ വിളകൾക്കും ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതുവഴി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യതയുണ്ട്. കൃഷിഭവനുകളുടെ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തവും ആവശ്യമായ സൗകര്യങ്ങളും ഉറപ്പുവരുത്തേണ്ടതാണ്.

15. ഗുണമേന്മയുള്ള വിത്തിനങ്ങളുടെയും നടീൽവസ്തുക്കളുടെയും ഉല്പാദനവും വിതരണവും ഉറപ്പുവരുത്തുന്നതിന് ഒരു നേഴ്സറിയും രജിസ്റ്റർ ചെയ്ത വിത്തുല്പാദകരെയും തിരഞ്ഞെടുക്കേണ്ടതുണ്ട്.

16. ഔഷധസസ്യങ്ങൾ, പുഷ്പകൃഷി, കൂൺകൃഷി, പച്ചക്കറി, സെറികൾച്ചർ എന്നിവയ്ക്ക് വിപുലമായ വികസനസാദ്ധ്യതകളുണ്ട്. മഞ്ഞൾ, ഇഞ്ചി, കച്ചോലം, വെറ്റില, ഗ്രാമ്പ, ജാതി, പഴവർഗ്ഗച്ചെടികൾ എന്നിവ ഇടവിളകളായി വികസിപ്പിക്കുന്നതിനും സാദ്ധ്യതകളുണ്ട്.

17. കൃഷിക്കാരുടെ ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും സൗകര്യമായ വിധത്തിൽ അഗസ്ത്യൻമൂഴിയിൽ PWD വക സ്ഥലത്ത് ഒരു

വെയർഹൗസ് സ്ഥാപിക്കുന്നതിന് സാദ്ധ്യതയുണ്ട്.

കൂവ്വ, മുത്താറി, കൂർക്കൽ, മധുരക്കിഴങ്ങ്, ചാമ, ചോളം എന്നിവയുടെ കൃഷികൾ വികസിപ്പിക്കുന്നതിനുള്ള സാധ്യതകളുണ്ട്.

**നിർദ്ദേശങ്ങൾ**

1. പുഴയിൽനിന്നും വ്യാപാരാടിസ്ഥാനത്തിലുള്ള മണൽവാരൽ നിരോധിക്കണം. ചെക്കുഡാമുകൾ നിർമിക്കണം.

2. പഞ്ചായത്തിലെ ഭൂപ്രദേശങ്ങൾ തരംതിരിച്ച് മൂന്നു വർഷം കൂടുമ്പോൾ മണ്ണ് പരിശോധിച്ച് വളം ചെയ്യുന്നതിനുള്ള ശുപാർശകൾ നൽകണം.

3. നെൽവയലുകൾ നികത്തി മറ്റു കൃഷികൾക്കും കെട്ടിടങ്ങൾക്കും ഉപയോഗിക്കുന്നതും നിരോധിക്കണം.

4. കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും സംഭരണത്തിനും വിപണനത്തിനുമായി സഹകരണ മേഖലയിൽ ഒരു മാർക്കറ്റിങ്ങ് സൈസൊറ്റി രൂപീകരിക്കണം.

5. കാർഷിക പദ്ധതികൾക്കുവേണ്ടിയുള്ള വിദ്യുച്ഛക്തി കണക്ഷന് ഏറ്റവും മുന്തിയ പരിഗണന നൽകേണ്ടതാണ്.

6. വിവിധ കൃഷികളുടെ രോഗ, കീടബാധകൾ നിയന്ത്രിക്കുന്നതിനുള്ള ഗവേഷണങ്ങൾക്കും നിവാരണ മാർഗങ്ങൾ കണ്ടെത്തുന്നതിനും ആയത് യഥാസമയം കൃഷിക്കാരിലെത്തിക്കുന്നതിനും വേണ്ടി കൃഷിവകുപ്പിന്റെ വിജ്ഞാന വ്യാപന വിഭാഗം ശക്തിപ്പെടുത്തേണ്ടതാണ്.

7. കാർഷിക തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിന് കാർഷികമേഖലയിൽ കൂടുതൽ ഉദാരമായ യന്ത്രവൽക്കരണം വ്യാപിപ്പിക്കേണ്ടതാണ്.

രോഗ,കീട ബാധകൾ, പ്രകൃതിക്ഷോഭം തുടങ്ങി എല്ലാവിധ കാർഷിക നഷ്ടങ്ങൾക്കും പൂർണമായ നഷ്ട പരിഹാരം ഉറപ്പുവരുത്തേണ്ടതാണ്. ആയതിന് സർക്കാർ ചെലവിൽ വിളകൾ പൂർണമായും ഇൻഷൂറൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

8. വിജ്ഞാനവ്യാപനത്തിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസുകൾ നടത്തി കർഷകരെ ബോധവൽക്കരിക്കുന്നതിന് സ്ഥിരമായ സംവിധാനം ഉറപ്പുവരുത്തേണ്ടതാണ്.

10. കാർഷിക രംഗത്ത് ആവശ്യമായ, യന്ത്രോപകരണങ്ങളായ ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം, കൊയ്ത്ത് യന്ത്രം, നടീൽയന്ത്രം, എന്നിവ ചുരുങ്ങിയ വാടകയ്ക്ക് സഹകരണസ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ എന്നിവവഴി ലഭ്യമാക്കണം. അഗ്രോക്ലിനിക്കുകൾ, സ്ഥാപിക്കണം.

11. കാർഷിക വികസനസമിതികൾ ഏകീകരിക്കുകയും വാർഡുകളിൽ എല്ലാ കൃഷിക്കാർക്കുമായി ഒറ്റ സമിതി രൂപീകരിക്കുകയും വേണം. വാർഡിലെ മുഴുവൻ കർഷകർക്കും സമിതി അംഗത്വം നിർബന്ധമാക്കേണ്ടതും സമിതിയുടെ പ്രവർത്തനങ്ങൾക്ക് നിയമസാധുത നൽകേണ്ടതുമാണ്.

12. കാർഷിക വായ്പകളിൽമേലുള്ള പലിശ വെട്ടിക്കുറക്കുകയും, കാലാകാലങ്ങളിൽ കർഷകർക്ക് എളുപ്പത്തിൽ വായ്പകൾ ലഭിക്കത്തക്കവിധം നിയമങ്ങൾ ലഘൂകരിക്കുകയും ക്രഡിറ്റ്കാർഡുകൾ ഏർപ്പെടുത്തുകയും വേണം.

13. പുഴയോരങ്ങൾ ഇടിഞ്ഞ് നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത് തടയുന്നതിന് പൂർണമായും സർക്കാർ ചെലവിൽ സൈഡ് ഭിത്തികൾ നിർമ്മിക്കേണ്ടതാണ്.

14. സ്ഥിരമായി കൃഷിചെയ്യാത്ത ഭൂമികളിൽ താൽക്കാലിക പാട്ട വ്യവസ്ഥയിൽ കൃഷിചെയ്യുന്നതിനാവശ്യമായ നിയമനടപടികളുണ്ടാകേണ്ടതാണ്.

15. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തിയായി വരുന്ന 1-ാം വാർഡിലെ കച്ചേരി, പൂതുക്കുത്ത് 4-ാം വാർഡിലെ മംഗലശ്ശേരി പൂളക്കുത്ത്, തൃക്കയം, 11-ാം വാർഡിലെ കണ്ണഞ്ചേരി പൊയിൽ, 12-ാം വാർഡിലെ പച്ചക്കാട്ട് സാമൂഹ്യ ജലസേചന പദ്ധതികൾ പൂർത്തിയാക്കി, വൈദ്യുതി ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കണം.

16. വളങ്ങൾ കീടനാശിനികൾ, കാർഷികോപകരണങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

17. പൂകൃഷി, ഔഷധസസ്യങ്ങൾ, കൂൺകൃഷി, പച്ചക്കറികൾ, മൾബറി കൃഷി എന്നിവ പ്രോത്സാഹിപ്പിക്കണം. സ്കൂളുകൾ, പൊതുസ്ഥാപനങ്ങൾ, തരിശായി കിടക്കുന്ന പുറമ്പോക്കുകൾ, തുടങ്ങിയ സ്ഥലങ്ങൾ ഇതിനായി ലഭ്യമാക്കണം. സ്കൂൾ കുട്ടികളുടെ കാർഷിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വനിതകളുടെയും, തൊഴിൽ രഹിതരുടെയും ഒഴിവുസമയങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി കാർഷികമേഖലയിലെ തൊഴിൽ സാധ്യതകൾ വികസിപ്പിക്കുന്നതിനും ഈ കൃഷികളുടെ വികസനം ഉറപ്പുവരുത്തുന്നു.

18. അവശരായ കർഷകർക്ക് വാർദ്ധക്യപെൻഷൻ പദ്ധതി നടപ്പാക്കുക.

19. കാർഷിക മേഖലയിൽ ഇന്നു നടപ്പാക്കിയിട്ടുള്ള യുവാക്കളുടെ തൊഴിൽദാന പെൻഷൻ പദ്ധതി ഫലപ്രദമായി പുനരാവിഷ്കരിക്കണം.

20. പച്ചക്കറി കൃഷി ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിപുലീകരിക്കണം.

21. വാട്ടർ ഷെഡുകളുടെ അടിസ്ഥാനത്തിൽ കാർഷിക വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം.

22. പഞ്ചായത്തു തലത്തിൽ മെച്ചപ്പെട്ട കർഷകരെ കണ്ടെത്തി എല്ലാ കൃഷികൾക്കും പ്രോത്സാഹന സമ്മാനങ്ങൾ ഏർപ്പെടുത്തി ആദരിക്കണം.

മുക്കം പഞ്ചായത്തിന്റെ കാർഷിക മേഖലയുടെ മുഖച്ഛായ മാറ്റുന്നതിനും, കർഷകരിൽ പുത്തനുണർവ്വിന്റെ അനുരണനങ്ങൾ സൃഷ്ടിക്കുന്നതിനും ഈ സംരംഭം സഹായിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.



5.2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

നമ്മുടെ പഞ്ചായത്തിലെ മൃഗസമ്പത്തിനെക്കുറിച്ച് പരിശോധിക്കുമ്പോൾ പഴയകാലത്തെന്നപോലെ ഇന്നും എല്ലാ പ്രദേശങ്ങളിലും ഒരുപോലെ കാലിവളർത്തുന്ന കർഷകരുള്ളതായി കാണാൻ സാധിക്കും. പഞ്ചായത്തിലെ കാലിസമ്പത്തിൽ പ്രഥമസ്ഥാനത്തു നിൽക്കുന്നത് പശുവും തുടർന്ന് ആടുമാണ്. എരുമയെ വളർത്തുന്ന കർഷകർ ഇവിടെ പൊതുവെ കുറവാണ്.

ആദ്യകാലത്ത് കാലികളെ തുറന്നുവിടുന്നരീതിയായിരുന്നു. എന്നാൽ ജനസംഖ്യാ വർദ്ധനവും വ്യാപകമായ കൃഷിയും ഈ രീതി മാറുന്നതിന് കാരണമായി. പഴയകാലത്ത് കാലികൾക്ക് പൊതുവെ രോഗപ്രതിരോധ ശേഷി കൂടുതലായിരുന്നു എന്ന് തോന്നുന്നു. കാരണം അന്ന് കാലികളുടെ ജീവന് ഭീഷണി നാട്ടിലിറങ്ങുന്ന പുലി, കുറുക്കൻ ആദിയായ വന്യമൃഗങ്ങൾ മാത്രമായിരുന്നു. നിലമുഴുക, ചക്കാട്ടുക എന്നിവയ്ക്കും പാലിനും വേണ്ടിയായിരുന്നു മൃഗസംരക്ഷണം നടത്തിയിരുന്നത്. ഇറച്ചിയ്ക്കുവേണ്ടി പ്രത്യേകമായി കാലികളെ വളർത്തിയിരുന്നില്ല. എന്നാൽ പൊതുവെ വളരെക്കുറഞ്ഞ പാലുല്പാദനമുള്ള പശുക്കളായിരുന്നു അന്ന് സാർവത്രികമായുണ്ടായിരുന്നത്. ഒരിടങ്ങഴി പാലുല്പാദിക്കുന്ന പശു മികച്ചതായിരുന്നു. കരിനെല്ലി, പാറകം, ആര്യവേപ്പ്,മഞ്ഞൾ , കായലില തുടങ്ങിയവ ഉപയോഗിച്ചുകൊണ്ടുള്ള നാട്ടുവൈദ്യവും വെലക്ക് മുതലായ മന്ത്രങ്ങളും ഉപയോഗിച്ച് കൊണ്ടുള്ള ഒരു ചികിത്സാക്രമം മുൻകാലങ്ങളിൽ ഉണ്ടായിരുന്നു.

മാമ്പറ്റയിൽ ആരംഭിച്ച സബ്സെന്ററാണ് മുക്കത്തെ മൃഗാശുപത്രിയായി അപ്ഗ്രേഡ് ചെയ്യപ്പെട്ടത്. കൃത്രിമ ബീജാധാനം സൗകര്യം ലഭ്യമായതോടെ അത്യുല്പാദന ശേഷിയുള്ള കാലിവർഗങ്ങൾ പഞ്ചായത്തിൽ വ്യാപകമാവാൻ തുടങ്ങി. പരിപൂർണമായ നാടൻ ഇനങ്ങൾ ഇന്ന് ഇല്ല. എന്നാൽ ഉയർന്നപാലുല്പാദന ശേഷിയുള്ള പശുക്കൾ പഞ്ചായത്തിൽ വളരെ പരിമിതമാണ് എന്നുകൂടി നാമോർക്കേണ്ടതുണ്ട്.(പട്ടിക 1 കാണുക)

നാടൻ കോഴികളെ പഞ്ചായത്തിലെ ഏറെക്കുറെ എല്ലാ വീടുകളിലും വളർത്തുന്നുമുണ്ട്. പുതിയ ഇനങ്ങളെ വളരെ കുറഞ്ഞ തോതിൽ മാത്രമേ വളർത്തുന്നുള്ളൂ. വമ്പിച്ച വിപണനസാധ്യതയുണ്ടെങ്കിലും പോൾട്രി ഫാമുകൾ തുടങ്ങുന്നതിന് കർഷകർ വിമുഖത കാണിക്കുന്നു. താറാവുവളർത്തൽ വളരെ പരിമിതമായ തോതിൽ ഉണ്ടെങ്കിലും കാടവളർത്തൽ തീരെ ഇല്ല. (പട്ടിക 2)

മുക്കം അങ്ങാടിയെ കേന്ദ്രീകരിച്ചുകൊണ്ട് മാത്രം ആഴ്ചയിൽ ഏകദേശം 6000 കോഴിമുട്ടകൾ വിപണനം ചെയ്യപ്പെടുന്നു. കോഴിയിറച്ചിയാണെങ്കിൽ ആഴ്ചയിൽ 600കിലോ വരും. ഇതിൽത്തന്നെ ചണ്ടിക്കോഴിയാണ് 200 കിലോ കല്യാണ സീസണിൽ ഇത് ആഴ്ചയിൽ 1000 കിലോ ആയി വർധിക്കുന്നു. ആട്ടിറച്ചിയും, പോത്തിറച്ചിയും യഥാക്രമം 250കിലോയും 2000 കിലോയും വീതം ആഴ്ചയിൽ വിൽക്കപ്പെടുന്നു. ഇതിൽ ഭൂരിഭാഗവുംഅന്യസംസ്ഥാനങ്ങളിൽ നിന്നുകൊണ്ടുവരുന്നതാണ്.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ സ്കീമുകൾ ഗവണ്മെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും പല കാരണങ്ങൾകൊണ്ടും അത് യഥാർഥ കർഷകരിൽ ഫലപ്രദമായി എത്തിച്ചേർന്നിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. പുൽകൃഷി വ്യാപിക്കുന്നതിനും വൈയ്ക്കോൽ സമ്പുഷ്ടീകരിക്കുന്നതിനും വിവിധ പദ്ധതികൾ നിലവിലുണ്ടെങ്കിലും ഇതെല്ലാം ഫലപ്രദമായി ഉപയോഗിക്കുന്ന കർഷകർവളരെ കുറവാണ്. പട്ടികജാതി പട്ടികവർഗ

പട്ടിക–1

| മുക്കം ഗ്രാമപഞ്ചായത്ത് വളർത്തുമൃഗ സംഖ്യ | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | | | | |
| നമ്പർ | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | പോത്ത് | ആട് | പന്നി | ആന |
| 1 | 4 | 15 | 6 | 13 | 22 | 73 | 70 | 157 | 4 | 11 | 2 | 149 | 67 | |
| 2 | 3 | 17 | 5 | 15 | 19 | 64 | 69 | 163 | 3 | 7 | 2 | 153 | 63 | |
| 3 | 3 | 19 | 7 | 14 | 21 | 83 | 63 | 159 | – | 2 | – | 151 | 59 | |
| 4 | 3 | 20 | 9 | 13 | 19 | 79 | 65 | 171 | 2 | 5 | 1 | 155 | 49 | |
| 5 | 4 | 21 | 6 | 11 | 15 | 68 | 3 | 170 | – | – | – | 147 | 55 | 1 |
| 6 | 3 | 22 | 3 | 17 | 21 | 87 | 72 | 175 | 2 | 7 | 2 | 161 | 48 | |
| 7 | 3 | 19 | 5 | 17 | 20 | 73 | 67 | 163 | – | – | – | 159 | 63 | |
| 8 | 2 | 17 | 3 | 14 | 18 | 82 | 63 | 169 | 3 | 8 | 1 | 161 | 57 | |
| 9 | 1 | 18 | 7 | 15 | 19 | 80 | 61 | 171 | 2 | 4 | 1 | 158 | 43 | |
| 10 | 2 | 19 | 6 | 17 | 20 | 78 | 57 | 174 | 1 | 4 | 2 | 154 | 45 | |
| 11 | 1 | 7 | 4 | 11 | 21 | 81 | 66 | 169 | 1 | 3 | 1 | 161 | 67 | |
| 12 | 1 | 5 | 3 | 12 | 18 | 82 | 64 | 177 | 3 | 6 | 1 | 160 | 73 | |

## പട്ടിക–2

അവലംബം : 1996 സെൻസസ് റിപ്പോർട്ട്

**മുക്കം ഗ്രാമപഞ്ചായത്ത്വളർത്തു പക്ഷി സംഖ്യ**

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | |
|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ |
| 1 | 1416 | 621 | 821 | 10 | 12 |
| 2 | 1419 | 667 | 1269 | 11 | 12 |
| 3 | 1457 | 638 | 1338 | 14 | 19 |
| 4 | 1438 | 634 | 1059 | 17 | 11 |
| 5 | 1425 | 625 | 1325 | 7 | 9 |
| 6 | 1429 | 631 | 1437 | 6 | 5 |
| 7 | 1437 | 628 | 1528 | 9 | 13 |
| 8 | 1427 | 679 | 1499 | 7 | 9 |
| 9 | 1445 | 648 | 1648 | 10 | 15 |
| 10 | 1378 | 623 | 923 | 13 | 19 |
| 11 | 1435 | 637 | 1437 | 10 | 13 |
| 12 | 1428 | 631 | 1039 | 5 | 13 |

ക്കാർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും സബ്സിഡിയോടുകൂടിയ വായ്പകൾ ലഭ്യമാണെങ്കിലും അർഹതപ്പെട്ടവർക്ക് കിട്ടാത്തതുകൊണ്ടും, വേണ്ടത്ര ഭൂമിയില്ലാത്തവർക്ക് ലോണനുവദിക്കുന്നതുകൊണ്ടും കിട്ടുന്നവർ ദുരുപയോഗം ചെയ്യുന്നതുകൊണ്ടും ഈ പദ്ധതിയും വ്യക്തമായ ലക്ഷ്യം കണ്ടില്ല. പേവിഷബാധ നിർമ്മാർജന സ്കീമും ആളുകളുടെ താല്പര്യക്കുറവ് കാരണം പഞ്ചായത്തിൽ ഫലപ്രദമാവാതെ പോയി. കന്നുകുട്ടി പരിപാലനപദ്ധതി വളരെ വൈകി തുടങ്ങിയതുകൊണ്ട് പഞ്ചായത്തിൽ കുറഞ്ഞ കർഷകർക്ക് മാത്രമേ ഇതിന്റെ ആനുകൂല്യം ലഭിച്ചുള്ളൂ. എന്നാൽ കോഴിക്കുഞ്ഞു വിതരണപദ്ധതി സാമാന്യം തൃപ്തികരമായി നടന്നു. നാടൻ ക്ഷീരോത്പാദന നിർമ്മാണ വനിതായൂണിറ്റുകൾ മിൽക്ക് സൊസൈറ്റികൾ മുഖേന നടക്കുന്നുണ്ടെങ്കിലും വിപണന സാധ്യതയില്ലാത്തതുകൊണ്ട് ഈ പദ്ധതിയും വിജയിക്കാതെ പോയി. കന്നുകാലി പ്രദർശനങ്ങളും സെമിനാറുകളും മറ്റും പരിമിതമായിട്ടെങ്കിലും സംഘടിപ്പിക്കപ്പെടുന്നുണ്ട് എന്നത് ആശ്വാസകരം തന്നെ!

### പ്രശ്നങ്ങൾ

ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിക്കട്ടെ.

* ഇന്നത്തെ ചുറ്റുപാടിൽ കന്നുകാലി വളർത്തൽ പൊതുവെ ലാഭകരമല്ല.

* കാലിത്തീറ്റയ്ക്ക് കൂടിയ വിലയും ഗുണം കുറവുമാണ്

* നെൽകൃഷി കുറഞ്ഞതുകൊണ്ട് വൈയ്ക്കോൽ ക്ഷാമം രൂക്ഷമാണ്.

* പുൽകൃഷി ചെയ്യുന്ന രീതിയെക്കുറിച്ചും അതിനുള്ള സാമ്പത്തിക സഹായത്തെക്കുറിച്ചും ജനങ്ങൾക്ക് ധാരണയില്ല.

* കുറഞ്ഞ കൃഷിഭൂമിയും ജലസേചനസൗകര്യക്കുറവും ഇതിലേർപ്പെട്ട കർഷകരെ പ്രതികൂലമായി ബാധിക്കുന്നു.

* കൃത്രിമ ബീജാധാനത്തെക്കുറിച്ച് കർഷകർക്കിടയിൽ വേണ്ടത്ര അവബോധമില്ല.

* നാടൻ കാളകളെ ബീജാധാനത്തിനുപയോഗിക്കുന്നതുകൊണ്ട് സങ്കരയിനം കന്നുകാലികളുടെ പ്രജനനത്തെ പ്രതികൂലമായി ബാധിക്കുകയും രോഗപ്പകർച്ചയുണ്ടാവുകയും ചെയ്യുന്നു.

* പഞ്ചായത്തിൽ 3 മിൽക്ക് സൊസൈറ്റികൾ നിലവിലുണ്ടെങ്കിലും പല ഭാഗങ്ങളിലുമുള്ള കർഷകർക്കം വിപണനത്തിന് ഇന്നും പ്രയാസം നേരിടുന്നു.

* നല്ലയിനം ആട്ടിൻകുട്ടികളെ കിട്ടാനില്ലാത്തത് ആടു വളർത്തൽ മേഖലയിലെ ഒരു പ്രധാന പ്രശ്നമാണ്.

* നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ ഇവിടെ ലഭ്യമല്ലാത്തതുംകൊണ്ടും വൈദ്യുതി, വാക്സിനേഷൻ സൗകര്യക്കുറവും കോഴിവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പ്രധാന പ്രശ്നമാണ്.

* കാട, താറാവ്- വളർത്തലിന് പഞ്ചായത്തിൽ വേണ്ടത്രപ്രചരണം ലഭിച്ചിട്ടില്ല.

* തെരുവ് പട്ടികളുടെ ആധിക്യം പേവിഷബാധ പ്രശ്നമുണ്ടാക്കുന്നു.

* ലോണുകളും മറ്റ് സാമ്പത്തിക സഹായങ്ങളും ലഭിക്കുന്നതിൽ ക്ഷകർക്ക് കാലതാമസം നേരിടുന്നു.

* ശാസ്ത്രീയമായ കാലിവളർത്തലിനെക്കുറിച്ച് കർഷകരിൽ വ്യക്തമായ അവബോധമില്ല.

* കൃത്രിമബീജാധാനത്തെക്കുറിച്ച് കർഷകർക്കിടയിൽ വേണ്ടത്ര അവബോധമില്ല.

* മുക്കത്ത് ഒരു മൃഗാശുപത്രിയും മണാശ്ശേരിയിൽ ഒരു I.C.D.P സബ് സെന്ററും പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്വന്തമായി കെട്ടിടമില്ലാത്തത് ഒരു പ്രധാനപ്രശ്നമാണ്.

* മേൽപറഞ്ഞ സ്ഥാപനങ്ങളിൽ അത്യാവശ്യ മരുന്നുകൾ പോലുമില്ല.

**പട്ടിക-3**

**മുക്കം മൃഗാശുപത്രി രോഗവിവരങ്ങൾ**

| | രോഗങ്ങൾ | പശു | എരുമ | ആട് | പട്ടി | കോഴി |
|---|---|---|---|---|---|---|
| 1 | ദഹന സംബന്ധമമായ | 544 | 13 | 73 | | 472 |
| 2 | ശ്വാസകോശസംബന്ധമായ | 470 | 9 | 85 | | 973 |
| 3 | ഉപാപചചയ സംബന്ധം | 23 | | | | |
| 4 | ത്വക് രോഗങ്ങൾ | 79 | | 47 | | |
| 5. | ധാതുലവണങ്ങങ്ങളുടെ അഭാവം | 39 | | 23 | | 5 |
| 6. | പരാദരോങ്ങൾ | 1428 | 17 | 193 | 40 | 43 |
| 7. | പ്രത്യുൽപാദന വ്യവസ്ഥ | 218 | 20 | 63 | | |
| 8. | വന്ധ്യത | 27 | 3 | | | |
| 9. | അകിടുവീക്കം | 53 | | 29 | | |
| 10 | മുടന്തൻ പനി | 27 | | | | |
| 11 | പകർച്ച വ്യാധികൾ | | | | | 597 |

* ഇപ്പോഴത്തെ, ആശുപത്രിയുടെ പ്രവർത്തനസമയം, (ഉച്ചയ്ക്ക് 2 മണിവരെ) കർഷകരിൽ ബുദ്ധിമുണ്ടാക്കുന്നു.

* മൃഗാശുപത്രിയിൽ രണ്ടു ഡോക്ടർമാരെങ്കിലും ഇല്ലാത്തത് കർഷകർക്ക് ബുദ്ധിമുട്ടുളവാക്കുന്നു.

(പട്ടിക 3 കാണുക)

* ശുചിത്വമില്ലാത്തതും അനധികൃതവുമായ അറവു കേന്ദ്രങ്ങൾ ജനങ്ങളുടെ ആരോഗ്യത്തെ എല്ലാ വിധത്തിലും ബാധിക്കുന്നു.

**സാധ്യതകൾ**

* പഞ്ചായത്തിൽതന്നെ ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി കാലിത്തീറ്റ, കോഴിത്തീറ്റ, ആട്ടിൻതീറ്റ എന്നിവ നിർമിക്കുന്നതിനുവേണ്ടി ഒരു ഫീഡ് ഫാക്ടറി സ്ഥാപിക്കുക, തീറ്റയ്ക്ക് സ്ബ്സിഡി ഏർപ്പെടുത്തുക.

* ഓരോ വാർഡിലും മൃഗസംരക്ഷണ സമിതി രൂപീകരിക്കുകയും അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു കോ-ഓഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്യുക. ഈ സമിതി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

* സമിതി നേരിട്ടോ മിൽക്ക് സൊസൈറ്റികളുടെ സഹായത്താലോ പഞ്ചായത്തിൽ ലഭ്യമായ വൈക്കോൽ ശേഖരിച്ച്, യൂറിയ ഉപയോഗിച്ച് സമ്പുഷ്ടീകരിച്ച് സൂക്ഷിക്കുകയും കർഷകരുടെ ആവശ്യത്തിനനുസിച്ച് വിതരണം ചെയ്യുകയും ചെയ്യുക.

* പഞ്ചായത്തിലെ മിച്ചഭൂമി, പുറമ്പോക്ക് ഭൂമി എന്നിവ പ്രയോജനപ്പെടുത്തി ചെറുകിട കർഷകർക്ക് പുൽകൃഷി ചെയ്യാൻ സൗകര്യമേർപ്പെടുത്തുക.

* പുൽകൃഷി വ്യാപകമാക്കുന്നതിന്, വൈക്കോൽ യൂറിയ ഉപയോഗിച്ച് സമ്പുഷ്ടീകരിക്കുന്നതിനും സഹായവും ബോധവൽക്കരണവും നടത്തുക.

* കർഷകർക്കും വായ്പാ സ്ഥാപനങ്ങൾക്കുമിടയിൽ ഒരു ഇടനിലക്കാരനായി പ്രവർത്തിച്ച് അർഹതപ്പെട്ട കർഷകർക്ക് വായ്പയുംസഹായവും ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക.

* കന്നുകുട്ടി പരിപാലന പദ്ധതി മുഖേനയുള്ള ആനുകൂല്യങ്ങൾ പഞ്ചായത്തിലെ എല്ലാ കർഷകർക്കും ലഭ്യമാക്കുക.

* പഞ്ചായത്തിൽ ഒരു ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയ്നിംഗ് സെന്റർ സ്ഥാപിച്ച് കർഷകർക്കാവശ്യമായ പരിശീലനം നൽകുക.

* മിനി ഡയറിഫാമുകൾക്ക് സാധ്യതയുള്ള കർഷകർക്ക് സഹായവും പരിശീലനവും നല്കുക. ഇതിനോടനുബന്ധിച്ച് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സഹായങ്ങൾ ചെയ്യുക.

* ആടുവളർത്തലിന് ഒരു പ്രജജനയൂണിറ്റ് സ്ഥാപിക്കുക.

* ആടുവളർത്തലിൽ വീട്ടമ്മമാർക്ക് സഹായവും പരിശീലനവും നല്കുക.

* പാലിന്റെ ഉല്പാദനവും ഉപഭോഗവും വർധിക്കു

ന്നതിന് നാടൻ ക്ഷീരോത്പന്ന നിർമാണത്തിന് പ്രചാരണം നല്കുക.

* ക്ഷീരവിസനവകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തു തലത്തിലൊരുദ്യോഗസ്ഥനെ നിയമിക്കുക.

* സഹകരണ മേഖലയിൽ ഒരു ഹാച്ചറിയൂണിറ്റ് സ്ഥാപിച്ച് കോഴി, താറാവ്, കാട എന്നിവയുടെ മുട്ട വിരിയിച്ച് കുഞ്ഞുങ്ങളെ പഞ്ചായത്തിലാരംഭിക്കുന്ന സ്കീമുകൾക്കും ഫാമുകൾക്കും വിതരണം ചെയ്യുക.

* വീടുകളിൽ മുട്ടയ്ക്കും ഇറച്ചിക്കും ഒരേപോലെ ഉപയോഗയോഗ്യമായ ലിംകബ്രൗൺ പോലുള്ള കോഴികളെ വളർത്തുന്നതിന് പദ്ധതി രൂപപ്പെടുത്തുക

* സ്കൂൾതലത്തിൽ പോൾട്രി ക്ലബ്ബുകൾ രൂപീകരിക്കുക.

* അനുയോജ്യമായ സ്ഥലങ്ങളിൽ ബ്രോയിലർ ഫാമുകൾ തുടങ്ങുക.

* താറാവ്, കാട, മുയൽ എന്നിവ വളർത്തുന്നതിന് വേണ്ടത്ര പ്രചാരണം നൽകുക.

* മേൽപറഞ്ഞവയുടെ വിപണനത്തിനും തീറ്റലഭ്യമാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കുക.

* പഞ്ചായത്തു തലത്തിൽ കന്നുകാലി പ്രദർശനവും സെമിനാറുകളും എല്ലാ വർഷവും സംഘടിപ്പിക്കുക.

* തെരുവു നായ്ക്കളെ നശിപ്പിക്കുകയോ വന്ധ്യംകരിച്ച് പ്രതിരോധ കുത്തിവെയ്പ് നടത്തുകയോ ചെയ്യുക.

* വീട്ടിൽ വളർത്തുന്ന നായ്ക്കൾകക് ലൈസൻസിംഗ് സമ്പ്രദായമേർപ്പെടുത്തുക.

* ആവശ്യമായ സ്ഥലങ്ങളിൽ ICDP സബ്സെന്ററുകളും മിൽക്ക് സൊസൈറ്റികളും സ്ഥാപിക്കുക; പ്രവർത്തനം കാര്യക്ഷമമാക്കുക (മരുന്ന് എത്തിക്കുക etc.)

* ആലനിർമിക്കുന്നതിനും, പശുക്കളെ വാങ്ങുന്നതിനും സാമ്പത്തിക സഹായം ഏർപ്പെടുത്തുക.

* ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കുക

* അറവുശാലകളിൽ നിന്നും മാർക്കറ്റുകളിൽ നിന്നുമുള്ള പാഴ്വസ്തുക്കൾ (അവശിഷ്ടങ്ങൾ) ഉപയോഗിച്ച് പന്നി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുക.

* അഗസ്ത്യൻ മൂഴിയിലുള്ള PWD സ്ഥലത്ത് ആശുപത്രി കെട്ടിടം നിർമ്മിക്കുക, ഒപ്പം പോളിക്ലിനിക്കായി `അപ്ഗ്രേഡ്' ചെയ്യുക.

* മൃഗാശുപത്രിയിൽ ഒരു മൊബൈൽ യൂണിറ്റ് സ്ഥാപിച്ച് വാക്സിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

* X-റേ യൂണിറ്റോടുകൂടിയ വിപുലമായ ലാബ് സൗകര്യം ആശുപത്രികളിൽ ഏർപ്പെടുത്തുക.

* ടെലിഫോൺ സൗകര്യം ഏർപ്പെടുത്തി ഈ മേഖലയിലെ കർഷകർക്കും സ്ഥാപനങ്ങൾക്കും എളുപ്പത്തിൽ ആശുപത്രി സേവനം ലഭ്യമാക്കാനാവശ്യമായ സൗകര്യങ്ങൾ ചെയ്യുക

* സമ്മിശ്ര മൃഗപരിപാലനം നടത്തി കൃഷിഭൂമി പരമാവധി ഉപയോഗപ്പെടുത്തുക.

**മത്സ്യസമ്പത്ത്**

മത്സ്യകൃഷിയുടെ രംഗത്ത് നമ്മുടെ പഞ്ചായത്തിൽ വളരെക്കുറച്ച് സാധ്യതകളേ കാണുന്നുള്ളൂ. ശുദ്ധജല തടാകങ്ങൾ പൊതുവെ കുറവായതും, വരൾച്ചയും, ശാസ്ത്രീയ മത്സ്യകൃഷിയെക്കുറിച്ചുള്ള അജ്ഞതയും എല്ലാംതന്നെ ഇതിന് കാരണങ്ങളാകുന്നു. എന്നാലും പഞ്ചായത്തിന്റെ ചില മേഖലകളിൽ ഉള്ള വറ്റാത്ത നീരുവുകൾ പ്രയോജനപ്പെടുത്തി ചുരുങ്ങിയ തോതിൽ മത്സ്യകൃഷി നടത്തുന്നു.

മഴക്കാലത്ത് കുളങ്ങൾ കവിഞ്ഞൊഴുകുന്നതു കാരണം സ്വാഭാവികമായ ജലാശയങ്ങളിൽ മത്സ്യം വളർത്തൽ ദുഷ്ക്കരമാകുന്നു. അതുപോലെ ജലസേചന ടാങ്കുകളുടെ ആഴക്കുറവു കാരണം വേനൽക്കാലത്ത് വെള്ളത്തിന്റെ താപനില പെട്ടെന്നുയരുന്നു ഇതും ഒരു വിഘാതമാണ്.

പഴയകാലത്ത് ഒറ്റൽ, വല, ചൂണ്ടൽ എന്നിവ ഉപയോഗിച്ചായിരുന്നു മത്സ്യബന്ധനം ഈ പ്രദേശത്ത് നടത്തിയിരുന്നത്. എന്നാൽ ഇന്ന് നഞ്ഞ് കലക്കിയും, തോട്ടപൊട്ടിച്ചും, മത്സ്യബന്ധനം നടത്തുന്നതുകൊണ്ട് മത്സ്യക്കുഞ്ഞുങ്ങൾ പോലും നശിച്ചുപോവുന്നു. വയലേലകളിലെ വ്യാപകമായ കീടനാശിനി പ്രയോഗവും ഈ സ്ഥിതിയെ ഗുരുതരമാക്കിയിരിക്കുന്നു.

പഞ്ചായത്തിലെ കുളങ്ങൾ, ജലസേചന ടാങ്ക്, വറ്റാത്ത നീരുറവ എന്നിവ പ്രയോജനപ്പെടുത്തി മത്സ്യം, കൊഞ്ച്, അലങ്കാരമത്സ്യങ്ങൾ മുതലായവ വളർത്തുന്നതിന് സാധ്യതയുണ്ട്. പുഴയിൽ നിന്ന് മത്സ്യം പിടിക്കുന്നതിന് ആവശ്യമായ സഹായം നൽകണം. എന്നാൽ തോട്ടപൊട്ടിച്ചും നഞ്ഞുകലക്കിയുമുള്ള മീൻപിടുത്തം കർശനമായി തടയേണ്ടതാണ്.

O



## 5.3

# വിദ്യാഭ്യാസം

ഈ നൂറ്റാണ്ടിന്റെ ആദ്യദശകത്തിലാണ് ഔപചാരിക വിദ്യാഭ്യാസത്തിന് നമ്മുടെ ഗ്രാമത്തിൽ നാന്ദി കുറിക്കുന്നത്. നാട്ടെഴുത്തശ്ശന്മാരും കുടിപ്പള്ളിക്കൂടങ്ങളും ഇതിന് മുമ്പ് തന്നെ അവിടവിടെയായി സ്ഥാനം പിടിച്ചിരുന്നു. രാമായണം, ഭാഗവതം, മഹാഭാരതം, തുടങ്ങിയ പുരാണ ഗ്രന്ഥങ്ങളും നാട്ടെഴുത്തും മണിപ്രവാളവുമൊക്കെ എഴുത്തശ്ശന്മാർ പഠിപ്പിച്ചിരുന്നു. ഗ്രന്ഥങ്ങളും ചുരുങ്ങിയ തോതിലാണെങ്കിലും മേലാളവിഭാഗത്തിൽപെടാത്തവരായ സ്ത്രീപുരുഷന്മാർ രാമായണ വായനക്കാരായുണ്ടായിരുന്നു. അഗസ്ത്യൻമുഴിക്കാരനായ പെരുമ്പടപ്പിൽ കേളുക്കുട്ടി എന്നവരെക്കുറിച്ച് പ്രചാരത്തിലുള്ള ഒരു സംഭവം മുതിർന്നവർ ഓർക്കുന്നുണ്ട്. രണ്ടു "തിയന്മാർ' അടികൂടിയ സംഭവം നാടുവാഴി അറിഞ്ഞു. ദൃക്സാക്ഷി എന്ന നിലയിൽ കേളുക്കുട്ടിയെ `അങ്ങുന്ന്' വിസ്തരിച്ചു. വിസ്താരത്തിന് മറുപടി ഇങ്ങനെയായിരുന്നു.

`രാമ രാവണയുദ്ധം
രാവണ രാമയുദ്ധത്തിന് സമം.'

ഇതുകേട്ട നാടുവാഴി കേളുക്കുട്ടിക്ക് കാര്യമായൊരു സംഖ്യ ശിക്ഷ വിധിച്ചുവത്രെ! ശൂദ്രന് അക്ഷരം ആ കാലത്ത് വിധിച്ചിട്ടില്ലല്ലോ?

നമ്മുടെ പ്രദേശത്തെ ആദ്യവിദ്യാലയമായ മണാശ്ശേരി സ്കൂൾ 1908ലാണ് സ്ഥാപിതമായത്. ബോയ്സ് ഹിന്ദു എലിമന്ററി സ്കൂളായി സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയം പിന്നീട് ബോഡ് സ്കൂളായും, ഗവ.യു.പി.സ്കൂളായും, മാറി. കുങ്കൻ മാസ്റ്ററായിരുന്നു ആദ്യകാല അധ്യാപകൻ, തുടർന്ന് സ്ഥാപിക്കപ്പെട്ട താഴക്കോട് എലിമെന്ററ സ്കൂളിലെ പ്രഥമാധ്യാപകൻ മാമ്പൊയിൽ ശങ്കരൻമാസ്റ്ററായിരുന്നു. ദശകങ്ങൾ പിന്നിട്ടാണ് എ.യു.പി.എസ് താഴക്കോടും (ആഗസ്ത്യൻമൂഴി) ബി.പി.ഉണ്ണിമോയിന്റെ മുൻകൈയാൽ രൂപംകൊണ്ട ആദ്യ സെക്കന്ററി സ്കൂളായ മുക്കം ഹൈസ്കൂളും സ്ഥാപിക്കപ്പെടുന്നത്.

അൻപതുകളിൽ വിദ്യാഭ്യാസ മേഖലയിലുണ്ടായ ഉണർവ്വ് മലബാർ ഡിസ്ട്രിക്റ്റ് ബോഡിന്റെ രൂപീകരണവും പ്രവർത്തനങ്ങളും മൂലമാണ്. ഈ സമയത്തും തുടർന്നും നമ്മുടെ ഗ്രാമപഞ്ചായത്തിൽ നിരവധി സ്കൂളുകൾ പ്രവർത്തനമാരംഭിച്ചു. ഇന്ന് 6 എൽ.പി.സ്കൂളും 6 യു.പി.സ്കൂളും 5 ഹൈസ്കൂളുമടക്കം 17 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 2 എൽ.പി.സ്കൂൾ, 3 യു.പി.സ്കൂൾ, 1 ഹൈസ്കൂൾ എന്നിവ സർക്കാർ മേഖലയിലും ശേഷിച്ചവ സ്വകാര്യ മേഖലയിലുമാണ്. ഇവയ്ക്ക് പുറമെ അൺ എയ്ഡഡ് അംഗീകൃത മേഖലയിൽ പ്രവർത്തിക്കുന്ന 2 ഇംഗ്ലീഷ് മീഡിയം എൽ.പി.സ്കൂളുകൾ ചേന്നമംഗല്ലൂരിൽ ഉണ്ട്. വിദ്യാഭ്യാസ സമുച്ചയത്തിന് നേതൃത്വം നൽകുന്ന മുക്കം മുസ്ലിം ഓർഫനേജിന്റെ കീഴിലുള്ള മുക്കം ഗേൾസ് ഹൈസ്കൂളിനോടൊപ്പം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളും പ്രവർത്തിക്കുന്നു. മുക്കത്തെ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും (ടി.ടി.ഐ), 2 എൽ.പി.സ്കൂളും ഒരു ഐ.ടി.സിയും മണാശ്ശേരിയിലെ എം.എ.എം.ഒ. കോളേജും അടങ്ങുന്ന ഒരു മഹത്സ്ഥാപനമാണ് മുക്കം മുസ്ലിം ഓർഫനേജ് (എം.എം.ഒ)

നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഏറ്റവും ഉയർന്ന വിദ്യാഭ്യാസ സ്ഥാപനമാണ് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ നാമധേയത്തിൽ അറിയപ്പെടുന്ന മണാശ്ശേരി എം.എ.എം.ഒ.കോളേജ് ചേന്നമംഗല്ലൂർ സുന്നിയ്യ അറബിക് കോളേജിൽ സ്പെഷൽ അറബിക് പ്രീഡിഗ്രി

കോഴ്സ് നടന്നുവരുന്നു. ഈ രണ്ടു സ്ഥാപനങ്ങളും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അഫിലിയേഷനുള്ള വയാണ്. അധ്യാപകപരിശീലന രംഗത്തു പ്രവർത്തിച്ചുവന്നിരുന്ന മുക്കം എം.എ.എം.ടി.ടി.ഐ അധ്യാപകവിദ്യാർത്ഥികളുടെ പ്രവേശനം പൊതുവേ നിലച്ചതിന്റെ ഭാഗമായി ഇപ്പോൾ അധ്യയനം നടക്കുന്നില്ല. സമാന്തര കോളേജ് വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ചേന്നമംഗല്ലൂരിലെ ഇസ്ലാഹിയ്യ കോളേജും മുക്കം കേന്ദ്രമായി പ്രവർത്തിക്കുന്ന പാരമൗണ്ട് അക്കാദമി എന്നിവയും റഗുലർ കോളേജ് പ്രവേശനം ലഭിക്കാത്തവർക്ക് ശരണമാകുന്നു. പ്രേംചന്ദ്, മഹാത്മാ, ഹിന്ദി, കോളേജുകൾ രാഷ്ട്രഭാഷാരംഗത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ചേന്നമംഗല്ലൂർ ഓറിയന്റൽ ഉറുദു കോളേജിന്റെ സംഘാടനത്തിൻകീഴിൽ കാലിഗ്രാഫി ട്രെയിനിംഗ് സെന്റർ (സി.ടി.സി.) കേന്ദ്രഗവണ്മെന്റ് ധന സഹായത്തോടെ പ്രവർത്തിക്കുന്നു. ഇത് കേരളത്തിലെ ഈ രംഗത്തെ ഏക സ്ഥാപനമാണ് എന്നത് പ്രസ്താവ്യമാണ്. സാങ്കേതി മേഖലയിലെ മുക്കം ഐ.ടി.സി, ഐ.സി.എൽ കമ്പ്യൂട്ടർ സെന്റർ കേംബ്രിഡ്ജ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, മാമ്പറ്റ ഡോൺ ബോസ്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവ എടുത്തു പറയത്തക്ക സ്ഥാപനങ്ങളാണ്. ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ ഡാറ്റാ എൻട്രി, എന്നിവയിൽ മൂന്ന് മാസത്തെ പരിശീലന കോഴ്സ് സൗജന്യമായി പ്രദാനം ചെയ്യുന്ന ബി.പി.മൊയ്തീൻ സേവാ മന്ദിർ ഏറെ ശ്രദ്ധയാകർഷിക്കുന്നു. കമ്മ്യൂണിറ്റി പോളി ടെക്നിക്കും അങ്ങിങ്ങ് ചിതറിക്കിടക്കുന്ന ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും കൂടി നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഒരു ചിത്രം വരച്ചു കാണിക്കുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ 6,8,10,11 വാർഡുകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. ബഹുഭൂരിപക്ഷം കുട്ടികൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ എൽ.പി.യുപി സ്കൂളുകളുണ്ട്. രണ്ട് കിലോമീറ്റർ ചുറ്റളിൽ ഹൈസ്കൂളും ലഭ്യമാണ്. അഗസ്ത്യൻമുഴി, പൊറ്റശ്ശേരി എട്ടാം വാർഡിലെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് എൽ.പി.സ്കൂൾ ലഭ്യതയിൽ പ്രയാസങ്ങളുണ്ടെന്ന് നേരാണ്. (പട്ടിക1)

17 സ്കൂളുകളിലായി 8625 വിദ്യാർത്ഥികൾ (4338 ആൺ +4287 പെൺ) പഠിക്കുന്നു അനംഗീകൃത അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന 2 ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിൽ പഠിക്കുന്ന 47 (26+21) കുട്ടികളെക്കൂടി കണക്കിലെടുക്കുമ്പോൾ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 8672 (4364+4308) ആകുന്നു. (പട്ടിക 2)

സംസ്ഥാന ശരാശരിയിൽ നിന്നും ജനസംഖ്യാനുപാതത്തിൽ നിന്നും വിഭിന്നമായി പെൺകുട്ടികളുടെ എണ്ണത്തിൽ നേരിയ കുറവ് അനുഭവപ്പെടുന്നു. ഈ നില തന്നെയാണ് മൊത്തം വിദ്യാർത്ഥികളിൽ 11.96 ശതമാനമുള്ള പട്ടികജാതി പട്ടികർഗ വിദ്യാർത്ഥികളുടെ എണ്ണത്തിലും 1038 (524+514) കാണുന്നത്. ജനസംഖ്യാനുപാതികമായി പട്ടികജാതി വിദ്യാർത്ഥികളുടെ കുറവ് അനുഭവപ്പെടുന്നത് ശ്രദ്ധയർഹിക്കുന്നു. തോറ്റു പഠിക്കുന്നവരിൽ ഇവരുടെ അനുപാതം താരതമ്യേന കൂടുതലാണെന്നത് വിദ്യാഭ്യാസ പിന്നോക്കാവസ്ഥ വ്യക്തമാക്കുന്നു. എന്നാൽ പഠനം നിർത്തിയവരുടെ അനുപാതത്തിൽ മറ്റുള്ളവരാണ് ഏറെ മുന്നിൽ എന്നത് കൗതുകകരമാണ്. പട്ടിക 1ലെ പരിശോധനയിലൂടെ ഇത്തരത്തിലുള്ള ഒരു വിശകലനം നമുക്ക് സാധ്യമാണ്.

സർക്കാർ മേഖലയിൽ 1787 ആൺകുട്ടികളും 1600 പെൺകുട്ടികളുമടക്കം 3387 പേരുംസ്വകാര്യ മേഖലയിൽ 2551 ആൺകുട്ടികളും 2687 പെൺകുട്ടികളും അടക്കം 5238 കുട്ടികളും പഠിക്കുന്നു. സർക്കാർ മേഖലയിൽ 111 (69+42) അധ്യാപകരും സ്വകാര്യമേഖലയിൽ 204 (101+103) അധ്യാപകരും സേവനമനുഷ്ഠിക്കുന്നു. (പട്ടിക 3)

അൺ എയ്ഡഡ് മേഖലയിലെ 47 (26+21) വിദ്യാർത്ഥികളും 11(1+10) അധ്യാപകരും മേൽപട്ടികയുമായി ബന്ധപ്പെട്ടു വരേണ്ടതാണ്. 95 വിദ്യാർത്ഥികൾ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലായി പഞ്ചായത്തിന് പുറത്ത് പോയി പഠിക്കുന്നവരായുണ്ട്. (പട്ടിക 4)

റഗുലർ കോളേജ് രംഗത്ത് 684 (302+382) വിദ്യാർത്ഥികളും 34 (23+11) അധ്യാപകരും ഇതര സമാന്തര വിദ്യാഭ്യാസരംഗത്ത് 523 (255+268) വിദ്യാർത്ഥികളും 55(39+16) അധ്യാപകരും സാങ്കേതിക മേഖലയിൽ 236 (206+30) കുട്ടികളും 23(18+5) അധ്യാപകരും ഉണ്ട്.

**ഉന്നത വിദ്യാഭ്യാസത്തിനായി മറ്റ് സ്ഥലങ്ങളിലേക്ക് പോകുന്നവരുടെ കണക്ക്**

| | |
|---|---|
| പ്രീഡിഗ്രി | 90 |
| ഡിഗ്രി | 95 |
| ഐ.ടി.ഐ | 27 |
| എഞ്ചിനീയറിംഗ് | 5 |
| കമ്പ്യൂട്ടർ | 5 |
| മെഡിസിൻ | 4 |
| മറ്റുള്ളവ | 5 |

അവലംബം സെക്കന്ററി ഡാറ്റാ (അപൂർണ്ണം)

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | ആകെകുട്ടികൾ, | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റുപഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/St കുട്ടികൾ | | | മറ്റുള്ളവർ | | | SC/St കുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
| സ്റ്റാൻഡേർഡ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 315 | 313 | 628 | 43 | 53 | 96 | .. | .. | .. | .. | .. | .. | .. | .. | .. | .. | 1 | 1 | 1 |
| II | 367 | 309 | 676 | 54 | 36 | 90 | 5 | 3 | 8 | 19 | 11 | 30 | 1 | .. | 1 | 2 | 2 | 4 | 5 |
| III | 338 | 376 | 714 | 51 | 61 | 11 | 4 | 5 | 9 | 10 | 12 | 22 | .. | .. | .. | .. | .. | .. | .. |
| IV | 385 | 371 | 756 | 59 | 38 | 97 | 5 | 4 | 9 | 12 | 9 | 21 | .. | 1 | 1 | 1 | .. | 1 | 2 |
| V | 534 | 483 | 1017 | 49 | 47 | 96 | 4 | 4 | 8 | 35 | 19 | 54 | .. | .. | .. | 7 | .. | 7 | 7 |
| VI | 524 | 490 | 1014 | 56 | 63 | 119 | 11 | 3 | 14 | 32 | 17 | 49 | .. | .. | .. | 7 | 8 | 15 | 15 |
| VII | 544 | 516 | 1060 | 72 | 63 | 135 | 13 | 12 | 25 | 77 | 36 | 113 | 1 | .. | 1 | .. | .. | .. | 1 |
| VIII | 505 | 524 | 1029 | 58 | 56 | 114 | 35 | 32 | 67 | 198 | 183 | 381 | .. | 2 | 2 | 28 | 4 | 32 | 34 |
| IX | 440 | 484 | 924 | 47 | 59 | 106 | 34 | 21 | 55 | 165 | 164 | 329 | .. | .. | .. | 41 | 8 | 49 | 49 |
| X | 386 | 421 | 807 | 35 | 38 | 73 | .. | .. | .. | .. | .. | .. | | | | 6 | 7 | 13 | 13 |
| ആകെ | 4338 | 4287 | 8625 | 524 | 514 | 1038 | 111 | 84 | 195 | 548 | 451 | 999 | 2 | 3 | 5 | 92 | 30 | 122 | 127 |

അവലംബം: സെക്കന്ററി ഡാറ്റ

## പട്ടിക രണ്ട്

അനംഗീകൃത അൺ എയ്ഡഡ് വിദ്യാലയങ്ങൾ

| സ്ഥാപന ത്തിന്റെ പേര് | വിദ്യാർത്ഥികൾ | | | | അധ്യാപകർ | | | ഭൗതിക സാഹചര്യങ്ങൾ | പഠനോപ കരണങ്ങൾ, |
|---|---|---|---|---|---|---|---|---|---|
| | ക്ലാസ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ശരാശരി/മെച്ചം | ശരാശരി/മിച്ചം |
| ഗുഡ്ഹോപ്പ് ഇംഗ്ലീഷ് മീഡിയം നഴ് സറിസ്കൂൾ | 1 | 4 | – | 4 | | | | | |
| | 11 | 4 | 1 | 5 | | 6 | 6 | മെച്ചം | മെച്ചം |
| | 111 | 5 | 8 | 13 | | | | | |
| | IV | 6 | 5 | 11 | | | | | |
| ആകെ | | 19 | 14 | 33 | | 6 | 6 | | |
| അൽ–ഇസ്ലാഹ് ഇംഗ്ലീഷ് മീഡി യം സ്കൂൾ | 1 | 2 | 5 | 7 | | | | | |
| | 11 | 5 | 2 | 7 | 1 | 4 | 5 | മെച്ചം | മെച്ചം |
| ആകെ | | 7 | 7 | 14 | 1 | 4 | 5 | | |
| ആകെ 26 | | 26 | 21 | 47 | 1 | 10 | 11 | | |

അലംബം സെക്കന്ററി ഡാറ്റാ.

മതിയായ കാമ്പസ് വിസ്തീർണമുള്ള സ്കൂളുകൾ വിരളമാണ്, കളിസ്ഥലവും കൂടി ബന്ധപ്പെടുത്തുമ്പോൾ താഴക്കോട് എൽപി.പൂളപ്പൊടിൽ എൽ.പി.സർക്കാർ സ്കൂളുകളുടെയും മുത്താലത്ത് എ.എൽ.പി.എസി ന്റേയും സ്ഥിതി പരമ ദയനീയമാണ്. എം.എം.ഓയു മായി ബന്ധപ്പെട്ട സ്കൂളുകളുടെ കാമ്പസ് വിസ്തീർണ്ണം നിർണയിക്കപ്പെടാതെ കിടക്കുന്നു. പിന്നെ ചേന്നമംഗ ല്ലൂർ ഗവ.യു.പി, എ.യു.പി.എസ്. താഴക്കോട് എന്നിവ യൊഴികെയുള്ളവയ്ക്ക് പരിമിതമായ തോതിലാണെ ങ്കിലും കളിസ്ഥലമുണ്ടെന്നത് ആശ്വാസകകരമാണ്. ബഹുഭൂരിപക്ഷം ക്യാമ്പസുകലും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തവയാണ്.

വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങളുടെ സ്ഥിതി മൊത്തത്തിൽ ആശാവഹമല്ല. മെച്ചപ്പെട്ട ക്ലാസ്മുറി കൾ ഒരു ന്യൂനപക്ഷത്തിന് മാത്രമേ ലഭ്യമാകുന്നുള്ളൂ. നീലേശ്വരം ഹൈസ്കൂളിലെ 2/3 ക്ലാസ് മുറികളും ഓല ഷെഡ്ഡുകളിലെ പരിതാപകരമായ അവസ്ഥയിലാണു ള്ളത്. ഒരേസമയത്ത് കൂടുതൽ കുട്ടികൾക്ക് ഉപയോഗി ക്കുവാൻ കഴിയുന്ന വിധത്തിൽ മൂത്രപ്പുരകളുടെ ലഭ്യത യെങ്കിലും മൂത്രപുരകളില്ലാത്ത 2 സ്കൂളുകളുമാണ്. ഒന്ന് സ്വകാര്യവും ഒന്ന് സർക്കാരും എന്നത് കാണാതി രുന്നുകൂടാ.(പട്ടിക 5)

വിദ്യാലയത്തിന് തനതായതോ പൊതു സംവിധാന ത്തിന്റെ ഭാഗമായതോ ആയ കുടിവെള്ള സൗകര്യമി ല്ലാത്ത 5 സ്കൂളുകളുണ്ട്. 5 വിദ്യാലയങ്ങൾക്ക് പൂർണ മായും 3 വിദ്യാലയങ്ങൾക്ക് ഭാഗികമായും വൈദ്യുതീ കരണം ഇല്ല. പാചകമുറിയും സ്റ്റാഫ് റൂമും ഇല്ലാത്ത 5 വീതം സ്കൂളുകളുണ്ട്. പാചകമുറിയില്ലാത്തവയിൽ 4ഉം എൽ.പി.സ്കൂളുകളാണെന്നത് പ്രാധാന്യമർഹിക്കുന്നു. ബഞ്ച്, മേശ, കസേര, എന്നിവയുടെ ദാരിദ്ര്യമനുഭവി ക്കുന്ന 5 വിദ്യാലയങ്ങളുണ്ടെന്നത് അവയിൽ 2 എണ്ണം മുക്കം നീലേശ്വരം ഹൈസ്കൂൾ നമ്മുടെ പഞ്ചായ ത്തിലെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതി കാവസ്ഥ മെച്ചപ്പെടുത്താൻ ഏറെ നാം ചയ്യേണ്ടിയിരി ക്കുന്നുവെന്ന് കാണിക്കുന്നു.

അക്കാദമിക സൗകര്യങ്ങളുടെ അപര്യാപ്തത ഏറെ നിഴലിച്ചു നിൽക്കുന്ന 4 വിദ്യാലയങ്ങളിൽ ലബോറട്ട റിയും 2 സ്കൂളുകിൽ ലൈബ്രറിയും പരിമിതമായിട്ടെ ങ്കിലും ഇല്ല. മാപ്പുകളും ചാർട്ടുകളും ഇല്ലാത്ത ഒരു യു.പിയടക്കം 3 വിദ്യാലയങ്ങൾ ഉണ്ട്. റേഡിയോയും, ടേപ്പ് റിക്കോർഡുകളും ഇല്ലാത്ത 2 ഹൈസ്കൂളും 5 യു.പിയും മുഴുവൻ എൽപി.സ്കൂളും ഉണ്ടെന്നത് കാണാം. ടി.വി.സെറ്റും വി.സിആർ, വി.സി.പിയും കമ്പ്യൂട്ടറും എങ്ങുമില്ലതന്നെ. ചേന്നമംഗല്ലൂർ ഹൈസ്കൂ

പട്ടിക 3 സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ യു.പി/ എൽ.പി. പ്രീപ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | പുരുഷന്മാർ | സ്ത്രീകൾ | | |
| 1. GLPS താഴക്കോട് | LP | ✓ | - | - | - | 94 | 98 | 192 | 7 | 7 | 4 | 3 | 22സെന്റ് | ഇല്ല |
| 2. GLPS പൂളപ്പൊയിൽ | LP | ✓ | - | - | - | 160 | 140 | 300 | 7 | 7 | 4 | 3 | 22സെന്റ് | ഇല്ല |
| 3. GMUPS ചേന്ദമംഗല്ലൂർ | UP | ✓ | - | - | - | 468 | 406 | 874 | 30 | 29 | 17 | 12 | 86സെന്റ് | 10സെന്റ് |
| 4. GWUPS താഴക്കോട് | UP | ✓ | - | - | - | 140 | 136 | 276 | 8 | 8 | 4 | 4 | 72സെന്റ് | 25സെന്റ് |
| 5. GUPS മണാശേരി | UP | ✓ | - | - | - | 371 | 333 | 704 | 20 | 19 | 9 | 10 | .48ഹെക്ടർ | 50സെന്റ് |
| 6. GHS നീലേശ്വരം | HS | ✓ | - | - | - | 554 | 487 | 1041 | 41 | 41 | 31 | 10 | 3ഏക്കർ | $1^{1}/_{2}$ഏക്കരർ |
| | | | | | | 1787 | 1600 | 3387 | 113 | 111 | 69 | 42 | | |
| 1. MMOLPS മുക്കം | LP | – | ✓ | - | - | 55 | 275 | 330 | 12 | 12 | 2 | 10 | 1ഏക്കർ | അരഏക്കർ |
| 2. MMOALPS നെല്ലിക്കുന്ന് | LP | – | ✓ | - | - | 229 | 17 | 246 | 10 | 10 | 8 | 2 | – – | |
| 3. ALPS കച്ചേരി | LP | – | ✓ | | - | 40 | 45 | 85 | 4 | 4 | 2 | 2 | 40സെന്റ് | – |
| 4. ഗുഡ്ഹോപ്പ് ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂൾ ചേന്ദമംഗല്ലൂർ | LP | – | - | ✓ | ✓ | 19 | 14 | 33 | 6 | 6 | 0 | 6 | – | – |
| 5. അൽ-ഇസ്ലാഹ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ചേന്ദമംഗല്ലൂർ | LP | – | - | ✓ | ✓ | 7 | 7 | 14 | 5 | 5 | 1 | 4 | – | – |
| 6. ALPS മുത്താലത്ത് | LP | – | ✓ | - | - | 174 | 144 | 318 | 11 | 11 | 3 | 8 | 14സെന്റ് | – |
| 7. LFUPS വേനപ്പാറ | UP | – | ✓ | - | - | 412 | 420 | 832 | 27 | 27 | 9 | 18 | 1ഏക്കർ | 30 സെന്റ് |
| 8. St. T.UPS കല്ലരുട്ടി | UP | – | ✓ | - | - | 161 | 144 | 307 | 13 | 13 | 3 | 10 | ഒന്നര ഏക്കർ | 40സെന്റ് |
| 9. AUPS താഴക്കോട് | UP | – | ✓ | - | - | 115 | 81 | 196 | 9 | 9 | 3 | 6 | 42 സെന്റ് | 500 ച.മി |
| 10. MKNMMOHS(G) മുക്കം | HS | – | ✓ | - | - | – | 861 | 861 | 31 | 31 | 6 | 25 | – – | |
| MAM ടി.ടി.ഐ. മുക്കം | TTI | – | ✓ | - | | | | | 3 | 3 | 3 | – | – | |
| 11. MKHMMO HS (B) മണാശേരി | HS | – | ✓ | - | - | 469 | – | 469 | 25 | 25 | 18 | 7 | 8ഏക്കർ | – |
| 12. MHS മുക്കം | HS | – | ✓ | - | - | 440 | 278 | 718 | 29 | 28 | 15 | 13 | 6ഏക്കർ | 2 ഏക്കർ |
| 13. CHS ചേന്ദമംഗല്ലൂർ | HS | – | ✓ | - | - | 456 | 420 | 876 | 31 | 31 | 29 | 2 | മൂന്നര ഏക്കർ | 1 ഏക്കർ |
| | | | | | | 2577 | 2708 | 5255 | 216 | 215 | 102 | 113 | | |

## പട്ടിക നാല്

ഉപരിപഠനരംഗം

| ഇനം | സ്ഥാപനത്തിന്റെ പേര് | വിദ്യാർത്ഥികൾ PDC | | | DC | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| റഗുലർ | 1. എം.എ.എം.ഒ.കോളേജ് | 267 | 245 | 512 | 87 | 98 | 185 | 17 | 7 | 24 |
| കോളേജ് | 2. സുന്നയ്യ കോളേജ് | 35 | 37 | 72 | – | – | – | 3 | – | 3 |
| +2 | 3. എംകെഎച്ച്എംഎംഒ.വിഎച്ച്എസ്. മുക്കം | – | 100 | 100 | – | – | – | 3 | 4 | 7 |
| | ആകെ | 302 | 382 | 684 | 87 | 98 | 185 | 23 | 11 | 34 |
| | ഇസ്ലാഹിയ കോളേജ് | 70 | 85 | 155 | 47 | 38 | 85 | 19 | 4 | 23 |
| സമാന്തരം | പാരമൗണ്ട് കോളേജ് | 100 | 67 | 167 | – | – | – | 10 | 1 | 11 |
| | അക്കാദമി | 44 | 43 | 87 | 07 | 09 | 16 | 09 | 3 | 12 |
| | ആകെ | 214 | 195 | 409 | 54 | 47 | 101 | 38 | 8 | 46 |
| | 1. പ്രേംചന്ദ് ഹിന്ദി കോളേജ് | 10 | 30 | 40 | – | 3 | 3 | – | 3 | 3 |
| | 2. മഹാത്മ ഹിന്ദി കോളേജ് | 03 | 29 | 32 | | | | 1 | 2 | 3 |
| സമാന്തരം (ഭാഷ) | 3. കാലിഗ്രാഫിട്രെയിനിങ് സെന്റർ (കേന്ദ്രസഹായം ലഭിക്കുന്ന ഉറുദു കോളേജ്)ചെന്ദമംഗല്ലൂർ | 28 | 14 | 42 | | | | | 3 | 3 |
| | ആകെ | 41 | 73 | 114 | | | | 1 | 8 | 9 |
| | 1. ഓർഫനേജ് ഐടിഐ മുക്കം | 83 | 06 | 89 | | | | 8 | 1 | 9 |
| | 2. ICL കമ്പ്യൂട്ടർസെന്റർ മുക്കം | 28 | 07 | 35 | | | | 2 | 1 | 3 |
| | 3. കേംബ്രിഡ്ജ് മുക്കം | 62 | – | 62 | | | | 5 | – | 5 |
| | 4. ഏനിയാക് മുക്കം | 06 | – | 6 | | | | 1 | 1 | 2 |
| | 5. ഡോൺബോസ്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മമ്പറ്റ | 27 | 17 | 44 | | | | 2 | 2 | 4 |
| | ആകെ | 206 | 30 | 236 | | | | 18 | 5 | 23 |

അവലംബം: സെക്കന്ററി ഡാറ്റാ

**പട്ടിക 5**

**സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ**

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | മുറികളുടെ എണ്ണംസ്ഥിരം/ അർദ്ധ സ്ഥിരം | നിലവിലുള്ള മൂത്രപുരകളുടെ എണ്ണം | നിലവിലുള്ള കക്കൂസുളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല | വൈദ്യുതീകരണം ഉണ്ട്/ ഇല്ല |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| ജി.എൽ.പി.എസ്. താഴക്കോട് | 6 | 3 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| എം.എം.ഒ.എൽ.പിഎസ്.മുക്കം | 10 | 9 | 1 | 1 | ഇല്ല | ഉണ്ട് |
| എം.എം.ഒ.എ.എൽ.പി.എസ്.നെല്ലിക്കുന്ന് | 8 | 8 | 5 | 2 | ഉണ്ട് | ഇല്ല |
| എ.എൽ.പി.എസ്.കച്ചേരി | 4 | 4 | 1 | 1 | ഇല്ല | ഇല്ല |
| ജി.എൽ.പി.എസ്.പുളപ്പൊയിൽ | 6 | 3 | 2 | 1 | ഇല്ല | ഇല്ല |
| എ.എൽ.പി.എസ്.മുത്താലത്ത് | 10 | 6 | ഇല്ല | 1 | ഉണ്ട് | ഭാഗികം |
| ജി.എം.യുപി.എസ് ചേന്ദമംഗല്ലൂർ | 24 | 17 | 2 | 5 | ഉണ്ട് | ഭാഗികം |
| ജി.യു.പി.എസ്.മണാശേരി | 18 | 11 | 3 | 2 | ഉണ്ട് | ഭാഗിം |
| ജി.ഡബ്ലിയു.യു.പി.എസ്. താഴക്കോട് | 8 | 8 | 2 | 2 | ഉണ്ട് | ഭാഗികം |
| സെന്റ് തോമസ് യു.പി.എസ്.കല്ലുരുട്ടി | 9 | 11 | 2 | 2 | ഉണ്ട് | ഉണ്ട് |
| എ.യു.പി.എസ്.താഴക്കോട്. | 6 | 7 | 2 | 1 | ഇല്ല | ഇല്ല |
| എം.കെ.എച്ച്.എം.എം.ഒ.എച്ച്.എസ് (ജി)മുക്കം | 20 | 36 | 14 | 4 | ഉണ്ട് | ഉണ്ട് |
| എം.കെ.എച്ച്.എം.എം.ഒ.എച്ച്.എസ് (ബി) മുക്കം | 14 | 21 | 2 | 2 | ഉണ്ട് | ഉണ്ട് |
| എം.എച്ച്.എസ്.മുക്കം | 18 | 20 | 2 | 1 | ഉണ്ട് | ഉണ്ട് |
| സി.എച്ച്.എസ്.ചേന്ദമംഗല്ലൂർ | 18 | 22 | 3 | 3 | ഉണ്ട് | ഉണ്ട് |
| ജി.എച്ച.എസ്.നീലേശ്വരം | 24 | 10 | 2 | 4 | ഉണ്ട് | ഉണ്ട് |
| എൻ.എഫ്യു.പി.എസ് വേനപ്പാറ | 20 | 22 | 1 | 1 | ഉണ്ട് | ഉണ്ട് |

പട്ടിക 6

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | ലാബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ ഇല്ല പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ(മാപ്പുകൾ, ചാർട്ടുകൾ,ഗ്ലോബുകൾ)വേണ്ടത്ര ഉണ്ട്/ഇല്ല | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത് | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസ് റൂം പി.ടി.എ കൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| GLPS താഴക്കോട് | Y | Y | Y | ✓ | X | Y |
| MMOLPS മുക്കം | Y | .. | Y | - | Y | Y |
| MMOALPS നെല്ലിക്കുന്ന് | Y | .. | Y | - | .. | .. |
| ALPS കച്ചേരി | .. | .. | .. | - | Y | Y |
| GLPS പൂളപ്പായിൽ | .. | .. | Y | - | Y | Y |
| ALPS മുത്താലത്ത് | Y | .. | .. | - | Y | Y |
| GMUPS ചേന്നമംഗല്ലൂർ | Y | Y | Y | ✓ | Y | .. |
| GUPS മണാശ്ശേരി | Y | Y | Y | - | Y | Y |
| LFUPS വേനപ്പാറ | Y | Y | Y | - | Y | Y |
| GWUPS താഴക്കോട് | Y | Y | Y | ✓ | Y | Y |
| St. T.U.PS കല്ലുരുട്ടി | Y | Y | Y | - | Y | Y |
| AUPS താഴക്കോട് | Y | Y | Y | ✓ | Y | Y |
| MKHMMOHS(A) മുക്കം | Y | Y | Y | - | Y | - |
| MKHMMOHS (B) മണാശ്ശേരി | Y | Y | Y | - | Y | - |
| MHS മുക്കം | Y | Y | Y | ✓ | Y | Y |
| CHS ചേന്നമംഗല്ലൂർ | Y | Y | Y | - | Y | Y |
| GHS നീലേശ്വരം | Y | Y | Y | ✓ | Y | Y |

(അവ:സെക്കന്ററി ഡാറ്റ)

ളിൽ സ്ലൈഡ് ഓവർഹെഡ് പ്രൊജക്ടറും നീലേശ്വരത്ത് സ്ലൈഡ് പ്രൊജക്ടറും ഉണ്ട്. എം.എം.ഒ.വി.എച്ച്.എസ്. എസിൽ ഓവർഹെഡ് പ്രൊജക്ടറും ഉണ്ട്. (പട്ടിക 6)

ബ്ലാക്ക് ബോർഡുകൾ ആവശ്യമായ 7 സ്കൂളുകളുണ്ട്. മാതൃസംഗമംസജീവമല്ലാത്ത 2 സ്കൂളുകളേ ഉള്ളൂ. ക്ലാസ്സ്റൂം പി.ടി.എ കൾ മിക്കയിടത്തും അതിന്റേതായ അർത്ഥത്തിൽ സജീവമല്ല.

കുട്ടികൾക്ക് ലഭിക്കുന്ന സാമ്പത്തികാനുകൂല്യങ്ങളിൽ ലംസംഗ്രാന്റ് ആണ് പ്രധാനമായത്. മുസ്ലിം ഗേൾസ് സ്കോളർഷിപ്പ് രണ്ടാമത് വരുന്നു. വികലാംഗസ്കോളർഷിപ്പ് 30ഉം മെറിറ്റ് സ്കോളർഷിപ്പ് 27ഉം മത്സ്യത്തൊഴിലാളി സ്കോളർഷിപ്പ് 24ഉം മെറിറ്റോറിയം

## പട്ടിക – 7

അക്കാദമിക് നിലവാരം

| ക്ലാസ്സ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | |
|---|---|---|---|---|---|---|
| | | 30%താഴെ കുട്ടികൾ | 30–4% നേടുന്നവർ | 40–50 ശതമാനം നേടുന്നവർ | 50–60 ശതമാനം നേടുന്നവർ | 60%ത്തിൽ മേൽ നേടുന്നവർ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 3 | 723 | 229 | 156 | 122 | 87 | 128 |
| 4 | 762 | 216 | 187 | 166 | 92 | 101 |
| 5 | 1014 | 334 | 203 | 169 | 124 | 184 |
| 6 | 987 | 425 | 229 | 172 | 69 | 92 |
| 7 | 1074 | 451 | 227 | 183 | 109 | 104 |
| 8 | 1035 | 619 | 198 | 124 | 55 | 40 |
| 9 | 939 | 321 | 196 | 109 | 55 | 58 |
| 10 | 778 | 458 | 127 | 85 | 66 | 42 |
| | 7312 | 3053 | 1523 | 1130 | 657 | 749 |

(അവ:സെക്കന്ററി ഡാറ്റ)

സ്കോളർഷിപ്പ് (എസ്.സി) 8ഉം ജവാന്മാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്പ് 5ഉം ലഭിക്കുന്നുണ്ട്. സുനേത്ര സ്കീം പ്രകാരം ധാരാളം കുട്ടികൾക്ക് കണ്ണടയും ലഭിച്ചിട്ടുണ്ട്.

കുട്ടികൾക്ക് ലഭിച്ചിട്ടചുള്ള അവാർഡുകളുടെ എണ്ണം പരിമിതമാണ്. എൽ.എഫ്.യു.പി.വേനപ്പാറ, ചേന്നമംഗല്ലൂർ എച്ച്.എസ്,ജി.എച്ച്.എസ് നീലേശ്വരം എന്നീ വിദ്യാലയങ്ങളിൽ നിന്നുള്ള 5 കുട്ടികൾ ജില്ലാതലത്തിലുള്ള അവാർഡിനർഹരായിട്ടുണ്ട്. മുക്കം ഹൈസ്കൂളിലെ വിദ്യാർത്ഥിനികൾക്ക് സംസ്ഥാനതലത്തിലും ദേശീയ തലത്തിലും യഥാക്രമം ഒന്നും രണ്ടും വീതം രാഷ്ട്രപുരസ്കാരം അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

സ്കൂളുകളുടെ ദൈനംദിന ചെലവുകളിൽ (കഞ്ഞി, ഫർണിച്ചർ, ലഘു റിപ്പെയറിംഗ്) പി.ടി.എയുടെ നേതൃപരമായ പങ്ക് നിർവഹിക്കുന്നത് കേവലം 5 സ്ഥാപനങ്ങളിൽ മാത്രമാണ്. ശേഷിക്കുന്നവയിൽ 5 എണ്ണത്തിൽ പങ്കാളിത്തമുണ്ട്. എന്നാൽ 7 സ്ഥാപനങ്ങളുടെ കാര്യത്തിൽ നാമമാത്രമായിപോലും പി.ടി.എയുടെ പങ്കാളിത്തം കാണാൻ കഴിയുന്നില്ല. പൊതവിദ്യാഭ്യാസരംഗത്തെ ഒരു പുത്തൻ ഉണർവിനായി കാതോർക്കുമ്പോൾ നാം പഠനത്തിന് വിധേയമാക്കേണ്ട കാര്യമാണിത്.

അക്കാദമിക് നിലവാരപരിശോധനഅമ്പരപ്പിച്ചേക്കാവുന്ന ഒരു ചിത്രമാണ് നൽകുന്നത്. 30 ശതമാനത്തിന് താഴെ മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ശതമാനം 42 ആണെന്നത് നമ്മുടെപഞ്ചായത്തിലെ പണം നിലവാരത്തിന്റെ ദിശാസൂചകമാണ്. 40 ശതമാനത്തിന് താഴെ മാർക്ക് ലഭിക്കുന്നവരുടെ കാര്യവുംകൂടി പരിഗണിച്ചാൽ 100 കുട്ടികളിൽ 63പേരും ഈ വിഭാഗത്തിൽ പെടുന്നത് ഒട്ടും അഭിമാനാവഹമല്ല. 3,4 ക്ലാസ്സുകളെ ആസ്പദമാക്കുമ്പോൾ ഇത് 100ന് 53 ആണെന്നത് ആശ്വാസം പകരുമെന്ന് തോന്നാമെങ്കിലും അക്ഷരവും അക്കവും വേണ്ടത്ര ഉറയ്ക്കാത്ത കുട്ടികൾ 53 ശതമാനം വരുമെന്ന കാര്യം നാമോർക്കണം. 30 ശതമാനത്തിന് താഴെ മാർക്ക് ലഭിക്കുന്ന മുൻപറഞ്ഞ കുട്ടികളുടെ കാര്യം മാത്രമെടുക്കുക. ജില്ലാശരാശരി 30-35 ശതമാനമാണെന്ന് കാണുമ്പോൾ നമ്മുടെ പതനം എത്ര ഗൗരവതരമെന്ന് ബോധ്യമാകുന്നു. (പട്ടിക 7)

കഴിഞ്ഞ മൂന്നാണ്ടുകളിലെ നമ്മുടെ 5 ഹൈസ്കൂളുകളുടെ എസ്.എസ്.എൽ.സി. വിജയശതമാനം പരിശോധിക്കുക. ശരാശരി 75 ശതമാനം വിജയം കൈവരിച്ച ചേന്നമംഗല്ലൂർ ഹൈസ്കൂൾ മറ്റു സ്കൂളുകളെ അപേക്ഷിച്ച് ഏറെ മുന്നിലാണ്. പരീക്ഷയ്ക്കിരുന്ന വിദ്യാർത്ഥികളുടെ എണ്ണവും ഗണ്യമാണ്. 1995-96 അധ്യയന വർഷത്തിൽ പരീക്ഷയ്ക്കിരുന്ന 745 വിദ്യാർത്ഥികളിൽ 322 പേരാണ് വിജയിച്ചത്. അതായത് വിജയശതമാനം 43.22 സംസ്ഥാന ശരാശരിയേക്കാൾ 7 ശതമാനം കുറവ്! വിദ്യാഭ്യാസ സൗകര്യങ്ങളുടെയും സാമാന്യം ഭേദപ്പെട്ട നിലവാരത്തിന്റെയും മേനിയാർന്ന പാരമ്പര്യം സ്മരണകളായിത്തീർന്നുകൂടാ. സംസ്ഥാന ശരാശരിയിലെങ്കിലുമെത്തിച്ചേരാൻ ഒരു ഹ്രസ്വകാല തീവ്രയത്നപദ്ധതി നാം ഉടനടി രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. (പട്ടിക 8)

നിരവധി വസ്തുതകൾ വിദ്യാഭ്യാസ നിലവാരം താഴുന്നതിന് കാരണമായി ചൂണ്ടിക്കാണിക്കാം. ദൃശ്യമാധ്യമങ്ങളുടെ അനാരോഗ്യകരമായ വ്യാപനം, നിലവാരം കുറഞ്ഞ പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം, എന്നിവ അനഭിലഷണീയമായ പ്രവണതകൾ

## പട്ടിക 8

എസ്.എസ്.എൽ.സി. വിജയശതമാനം

| | സ്കൂൾ | വർഷം/ശതമാനം | | | 1995ൽ വിജയിച്ചവർ ആകെകുട്ടികൾ | ഗ്രാമപഞ്ചായത്തിലെ വിജയശതമാനം |
|---|---|---|---|---|---|---|
| | | 93–94 | 94–95 | 95–96 | | |
| 1. | ചേന്ദമംഗല്ലൂർ ഹൈസ്കൂൾ | 74 | 75 | 74 | 157/212 | |
| 2 | എംകെ.എച്ച്.എം.എം.ഒ വി.എച്ച്.എസ്.എസ് മുക്കം | 41 | 36 | 50 | 66/132 | 322/745 = 43.22 |
| 3. | എം.എച്ച്.എസ് മുക്കം | 31 | 36 | 33 | 63/190 | |
| 4. | ജി.എച്ച്.എസ് നീലേശ്വരം | 12 | 7 | 21 | 30/144 | |
| 5. | എം.കെ.എച്ച്.എം.എം.ഒ.എച്ച്.എസ് ബി മണാശേരി | 31 | 18 | 9 | 6/67 | |

(അവ:സെക്കന്ററി ഡാറ്റ)

വിദ്യാർത്ഥികളിലുളവാക്കുന്നു. അശാസ്ത്രീയമായ അംഗനവാടി ബോധനരീതി, ഇന്നത്തെ പരീക്ഷാ സമ്പ്രദായത്തിന്റെ പാർശ്വഫലമായ അമിതമായഗൈഡ്, ട്യൂഷൻ അഭിവാഞ്ച, കാലികമായി പരിഷ്കരിക്കപ്പെടാത്ത ബോധനരീതി, ഒരു പരിധിവരെയെങ്കിലും കാണാവുന്ന ബോധന സന്നദ്ധതയില്ലായ്മ എന്നിവയെല്ലാം ചൂണ്ടിക്കാണിക്കാവുന്നതാണ്. ചിലയിടങ്ങളിലെങ്കിലും അമിതമായ പഠിപ്പുമുടക്കുസമരങ്ങളും നിലവാരത്തകർച്ചയ്ക്ക് ആക്കംകൂട്ടുന്നുണ്ട്.

ഇന്നുകളുടെ ഈ വിഷമസന്ധിയിൽ നിന്ന് നമുക്ക് മുന്നേറിയേ പറ്റൂ. തദനുസൃതമായ നീക്കത്തിന് നാം വഴികണ്ടെത്തണം.

**നിർദ്ദേശങ്ങൾ**

✡ എൽ.പി.സ്കൂളുകളോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കുക.

✡ ക്ലാസ്സ് റൂം മാതൃസംഗമം കൃത്യമായ ഇടവേളകളിൽ കാര്യക്ഷമമായി വിളിച്ചുചേർക്കുക. ബന്ധപ്പെട്ട മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം മാതൃസംഗമത്തിൽ ഉറപ്പുവരുത്തുക.

✡ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അധ്യാപകർക്ക് റിഫ്രെഷർ കോഴ്സുകൾ നടത്തുക.

✡ പഞ്ചായത്ത് സ്കൂൾ കോംപ്ലക്സുകൾ രൂപീകരിച്ച് നിശ്ചിത കാര്യപരിപാടചികളോടെ കൃത്യമായി ഇടവേളകളിൽ അധ്യാപകരുടെ സംഗമങ്ങൾ നടത്തുക.

✡ കലാമത്സരങ്ങൾ ഇന്നത്തെ രീതിയിൽ നിന്നും വിഭിന്നമായി പഞ്ചായത്ത് കോംപ്ലക്സ് തലത്തിൽ നടത്തി അവിടംകൊണ്ടവസാനിപ്പിക്കുക.

✡ പഞ്ചായത്ത് തലവിദ്യാഭ്യാസ സമിതിയുടെ പ്രതിനിധി സംഘം വിദ്യാലയങ്ങളിൽ സൗഹൃദ സന്ദർശനങ്ങൾ നടത്തുക (ജനകീയ മോണിറ്ററിംഗ്)

✡ അതാത് സ്കൂളുകളെ കേന്ദ്രീകരിച്ച് സുശക്തമായ വിദ്യാഭ്യാസ സമിതി രൂപീകരിച്ച് പി.ടി.ഐ. എം.പി.ടിഎകളുമായി സഹകരണബന്ധം ഉറപ്പുവരുത്തി പ്രവർത്തിക്കുക.

✡ അയൽപക്ക വിദ്യാലയ സമുച്ചയത്തിലെ അധ്യാപകർ നിശ്ചിതമായ ധാരണയോടെ പരസ്പരം സ്കൂളുകൾ മാറി "പുതുമ നിറഞ്ഞ ക്ലാസ്സുകൾക്ക് അവസരങ്ങളുണ്ടാക്കുക, ആരോഗ്യകരമായ മത്സര ഉണർവ്വ് അധ്യാപക വിദ്യാർത്ഥികളിലും സൃഷ്ടിക്കാൻ ഇത് പര്യാപ്തമാവണം.

✡ ജനകീയ പങ്കാളിത്തത്തോടെ ബോധനോപകരണങ്ങളുടേയും മറ്റും ശില്പശാലകൾ സംഘടിപ്പിക്കുക.

✡ കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് ശാസ്ത്രീയമായൊരു അവബോധം സൃഷ്ടിക്കാനുതകുന്ന തരത്തിൽ രക്ഷിതാക്കൾക്ക് ബോധവൽക്കരമ ക്ലാസ്സുകൾ നല്കുക.

✡ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർധിപ്പിക്കുന്നതിൽ സർക്കാരിന്റെ ബാദ്ധ്യത ഉറപ്പുവരുത്തുന്നതോടൊപ്പം രിതാക്കളുടെയും ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക.

✡ പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കാൻ നടപടി സ്വീകരിക്കുക.

✡ കായികാധ്യാപനത്തിന് ഊന്നൽ നല്കുക.

✡ ഇന്ന് ജില്ലാപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കികൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പദ്ധതി കാര്യക്ഷമമായി ഏറ്റെടുത്ത് നടപ്പിൽ വരുത്തുക.

✡ 12 ഗ്രാമങ്ങളിൽ നിന്നായി ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആവശ്യങ്ങളും ക്രോഡീകരിച്ച് പദ്ധതി രൂപീകരണത്തിനായി സമർപ്പിക്കുന്നു.

✡ ജി.എൽ.പി.എസ് താഴക്കോടിന്റെ ശോച്യമായ അവസ്ഥയ്ക്ക് പരിഹാരം കാണുക. കെട്ടിടം, മൂത്രപ്പുര എന്നിവ നിർമ്മിക്കുക.

✡ മുക്കം ഹൈസ്കൂൾ, ഗവണ്മെന്റ് ഏറ്റെടുക്കുക. ആറര ഏക്രയോളം വരുന്ന കാമ്പസ് ഉണ്ട്. മുൻപേ നിർമ്മാണത്തിലിരുന്ന ഗ്രൗണ്ട് നിർമ്മാണം പൂർത്തീകരിക്കുക.

✡ അഗസ്ത്യൻമൂഴിയിൽ ഒരു എൽ.പി.സ്കൂൾ സ്ഥാപിക്കുക.

✡ ജി.ഡബ്ലിയു. യു.പിസ്കൂൾ താഴക്കോടിനു ചുറ്റുമതിൽ നിർമ്മിക്കുക, കെട്ടിടം പണിയുക.

✡ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളിൽ ഗണ്യമായ ഭാഗം പഠിക്കുന്ന വിദ്യാലയങ്ങളാണ് ജി.യു.പി.എസ് മണാശ്ശേരിയും മുക്കം ഹൈസ്കൂളും, ഇതുകണക്കിലെടുത്ത് പ്രത്യേക പരിഗണന ഈ സ്ഥാപനങ്ങൾക്ക് നല്കുക. (മൊത്തം 1038 എസ്.സി. വിദ്യാർത്ഥികളിൽ 408 പേർ ഇവിടങ്ങളിലാണ്)

✡ വിദ്യാർത്ഥികളുടെ കുറവ് അനുഭവിക്കുന്ന കച്ചേരി എൽ.പി.എസ്.ന് സമീപം ഇരുവ(ഴ)ഞ്ഞിപ്പുഴയ്ക്ക് കുറുകെ ഒരു തൂക്കുപാലം നിർമ്മിക്കുക.

✡ പൊറ്റശ്ശേരി എൽ.പി.സ്കൂൾസ്ഥാപിക്കുക.

✡ ചേന്നമംഗല്ലൂർ ഹൈസ്കൂളിൽ കമ്പ്യൂട്ടർ ബന്ധിത പ്ലസ്ടു കോഴ്സ് അനുവദിക്കുക.

✡ എം.എ.എം.ഒ കോളേജ് പ്രീഡിഗ്രിക്ക് സെക്കന്റ് ഗ്രൂപ്പും ഡിഗ്രിക്ക് കൂടുതൽ സയൻസ് ഗ്രൂപ്പുകളും അനുവദിക്കുക.

✡ ജി.യു.പി.എസ്.മണാശ്ശേരിയിൽ ഒരു പ്രീപ്രൈമറി അരംഭിക്കുക. ചുറ്റുമതിൽ കെട്ടുക, കെട്ടിടം നിർമ്മിക്കുക.

✡ മാനേജ്മെന്റുമായി ബന്ധപ്പെട്ട എ.യു.പി.എസ്. മുത്താലത്തിന്റെ ഭൗതികസാഹചര്യങ്ങൾ വർധിപ്പിക്കാനുള്ള വഴികളാരായുക.

✡ നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസ പരമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന വാർഡ് 8ൽ ഒരു എൽ.പി. സ്കൂൾ തുടങ്ങുക. (ആവശ്യമായ സ്ഥലം നൽകാൻ ജനങ്ങൾ തയ്യാറാണ്)

✡ പഞ്ചായത്തിലെ ഏക ഗവണ്മെന്റ് ഹൈസ്കൂളാണ് നീലേശ്വരം. ആവശ്യമായ ക്ലാസ്സുമുറികളുടെ മൂന്നിലൊന്നുപോലും ലഭ്യമല്ല. 20 ക്ലാസ്സുമുറികളെങ്കിലും പ്രദാനം ചെയ്യുന്ന കെട്ടിടങ്ങൾ നിർമിക്കുക. അതോടൊപ്പം വൊക്കേഷണൽ ഹയർസെക്കന്ററി സ്ഥാപിക്കുക, കളിസ്ഥലം നിർമ്മിക്കുക, എൽപി/യു.പി, എച്ച്.എസ്. വിഭാഗത്തൽ നിന്ന് മാറ്റി പുതിയ ഹെഡ്മാസ്റ്ററെ നിയമിക്കുക.

✡ വാർഡ് 11ലെ വയൽക്കോട്ട് ഭാഗത്ത് ഒരു എൽ.പിസ്കൂൾ ആരംഭിക്കുക.

✡ ജി.എം.യു.പി.എസ് ചേനമംഗല്ലൂരിന് കളിസ്ഥലം നിർമ്മിക്കുന്നതിലും മറ്റും ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിന് ഒരുലക്ഷം രൂപയുടെ ജനകീയ പങ്കാളിത്തം ഉറപ്പുനൽകിയ പശ്ചാത്തലത്തിൽ ഇതിന് മുന്തിയ പരിഗണന നൽകണം. വാടകക്കെട്ടിടം നിൽക്കുന്ന സ്ഥലം സർക്കാർ ഏറ്റെടുക്കേണ്ടതാണ്.

✡ പൂതപ്പൊയിൽ ജി.എൻ.പി.എസിന് കെട്ടിടം പണിയുക.

✡ ഗ്രാമപഞ്ചായത്ത് പ്രദേശത്ത്നിന്ന് കൂടുതൽമാർക്ക് വാങ്ങുന്ന എസ്.എസ്.എൽ.സി. വിജയികൾക്കും ഏഴ്, നാല്, ക്ലാസുകളിൽ നിന്ന് കൂടുതൽ മാർക്ക് നേടുന്നവർക്ക് പഞ്ചായത്ത് വക അവാർഡ് ദാനചടങ്ങുകൾ സംഘടിപ്പിക്കുക.

✡ സ്വകാര്യ സ്കൂളിലെ അധ്യാപക നിയമനം PSCയ്ക്കു വിടുക.

നമ്മുടെ ഗ്രാമപഞ്ചായത്ത വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് തനതായ വ്യക്തിത്വം പുലർത്തി അസൂയാവഹമായ ഉയരങ്ങളിലാണെന്ന "മാനിയ' നമുക്കില്ലേ? ആവരണം മാറുമ്പോൾ നമുക്ക് ഞെട്ടാതിരിക്കണം. വിദ്യാഭ്യാസ നിലവാരത്തിന്റെ അളവുകോൽ SSLC വിജയശതമാനമാണെന്നത് (ശാസ്ത്രീയമായി സാംഗത്യമല്ലെങ്കിലും)പ്രചുരപ്രചാരമാമല്ലോ. വൈകിയെങ്കിലും, ഈ അധ്യയന വർഷത്തിൽ തന്നെ, ഈ കാര്യത്തിന് ഒരു ആക്ഷൻ പ്ലാൻ രൂപപ്പെടുത്താൻ ആതമാർഥമായ യത്നത്തിന് നമുക്ക് പ്രതീക്ഷ പുലർത്താം.



## 5.4

# പൊതുജനാരോഗ്യവും കുടിവെള്ളവും

### ആരോഗ്യം

ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്താണ്. "രണ്ടായിരമാണ്ടിൽ എല്ലാവർക്കും ആരോഗ്യം" എന്ന ലക്ഷ്യത്തിലേക്കുള്ള കുതിപ്പിൽ നമ്മുടെ ഗ്രാമപ്പഞ്ചായത്തിനും അതിന്റെ പങ്കു നിർവ്വഹിക്കേണ്ടതുണ്ട്.

നാട്ടുവൈദ്യന്മാരും പാരമ്പര്യചികിത്സകരും ഏറെയുണ്ടായിരുന്ന ഈ ഗ്രാമത്തിൽ ആയുർവേദ ചികിത്സാ സമ്പ്രദായത്തിനു തന്നെയായിരുന്നു കൂടുതൽ പ്രാധാന്യം. കാരന്തൂരിലെ ആര്യവൈദ്യൻ എം.എൻ.പണിക്കർ, ആനയാം കുന്നിലെ കോരുക്കുട്ടി വൈദ്യർ തുടങ്ങിയവർ മുക്കം കേന്ദ്രീകരിച്ചാണ് ചികിത്സ നടത്തിയത്. കുടിയേറ്റ മേഖലയുടെ സിരാകേന്ദ്രമായ മുക്കം പിൽക്കാലത്ത് ആധുനിക ചികിത്സാസൗകര്യങ്ങളുടെ കേന്ദ്രമായി മാറുന്നതിനു സഹായിച്ചു. കല്ലുരുട്ടിയിലെ അപ്പുണ്ണിവൈദ്യരെപ്പോലെ മറ്റുചിലരും ഈരംഗത്ത് അറിയപ്പെടുന്നവരാണ്.

വിഷചികിത്സാരംഗത്ത് മുക്കം ആദ്യകാലം മുതൽ അറിയപ്പെടുന്ന പ്രദേശമാണ്. ആയുർവേദ വിഷചികിത്സയിലൂടെ ആയിരങ്ങൾക്ക് ആശ്വാസം നല്കിയിട്ടുള്ള പ്രമുഖ വിഷവൈദ്യൻ പി.സി.അപ്പു, ഈ രംഗത്ത് അരനൂറ്റാണ്ടു പിന്നിട്ട തന്റെ സേവനം തുടരുന്നുണ്ട്. തോട്ടത്തിൻ കടവിലെ വിഷഹാരിയായ കുഞ്ഞേട്ടനും, ഗുളികയും മരുന്നുംനല്കി വിഷത്തിനു ചികിത്സിക്കുന്ന വാഴാമ്പാറ്റ നമ്പൂതിരിയും, പേരെടുത്തു പറയാൻ കഴിയാത്ത മറ്റുചിലരും വേനപ്പാറയിൽ ഒരുതരം കല്ലുപയോഗിച്ച് ചികിത്സ നടത്തിയിരുന്ന വികാരിയും മറ്റും ഈ മേഖലയിൽ അറിയപ്പെടുന്നവരാണ്.

എന്നാൽ വിഷബാധയ്ക്കുള്ള ആയുർവേദചികിത്സയും പാരമ്പര്യവൈദ്യവും "കുറ്റിയറ്റു പോകുന്ന' ദു:ഖകരമായ അവസ്ഥ ഒഴിവാക്കാൻ ആത്മാർഥമായ യത്നം അനിവാര്യമായിത്തീർന്നിരിക്കുന്നു.

ആധുനിക അലോപ്പതി ചകിത്സാരംഗത്ത് സർക്കാർ മേഖലയിൽ ചികിത്സാ സംവിധാനം ഈ പഞ്ചായത്തിൽ ആരംഭിച്ചത്. 1964ലാണ് പരേതനായ ശ്രീ.വി.മൊയ്തീൻകോയ ഹാജിയുടെ ശ്രമഫലമായി തുടങ്ങിയ മുക്കം പ്രൈമറി ഹെൽത്തുസെന്ററിനുവേണ്ടി മൂന്നര ഏക്കർ സ്ഥലം സംഭാവന ചെയ്തതും അദ്ദേഹം തന്നെയായിരുന്നു. 1990ൽ കമ്മ്യൂണിറ്റി ഹെൽത്തു സെന്ററായി ഉയർത്തിയ മുക്കം ആസ്പത്രിയുടെ കീഴിൽ നീലേശ്വരത്തും കാഞ്ഞിരമുഴിയിലും ചേന്ദമംഗല്ലൂരിലും ഓരോ സബ്സെന്റർ പ്രവർത്തിക്കുന്നുണ്ട്.

അലോപ്പതി ചികിത്സാ രംഗത്ത് സ്വകാര്യമേഖലയും ഇവിടെ ഗണനീയമായ പങ്കുവഹിക്കുന്നു. മുക്കത്തിനടുത്ത അഗസ്ത്യൻ മുഴിയിലെ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിലും മുക്കം രോഷ്നി ഹോസ്പിറ്റലിലും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാരുടെ എണ്ണപ്പെരുപ്പം കൊണ്ട് ശ്രദ്ധേയമായ ഒരു ഗ്രാമം കൂടിയാണ് മുക്കം. ഗ്രാമപ്രദേശങ്ങളിൽ സേവനമനുഷ്ടിക്കാൻ ഡോക്ടർമാർ പൊതുവെ മടികാണിക്കുന്ന ഇക്കാലത്ത് മുക്കം ഡോക്ടർമാരുടെ കുടിയേറ്റഗ്രാമമായി മാറിയിരിക്കുന്നതും എടുത്തുപറയേണ്ടിയിരിക്കുന്നു. ഇംഗ്ലീഷു മരുന്നുകൾ വില്പന നടത്തുന്ന 16 മെഡിക്കൽ ഷോപ്പുകൾ ഇവിടെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ എട്ടാം വാർഡിൽ വെണ്ണക്കോട്ട് ഒരു സർക്കാർ ആയുർവേദ ഡിസ്പ്പൻസറി പ്രവർത്തി

ക്കുന്നുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള "ഔഷധി" യുടെയും കേരളത്തിനകത്തും പുറത്തുമുള്ള മിക്ക സ്വകാര്യ ആയുർവേദ മരുന്നു നിർമാണശാലക്കാരുടെയും ഏജൻസികളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഇത്തരം ഏജൻസികളിൽ ആയുർവേദ ഡോക്ടർമാരുടെ സേവനവും ലഭിക്കുന്നുണ്ട്.

ഹോമിയോ ചികിത്സാസൗകര്യം സർക്കാർമ-മേഖലയിൽ ഇല്ലെങ്കിലും ഡോക്ടർമാരുടെ സേവനത്തോടുകൂടി 12 സ്വകാര്യഹോമിയോ ക്ലിനിക്കുകൾ ഇവിടെയുണ്ട്.

ഇത്ര വിപുലമായ ചികിത്സാ സൗകര്യങ്ങളെല്ലാമുണ്ടായിട്ടും നമ്മുടെ പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥിതി ഇതിനനുസൃതമായ നിലവാരം പുലർത്തുന്നില്ല. പ്രതിവർഷം 2850 പേർ പകർച്ചവ്യാധികൾ ബാധിച്ച് മുക്കം ഗവ.ആസ്പത്രിയിൽ ചികിത്സ തേടിയെത്തുന്നതായി കണക്കുകൾ കാണിക്കുന്നു. (പട്ടിക1 കാണുക)

ഹൃദ്രോഗം, ക്ഷയം, കുഷ്ഠം, ക്യാൻസർ എന്നിവ ഉൾപ്പെടെയുള്ള സ്ഥായിയായ രോഗം ബാധിച്ചവരുടെ സംഖ്യ ഇവിടെ 1349 ആണ്. അംഗവൈകല്യമുള്ള 61 പേരും മന്ദബുദ്ധികളായ 25 പേരും ഈ പഞ്ചായത്തിലുണ്ട്. [ദ്വിതീയവിവരശേഖരണത്തിൽ മുക്കം CHC യിൽ നിന്നു ലഭിച്ച ഈ കണക്കിൽ അയൽ പഞ്ചായത്തുകളിലുള്ളവരും ഉൾപ്പെടാൻ സാധ്യതയുണ്ട്.] നമ്മുടെ പഞ്ചായത്തിലെ പ്രധാന ആരോഗ്യപരിപാലന കേന്ദ്രങ്ങളും അവയുടെ പ്രശ്നങ്ങളും

**1. മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

അയലത്തെ അഞ്ചാറുപഞ്ചായത്തിലുള്ളവർകൂടി രോഗചികിത്സയ്ക്ക് ആശ്രയിക്കുന്ന മുക്കം കമ്മ്യൂണിറ്റി ഹെൽത്തുസെന്റർ കോഴിക്കോടിന് കിഴക്ക് രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള പ്രധാന ആസ്പത്രി എന്ന നിലയിൽ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. പ്രതിവർഷം ശരാശരി 40,000 പേർ ചികിത്സക്കെത്തുന്ന ഈ ആസ്പത്രിയിൽ 18പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമേ നിലവിലുള്ളൂ. 1990ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയെന്നു രേഖകളിൽ കാണാമെങ്കിലും അർഹമായ യാതൊരു വികസനങ്ങളും ഉണ്ടായിട്ടില്ല. ഈ ആസ്പത്രിയുടെ മുഖ്യപ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും ഇപ്രകാരം ക്രോഡീകരിക്കാം.

**കെട്ടിടസൗകര്യത്തിന്റെ അപ്യാപ്തത:** കുടുംബക്ഷേമപ്രവർത്തനങ്ങൾക്കു മുൻതൂക്കം നൽകുന്നതും ദിനംപ്രതി ശരാശരി മൂന്നു പ്രസവം നടക്കുന്നതുമായ മുക്കം ഗവ.ആസ്പത്രിയിൽ പ്രസവമുറിയും വാർഡുകളും അത്യന്തം ദയനീയാവസ്ഥയിലാണ്. സന്നദ്ധസംഘടനകളുടെയും ഏകോപന സമിതിയുടെയും പ്രവർത്തനഫലമായി ഒട്ടേറെ സൗകര്യങ്ങൾ അടുത്തകാലത്ത് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസവമുറി, സ്ത്രീകളുടെ വാർഡ് തുടങ്ങിയവ ശോച്യാവസ്ഥയിൽത്തന്നെ തുടരുന്നു.

**ഡോക്ടർമാരുടെയും സ്റ്റാഫിന്റേയും കുറവ്:** നാലു സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടെ എട്ടു ഡോക്ടർമാരും ആനുപാതികാടിസ്ഥാനത്തിൽ മറ്റു ജീവനക്കാരും ഉണ്ടാവേണ്ട ആസ്പത്രിയിൽ ഡോക്ടർമാരുടെ നാലും നഴ്സുമാരുടെ മൂന്നും തസ്തികകളേ നിലവിലുള്ളൂ.

മരുന്ന്: രോഗികൾക്ക് അത്യാവശ്യമരുന്നുകൾ ആശുപത്രിയിൽ നിന്നു ലഭിക്കുന്നില്ല.

ശുദ്ധജലം: വേനലിൽ ആസ്പത്രിയിലും പരിസരത്തും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.

വൈദ്യുതി: രൂക്ഷമായ വോൾട്ടേജ് ക്ഷാമം മൂലം ആസ്പത്രിയിൽ വൈകീട്ടു 6 മണിമുതൽ 12 മണിവരെ ബൾബുകൾപോലും പ്രകാശിക്കുകയില്ല.

ചുറ്റുമതിൽ: അതിരും മതിലുമില്ലാത്തതുമൂലം സാമൂഹ്യവിരുദ്ധരുടെ ശല്യവും മറ്റു പ്രയാസങ്ങളും ഉണ്ട്.

**പരിഹാരനിർദ്ദേശങ്ങൾ**

ആസ്പത്രിയുടെ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി

പകർച്ചവ്യാധിയുടെ വിവരം

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ | ആകെ |
| 93-94 | 1230 | 1762 | 5 | 127 | 3124 |
| 94-95 | 595 | 1964 | 3 | 154 | 2716 |
| 95-96 | 874 | 1573 | 72 | 92 | 2611 |

100 കിടക്കകൾക്കു സൗകര്യമുള്ള പുതിയ കെട്ടിടം, പ്രസവവാർഡ്, ഓപ്പറേഷൻ തിയറ്റർ, പേവാർഡ് എന്നിവ നിർമ്മിക്കണം.

കമ്മ്യൂണിറ്റി ഹെൽത്തുസെന്ററിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ നിയമിക്കണം.

അത്യാവശ്യമരുന്നുകളെല്ലാം ആസ്പത്രിയിൽ ലഭ്യമാക്കണം.

ആസ്പത്രി വളപ്പിൽ കരിമ്പാറയായതിനാൽ കിണർ കുഴിക്കുന്നതും ആഴം കൂടുന്നതും പ്രായോഗികമല്ല. കുഴൽകിണറും ടാങ്കും മറ്റു സൗകര്യങ്ങളും ഉണ്ടാക്കണം. വാട്ടർ അതോറിറ്റിയുടെ പൈപ്പിൽ സ്ഥിരമായി വെള്ളംകിട്ടാൻ ഏർപ്പാടുണ്ടാക്കണം.

ആസ്പത്രി വളപ്പിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് പ്രശ്നം പരിഹരിക്കണം.

ചുറ്റുമതിൽ നിർമ്മിച്ച് ആസ്പത്രിസ്ഥലം അന്യാധീനപ്പെടുത്തുന്നതു തടയണം.

രക്തബാങ്ക്, പോസ്റ്റുമോർട്ടം സൗകര്യം എന്നിവയും എല്ലാ സമയത്തും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും വേണം.

**സബ്സെന്ററുകൾ**: നീലേശ്വരത്തും ചേന്ദമംഗല്ലൂരിലുമുള്ള സബ്സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. നാലാം വാർഡിലെ ചേന്ദമംഗല്ലൂരിലുള്ള സബ്സെന്റർ പ്രവർത്തിക്കുന്നില്ലെന്നും ജീവനക്കാരും മരുന്നും ഇല്ലെന്നും ഗ്രാമസഭയിൽ ആക്ഷേപമുയർന്നിട്ടുണ്ട്. കാഞ്ഞിരമുഴിയിലെ സബ്സെന്ററിന്റെ കെട്ടിടം പോലും ഇടിഞ്ഞുപൊളിഞ്ഞു നാശോന്മുഖമായിരിക്കുകയാണ്.

ചേന്ദമംഗല്ലൂരിലെ സബ്സെന്റർ PHC ആയി ഉയർത്തി രോഗികൾക്ക് ചികിത്സ നല്കാൻ സൗകര്യമേർപ്പെടുത്തണം. ഈ ആവശ്യത്തിനു ഒരേക്കർ സ്ഥലം സൗജന്യമായി നല്കാനൊരുക്കമാണെന്ന ഗ്രാമസഭയുടെ നിർദ്ദേശം പരിഗണിക്കണം.

1. കാഞ്ഞിരമുഴിയിലെ സബ്സെന്ററിനു കെട്ടിടം നിർമ്മിക്കാനും ജീവനക്കാരുടെ സേവനം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

**മറ്റു ചികിത്സകൾ :**

ആയുർവ്വേദം: എട്ടാംവാർഡിലെ വെണ്ണക്കോട്ടുള്ള ആയുർവേദ ഡിസ്പൻസറിക്ക് കെട്ടിടം ആയെങ്കിലും ഒട്ടേറെ പ്രശ്നങ്ങൾ ശേഷിക്കുന്നു. ചുറ്റുമതിൽ, കിണർ, വൈദ്യുതി കണക്ഷൻ, ഫർണിച്ചർ, ആവശ്യമായ മരുന്നുകൾ, തുടങ്ങിയവയും റോഡ് ടാർ ചെയ്യലും ഗ്രാമസഭ ഉന്നയിച്ച ആവശ്യങ്ങളാണ്. ആശുപത്രിയാക്കി ഉയർത്തണമെന്നും ആവശ്യമുയർന്നിട്ടുണ്ട്. ഈ ആവശ്യങ്ങൾ അംഗീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രകൃതിചികിത്സ: രോഗം വന്നതിനുശേഷം ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ നോക്കുന്നതുത്തമം. അതിനുതകുന്ന ജീവിതരീതിയായ പ്രകൃതി ചികിത്സ അറിയപ്പെടാനും അംഗീകരിക്കപ്പെടാനും അവസരമൊരുക്കണം. ബി.പി.മൊയ്തീൻസേവാ മന്ദിരത്തിലെ ഭാഗികമായ പ്രകൃതി ചികിത്സാ കേന്ദ്രം വിദഗ്ദരുടെ മേൽനോട്ടത്തിൽ ചികിത്സ ലഭിക്കുന്ന മുഴുവൻ സമയ പ്രവർത്തനകേന്ദ്രമാക്കി മാറ്റാൻ നടപടിയുണ്ടാകണം.

**ഹോമിയോ, ആയുർവേദം** ഹോമിയോ, ആയുർവേദ ആസ്പത്രികളും ഡിസ്പൻസറികളും വേണമെന്ന് ഏതാണ്ടെല്ലാ ഗ്രാമസഭകളും ആവശ്യപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിലായി ഒരു യൂനാനി ആസ്പത്രി, ഒരു ഹോമിയോ ആസ്പത്രി, ഒരു ആയുർവേദ ആസ്പത്രി എന്നിവ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

**പരിസരശുചിത്വം**: ആരോഗ്യപ്രവർത്തനത്തിന്റെ അവിഭാജ്യഘടകമായ പരിസരശുചിത്വം പ്രത്യേക പ്രാധാന്യമർഹിക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ ആസ്ഥാനമായ മുക്കം അങ്ങാടിതന്നെ അഴുക്കുകളും അവശിഷ്ടങ്ങളും കൊണ്ട് മലിനമാണ്. ഹോട്ടലുകളും വ്യാപാര സ്ഥാപനങ്ങളും മത്സ്യമാംസ വില്പനകേന്ദ്രങ്ങളും പുറന്തള്ളുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാൻ ഫലപ്രദമായ സംവിധാനമില്ലാത്തതാണു കാരണം. അഴുക്കുകൾ ഒഴുകിപ്പോകാതെ കെട്ടിക്കിടന്ന് ദുർഗന്ധം പരത്തുകയും കൊതുകുകൾ പെരുകുകയും ചെയ്യുന്ന അഴുക്കുചാലുകളും ബസ്സ്റ്റാന്റിൽ ഇടക്കിടെ പൊട്ടിയൊലിക്കുന്ന കക്കൂസും പ്രശ്നങ്ങൾ തന്നെയാണ്.

അഴുക്കുകളും അവശിഷ്ടങ്ങളും മറ്റും പുഴയിലേക്കൊഴുകുന്നതും, വാഹനങ്ങൾ കഴുകുന്നതും കീടനാശിനി രാസവളം തുടങ്ങിയവ ഉപയോഗിച്ച് പുഴയിൽ കൃഷിചെയ്യുന്നതും കാരണം പുഴവെള്ളവും മലിനമാകുന്നു.

**പരിഹാര നിർദ്ദേശങ്ങൾ**

മാലിന്യങ്ങൾ ആധുനിക രീതിയിൽ സംസ്ക്കരിക്കാൻ സംവിധാനമാവശ്യമാണ്. ഉടനെ നടപ്പാക്കാൻ പ്രയാസമാണെങ്കിലും ഭാവിയിൽ ഇതിനുപകരിക്കുന്ന സ്ഥലം ഇപ്പോൾ തന്നെ വാങ്ങിക്കണം. ജനവാസം കുറവുള്ള സ്ഥലം കണ്ടെത്തിയാൽ തത്കാലം മാലിന്യങ്ങൾ അവിടെകൊണ്ടുപോയി കമ്പോസ്റ്റാക്കി മാറ്റി വില്പന നടത്തുന്ന പ്രക്രിയ ആരംഭിക്കാവുന്നതാണ്.

അങ്ങാടിയിൽ കുന്നുകൂടാനനുവദിക്കാതെ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാൻ ആവശ്യമായ ജീവനക്കാരും വാഹനവും (ട്രാക്റ്റർ) മറ്റു സംവിധാനങ്ങളും ഏർപ്പെടുത്തണം.

എല്ലാ അങ്ങാടിയിലും അഴുക്കുചാലുകൾ നിർമിക്കുകയും നിലവിലുള്ളവ പുന: ക്രമീകരിക്കുകയും ചെയ്ത് അഴുക്കുകൾ തടസ്സം കൂടാതെ ഒഴുകിപ്പോകാൻ ഏർപ്പാടുണ്ടാക്കണം. ചാലുകൾ സ്ലാബിട്ടു മൂടുകയും

കീടനാശിനി പ്രയോഗിച്ച് യഥാസമയം കീടങ്ങളെ നശിപ്പിക്കുകയും വേണം.

പ്രധാന കേന്ദ്രങ്ങളിൽ ഓരോ ആധുനിക അറവുശാലകളും മത്സ്യ- മാംസവില്പനയ്ക്ക് പ്രത്യേകം കേന്ദ്രങ്ങളും (പൊതുജനശല്യം ഇല്ലാതെ) സ്ഥാപിക്കുക.

ഹോട്ടലുകളിലും മറ്റും വിൽപ്പന നടത്തുന്ന ഭക്ഷ്യവസ്തുക്കൾ ആരോഗ്യപരിപാലന നിയമങ്ങൾക്കു വിധേയമാണെന്നുറപ്പുവരുത്താനും അവിടത്തെ ജോലിക്കാർക്ക് കൃത്യമായി ആരോഗ്യപരിശോധന നടത്താനും ഏർപ്പാടുണ്ടാക്കണം.

മലിനീകരണത്തിന്റെ വിപത്തും ശുചീകരണ യത്നങ്ങളിൽ സഹകരിക്കേണ്ടതിന്റെ ആവശ്യകതയും കച്ചവടക്കാരെയും മറ്റു ബന്ധപ്പെട്ടവരെയും ബോധ്യപ്പെടുത്തന്നതിനുള്ള നടപടികളും, നിസ്സഹകരിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തണം.

**കക്കൂസുകൾ**: കക്കൂസില്ലാത്ത വീടുകൾ ഇനിയും ഉണ്ടാകുാൻ പാടില്ല. എല്ലാ വീടുകൾക്കും കക്കൂസ് നിർമിക്കാൻ പദ്ധതി തയ്യാറാക്കണം. പണച്ചെലവ് പ്രശ്നമായിട്ടുള്ളവർക്ക് വിലകൂടിയ ക്ലോസറ്റിനുപകരം സിമന്റുകൊണ്ട് കുറഞ്ഞ ചെലവിൽ ക്ലോസറ്റ് നിർമിച്ച് നല്കുന്നതിനുള്ള സംവിധാനമുണ്ടാക്കാം. സന്നദ്ധസംഘടനകളുടെ സഹായവും പ്രയോജനപ്പെടുത്താവുന്നതാണ്.

മുക്കം ഉൾപ്പെടെ എല്ലാ അങ്ങാടികളിലും പൊതു കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കണം.

ബസ്സ്റ്റാന്റിലെ കക്കൂസും ടാങ്കും നവീകരിക്കണം

**പൊതു നിർദ്ദേശങ്ങൾ**

**സബ് സെന്ററുകൾ:** എല്ലാ വാർഡുകളിലും ഓരോ ഫാമിലി വെൽഫേർ സെന്റർ പ്രവർത്തിക്കണം. ഇത്തരം സെന്ററുകൾ കേന്ദ്രീകരിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങളും ഗൃഹസന്ദർശനങ്ങളും കൃത്യമായി നടത്താനും ആരോഗ്യസംരക്ഷണം സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കാനും ഏർപ്പാടു ചെയ്യണം.

**പൊതുശ്മശാനം:** പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും സൗകര്യപ്പെടുന്ന സ്ഥലങ്ങളിൽ ഒന്നോ രണ്ടോ പൊതുശ്മശാനം സ്ഥാപിക്കാൻ അടിയന്തര നടപടിവേണം. സ്ഥലം ലഭിക്കുന്നതു സംബന്ധിച്ച് ഗ്രാമ സഭകളിൽ നിന്നുവന്ന നിർദ്ദേശങ്ങൾ പരിഗണിക്കാം.

**യോഗചികിത്സാകേന്ദ്രം:** രോഗചികിത്സയായും പ്രയോഗിക്കുന്ന യോഗാഭ്യാസം സാധാരണക്കാർക്കു പരിചയപ്പെടാനും പ്രയോജനപ്പെടാനുമുപകരിക്കുന്ന യോഗാഭ്യാസ പരിശീലനകേന്ദ്രം ആരംഭിക്കണം.

**മെഡിക്കൽ ഷോപ്പുകൾ:** രാത്രിയിൽ പ്രവർത്തിക്കുന്ന ഒരു മെഡിക്കൽ ഷോപ്പ് എങ്കിലും മുക്കത്തുണ്ടാവണം. ഓരോദിവസം ഓരോ ഷോപ്പുകാർ രാത്രിയിൽ തുറക്കാൻ, ഷോപ്പുടമകളുമായി ബന്ധപ്പെട്ട് ക്രമീകരണമുണ്ടാക്കാവുന്നതാണ്.

**ആരോഗ്യസമിതി:** പൊതുജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും കർമപരിപാടികളും തയ്യാറാക്കാനും ആരോഗ്യപ്രവർത്തനങ്ങൾ വിലയിരുത്തി വീഴ്ചകൾ പരിഹരിക്കാനും സ്ഥിരമായി പ്രവർത്തിക്കുന്ന ഒരു ആരോഗ്യസമിതി രൂപവത്ക്കരിക്കണം. പഞ്ചായത്തിന്റെ മേൽ നോട്ടത്തിലുള്ള ഈ സമിതി, ആരോഗ്യത്തിനു ഹാനികരമായ പുകവലി, മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം, തുടങ്ങിയവയും, വ്യാജമദ്യനിർമാണവും നിർമാർജനം ചെയ്യാൻ ആവശ്യമായ പ്രചാരണങ്ങളും പ്രവർത്തനങ്ങളും നടത്തണം.

പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം.

അലയുന്ന നായ്ക്കളെ നശിപ്പിക്കാനും നടപടി സ്വീകരിക്കണം.

**കുടിവെള്ളം**

ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ശുദ്ധജലത്തിന്റെ ലഭ്യത വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണല്ലോ, കുന്നുകളും മലകളും വയലുകളും അടങ്ങുന്ന ഈ മലയോര പഞ്ചായത്തിന് 31.28 ച.കി.മി വിസ്തൃതിയുണ്ട്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 80% ജനങ്ങളും കിണറുകളെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ 75% വീടുകൾക്കും സ്വന്തമായി കിണറുകളുണ്ട്, പഞ്ചായത്തിൽ 89 കുളങ്ങളും 10 കിലോമീറ്ററോളം നീളം വരുന്ന 4 തോടുകളുമുണ്ട്. വെള്ളേരി മലയിൽ നിന്നുത്ഭവിച്ച് ചാലിയാറിൽ ചെന്നുചേരുന്ന ഇരുവഴിഞ്ഞിപ്പുഴ പഞ്ചായത്തിന്റെ മൂന്നു ഭാഗങ്ങളിലും ചുറ്റപ്പെട്ടാണ് ഒഴുകുന്നത്. വേനൽക്കാലത്ത് നീരൊഴുക്ക് കുറയാറുണ്ടെങ്കിലും പഞ്ചായത്തിന്റെ മുഖ്യജലസ്രോതസ്സ് ഇരുവഴിഞ്ഞിപ്പുഴ തന്നെയാണ്.

പഞ്ചായത്തിൽ ആകെ 37 പൊതുകിണറുകളുണ്ട് (പട്ടിക1 കാണുക)

കേരള വാട്ടർ അതോറിറ്റിയുടെ മൂന്ന് ജലവിതരണ പദ്ധതികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു പദ്ധതി നിർമാണ ഘട്ടത്തിലാണ്. (നെല്ലിക്കാപൊയിൽ പദ്ധതി) ഇതിൽ ARWSS മുക്കം പദ്ധതിക്ക് ഇരുവഴിഞ്ഞിപ്പുഴയും, TWSS മാമ്പറ്റ, TWSS KTC എസ്റ്റേറ്റ് തോട്ടത്തിൻകടവ് എന്നീ പദ്ധതികൾക്ക് കുഴൽ കിണറുകളുമാണ് മുഖ്യ ജലസ്രോതസ്സ് (പട്ടിക 2 കാണുക)

കേരള വാട്ടർ അതോറിറ്റി പദ്ധതികളുടെ കീഴിൽ 80 പൊതുടാപ്പുകളും, 89 ഗാർഹിക കണക്ഷനുകളും 16 ഗാർഹികേതര കണക്ഷനുകളും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിലായി 13 കുഴൽകിണറുകളുണ്ട്. (പട്ടിക 3 കാണുക)

എന്നിരുന്നാലും പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുകയാണ്. ഈ

പ്രദേശങ്ങളിൽ പലയിടത്തും ഉപരിതല ജലം വളരെ ആഴത്തിൽ ആയതിനാലും മണ്ണിനടിയിൽ പാറകൾ ഉള്ളതിനാലും, ചീടി മണ്ണുകൾ ഉള്ളതിനാലും കിണർ കുഴിക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു. കുടിവെള്ളത്തിനായി വേനൽക്കാലങ്ങളിൽ 200 മുതൽ 500 മീറ്റർ വരെ നടന്നുപോകേണ്ടതായിട്ടുണ്ട്. KWA പദ്ധതികളും മേൽ പ്രദേശങ്ങളിൽ എത്തിയിട്ടുമില്ല. അതുകൊണ്ട് ഈ പ്രദേശങ്ങളിൽ അടിയന്തിരമായി കുടിവെള്ളം എത്തിക്കേണ്ടത് ആരോഗ്യകരമായ ജനജീവിതത്തിന് അനിവാര്യമാണ്.

**പട്ടിക-1**

| ശുദ്ധജലസ്രോതസ്സുകൾ (പൊതുകിണറുകൾ) | | |
|---|---|---|
| SL No. | സ്ഥലം | ജലലഭ്യത |
| 1 | പൊറ്റശ്ശേരി വെസ്റ്റ് | ധാരാളം |
| 2. | പൊറ്റശ്ശേരി കുറ്റേരിമ്മൽ | ധാരാളം |
| 3 | വട്ടോളിപ്പറമ്പ് (IHDP കോളനി) | ദരിദ്രം |
| 4. | വട്ടോളിപ്പറമ്പ് | ധാരാളം |
| 5. | അഗസ്ത്യൻമുഴി | ദരിദ്രം |
| 6. | തടപ്പറമ്പ് | ദരിദ്രം |
| 7. | മുത്താലം | മിതം |
| 8. | കല്ലുരുട്ടി | മിതം |
| 9. | തോട്ടത്തിൻ കടവ് | ഉപയോഗശൂന്യം |
| 10. | കുന്നത്തുപറമ്പ്,തോട്ടത്തിൽകടവ് | മിതം |
| 11. | പുത്തൻ മഠം തോട്ടത്തിൻ കടവ് | മിതം |
| 12. | വെസ്റ്റ് മാമ്പറ്റ | ധാരാളം |
| 13. | നീലേശ്വരം | ദരിദ്രം |
| 14. | പൂളപ്പൊയിൽ കാതിയോട് | ദരിദ്രം |
| 15. | താഴക്കോട് മാമ്പറ്റ മിച്ചഭൂമി | മിതം |
| 16. | തെച്ച്യാട് | ധാരാളം |
| 17 | മുത്തേരി | മിതം |
| 18 | മുത്തേരി മുത്താലം റോഡ് | ധാരാളം |
| 19 | ഇരട്ടകുളങ്ങര | ധാരാളം |
| 20 | കച്ചേരി സ്കൂളിന് സമീപം | മിതം |
| 21 | കച്ചേരി ആറ്റുപുറം | ദരിദ്രം |
| 22 | ചേനാംകുന്ന് | മിതം |
| 23 | നെല്ലിക്കാപ്പൊയിൽ | ധാരാളം |
| 24 | വേനപ്പാറ | ഉപയോഗശൂന്യം |
| 25 | വേനപ്പാറ ആദിവാസി കോളനി | ധാരാളം |
| 26 | കിടങ്ങും തടായി മുതത്താലം | ദരിദ്രം |
| 27 | കാടാംകുനി | മിതം |
| 28 | വെണ്ണക്കോട് ലക്ഷം വീട് | മിതം |
| 29 | തൂങ്ങുംപുറം | മിതം |
| 30 | ചെറുത്തടം | മിതം |
| 31 | കാടാംകുനി മിച്ചഭൂമി | മിതം |
| 32 | അയ്യപ്പൻകുന്ന് | മിതം |
| 33 | കിഴക്കെകണ്ടി | മിതം |
| 34 | താഴക്കോട് | ദരിദ്രം |
| 35 | ലക്ഷംവീട് | മിതം |
| 36 | മാമ്പറ്റ | ദരിദ്രം |
| 37. | ഡോൺബോസ്കോ | മിതം |

അവലംബം: ഗ്രാമപഞ്ചായത്ത്

ദരിദ്രം : നാലുമാസം വറ്റുന്നത്

## ഗ്രാമസഭയിലെ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

ആകെയുള്ള സ്വകാര്യ കിണറുകളിൽ 20% വേനൽക്കാലത്ത് പറ്റിപ്പോകുന്നവയാണ്. പഞ്ചായത്തിലെ തോടുകളും മൂന്ന് പദ്ധതികൾ നിലവിലുണ്ടെങ്കിലും വേനൽക്കാലത്ത് സാധാരണ ഉണ്ടാകാറുള്ള വോൾട്ടേജ് ക്ഷാമം, ജലസ്രോതസ്സിലെ കുറവ്, വിതരണ ശൃംഖലയിലെ അശാസ്ത്രീയത, പമ്പുകളുടെ പ്രവർത്തനക്ഷമതയില്ലായ്മ എന്നിവ മൂലവും ജലദൗർലഭ്യം നേരിടുന്നു. അതുപോലെത്തന്നെ നിലവിലുള്ള 13 കുഴൽക്കിണറുകളിൽ മൂന്നെണ്ണവും പ്രവർത്തനക്ഷമമല്ല. പഞ്ചായത്തിൽ ആകെയുള്ള 37 പൊതുകിണറുകളിൽ 8 കിണറുകളിൽ മാത്രമേ വേനൽക്കാലങ്ങളിൽ വെള്ളം ലഭിക്കുന്നുള്ളൂ. വേനൽക്കാലങ്ങളിൽ പഞ്ചായത്തുകളുടെ സഹകരണത്തോടെ റവന്യൂ വകുപ്പ് ലോറികളിൽ വെള്ളം വിതരണം ചെയ്യാറുണ്ട്. കൂടാതെ 93, 94 വർഷത്തിൽ ലക്ഷത്തിൽപ്പരം രൂപ പൊതുണികറുകളുടെ നിർമ്മാണത്തിനും കുടിവെള്ളം ലഭിക്കുന്നതിന് വേണ്ട മറ്റു പ്രവർത്തനങ്ങൾക്കും വേണ്ടി പഞ്ചായത്ത് നേരിട്ട് ചെലവു വഹിച്ചെങ്കിലും ജലക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ഇതു കൂടാതെ പഞ്ചായത്തിന്റെ മുഖ്യജലസ്രോതസ്സായ ഇരുവഴഞ്ഞിപ്പുഴയിലെ ജലം, വ്യാവസായിക അവശിഷ്ടങ്ങൾ, മനുഷ്യമാലിന്യങ്ങൾ, മാർക്കറ്റിലെ മാലിന്യ

**K.W.A. പദ്ധതികൾ പട്ടിക 2**

| S.L. No | സ്ഥലം | ജലസ്രോതസ്സ് | കപ്പാസിറ്റി | പൊതുടാപ്പ് | സ്വകാര്യ കണക്ഷൻ | | ഉദ്ദേശാധിഷ്ഠിത |
|---|---|---|---|---|---|---|---|
| | | | | | ഗാർഹികം | ഗാർഹികേതരം | ഗുണഭോക്താക്കൾ |
| 1. | ARWSS മുക്കം | പുഴ | X. 40,000 ലിറ്റർ | 25 | 89 | 16 | 160/വീടുകൾ * |
| 2. | TWSS മാമ്പറ്റ | കുഴൽക്കിണർ | XX.50000 ലിറ്റർ | 40 | - | - | 200/ വീടുകൾ* |
| 3. | TWSSK.T.C. എസ്റ്റേറ്റ് തോട്ടത്തിൻ കടവ് | കുഴൽക്കിണർ | XXX-40000 ലിറ്റർ | 15 | - | - | 160/ വീടുകൾ* |

(aX-40000 ലിറ്റർ ടാങ്ക് മുക്കം ഹൈസ്കൂൾ കുന്നിൽ, (bXX-50000 ലിറ്റർ ടാങ്ക് നിർമ്മാണഘട്ടത്തിൽ

(c) XXX-നേരിട്ട് പൈപ്പു ലൈനിലേക്ക് പമ്പു ചെയ്യുന്നു, (d)*-500 ലിറ്റർ വെള്ളം ഒരു കുടുംബത്തിന് കണക്കാക്കിയപ്പോൾ.

**പട്ടിക – 3**
**ശുദ്ധജല സ്രോതസ്സുകൾ (കുഴൽകിണറുകൾ)**

| SL No. | സ്ഥലം | കുടിക്കാൻ ഉപയോഗിക്കുന്നതാണോ | മറ്റ് ആവശ്യത്തിന് ഉപയോഗിക്കുന്നത് |
|---|---|---|---|
| 1. | വട്ടോളിപ്പറമ്പ് | അതെ | |
| 2. | കുന്നുമ്മൽ തടപ്പറമ്പിൽ | അതെ | |
| 3. | മണാശ്ശേരി ഓർഫനേജ് | അതെ | |
| 4. | നെല്ലിക്കാംപൊയിൽ | അതെ | |
| 5. | കിഴക്കും പാടം | അല്ല | ആണ് |
| 6. | മുത്തുകുറ്റിൽ | അല്ല | ആണ് |
| 7. | പുൽപ്പറമ്പ് | അതെ | |
| 8. | മുക്കം | അല്ല | ആണ് |
| 9. | തെച്ച്യാട് | അല്ല | ആണ് |
| 10. | കച്ചേരി | അല്ല | ആണ് |
| 11. | നൊട്ടുൻത്തൊടികയിൽ | അല്ല | ആണ് |
| 12. | പൊറ്റശ്ശേരി | അതെ | |
| 13. | ചെറുതടം നാല് സെന്റ് കോളനി | അതെ | |

പട്ടിക-4

## ഗ്രാമസഭയിലെ പ്രശ്നങ്ങൾ

| നമ്പർ | കുടിവെള്ളക്ഷാമ പ്രദേശം | നിർദ്ദേശങ്ങളും പരിഹാരവും |
|---|---|---|
| വാർഡ് 1 | കുറ്റിപ്പാല ഏരിയ രാജീവ് ദശലക്ഷം കോളനി, മുക്കം | നിലവിലുള്ള മുക്കം( K.W.A) പദ്ധതി കാര്യക്ഷമമാക്കുക. കുറ്റിപ്പാല ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിച്ച് പമ്പ് ഹൗസിലേക്ക് കണക്ഷൻ. വിതരണത്തിലെ അപാകതകൾ പരിഹരിക്കുക. ടാങ്കിന്റെ കാര്യശേഷി വർദ്ധിപ്പിക്കുക. |
| വാർഡ് 2 | തടപ്പറമ്പ് കപ്പടച്ചാൽ, താഴക്കോട്, നെടുമങ്ങാട് ഏരിയ | അഗസ്ത്യൻമുഴിയിൽ പുതിയ ഒരു പദ്ധതി സ്ഥാപിക്കുക |
| വാർഡ് 3 | കിഴക്കുംപാടം ഏരിയ കുയ്യൂളി കുന്നുമ്മൽ ഭാഗം കച്ചേരി, കുറ്റിയേരിമ്മൽ മണാശ്ശേരി വിളയത്ത് ഭാഗം. | കാഞ്ഞിരപ്പാറ കുന്നിൽ ടാങ്കു കെട്ടി വിതരണം നടത്തുക. (കിഴക്കും പാടം കുളത്തിൽ നിന്ന്) മുക്കം പദ്ധതി വിപുലപ്പെടുത്തുക (K.W.A) ചേന്ദമംഗല്ലൂരിൽ പുതിയ പദ്ധതി സ്ഥാപിക്കുക. |
| വാർഡ് 4 | ചേനാംകുന്ന് ഭാഗം എടോളികുന്ന് ഭാഗം | ചേന്ദമംഗല്ലൂരിൽ പുതിയ പദ്ധതി സ്ഥാപിക്കുക |
| വാർഡ് 5 | ഒരംകുഴി ഭാഗം പുളിയാറക്കൽ, പൊറ്റശ്ശേരി, പനങ്ങോടുകുന്ന്, ചെറുകുന്ന്, കറുത്തേടത്തുകുന്ന് | ചേന്ദമംഗല്ലൂരിൽ പുതിയ പദ്ധതി സ്ഥാപിക്കുക. പഞ്ചായത്ത് സ്ഥലത്ത് കുളം നിർമ്മിക്കുക, പുന്നച്ചാലിൽ കുളം നിർമ്മിച്ച് മുതുകുറ്റിയിൽ ടാങ്ക് കെട്ടുക. കുഴൽ കിണർ നന്നാക്കുക. തെക്കെപ്പൊയിലിൽ നിലവിലുള്ള കുളത്തിൽ മോട്ടോർ സ്ഥാപിക്കുക. ചോലക്കുഴിയിൽ ടാങ്ക് സ്ഥാപിക്കുക. നിലവിലുള്ള പൈപ്പ് നീട്ടുക. പഞ്ചായത്ത് കിണർ ആഴം കൂട്ടുക. ചേന്ദമംഗല്ലൂരിൽ നിർദ്ദേശം വന്ന പദ്ധതിയുമായി 6-ാം വാർഡിനെ ബന്ധപ്പെടുത്തുക. |
| വാർഡ് 6 | വേണായിക്കോട്, പാറക്കണ്ടി ഇരുമ്പിടിച്ചി ഭാഗം, നാമ്പിടിപ്പൊയിൽ, മുതുകുറ്റി പ്രദേശം, പടുപ്പുങ്ങര, പുലപ്പാടി, മുത്താലം ഏരിയ | |

## പട്ടിക–4

നമ്പർ–2

### ഗ്രാമസഭയിലെ പ്രശ്നങ്ങൾ

| | | |
|---|---|---|
| വാർഡ് 7 | തൂങ്ങുംപുറം, കിടങ്ങുംതടായി, വട്ടോളിപ്പറമ്പ്, പുതുക്കപ്പുറം, ചെറുതടം | വെങ്കളത്ത് കുളം നിർമ്മിക്കുക. വട്ടോളിപറമ്പിൽ കിണർ നിർമ്മിക്കുക. തൂങ്ങുംപുറത്ത് കുളം നിർമ്മിക്കുക. ഹരിജൻ കോളനിയിലെ കിണർ കാര്യക്ഷമമാക്കുക. ചേന്ദമംഗല്ലൂർ അല്ലെങ്കിൽ അഗസ്ത്യൻമുഴി പദ്ധതിയുമായി ബന്ധപ്പെടുത്തുക. |
| വാർഡ് 8 | തീയ്യരുകുന്ന്, വെണ്ണക്കോട്, പുത്തൂർപ്പറ്റ കോളനി | പാലാട്ടു പറമ്പിൽ കിണർ കുഴിച്ച് പുത്തൂർപ്പറ്റ കോളനിയിൽ ടാങ്ക് കെട്ടി വെള്ളം എത്തിക്കുക. സ്ഥലം സൗജന്യമായി തിയ്യരു കുന്നിൽ കുഴൽകിണർ കുഴിക്കുക. അഗസ്ത്യൻമുഴിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതിയുമായി 8–ാം വാർഡിനെ ബന്ധപ്പെടുത്തുക. |
| വാർഡ് 9 | നെട്ടം തൊടിക, നടുകിൽ ചോത്താല ഭാഗം കാതിയോട്–നടുകിൽ ഭാഗത്ത് | M.P. ഫണ്ട് പദ്ധതി പൂർത്തിയാക്കുക. (2) അഗസ്ത്യൻ മുഴിയിലെ നിർദ്ദിഷ്ട പദ്ധതിയുമായി ബന്ധപ്പെടുത്തുക. (3) പൂലേരികുളംകുത്തി നെട്ടം തൊടിക കുന്നിൽ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം സൗകര്യം |
| വാർഡ് 10 | മേത്തൽച്ചാൽ, കരിമ്പാല കുന്ന്, പൂവത്തിരി, പടിഞ്ഞാറെ ഭാഗം, പൂവത്തിരി, കിഴക്കെ തല, തരിപ്പകുന്ന്, വട്ടിക്കുന്ന് ഏരിയ | പൈറ്റുളി കുളം ഉപയോഗപ്പെടുത്തുക. ബ്ലോക്ക് സ്കീം പൂർത്തിയാക്കുക. കാതിയോട്, മുണ്ടപാറ ഭാഗങ്ങളിൽ പൊതുകിണർ കുഴിക്കുക. നിലവിലുള്ള K.W.A.പദ്ധതി നീട്ടുക. അഗസ്ത്യൻമുഴി പദ്ധതിയുമായി ബന്ധപ്പെടുക. |
| വാർഡ് 11 | മുത്തേരി കൊച്ചാൻകുന്ന്, പാലകുളങ്ങര കിഴക്കുവീട്ടിൽ കുന്ന്, കാടാംകുനി, ഇട്ടാങ്കോട് കോളനി | അംബേദ്കരർ കോളനി K.W.A. സ്കീം പൂർത്തിയാക്കുക. ചെമ്പപ്പെടികുന്നിൽ ടാങ്ക് നിർമ്മിക്കുക. പുളിയുള്ളക്കണ്ടി വയലിൽ കുളം നിർമ്മിക്കുക. തോടത്തുംകടവിലെ കുഴൽകിണർ വിപുലപ്പെടുത്തുക. ആവശ്യമെങ്കിൽ അഗസ്ത്യമുഴി പദ്ധതിയുമായി ബന്ധപ്പെടുത്തുക. |
| വാർഡ് 12 | കല്ലുരുട്ടിമല, മരുതോറകുന്ന്, പുളിയാറകുന്ന്, കരിമ്പിൽകുന്ന്, ചുഴറ്റികുന്ന്, അയ്യപ്പൻകുന്ന്, നാരങ്ങാളിക്കുന്ന് | അംബേദ്കർ കോളനി പദ്ധതി പൂർത്തിയാക്കുക. ആവശ്യമെങ്കിൽ അഗസ്ത്യൻമുഴി പദ്ധതിയുമായി ബന്ധപ്പെടുത്തുക. K.T.C.സ്കീമിൽ പുതിയ ടാങ്ക് നിർമ്മിക്കുക. പൈപ്പ് ലൈൻ ഇടുക. സ്ഥലം സൗജന്യമായി ലഭിക്കും. |

ങ്ങൾ, വാഹനങ്ങളുടെ ഇന്ധനമാലിന്യങ്ങൾ, മണൽ വാരുന്നത് മൂലമുള്ള നീരുറവയിലെ ശോഷണം, പുഴയോരങ്ങളിൽ കൃഷിചെയ്യുന്നതുമൂലമുള്ള കീടനാശിനി പ്രയോഗം എന്നിവ മൂലം പുഴ മലിനമാക്കപ്പെടുന്നു. ഇത് കുടിവെള്ള ക്ഷാമത്തിനു കാരണമാണ്. ഈ അവസ്ഥ തുടരുകയാണെങ്കിൽ പുഴയുടെ നില നിൽപ്പിനെത്തന്നെ ബാധിക്കുന്നതാണ്.

ശുദ്ധജലത്തിന്റെ അപര്യാപ്തത മൂലം വയറിളക്കം, ഛർദ്ദി, അതിസാരം തുടങ്ങിയ ജലജന്യരോഗങ്ങൾ ഉണ്ടാകാറുള്ളതായി ആരോഗ്യവകുപ്പിന്റെ രേഖകളിൽ കാണുന്നു.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ മിക്ക വാർഡുകളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.
2. നിലവിലുള്ള KWA പദ്ധതികളിലെ കാര്യക്ഷമതയില്ലായ്മ
3. ജല ദുരുപയോഗം
4. ഭൂഗർഭ ജലസ്രോതസ്സുകൾ കണ്ടെത്താനുള്ള സംവിധാനമില്ല.
5. പൊതു കിണറുകൾ നല്ലൊരു ശതമാനം കുടിവെള്ള യോഗ്യമല്ല.
6. കുഴൽക്കിണറുകളിൽ ചിലത് കുടിവെള്ളയോഗ്യമല്ല.
7. പ്രധാന സ്രോതസ്സായ ഇരുവഴഞ്ഞിപ്പുഴയുടെ പല ഭാഗങ്ങളിലും ജലം മലിനീകരിക്കപ്പെടുന്നു.
8. ഇരവഴിഞ്ഞിപ്പുഴയുടെ വിവിധ ഭാഗങ്ങളിൽ അനിയന്ത്രിതമായ തോതിൽ മണൽ വാരുന്നതും ജലലഭ്യത ബാധിക്കുന്നു.
9. KWAയുടെ പ്രവർത്തനങ്ങളിൽ പഞ്ചായത്തിന് നേരിട്ട് ഇടപെടാനുള്ള സംവിധാനമില്ല.

**സാധ്യതകൾ**

1. പൊതുകിണറുകൾ ജനകീയ പങ്കാളിത്തത്തോടെ അറ്റകുറ്റപ്പണികൽ നടത്തുകയും സംരക്ഷിക്കുകയം ചെയ്യുക.

2. കുഴൽക്കിണറുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഭൂഗർഭജല വകുപ്പിന്റെ സഹായം തേടുക.

3. ഭൂഗർഭജല സ്രോതസ്സുകളെപ്പറ്റി പഠനം നടത്തുവാൻ തൊട്ടടുത്ത ഗവേഷണ കേന്ദ്രമായ CWRDMലെ ശാസ്ത്രജ്ഞന്മാരുടെസഹായത്തോടെ ജനകീയ തലത്തിൽ പഠനം നടത്തുക.

4. ഗ്രാമസഭകളുടെ നേതൃത്വത്തിൽ ജല ദുരുപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുക.

5. ARWSS മുക്കം സ്കീമിന്റെ നിലവിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് പുതിയ രണ്ട് 50 HP മോട്ടോറുകൾ സ്ഥാപിക്കുക, പമ്പ് ഹൗസിന് മാത്രം ട്രാൻസ്ഫോർമർ സ്ഥാപിക്കുക, പമ്പിംഗ് മെയിൻമാറ്റി സ്ഥാപിക്കുക, വിതരണ ശൃംഖലയിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.

6. പ്രവർത്തി നടന്നുകൊണ്ടിരിക്കുന്ന KWA പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക.

7. കുന്നിൻചെരുവുകളിലും മറ്റ് സ്ഥലങ്ങളിലും മഴക്കാലത്ത് കുഴികൾ കഴിച്ചും, തടയണകൾ നിർമ്മിച്ചും ജലം സംഭരിക്കേണ്ട ആവിശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുക.

8. വയലേലകൾ മണ്ണിട്ടു നികത്തുന്നതും കുളങ്ങൾ തൂർക്കുന്നതും കർശനമായി തടയാനുള്ള പദ്ധതികൾ ജനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുക.

9. KWAയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള ഓഫീസിന്റെപ്രവർത്തനമേഖല വികേന്ദ്രീകരിക്കുക.

**ദീർഘകാല സാദ്ധ്യതകൾ**

1. പഞ്ചായത്തിലെ 3,4,5,6,7 എന്നീ വാർഡുകൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിന് ദീർഘകാല പദ്ധതി നിർദ്ദേശിക്കുന്നു.

പ്രസ്തുത പദ്ധതി പ്രകാരം ചേന്ദമംഗല്ലൂരിലെ തെയ്യത്തുംകടവിൽ ഒരു കിണറും പമ്പ്ഹൗസും സ്ഥാപിച്ച് ചേന്ദമംഗല്ലൂർ ഹൈസ്കൂൾ കുന്നിൽ 1,25,000 ലിറ്റർ കപ്പാസിറ്റിയുള്ള ഒരു ഓവർഹെഡ് ടാങ്ക് സ്ഥാപിച്ച് അതിലേക്ക് പമ്പ് ചെയ്ത് സഭരിച്ച് വിതരണം ചെയ്യാവുന്നതാണ്. ഇതിന് ഉദ്ദേശം 50,00000 രൂപ ചെലവുവരും, ഇതിൽ മൂന്നിൽ ഒരുഭാഗം ജനകീയ പങ്കാളിത്തത്തോടെ 3,4,5,6,7 എന്നീ വാർഡുകളിൽ നിന്നും കുടിനീർ നിധിയായും മനുഷ്യാദ്ധ്വാനമായും സമാഹരിക്കാവുന്നതാണ്.

2. 2,8,9,10 എന്നീ വാർഡുകൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിന് അഗസ്ത്യൻ മുഴി കടവിനു സമീപംകിണറും പമ്പ് ഹൗസും സ്ഥാപിച്ച് തടപ്പറമ്പ് കുന്നിൽ ഒരുലക്ഷം ലിറ്റർ ശേഷിയുള്ള ഒരു ഓവർഹെഡ് ടാങ്ക് സ്ഥാപിച്ച് അതിലേക്ക് പമ്പ് ചെയ്ത് സംഭരിച്ച് വിതരണം ചെയ്യാവുന്നതാണ്.

11,12 വാർഡുകളിലേക്ക് കൂടെ ആവശ്യമെങ്കിൽ ഈ പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിന് ഉദ്ദേശം 40 ലക്ഷത്തോളം രൂപ ചെലവുവരുന്നതാണ്, ഇതിൽ മൂന്നിൽ ഒരു ഭാഗം ജനകീയ പങ്കാളിത്തത്തോടെ 2,8,9,10 എന്നീ വാർഡുകളിൽ നിന്നും കുടിനീർ നിധിയായചി മനുഷ്യാദ്ധ്വാനമായും സമാഹരിക്കാവന്നതാണ്.

മേൽപ്പറഞ്ഞ പ്രശ്നങ്ങളും, സാദ്ധ്യതകളും, നിർദ്ദേശങ്ങളും പദ്ധതികളും ജനകീയ തലത്തിൽ ചർച്ച ചെയ്ത് ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുകയാണെങ്കിൽ മുക്കം പഞ്ചായത്തിന്റെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കാൻ കഴിയുന്നതാണ്.



5.5

# വ്യവസായം

വ്യാവസായികമായി വളരെയധികം പിന്നോക്കവസ്ഥയിൽ നിൽക്കുന്നതാണ് മുക്കം ഗ്രാമപഞ്ചായത്ത്. വ്യവസായിക സംരംഭത്തിന് കൂട്ടായ്മയിലൂടെ പരിശ്രമിച്ചാൽ മാത്രമേ അല്പമെങ്കിലും ഈ മേഖലയിൽ വികസനത്തിന് തുടക്കംകുറിക്കുവാൻ കഴിയുകയുള്ളൂ. ഇക്കാലത്ത് വ്യവസായം നടത്തുക എന്നത് ഒറ്റപ്പെട്ട വ്യക്തികളുടെ ആഗ്രഹാഭിലാഷങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനത്തിൽ പരിമിതപ്പെട്ടിരിക്കുന്നു.

വ്യാവസായികവികസനം, വ്യവസായസംരംഭത്തിന് തുടക്കം എന്നത് ഒറ്റപ്പെട്ട വ്യക്തികളുടെ പ്രവർത്തനത്തിലൊതുക്കാതെ പഞ്ചായത്തിന്റെ അല്ലെങ്കിൽ നമ്മുടെ നാടിന്റെ കടമയായി മാറേണ്ടതുണ്ട്. കാരണം വ്യാവസായിക മേഖലയിലെ വളർച്ച സാമ്പത്തിക മേഖലയുടെ വളർച്ചയാണ് - സാമ്പത്തിക മേഖലയുടെ പുരോഗതി നമ്മുടെ പുരോഗതിയാണ്. ഈ വീക്ഷണത്തിലൂടെ കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ വ്യാവസായിക മേഖലയിൽ ചലനങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ.

വ്യാവസായിക പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാൻ പഞ്ചായത്ത്തലത്തിൽ ദ്വിതീയ വിവരശേഖരം ലഭ്യമല്ല. പഠന പര്യടനത്തിന്റെയും വിവരദായകരിൽ നിന്ന് ലഭിക്കുന്ന വിവരത്തെയും അടിസ്ഥാനമാക്കി ഗുണകരമായ വിശകലനം നടത്തുവാൻ മാത്രമേ കഴിയുന്നുള്ളൂ.

പഞ്ചായത്തിൽ വ്യവസായമേഖലയിൽ പൊതുവെ ചെറുകിട വ്യവസായങ്ങൾ മാത്രമേ എടുത്തുപറയാനുള്ളൂ. ഇടക്കാലത്ത് നിന്നുപോയ മാമ്പറ്റയിലെ ഇഷ്ടിക ഫാക്ടറി പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. പ്രധാനമായും ഓട്ടോ മോബൈലും അനുബന്ധവ്യവസായങ്ങളുമാണ് കാണപ്പെടുന്നത്. ഫാബ്രിക്കേഷൻ ഇൻഡസ്ട്രി, റബ്ബർ റോളർ നിർമ്മാണം എന്നീ മേഖലകളിലാണ് മെച്ചപ്പെട്ടതായി കാണുന്നത്. ഓട്ടോമോബൈൽ വ്യവസായങ്ങളാണു പൊതുവെ എണ്ണത്തിൽ വർദ്ധിക്കുന്നത് ഈ മേഖലയിൽ ഒട്ടേറെ സാധ്യതകൾ ഇനിയുമുണ്ട്. നിലവിലുള്ള ഓട്ടോമോബൈൽ വ്യവസായങ്ങൾ എല്ലാംതന്നെ സ്വകാര്യ മേഖലയിലാണ്. സഹകരണമേഖലയിലോ പൊതുമേഖലയിലോ. ഓട്ടോമോബൈൽ വ്യവസായങ്ങൾ ആരംഭിക്കാൻ കൂട്ടായ പരിശ്രമം നടത്തിയാൽ വിജയിക്കാൻ സാധ്യതയുണ്ട്.

മണാശ്ശേരിയിലെ കുന്ദമംഗലം പ്രിന്റിംഗ് വ്യവസായസഹകരണ സംഘം മാമ്പറ്റയിലെ വനിതാ വ്യവസായ സഹകരണസംഘം എന്നിവ മാത്രമാണ് പഞ്ചായത്തിൽ എടുത്തുപറയാവുന്ന സഹകരണ മേഖലയിലെ വ്യവസായങ്ങൾ ഓയിൽ ഏന്റ് ഫ്ളോർ മില്ല്, തീപ്പെട്ടി, ഈർച്ചമില്ലുകൾ, ഹോളോബ്രിക്സ് നിർമ്മാണം, സോഡാ, ബേക്കറി, ഫർണിച്ചർ നിർമ്മാണം എന്നിവയാണ് നാമമാത്രമായ മറ്റു വ്യവസായങ്ങൾ.

പപ്പട നിർമ്മാണം, ആയുർവേദ മരുന്ന് നിർമ്മാണം, നീറ്റുകക്ക, മൺപാത്രനിർമ്മാണം ഖാദിമേഖലയിലെ നൂൽനൂൽപ്പ് വ്യവസായം എന്നിവയാണ് പരമ്പരാഗത കുടിൽ വ്യവസായങ്ങൾ.

അച്ചാർ നിർമ്മാണം, റെഡിമെയ്ഡ് നിർമ്മാണം എന്നിവയേ വനിതകളുടെ നേതൃത്വത്തിൽ നടക്കുന്ന വ്യവസായങ്ങൾ ഉള്ളൂ.

വനിതകൾക്ക് നമ്മുടെ പഞ്ചായത്തിൽ ചെറുകിട വ്യവസായസംരംഭത്തിന് അനുകൂല സാഹചര്യങ്ങളുണ്ട്. വനിതകളുടെ പങ്കാളിത്തം ഉറപ്പാക്കാനും വ്യവസായ സാരംഭത്തിന് പ്രോത്സാഹജനകമായ നിർദ്ദേശ

**പട്ടിക 1**

വിവിധ വ്യവസായമേഖലകൾ

ചെറുകിട

| ഇനം | എണ്ണം | തൊഴിലാളികളുടെ എണ്ണം | | | ഉടമസ്ഥത |
|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | |
| ഫാബ്രിക്കേഷൻ ഇൻഡസ്ട്രീസ് | 8 | 36 | – | 36 | സ്വകാര്യം |
| റബ്ബർ റോളിംഗ് നിർമ്മാണം | 3 | 14 | – | 14 | ,, |
| ഓട്ടോ മോബൈൽ അനുബന്ധം | 11 | 63 | – | 63 | ,, |
| | 22 | 113 | | 113 | |
| ആകെ | | | | | |

വിവരശേഖരണം: പഞ്ചായത്ത് ലൈസൻസിക്ക് രജിസ്റ്റർ,

ങ്ങൾ നൽകി. മൂലധന സ്രോതസ്സുകളെ പറ്റിയുള്ള ബോധവല്ക്കരണം നൽകലും അനിവാര്യമാണ്.

പഞ്ചായത്തിലെ വിവിധവ്യവസായ മേഖലകളും തൊഴിലാളികളും എണ്ണവും.

വിവിധ മേഖലകളിലെ വ്യവസായങ്ങളിൽ ജോലി ചെയ്യുന്നവരെ പരിശോധിക്കുമ്പോൾ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. അതുപോലെതന്നെ പരമ്പരാഗത കുടിൽവ്യവസായങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഈ മേഖലയിൽ മൺപാത്രനിർമ്മാണ തൊഴിലാളികൾ കടുത്ത ദാരിദ്ര്യം അനുഭവപ്പെടുന്നു.

ചെറുകിട വ്യവസായ പദ്ധതികളെ പറ്റിയുള്ള സാധ്യതയെക്കുറിച്ചും, ബോധവല്ക്കരണത്തിന്റെ അഭാവം, മൂലധനസ്രോതസ്സുകളെകുറിച്ചുള്ള അജ്ഞത, സാങ്കേതിക രംഗത്തെ വൈഷമ്യങ്ങൾ എന്നിവ വ്യാവസായ മേഖലയിൽ യുവാക്കളും യുവതികളും രംഗത്തേക്ക് വരാതിരിക്കാൻ കാരണമാകുന്നുണ്ട്.

**പട്ടിക 2**

പരമ്പരാഗതം

| ഇനം | എണ്ണം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | ആൺ | പെൺ | ആകെ |
| പപ്പട നർമ്മണം | 4 | 12 | 6 | 18 |
| ആയുർവേദ മരുന്ന് നിർമ്മാണം | 1 | 2 | 2 | 4 |
| നീറ്റുകക്ക നിർമ്മാണം | 1 | 2 | 1 | 3 |
| ഖാദി നൂൽനൂല്പ് | 1 | – | 9 | 9 |
| മൺപാത്ര നിർമ്മാണം | 12 | 27 | 9 | 36 |
| ഹുക്ക വ്യവസായം | 1 | 8 | 4 | 12 |
| ആകെ | 20 | 51 | 31 | 82 |

അവലംബം: വിവരദായകർ

### പട്ടിക 3

മറ്റു വ്യവസായങ്ങൾ

| ഇനം | എണ്ണം | തൊഴിലാളികളുടെ എണ്ണം | | | ഉടമസ്ഥത | |
|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | സഹകരണം | സ്വകാര്യം |
| പ്രന്റിംഗ് | 7 | 10 | 18 | 28 | 1 | 6 |
| ഓയിൽ+ഫ്ളോർമിൽ | 13 | 26 | 3 | 29 | – | 13 |
| തീപ്പെട്ടി | 3 | 6 | 20 | 26 | – | 3 |
| ഈർച്ചമിൽ | 5 | 31 | – | 31 | – | 3 |
| ഹോളോബ്രിക്സ് | 2 | 7 | – | 7 | – | 2 |
| സോഡാനിർമ്മാണം | 2 | 2 | – | 2 | – | 2 |
| കറിപൗഡർനിർമ്മാണം | 1 | 1 | 1 | 2 | – | 1 |
| യന്ത്രവത്കൃത ഫർണിച്ചർ നിർമ്മാണം | 4 | 18 | – | 18 | – | 4 |
| ആകെ | 37 | 101 | 42 | 143 | 1 | 34 |

അവലംബം: വിവരദായകർ

മറ്റു വ്യവസായങ്ങളിൽ ഓയിൽ മില്ലുകളാണ് കൂടുതലായി കാണുന്നത്. പതിമൂന്ന് ഓയിൽ മില്ലുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

സഹകരണ മേഖലയിൽ വനിതകളുടെ നേതൃത്വത്തിലുള്ള അച്ചാർ നിർമ്മാണം, റെഡിമെയ്ഡ് നിർമ്മാണം എന്നിവക്ക് വിപണി സാധ്യതകൾ വർധിപ്പിക്കുവാൻ പരിശ്രമിക്കണം

**വിവിധ മേഖലകളിലെ കൂലിനിരക്ക്**

മുകളിൽ പറഞ്ഞ കൂലിനിരക്ക് ശരാശരി നിലവാരത്തിലുള്ളതാണ് എല്ലാ മേഖലകളിലും പൊതുവെ സ്ത്രീകളുടെ നിരക്ക് കുറവാണ് എന്ന് വിവരദായകരിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നു. മറ്റു ഒട്ടനവധി വ്യവസായങ്ങളെല്ലാം സ്വയം തൊഴിൽ രൂപത്തിലാണ്. ഉദ:- സോഡാ മൺപാത്രനിർമ്മാണം തുടങ്ങിയവ. പൊതുവെ ഈർച്ചമില്ല് ഓയിൽമില്ല് മേഖലകളിലാണ് മെച്ചപ്പെട്ട കൂലിനിരക്കും ജോലിലഭ്യതയും കണ്ടുവരുന്നത്.

നടപ്പു പദ്ധതികളെ പറ്റി അജ്ഞരാണ് നമ്മുടെ യുവാക്കൾ. വിരലിലെണ്ണാവുന്നവരാണ് നടപ്പുപദ്ധതികൾ ഉപയോഗപ്പെടുത്തിയത്. ഇവരെ പ്രോത്സാഹജന

### പട്ടിക 4

വിവിധ മേഖലകളിലെ കൂലിനിരക്ക്

| ഇനം | കൂലി |
|---|---|
| ഫർണിച്ചർ | 100രൂപ മുതൽ 150വരെ |
| ഈർച്ചമിൽ | 100-125 |
| അച്ചടി | 30-60 |
| അച്ചാർ | 20-30 |
| ആയുർവേദ മരുന്ന് നിർമാണം | 30-40 |
| ഓയിൽ ഫ്ളോർമില്ല് | 50-60 |
| പപ്പടം | 75-100 |
| ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ് | 30-100 |
| കല്ല് വെട്ട് | 60-120 |
| ഫാബ്രിക്കേഷൻ വ്യവസായം | 50-100 |
| റബ്ബർ റോളർ | 50-100 |
| തീപ്പെട്ടി | 15-40 |
| ഹോളോബ്രിക്സ് | 70-100 |

(അവലംബം: പഠനപര്യടനം, മുഖ്യവിവരദായകർ)

കമായ നിർദ്ദേശങ്ങളും ആത്മധൈര്യവും നല്കി വ്യവ സായ മേഖലയിൽ സഹായിക്കണം.

**അസംസ്കൃത പദാർത്ഥങ്ങൾ**

31.28 ച.കി.മീ വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിൽ നല്ലൊര ശതമാനം കൃഷിഭൂമിയാണ്. നാളികേരം അടയ്ക്ക നേന്ത്രവാഴ കശുവണ്ടി റബ്ബർ എന്നിവ പഞ്ചായത്തിൽ സുലമാണ്.

ഇവ ഉപയോഗിച്ചുള്ള വ്യവസായസ്ഥാപനങ്ങൾ ഇല്ലെന്ന് തന്നെ പറയാം.

**പ്രശ്നങ്ങൾ**

കാർഷികോത്പന്നങ്ങളുടെ ലഭ്യത കണക്കിലെടുത്തുകൊണ്ടുള്ള വ്യവസായ കേന്ദ്രങ്ങളോ വിപണിയോ ഇല്ല.

യുവാക്കളെയും യുവതികളെയും വ്യവസായരംഗത്തേക്ക് ആകർഷിച്ച് അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനങ്ങളില്ല.

തൊഴിൽ പരമായുംസാമൂഹ്യമായും പിന്നോക്കം നില്ക്കുന്ന മൺപാത്ര നിർമ്മാണതൊഴിലാളികളെ സംരക്ഷിക്കുവാൻ പദ്ധതികളൊന്നും പഞ്ചായത്ത് തലത്തിൽ ഇല്ല.

പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽ പെട്ടവരെവ്യവസായ മേഖലകളിലേക്ക് കൊണ്ടുവരുവാനോ അവരുടെ ക്ഷേമപദ്ധതികളെപ്പറ്റി ബോധ്യപ്പെടുത്താനോ കഴിയുന്നില്ല.

വ്യവസായ സംരംഭകരെ കണ്ടെത്താൻ കഴിയാനോ അവർക്ക് നിർദ്ദേശവും പരിശീലനവും നല്കാനോ സംവിധാനമില്ല.

നടപ്പു പദ്ധതികളെ പറ്റി ചർച്ച ചെയ്യുവാൻ വേദികളില്ല.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ പഞ്ചായത്ത് തലത്തിലുള്ള കൂട്ടായ്മയുടെ അഭാവം.

**പരിഹാര നിർദ്ദേശങ്ങളും സാധ്യതകളും**

കൃഷിഭവനിലെ രേഖയനുസരിച്ച് പഞ്ചായത്തിൽ 1512 ഹെക്ടറിൽ തെങ്ങുകൃഷിയുണ്ട്. 694000 നാളികേരം വർഷംപ്രതി ഉല്പാദിപ്പിക്കുന്ന 25 ഹെക്ടറിൽ നടക്കുന്ന വാഴകൃഷിയിൽ നിന്നും 6v75 മെട്രിക് ടൺ കായയും ഉല്പാദിപ്പിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കാർഷികോത്പന്നങ്ങളുടെ ലഭ്യത കണക്കിലെടുത്തുകൊണ്ടുള്ള വ്യവസായങ്ങൾക്ക് സാധ്യതയേറെയാണ് തെങ്ങിന്റെ മുഴുവൻ ഭാഗങ്ങളും വ്യവസായങ്ങൾക്ക് ഉപയോഗിക്കാം. നാളികേര സംസ്ക്കരണ യൂണിറ്റും മാർക്കറ്റിംഗ് സാധ്യതയും പരിശോധിക്കണം. വാഴനാര്, വാഴ തുടങ്ങിയവ ആസ്പദമാക്കി വ്യവസായ സാധ്യതയുണ്ട്. കാർഷികോത്പന്നങ്ങളുടെ ഉല്പാദനവും വിപണി സാധ്യതയും ബോധ്യപ്പെടുത്തണം.

വനിതകളുടെ തൊഴിൽ സാധ്യത ലക്ഷ്യമാക്കിക്കൊണ്ടുള്ള ഇലക്ട്രോണിക്സ് അസംബ്ലിങ്ങ് യൂണിറ്റുകൾക്ക് സാധ്യതയുണ്ട്. RECയിലെ Centre for Electronics Development and Technology (CEDT) എന്ന സ്ഥാപനത്തിൽ നിന്ന് ഇതിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കാം.

Emergency light, Fanregulator Common PCB Inventors എന്നിവ പ്രധാന ഉല്പന്നങ്ങളാക്കാം.

പഞ്ചായത്ത് തലത്തിൽ വ്യവസായ വികസന സമിതി രൂപീകരിക്കുക. വ്യവസായ സംരംഭകരുടെ രജിസ്ട്രേഷൻ നടത്തുക. വ്യവസായ പദ്ധതികളെപ്പറ്റി സെമിനാർ സംഘടിപ്പിക്കുക.

കേരളസോപ്സ് & ഓയിൽസുമായി ബന്ധപ്പെട്ട് വനിതകൾക്ക് സഹകരണ മേഖലയിൽ സോപ്പ്ബെയ് നിർമ്മാണ സാധ്യത പഠിക്കണം.

സഹകരണ മേഖലയിൽ മൺപാത്രനിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക. പുകയില്ലാത്ത അടുപ്പുകൾ, മോൾഡ് നിർമ്മാണം എന്നിവയ്ക്ക് സാധ്യതയുണ്ട്.

ചേന്ദമംഗല്ലൂരിൽ നിന്ന് വന്ന നിർദ്ദേശമായ മിനറൽ വാട്ടർ പ്ലാന്റ് സംബന്ധിച്ച് സാധ്യത പരിശോധിക്കണം.

വേസ്റ്റ് പേപ്പർ റീപ്രോസസ്സിംഗ് യൂണിറ്റ് ഖാദി ബോർഡിന്റെ സാങ്കേതിക സഹായത്തോടെ ആരംഭിക്കാം. കവറുകൾ, പാക്കിംഗ് കെയ്സുകൾ എന്നിവ നിർമ്മിക്കാം. പരിസര മലിനീകരണം സൃഷ്ടിക്കുന്ന പ്ലാസ്റ്റിക് പാക്കിംഗ് ഉല്പന്നങ്ങൾക്ക് പകരമായി ഉപയോഗിക്കാം. 30 പേർക്ക് തൊഴിൽ സാധ്യതയുണ്ട്.

7-ാം വാർഡിൽ വെസ്റ്റ് മാമ്പറ്റക്കടുത്ത് ചെറുതടം നെടുമങ്ങാട് പ്രദേശം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് യോജിച്ച ഭൗതിക സാഹചര്യം (വൈദ്യുതി-ഗതാഗതം-ജലം) ഉണ്ട്.

DWCRA-SSI എന്നിവയുടെ പ്രവർത്തനം. പഞ്ചായത്ത് തലത്തിൽ വ്യാപകമാക്കണം.

അഗസ്ത്യൻ മുഴി-മുക്കം കേന്ദ്രമാക്കി വർദ്ധിച്ച് വരുന്ന വാഹനപ്പെരുപ്പം കണക്കിലെടുത്ത് ആധുനിക രീതിയി

ലുള്ള ഓട്ടോമോബൈൽ എഞ്ചിനീയറിംഗ് യൂണിറ്റും സ്പെയർ പാർട്സ് വിപണന കേന്ദ്രവും സ്ഥാപിക്കാൻ സാധ്യതകളേറെയുണ്ട്.

കുറ്റിമുല്ല-ഓർക്കിഡ്-കൂൻ എന്നീ കാർഷികോല്പന്നവ്യവസായ കേന്ദ്രം സ്ഥാപിക്കാനാവശ്യമായ പ്രോത്സാഹനം ലഭിച്ചാൽ വിപണി സാധ്യതയും തൊഴിൽ സാധ്യതയും ഉണ്ട്. കൃഷിഭവന്റെ സഹായസഹകരണങ്ങൾ ലഭിക്കുകയും ചെയ്യും.

ചേന്ദമംഗല്ലൂർ കേന്ദ്രമാക്കി ഡൈമൻ കട്ടിംഗ് യൂനിറ്റിന്റെ സാധ്യതയെപ്പറ്റി വിശദമായ പഠനത്തിന് വിധേയമാക്കണം.

**ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങളും സാധ്യതകളും**

- രാജീവ് ദശലക്ഷം കോളനിയിൽ മെറ്റൽ നിർമ്മാണം
- സിമന്റു കട്ട, ഫർണിച്ചർ, കരകൗശല വസ്തു നിർമ്മാണം
- LPG യൂണിറ്റുകൾ സ്ഥാപിക്കുക
- കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ
- കമ്പ്യൂട്ടർ അസംബ്ലിങ്ങ് എഞ്ചിനീയറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക
- ലെതർ വർക്സ് ഉല്പനങ്ങളുടെ നിർമ്മാണം
- റെഡിമെയ്ഡ്, അച്ചാർ നിർമ്മാണം, കുറ്റിമുല്ല, മെഴുകുതിരി ഫ്ളോർമില്ല്.
- കന്നുകാലി തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക
- സോപ്പ് നിർമ്മാണം-കുടനിർമ്മാണം-തീപ്പെട്ടി വ്യവസായം

**സാധ്യതകൾ**

- പഞ്ചായത്ത് തലത്തിൽ വ്യവസായ വികസനസമിതിക്ക് രൂപം കൊടുക്കുക
- വ്യവസായ സംരംഭകരുടെ രജിസ്ട്രേഷൻ നടത്തുക
- ചെറുകിട വ്യവസായ രംഗത്തെ സാധ്യതകളെ പറ്റി ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ബോധവല്ക്കരണം നടത്തണം.
- വനിതകൾക്കായി സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങളാരംഭിക്കുവാൻ പ്രോത്സാഹജനകമായ നിർദ്ദേശങ്ങളും മൂലധന സ്രോതസ്സുകൾ ലഭിക്കുവാൻ വിവിധ പദ്ധതികളെപ്പറ്റി ബോധവല്ക്കരണം നടത്തുക.
- ഖാദി ബോർഡ് വ്യവസായം, ചെറുകിടവ്യവസായം, ജില്ലാ വ്യവസായ കേന്ദ്രം എന്നിവരുടെ സഹായസഹകരണം ലഭ്യമാക്കുക.

**പരിഹാരങ്ങൾ**

- ഗ്രാമവ്യവസായങ്ങൾക്കും അവയുടെ ഉല്പന്നങ്ങൾക്കും സമൂഹത്തിൽ താല്പര്യം ജനിപ്പിക്കുക.
- ചെറുകിട വ്യവസായത്തിനുള്ള സാമ്പത്തികസഹായ വിതരണം സ്വയം തൊഴിൽ പദ്ധതികൾക്ക് സഹായം നല്കുക.
- എസ്.എസ്.ഐ.യൂണിറ്റുകളുടെ രജിസ്ട്രേഷനു വേണ്ടസഹായസഹകരണങ്ങൾ നല്കുക.
- പട്ടികജാതി/പട്ടികവർഗ്ഗ ഉന്നമനത്തിന് വിവിധപദ്ധതികളെ ഉപയോഗപ്പെടുത്തുക.
- കന്നുകാലിതീറ്റ നിർമ്മാണയൂനിറ്റും സ്ഥാപിക്കുവാൻ 7-ാം വാർഡിൽ സ്ഥലസൗകര്യവും ഗതാഗതം വൈദ്യുതി, ജലം എന്നിവക്കുള്ള സാധ്യതയെപ്പറ്റിയും വിപണിയെപ്പറ്റിയും പഠനവിധേയമാക്കുക
- ചേന്ദമംഗല്ലൂരിൽ വൻമൂലധനം മുടക്കി കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് അസംബ്ലിങ് യൂണിറ്റ് സ്ഥാപിക്കുവാൻ വിപണി സാധ്യതയെപ്പറ്റി വിദഗ്ദപഠനം ആവശ്യമാണ്.
- ഗൾഫ് മലയാളികളുടെ സഹകരണത്തോടെ വ്യവസായങ്ങളാരംഭിക്കുവാൻ ശ്രമം നടത്തണം.
- വൻകിട വ്യവസായങ്ങളാരംഭിക്കുവാൻ മൂലധന സ്രോതസ്സുള്ള ചേന്ദമംഗല്ലൂരിൽ ജില്ലാതല വ്യവസായം തുടങ്ങാൻ ജില്ലാ പഞ്ചായത്തിനോട് ജില്ലാ വ്യവസായ കേന്ദ്രത്തിനോടം ആവശ്യപ്പെടുക.
- കയർഫെഡിന്റെ ഡിഫൈബറിംഗ് യൂണിറ്റ് സ്ഥാപിക്കുമ്പോൾ പഞ്ചായത്തിലെ തൊഴിലാളികൾക്ക് മുൻഗണന നല്കേണ്ടതാണ്.
- കശുവണ്ടിയധിഷ്ഠിത വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്.
- നാളികേര സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുവാൻ സ്ഥലം ലഭ്യതയുണ്ട്.



# 5.6

# ഊർജ്ജം

# ഗതാഗതം

### ഊർജ്ജം

വൈദ്യുതിയും വൈദ്യുതേതര ഊർജ്ജസ്രോതസ്സുകളായ വിറക് , മണ്ണെണ്ണ, പാചകവാതകം, എണ്ണ തുടങ്ങിയവയുമാണ് പഞ്ചായത്തിൽ പ്രധാനമായും ലഭിച്ചു വരുന്ന ഊർജ്ജസ്രോതസ്സുകൾ.

ഊർജ്ജദരിദ്രരായ നമ്മുടെ സംസ്ഥാനത്തിന്റെ ഊർജ്ജക്കമ്മി പരിഹരിക്കുമ്പോൾ മാത്രമേ നമ്മുടെ പഞ്ചായത്തിൽ പരിപൂർണ്ണമായ വൈദ്യുതിവൽക്കരണം നടക്കുകയുള്ളൂ എങ്കിലും കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽപ്പെടുന്ന വൈദ്യുതി വിതരണം, ഗാർഹികമേഖലകളിലെ ഊർജ്ജസംരക്ഷണം, വിറക്, വിറകുൽപ്പന്നങ്ങൾ , കാർഷികാവശിഷ്ടങ്ങൾ മറ്റു ജൈവസ്രോതസ്സുകൾ എന്നിവ ജനകീയ പങ്കാളിത്തത്തിലൂടെയും ശാസ്ത്രീയ മാനേജ്മെന്റ് എന്നിവയിലൂടെയും നമുക്ക് ഊർജ്ജമേഖലയിൽ മുന്നോട്ടു പോകുവാൻ കഴിയേണ്ടത് അനിവാര്യമാണ്.

ഊർജ്ജമേഖലയിൽ ഇന്നുവരെ നടന്ന പ്രവർത്തനങ്ങളെല്ലാം തന്നെ കേന്ദ്രീകൃതആസൂത്രണത്തിലായിരുന്നുവെന്ന് മനസിലാക്കാം. കൂടാതെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് ഇടപെടുവാനോ, ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനോ കഴിയുന്നില്ല. വൈദ്യുതി വാണിജ്യാധിഷ്ഠിതവും ലഭ്യതയെ മാത്രം ആശ്രയിക്കുക, ഉപഭോഗം കൂട്ടുക എന്നീ കാര്യങ്ങളിൽ പരിമിതപ്പെടുന്നതായി കാണാം. കാര്യക്ഷമത വർദ്ധിപ്പിക്കുക, പാഴ്ചിലവുകൾ കുറയ്ക്കുക. ദുരുപയോഗം തടയുക ഊർജ്ജപ്രേഷണം നഷ്ടം, കുറയ്ക്കുക, മണ്ണെണ്ണ, ഗ്യാസ്സ്, തുടങ്ങിയവയുടെ ഉപഭോഗം കുറയ്ക്കുക, വ്യാവസായിക മേഖലയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനാവശ്യമായ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുവാനുള്ള ശ്രമങ്ങൾ, ദക്ഷത കൂടിയ അടുപ്പുകളുടെ വ്യാപനം തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ജനകീയ തലത്തിൽ രൂപം കൊടുത്ത് ഊർജ്ജസ്രോതസ്സുകളുടെ ലഭ്യതയുംസംരക്ഷണവും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

ചെറുകിടവും വൻകിടവുമായ വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും വളരുന്നതിനും ഏറ്റവും അനിവാര്യഘടകമായ ഊർജ്ജലഭ്യതയെ വർദ്ധിപ്പിക്കുമ്പോൾ മാത്രമേ തൊഴിലില്ലായ്മക്ക് അല്പമെങ്കിലും പരിഹാരം കാണുവാൻ കഴിയുകയുള്ളൂ. ഇതിന്റെയൊക്കെയടിസ്ഥാനത്തിൽ ഊർജ്ജലഭ്യത വർദ്ധിപ്പിക്കുവാൻ ആവശ്യമായ കർമ്മപരിപാടികൾ ജനകീയതലത്തിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 1961 കാലഘട്ടത്തിൽ ചേന്ദമംഗല്ലൂരിലാണ് ആദ്യമായി വൈദ്യുതി എത്തിയത് താമരശ്ശേരി, കുറ്റിക്കാട്ടൂർ, അമ്പലപ്പറമ്പ് എന്നീ മൂന്ന് (66KV) സബ്സ്റ്റേഷനുകളിൽ നിന്നാണ് വൈദ്യുതി ലഭിക്കുന്നത്. 1991 ലെ സെൻസസ്സ് റിപ്പോർട്ടു പ്രകാരം 30,338 ജനസംഖ്യയുള്ള ഈ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിയല്ല എന്നുള്ളത് വൈദ്യുതി ബോർഡിന്റെ ഗാർഹികമേഖലയിലെ കണക്ഷൻ രേഖയിൽ നിന്ന് മനസ്സിലാക്കാം. (പട്ടിക-1)

വൈദ്യുതി കണക്ഷൻ നൽകിയത് (1-3-1996വരെ)

സൂചന: അവലംബം: സ്ഥിതിവിവരശേഖരണം KSEB മുക്കം-തിരുവമ്പാടി- കുന്ദമംഗലം

നിലവിലുള്ള കണക്ഷനുകൾക്ക് വൈദ്യുതി വിതരണം ചെയ്യുവാൻ 11,000KW വേണ്ട സ്ഥാനത്ത് ഇപ്പോൾ ലഭ്യമാകുന്നത് 8,000KW ആണ്.

വൈദ്യുതി കണക്ഷൻ പട്ടിക പരിശോധിക്കുമ്പോൾ

**പട്ടിക 1**

ഉപഭോക്താക്കൾ 1.3.96

| | മേഖല | എണ്ണം | ശതമാനം |
|---|---|---|---|
| 1 | ഗാർഹികം | 3183 | 83.81 |
| 2 | വ്യാപാരം | 325 | 8.6 |
| 3 | വ്യാവസായം | 74 | 2 |
| 4 | കാർഷികം | 215 | 5.6 |
| | ആകെ | 3797 | |

സൂചന: അവലംബം: സ്ഥിതിവിവരശേഖരണം കെ.എസ്.ഇ.ബി മുക്കം. തിരുവമ്പാടി കുന്ദമംഗലം ഓഫീസുകൾ

ലഭ്യമാകുന്ന വൈദ്യുതി ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്നത് ഗാർഹിക മേഖലയിലാണ് എന്ന് കാണാം. ആകെ 3797 കണക്ഷനുകളാണ് ഗാർഹികം, വ്യാപാരം, വ്യവസായം, കാർഷികം, എന്നീ മേഖലയിൽ നൽകുന്നത്. ഇതിൽ നിന്നും പഞ്ചായത്തിലെ വ്യാവസായിക വളർച്ച എത്രയുണ്ടെന്ന് മനസ്സിലാക്കാം.

പണം അടച്ച് കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ളവർ ഇനിയും ധാരാളം പേർ നമ്മുടെ പഞ്ചായത്തിലുണ്ട്.

**പട്ടിക 2**

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവർ

| | വിഭാഗം | എണ്ണം |
|---|---|---|
| 1 | ഓർഡിനറി | 157 |
| 2 | ഒ.ട്ടി.പി | 18 |
| 3 | ഒ.വൈ.ഇ.സി | 82 |
| | ആകെ | 257 |

അവലംബം: കെ.എസ്.ഇ.ബി.മുക്കം

ഇതുവരെ കൊടുത്തുതീർത്ത കണക്ഷനും കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരും ചേർത്താലും (പട്ടിക-1,2) നല്ലൊരു ശതമാനം വീട്ടുകാർക്ക് വൈദ്യുതി ലഭിച്ചിട്ടില്ല എന്നു മനസ്സിലാക്കാം.

ഇനി നമുക്ക് വൈദ്യുതി ലഭിച്ച ഉപഭോക്താക്കളെ പരിശോധിക്കുമ്പോൾ സമൂഹത്തിലെ ദുർബ്ബലരും നിർധനരും തിങ്ങിപ്പാർക്കുന്ന ഹരിജൻ കോളനികളിൽ പകുതിയിലധികവും വൈദ്യുതി എത്തിയിട്ടില്ല എന്നു ബോധ്യമാകും. (പട്ടിക 3)

ആകെയുള്ള 16 ഹരിജൻ കോളനികളിൽ 5 കോളനികളിൽ മാത്രമേ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളൂ. 4 സെന്റ് കോളനി , ലക്ഷം വീടുകോളനി, രാജീവ് ദശലക്ഷം കോളനി ആദിവാസി കോളനി, വേനപ്പാറ എന്നിവിടങ്ങളിലെ സ്ഥിതി പരിശോധിക്കുമ്പോൾ ദുർബ്ബല വിഭാഗങ്ങളിൽ വൈദ്യുതി ലഭിക്കാത്തവരുടെ എണ്ണം വളരെ കൂടുതലാണ് എന്ന് കാണാം.

നടപ്പുവർഷത്തിൽ പണിതുടങ്ങിയ പദ്ധതികളുടെ പേരുവിവരങ്ങൾ (പട്ടിക-4)

5,40,306 രൂപയുടെ പ്രതീക്ഷിത ചിലവിൽ മേൽവിവരിച്ച (പട്ടിക-4) പദ്ധതികൾ പൂർത്തിയായാൽ 1.6 കി.മീറ്ററിൽ രണ്ടു 11KV ലൈനുകളും 1415 മീറ്റർ ത്രിഫേസ് ലൈനുകളും 675 മീറ്റർ സിങ്കിൾഫേസ് ലൈനുകളും ലഭ്യമാകുന്നതാണ് ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ജനകീയ സമിതികൾക്ക് രൂപംകൊടുത്ത് ശ്രമം ആരംഭിക്കേണ്ടതാണ്.

**തെരുവുവിളക്കുകൾ**

നമ്മുടെ പഞ്ചായത്തിൽ 40W ബൾബുള്ള 250 തെരുവുവിളക്കുകളും 24 ട്യൂബുകളും 7 സോഡിയം വേപ്പർ ലാമ്പുകളുമുണ്ടെന്നാണ് വൈദ്യുതി ബോർഡിന്റെ രേഖകളിൽ നിന്ന് മനസിലാകുന്നത്. പ്രതിവർഷം നമ്മുടെ പഞ്ചായത്ത് 4174x12=50088) അരലക്ഷത്തിലധികം രൂപ തെരുവു വിളക്കിനുവേണ്ടി ചെലവഴിക്കുന്നതായി കാണാം.

വർഷങ്ങളായി ലക്ഷക്കണക്കിനു രൂപ തെരുവുവിളക്കുകൾക്കായി ചിലവഴിച്ചിട്ടും അതിന്റെ മൂല്യത്തിനനുസരിച്ചുള്ള ഗുണം ലഭിക്കുന്നില്ല എന്നത് ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന പരാതികളിലൂടെയും അനുഭവത്തിലൂടെയും മനസിലാക്കാം.

മിക്കവാറും എല്ലാ വാർഡുകളിലും വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കാൻ ട്രാൻസ്ഫോർമർ വേണമെന്ന് ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

**സ്ഥലപ്പേര്**

എല്ലാ ഗ്രാമസഭകളിലും തെരുവുവിളക്കുകളുടെ നീണ്ട പട്ടികയും ട്രാൻസ്ഫോർമറുകളുടെ ആവശ്യവും ഉയർന്നുവന്നിട്ടുണ്ട്.

ഫണ്ടിന്റെ പരിമിതിയും ആവശ്യങ്ങളുടെ തീവ്രതയും കണക്കിലെടുത്ത് ഇവ പരിമിതപ്പെടുത്താൻ ഗ്രാമസഭയും ജനകീയസമിതികളും മുൻകൈ എടുക്കണം. (പട്ടിക-5)

നമ്മുടെ പഞ്ചായത്തിൽ ആകെ 20 ട്രാൻസ്ഫോർമറുകളാണ് ഉള്ളത് നടപ്പുപദ്ധതിയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 2 ട്രാൻസ്ഫോർമറുകളുടെയും നിർമ്മാണം പൂർത്തിയായാൽ ആകെ 24 ട്രാൻസ്ഫോർമറുകളാ

പട്ടിക 3

10.2 ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | ഹരിജൻകോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ എണ്ണം | സൗജന്യസ്ലാബിൽ വൈദ്യു.ഉപ.എണ്ണം | പണം നല്കിവൈദ്യുതി കണ.ലഭിക്കുന്ന കുടും.എണ്ണം |
|---|---|---|---|---|
| | | | | |
| 1 | 2 | 3 | 4 | 5 |
| 1 | കച്ചേരി | 35 | 10 | 25 |
| 2 | കിഴക്കുമ്പാടം | 18 | 5 | 13 |
| 3 | മുതുകുറ്റി മണാശേരരി | 12 | 4 | 8 |
| 4 | പുത്തൂർപറ്റ നീലേശ്വരം | 14 | 3 | 11 |
| 5 | നെല്ലിക്കാംപൊയിൽ അംബേദ്കർ കോളനി | 60 | 10 | 50 |

അവലംബം: കെ.എസ്.ഇ.ബി.മുക്കം

ണ്ടുണ്ടാവുക. നിലവിലുള്ള 20 ട്രാൻസ്ഫോർമറുകളിൽ മുക്കത്ത് മാത്രമാണ് 310KV ഉള്ളത്. ബാക്കിയുള്ളതിൽ ബഹുഭൂരിഭാഗവും 100KV ആണ്. ഇവയുടെ കപ്പാസിറ്റി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ഏകദേശം 26 കി.മി. ദൂരം 11KV ലൈനുകളുണ്ട്. (പട്ടിക 6)

നടപ്പുവർഷത്തിൽ 80,2720 രൂപയുടെ അടങ്കൽ തുകയ്ക്കുള്ള പദ്ധതികൾ വൈദ്യുതി ബോർഡ് പ്രൊപ്പോസൽ ചെയ്തിട്ടുണ്ട്. ഇതിൽ നെല്ലിക്കാപ്പൊയിൽ അംബേദ്കർ കോളനിക്ക് കേരളവാട്ടർ അതോറട്ടറിയുടെ 30HP പമ്പിങ് ഹൗസ് നിർമ്മാണം, മണാശ്ശേരി ടൗൺവോൾട്ടേജ് ക്ഷാമം പരിഹരിക്കൽ, മാമ്പറ്റക്കടുത്തുള്ള കയർഫെഡിന്റെ ഡീഫൈബറിംഗ് യൂണിറ്റിനു വേണ്ടിയുള്ള 65HP കണക്ഷൻ എന്നിവയുടെ പ്രവർത്തനം ആരംഭിക്കുവാനും സമയബന്ധിതമായി പൂർത്തീകരിക്കാൻ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ മിക്കവാറും വീടുകളിൽ വിറകടുപ്പുതന്നെയാണ് ഉപയോഗിക്കുന്നത്. മണ്ണെണ്ണ, ഗ്യാസ്, സ്റ്റൗ എന്നിവ വളരെ കുറച്ചു ശതമാനം വീട്ടുകാർ മാത്രമേ ഉപയോഗിക്കുന്നുള്ളൂ.

പുകയില്ലാത്തതും ദക്ഷത കൂടിയതുമായ അടുപ്പുകളുടെ പ്രചാരണം ജനകീയ തലത്തിൽ നടത്തുവാൻ മുൻകൈ എടുക്കേണ്ടത് അത്യാവശ്യമാണ്.

**പ്രശ്നങ്ങൾ**

1. വൈദ്യുതി ഭൂരിഭാഗവും ഗാർഹിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

2. മുഴുവൻ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.

3. വൈദ്യുതി വിതരണത്തിൽ വരുന്ന എല്ലാ പ്രശ്നങ്ങൾക്കും ഉദ്യോഗസ്ഥന്മാർക്കോ ജനപ്രതിനിധികൾക്കോ പരിഹാരം കാണാൻ കഴിയുന്നില്ല.

4. പ്രേഷണവിതരണ രംഗങ്ങളിൽ പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും മുറിച്ചുമാറ്റുന്നതിന് ജനങ്ങളുടെ പങ്കാളിത്തമില്ലായ്മ.

5. പഞ്ചായത്തിൽ ദുർബ്ബലവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഹരിജൻ കോളനി, രാജീവ് ദശലക്ഷം കോളനി, 4 സെന്റ് കോളനി എന്നിവ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്.

6. വോൾട്ടേജ് കമ്മിയും അപ്രഖ്യാപിത പവർകട്ടും ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

7. പണം അടച്ചിട്ടും കണക്ഷൻ ലഭിക്കാൻ ഇനിയും വീടുകളുണ്ട്.

8. വൈദ്യുതിയുടെ ലഭ്യത കുറവായതിനാൽ നിലവിലുള്ള ചെറുകിട വ്യവസായങ്ങൾക്കും കുടിവെള്ളത്തിനും പ്രശ്നങ്ങൾ ഉണ്ടാകുന്നു.

പട്ടിക- 4

| Review Report of engoing schemes under electrification section Mu[illegible]kom '96-'97 | | | | |
|---|---|---|---|---|
| S/No. | Name of Scheme | Estimate Amount Rs | Quotation of work | Present Position |
| 1. | Agricultural line extention, in favour of Fr. Chandy, Paul | 42314 | 3 Phase line 455m. Conversion | 80% of the work Completed. |
| 2. | Volatage improvement along Mambatta-Vattoliparamba Road | 157060 | 11 KV line 0.6 K.M. Transformer INO | work completed Applied for PTCC Approal. But not recieved. |
| 3. | Voltage improvement at Vattoliparamba-Muthalam area | 238982 | 11 KV line 1K.M. Transformer Conversion Single phase to 3 phase 660 m. | Work awarded on contract. H.T. Polls errected. |
| 4. | Electrification of Vattoliparamba Harijon Colony | 101950 | 3 phase line 300 m. with street main single phase 675 m. | Poles transported to site. Work tendered. |

### പട്ടിക 5

| നമ്പർ | സ്ഥലം | എണ്ണം | കപ്പാസിറ്റി |
|---|---|---|---|
| 1 | മുക്കം | 1 | 315 KVA |
| 2 | മുക്കം | 1 | 100 KVA |
| 3 | അഗസ്ത്യൻമുഴി | 1 | 160 KVA |
| 4 | അഗസ്ത്യൻമുഴി | 1 | 100 KVA |
| 5 | മാമ്പറ്റ | 1 | 100KVA |
| 6 | മാമ്പറ്റ | 1 | 100 KVA |
| 7 | മണാശേരി | 1 | 160 KVA |
| 8 | നെല്ലുക്കുന്ന് | 1 | 100 KVA |
| 9 | പൊറ്റശേരി | 1 | 100 KVA |
| 10 | ചേന്ദമംഗല്ലൂർ | 1 | 160 KVA |
| 11 | ചേന്ദമംഗല്ലൂർ | 1 | 100 KVA |
| 12 | മുത്തേരി | 1 | 100 KVA |
| 13 | കാഞ്ഞിരമുഴി | 1 | 100 KVA |
| 14 | പൂളപ്പൊയിൽ | 1 | 100 KVA |
| 15 | കച്ചേരി | 1 | 100 KVA |
| 16 | നെല്ലിക്കാപൊയിൽ | 1 | 100 KVA |
| 17 | കല്ലൂരുട്ടി | 1 | 100 KVA |
| 18 | പച്ചക്കാട് | 1 | 100 KVA |
| 19 | തെച്ച്യാട് | 1 | 100 KVA |
| 20 | നീലേശ്വരം എസ്റ്റേറ്റ് | 1 | 66 KVA |

അവലംബം: കെ.എസ്.ഇ.ബി.മുക്കം

9. അനധികൃതമായി അധികം വൈദ്യുതി ഉപയോഗിക്കപ്പെടുന്നു.

10. മീറ്റർ റീഡിങ്ങുകളിൽ കൃത്യത വരുത്താൻ കാലതാമസം നേരിടുന്നു.

11. യഥാസമയം ഉപഭോക്താക്കളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്തത് ഉദ്യോഗസ്ഥന്മാരും ജനങ്ങളും അകലുവാൻ കാരണമാകുന്നു.

12. വൈദ്യുതി കണക്ഷൻ സർവ്വേയുടെ അടിസ്ഥാനത്തിൽ മുൻഗണനാപ്രകാരം കൊടുക്കുവാനുള്ള സംവിധാനം ഇല്ല.

13. തെരുവുവിളക്കുകളിലെ ഗുണമേന്മകളില്ലാത്ത ബൾബുകളുടെ ഉപയോഗവും സാമൂഹ്യദ്രോഹികളുടെ പ്രവർത്തനവും ജനങ്ങൾക്കു ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

**സാധ്യതകൾ**

1. അനധികൃതമായി അധികം വൈദ്യുതി ഉപയോഗിക്കുന്നത് (പ്രത്യേകിച്ച് സ്റ്റെപ്പപ്പ് മീറ്റർ കേടുവന്നാൽ അറിയിക്കാതിരിക്കാൽ നിരുത്സാഹപ്പെടുത്തുക.

2. വൈദ്യുതി വിതരണത്തിൽ മരിച്ചില്ലകളും മറ്റും സൃഷ്ടിക്കുന്ന പ്രേഷണനഷ്ടം കുറയ്ക്കാൻ പ്രാദേശി

## പട്ടിക- 6

| പദ്ധതിയുടെ പേര് | മേഖല | പ്രവർത്തിയുടെ വിവരങ്ങൾ | | | | | |
|---|---|---|---|---|---|---|---|
| | | ട്രാൻസ്ഫോർമർ | 11 K.V. ലൈൻ | ത്രീഫേസ് | സിങ്കിൾ | സിങ്കിൾ | അടങ്കൽ തുക |
| പെരുമ്പടപ്പ് ജംഗ്ഷൻ 38 H.P. ക്രഷർ സ്ഥാപിക്കാൻ | വ്യവസായം | 100 കെ.വി.എ. ട്രാൻസ്ഫോർമർ-1 | - | - | - | - | 81,400 |
| ഡിഫൈബറിങ്ങ് യൂണിറ്റ് കയർഫെഡ്-മാമ്പറ്റ 65 H.P | വ്യവസായം | - | - | - | - | - | 2,74,150 |
| നീലേശ്വരം | ഗാർഹികം | - | - | - | 210mtr. | | 5520 |
| വെസ്റ്റ് മണാശ്ശേരി ഗ്രാമീണ റോഡ് 21 പേർക്ക് കണക്ഷൻ | ഗാർഹികം | - | - | - | - | 90mtr. | 46750 |
| അംബേഡ്കർ കോളനി K.W.A.പമ്പ് ഹൗസ് 30 H.P. | കുടിവെള്ളം | 100 K.V.A ട്രാൻസ്ഫോർമർ-1 | 900mtr. | - | - | - | 3,94,900 |
| മണാശ്ശേരി | വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ | 100 K.V.A ട്രാൻസ്ഫോർമർ-1 | | | | 1500 മീറ്റർ | 351150 |

കമായി ജനങ്ങളുടെ സന്നദ്ധത ഉപയോഗപ്പെടുത്തണം.

3. വൈദ്യുതി വിതരണത്തിലും സംപ്രേഷണത്തിലും ദുർവ്വിനിയോഗം തടയുന്നതിന് ജനകകീയ സമിതികൾക്ക് രൂപംകൊടുക്കുന്നത് നന്നായിരിക്കും.

4. ട്രാൻഫോർമുകളുടേയും, തെരുവുവിളക്കുകളുടെയും ആവശ്യങ്ങളുടെ നീണ്ട പട്ടിക പരിമിതപ്പെടുത്തുവാൻ പഞ്ചായത്തു ബോർഡും ഗ്രാമസഭയും മുൻകൈ എടുക്കണം.

5. വൈദ്യുതി ബോർഡ് ജീവനക്കാരും ജനങ്ങളും തമ്മിൽ നല്ലബന്ധം സ്ഥാപിച്ചെടുക്കാൻ ബോധപൂർവ്വമായശ്രമം ആവശ്യമാണ്.

6. നമ്മുടെ പഞ്ചായത്തിൽ സബ്സ്റ്റേഷൻ സ്ഥാപിക്കണം സമയബന്ധിതമായി തീർക്കണം.

7. എല്ലാ വാർഡുകളിലും ദക്ഷതകൂടിയ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുവാൻ അനർട്ടിന്റെ സഹായത്തോടെ അടുപ്പുകേമ്പുകൾ നടത്തണം.

8. ഇലക്ട്രോണിക് ചോക്കിന്റേയും, സോളാർ ലാമ്പിന്റെയും ഉപയോഗം വ്യാപിപ്പിക്കണം.

9. റബ്ബർതോട്ടം ഏരിയകളിൽ റബ്ബർ ഷീറ്റ് അടിക്കുന്ന റാട്ടകളിൽ നിന്ന് പുറത്തുകളയുന്ന മലിനജലം ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരിമിതമായ രീതിയിൽ ഊർജ്ജഉൽപാദനത്തിനും ഈ ജലം ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനും പരിശോധനാ വിധേയമാക്കുക.

10. മുക്കം അങ്ങാടിയിലെ ചപ്പുചവറുകൾ സൃഷ്ടിക്കുന്ന മലിനീകരണപ്രശ്നം പരിഹരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റിന്റെ സാദ്ധ്യത ആരായണം.

11. ഗ്യാസ് അടുപ്പുകളും, LPG യൂണിറ്റും സ്ഥാപിക്കണം.

**ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ**

തെരുവുവിളക്കുകൾ ആവശ്യപ്പെട്ട വാർഡുകളുടെ പേര്

സ്ഥലം

1. കല്ലൂർ അമ്പലം-തൂക്കുപാലം റോഡ്
2. കാഞ്ഞിരമുഴി പെരുമ്പടപ്പ് റോഡ്
3. മാമ്പറ്റ വട്ടോളിപറമ്പ് റോഡ്
4. അഗസ്ത്യൻ മുഴിപടിക്കൽ കടവ് റോഡ്
5. മണാശ്ശേരി-ചേന്ദമംഗല്ലൂർ റോഡ്
6. ആറ്റുപുറം-ചേന്ദമംഗല്ലൂർ വരെ
7. ഗ്രാമീണ റോഡ്-കൊടുവാപ്പിടിമല
8. കയ്യേരിക്കൽ ചേട്ട്യാംതൊടിക റോഡ്
9. ആലുംതറ-ആയഞ്ചേറ്റിൽ റോഡ്
10. മരുതക്കോട്-ആലുംതറ-അമ്പലക്കണ്ടി-ഇരട്ടക്കുളങ്ങര വരെ
11. കുറ്റിപാലക്കൽ പമ്പ് ഹൗസ് റോഡ്

പാലാട്ടുപറമ്പിൽ-തൂങ്ങാപുറം

തെച്ച്യാട്-തോട്ടത്തിൻകടവ്

കാതിയോട് പൊയിൽ-തെച്ച്യാട്--തറോൽ ഭാഗം

കല്ലുരുട്ടി-മുത്തേരി

തോട്ടത്തിൻ കടവ് ശാന്തിനഗർ

കല്ലുരുട്ടി-വേനപ്പാറ

പഞ്ചവടി-വേനപ്പാറ

ചേന്ദമംഗല്ലൂർ-കക്കാട് റോഡ്

താറ്റുമ്പാലി-എടക്കണ്ടി റോഡ്

പാലിയിൽ-പൂളകുത്ത്കടവ് റോഡിൽ

ചേന്ദമംഗല്ലൂർ-ഹൈസ്കൂൾ റോഡിൽ

കലങ്ങോട്ടുപാറ-മങ്ങാട്ടുചാൽ

പാലക്കൽ-തടായിറോഡ്

നീലേശ്വരം-തെച്ച്യാട്

പാലാട്ട്പറമ്പ്-തൂങ്ങാമ്പുറം

പൂളപ്പൊയിൽ-കാടാംകുനിറോഡിൽ

നീലേശ്വരം-കല്ലുരുട്ടി റോഡിൽ

ചോക്കയിൽ-തെച്ച്യാട്

കാതിയോട്-ചോത്താലറോഡ്

ആയഞ്ചേറ്റിൽ-പുള്ളനൂർ റോഡ്

പൂളപ്പൊയിൽ-പുതുക്കച്ചാൽ

അഗസ്ത്യൻമൂഴി-നതടപറമ്പ്-മാമ്പറ്റ റോഡ്

തടപറമ്പ്-താഴക്കോട് റോഡ്

വെസ്റ്റ് മാമ്പറ്റ-കുറ്റിപ്പാല റോഡ്

കയ്യിട്ടാംപൊയിൽ-മാമ്പറ്റ റോഡ്

കുറ്റിപ്പാല-മുക്കം ഹൈസ്കൂൾ അഗസ്റ്റ്യൻമൂഴി റോഡ്

കാഞ്ഞിരമുഴി–പറശേരിപറമ്പ്, കല്ലുരുട്ടി

പൊയിൽ-മുണ്ടുപാറ

കാതിയോട്-ഓമശ്ശേരി

നടുകിൽ-കാതിയോട്

പടിഞ്ഞാറെചാൽ-മുണ്ടുപാറ

തെച്ച്യാട്-വേനപ്പാറ

വെസ്റ്റ് മാമ്പറ്റ-വട്ടോളിപറമ്പ്

മണാശ്ശേരി-നെടുമങ്ങാട്

മണാശേരി-മുത്താലം

കോളനി വൈദ്യുതീകരണം

വൈദ്യുതി എത്താത്ത എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

പഞ്ചായത്തിലെ എല്ലാ ടൗണുകളിലും സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

ട്രാൻസ്ഫോർമർ ആവശ്യപ്പെട്ട സ്ഥലങ്ങൾ

കക്കാട്-ചേന്ദമംഗല്ലൂർ റോഡിൽ ചേനാംകുന്നത്ത് ആറ്റുപുറം ഭാഗത്ത്.

അമ്പലക്കണ്ടി-ഇരട്ട കുളങ്ങര ആയഞ്ചേരി ഭാഗത്ത്

ഇർപ്പിൽ-പൂവമ്പാറ-തോട്ടത്തിൽ കടവ് ഭാഗത്ത്

എടോളി കുന്ന് ഭാഗത്ത്

കയ്യിട്ടാപൊയിൽ IHDP കോളനിയിൽ

തടപ്പറമ്പ് ഹരിജൻ കോളനി

കച്ചേരി ഭാഗത്ത്

എടക്കണ്ടിക്കടവ് ഭാഗം ത്രിഫൈസ് ലൈൻ ആക്കുക.

സാധ്യതയും പരിഹാരവും

നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം തീർക്കുക.

ജനകീയ പങ്കാളിത്തത്തോടെ പഞ്ചായത്ത് തലത്തിൽ സമഗ്ര ഊർജ്ജാസൂത്രണ പദ്ധതി നടപ്പിലാക്കുക.

ഗ്രാമസഭയുടെ നേതൃത്വത്തിൽ വാർഡ്തലവൈദ്യുതി വികസന സമിതിക്ക് രൂപം നല്കുക.

**ഗതാഗതം**

പശ്ചാത്തല സൗകര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഗതാഗതം. ഏതൊരു പ്രദേശത്തിന്റേയും വികസനത്തിന് റോഡുകൾ ആവശ്യമാണ്. കേരളത്തിലെ ഗ്രാമങ്ങൾ കഴിഞ്ഞ കാലങ്ങളിൽ പ്രധാന വികസനപ്രവർത്തനം റോഡുകളാണെന്ന് മനസ്സിലാക്കാം. നമ്മുടെ പഞ്ചായത്തിലും കഴിഞ്ഞ ദശകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട വിസന പ്രവർത്തനമേഖലകളിൽ ഒന്നാണ് റോഡുകളുടെ നിർമ്മാണം എന്ന് പരിശോധിച്ചാൽ മനസ്സിലാക്കാം. 31.28 ച.കിലോമീറ്റർ വിസ്തീർണമുള്ള പഞ്ചായത്തിൽ 6 കിലോമീറ്റർ നീളത്തിൽ സ്റ്റേറ്റ് ഹൈവേ റോഡുകളടക്കം 26 കി.മി ടാറിട്ട റോഡുകളുണ്ട്. 89 മറ്റു റോഡുകളുമുണ്ട്. ഇന്ന് പഞ്ചായത്തിൽ നിന്ന് ഏതുഭാഗത്തേക്കും റോഡുവഴി ചെന്നെത്താനുള്ള സൗകര്യമുണ്ട്. ചില സ്ഥലങ്ങളിൽ അപര്യാപ്തത ഇല്ല എന്നു പറയുന്നില്ല. റോഡുകളുടെ ആധിക്യത്തിന്റെ പിന്നിൽ ജനങ്ങളുടെ നിരന്തര സമ്മർദ്ദവും സന്നദ്ധതയും കുറച്ചു കാണുവാൻ കഴിയുകയില്ല. (പട്ടിക 1 )

പഞ്ചായത്തിന്റെ വികസനം റോഡാധിഷ്ഠിതവികസനമാണ്. എന്ന ചിന്താഗതി മറ്റു മേഖലകളിൽ വികസനപ്രവർത്തനത്തിന് വിഘാതമാവുന്നുണ്ടെന്ന് പരിശോധിച്ചാൽ മനസ്സിലാവും. 95-96 വർഷത്തിൽ മരാമത്ത് പ്രവർത്തനങ്ങളും പരിശോധിച്ചാൽ റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും നമുക്ക് വലിയൊരു സംഖ്യ ചെലവഴിക്കേണ്ടതായി വരുന്നു എന്ന് കാണാം. (പട്ടിക 2)

ഇത് വർഷങ്ങളിൽ കൂടിവരികയാണ്. ഇതിനുപുറമെ ഫണ്ടുകളുടെ അപര്യാപ്തതകൊണ്ട് ഉൽപ്പാദന വികസന ക്ഷേമകാര്യങ്ങൾക്ക് പഞ്ചായത്തുകൾക്ക് കാര്യമായി ഒന്നുംതന്നെ ചെയ്യാൻ കഴിയാത്ത അവസ്ഥ വന്നുചേരുന്നു.

വികസനരംഗത്ത് പുതിയ കാഴ്ചപ്പാടും സംസ്കാരവും വളർത്തിയെടുത്താൽ മാത്രമേ ഈ പ്രതിസന്ധി മുറിച്ചു കടക്കുവാൻ സാധിക്കുകയുള്ളൂ.

പട്ടിക രണ്ടിലൂടെ പരിശോധിക്കുമ്പോൾ ബില്ല് പൂർത്തിയായ 15 റോഡുകളുടെ അറ്റകുറ്റപ്പണി, സോളിംഗ് തുടങ്ങിയ പ്രവൃത്തികൾക്ക് 8,67092 രൂപ ചെലവഴിക്കേണ്ടി വന്നതായി കാണാം. ഇതിൽത്തന്നെ അൺടൈഡ് ഫണ്ടിൽ നിന്ന് 5,27,109 രൂപയും JRY ഫണ്ടിൽ നിന്ന് 96,999 രൂപയും റോഡുകളുടെ പ്രവർത്തനത്തിന് വേണ്ടി ചെലവഴിക്കേണ്ടി വന്നതായി കാണാൻ കഴിയുന്നു. ഇത് നമ്മുടെ പഞ്ചായത്തിന്റെ ആകെ വരുമാനത്തിന്റെ 28.69% ശതമാനമാണ്.

ഗ്രാമസഭകളിൽ നിന്നുള്ള റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ ജനങ്ങളുടെ വികസനചിന്താഗതി മാറ്റം വരുത്തണമെങ്കിൽ പഞ്ചായത്തിനും ഗ്രാമസഭക്കും നിർണായകമായ പങ്കാണ് വഹിക്കാനുള്ളത്. അതുകൊണ്ട് ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന റോഡുകളുടെ നീണ്ട പട്ടിക പഞ്ചായത്ത് ബോഡും ഗ്രാമസഭയും ആവശ്യങ്ങളുടെ തീവ്രത മനസ്സിലാക്കി മുൻഗണനാപ്രകാരം പരിമിതപ്പെടുത്തേണ്ടതുണ്ട്.

## പഞ്ചായത്തിലെ ടാറിട്ട റോഡുകൾ

| SL No. | റോഡുകളുടെ പേര് | ദൂരം k.m. | വീതി മീറ്റർ | ഉടമസ്ഥത | യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1 | ഓമശ്ശേരി-മുക്കം റോഡ് | 5 | 15 | സ്റ്റേറ്റ് ഹൈവേ | ഉണ്ട് |
| 2 | കുന്ദമംഗലം-മുക്കം റോഡ് | 5 | 11 | P.W.D. | ,, |
| 3 | മുക്ക ചേന്ദമംഗല്ലൂർ റോഡ് | 1.5 | 8 | P.W.D. | ,, |
| 4 | മണാശ്ശേരി-കൂളിമാട് റോഡ് | 3.5 | 8 | P.W.D. | ,, |
| 5 | പഞ്ചവടി-വേനപ്പാറ റോഡ് | 1 | 6 | പഞ്ചായത്ത് | ,, |
| 6 | കല്ലുരുട്ടി നെല്ലിക്കാംപൊയിൽ റോഡ് | 1.3 | 6 | പഞ്ചായത്ത | ,, |
| 7 | കാഞ്ഞിരത്തിങ്കൽ മുത്തേരി റോഡ് | 4 | 10 | P.W.D. | ,, |
| 8 | മണാശ്ശേരി -മുത്താലം റോഡ് | 2 | 18 | പഞ്ചായത്ത് | ,, |
| 9 | മുക്കം തൃക്കുടമണ്ണ റോഡ് | 0.125 | | " | |
| 10 | മുക്കം ബൈപ്പാസ് റോഡ് | 0.120 | | " | |
| 11. | മുക്കം-മുക്കം കടവ് റോഡ് | 0.100 | 3 | പഞ്ചായത്ത് | ,, |
| 12. | മുക്കം-ആശുപത്രി റോഡ് | 0.100 | 3 | പഞ്ചായത്ത | ,, |
| 13. | നീലേശ്വരം-തൂക്കമ്പുറം റോഡ് | 0.400 | 3 | പഞ്ചായത്ത | ,, |
| 14 | C.M.R ഹൈസ്കൂൾ-പൊറ്റശ്ശേരി റോഡ് | 0.400 | | | |
| 14 | C.M.R. കക്കാട് റോഡ് | 0.600 | 7 | പഞ്ചായത്ത | ,, |
| 15 | R.E.C. ഓമശ്ശേരി റോഡ് | 0.500 | 8 | P.W.D. | |
| 16 | വേനപ്പാറ-ചാമോ | 0.100 | 8 | പഞ്ചായത്ത | ,, |
| 17. | വേനപ്പാറ-കോടഞ്ചേരി റോഡ് | 0.200 | 8 | P.W.D. | |

(അവലംബം: ഗ്രാമപഞ്ചായത്ത്)

**ബസ്സ്റ്റാന്റ്**

പഞ്ചായത്തിലെ ഏറ്റവും വലിയ ടൗണായ മുക്കം ടൗണിലുള്ള ബസ് സ്റ്റാന്റിന്റെ സ്ഥലസൗകര്യങ്ങൾ പരിമിതമായതുകൊണ്ട് ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും കഷ്ടപ്പാടുകൾ അനുഭവിക്കന്നതായി കാണുന്നു. മുക്കം ബസ്റ്റാന്റിൽ ഒരു ദിവസം 110 വാഹനങ്ങൾ വന്നുപോകുന്നു. ഇവ സുഗമമായ ട്രാഫിക് സംവിധാനത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുമ്പോഴും റോഡുകളുടെ ശോചനീയാവസ്ഥക്ക് ഉദ്ദേശിച്ച രീതിയിൽ പരിഹാരം കാണാൻ കഴിയുന്നില്ല.

**പ്രശ്നങ്ങൾ**

* മുക്കം ബസ്റ്റാന്റിന്റെ അപര്യാപ്തതയും പശ്ചാത്തല സൗകര്യങ്ങളുടെ കുറവും ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. റോഡുകളാണ് വികസനമെന്ന ചിന്താഗതി നാൾക്കുനാൾ ജനങ്ങളിൽ കൂടിവരികയാണ്.

* വരുമാനത്തിന്റെ നല്ലൊരു ശതമാനം റോഡുകൾക്കായി ചെലവിടേണ്ടിവരുന്നു.

* മുക്കം അഭിലാഷ്, പീസി ജംഗ്ഷനുകളിലെ അപകട സാദ്ധ്യത മനസ്സിലാക്കേണ്ടിയിരിക്കുന്നു

* റോഡുകൾക്ക് ഡ്രൈനേജ് ഇല്ലാത്തതുകൊണ്ടും ഉള്ളവയെ യഥാസമയം ശുചീകരിക്കാൻ കഴിയാത്തതകൊണ്ടും മുക്കം അങ്ങാടിയിൽ പരിസര മലിനീകരണം സൃഷ്ടിക്കുന്നു.

* മെറ്റൽ – ടാറിംഗ് റോഡുകളിലെ ശോചനീയാവസ്ഥകൾ.

* റോഡുകൾ വിപുലീകരിക്കപ്പെടുമ്പോൾ മരങ്ങൾ വെട്ടിമാറ്റപ്പെടുന്നതുകൊണ്ട് നീർക്കെട്ടുകൾ ഉണ്ടാകാനുള്ള സാദ്ധ്യത.

* നമ്മുടെ പഞ്ചായത്തിലെ റോഡുകളെപ്പറ്റിയുള്ള സമഗ്രമായ വിവരങ്ങളുടെ രജിസ്റ്ററിന്റെ അപര്യാപ്തത പ്ലാനിംഗിന് തടസ്സമുണ്ടാകും. റോഡുകളുടെ ആധിക്യം മറ്റ് വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

പട്ടിക– II

## 1995–96 ലെ പൊതുമരാമത്ത് പ്രവർത്തനം :അവലോകനം (പൂർത്തിയായ റോഡുകളുടെ മാത്രം)

അവലംബം : പഞ്ചായത്ത് രേഖ

| റോഡിന്റെ പേര് | നീളം കി.മീ | വീതി. മീറ്റർ | സോളിംഗ്/ ടാറിംഗ് | മൺ റോഡ്/ മെറ്റൽ | അറ്റകുറ്റ പണി | ചിലവഴിച്ച തുക | വിനിയോ–ഗിച്ച ഫണ്ട് |
|---|---|---|---|---|---|---|---|
| 1. മുക്കം ഹൈസ്കൂൾ റോഡ് | 1.200 | 4 | | മണ്ണ്റോഡ് | | 4882.00 | പഞ്ചായത്ത് |
| 2. മുക്കം–കമ്പിപ്പാലം റോഡ് | 0.500 | 3 | | | ,, | 2628.00 | ,, |
| 3. പഞ്ചവടി–വേനപ്പാറ | 1.000 | 6 | | | ,, | 200000.00 | ,, |
| 4. മുക്കം–ബൈപ്പാസ് റോഡ് | 0.120 | 5 | ,, | | | 13488.00 | ,, |
| 5. ആലുന്തറ – ആഴഞ്ചേറ്റിൽ റോഡ് | 0.800 | 5 | ,, | മെറ്റൽ ഭാഗികം | ,, | 3068.00 | ,, |
| 6. മുക്കം കടവ് റോഡ് | 0.280 | 4 | | | ,, | 4575.00 | ,, |
| 7. മാമ്പറ്റ താഴക്കോട് റോഡ് | 1.300 | 10 | | | | 470100 | ,, |
| 8. മുണ്ടുപാറ–പലിയിൽ റോഡ് | 1.000 | 4 | | | | 4820.00 | ,, |
| 9. ചോലയിൽ കച്ചേരി റോഡ് | 1.250 | 3 | | | | 4822.00 | ,, |
| 10. തെച്ച്യാട്–വേനപ്പാറ റോഡ് വിപുലീകരണം | 0.400 | 5 | സോളിംഗ് | | | 19999.00 | JRY ഫണ്ട്. |
| 11. കല്ലുരുട്ടി ഇട്ടാരംകോഡ് ഹരിജൻ കോളനീ റോഡ് വിപുലീകരണം | 1.500 | 6 | | മെറ്റൽ ഭാഗികം | | 30.000 | JRY ഫണ്ട്. |
| 12. മുത്താലം അമ്പലക്കണ്ടി റോഡ് വിപുലീകരണം | 2.600 | 8 | | ,, | | 47,000.00 | JRY ഫണ്ട് |
| 13. മണാശേരി മുതുകുറ്റി ഹരിജൻ കോളനി റോഡ് | 0.600 | 6 | സോളിംഗ് | | | 157297.00 | UNTIED |
| 14. നീലേശ്വരം–ഇട്ടാരംകോഡ് ഹരിജൻ കോളനി റോഡ് | 0.900 | 5 | ,, | | | 196387.00 | ,, |
| 15. കല്ലുരുട്ടി നെല്ലിക്കാപൊയിൽ റോഡ് | 1.300 | 5 | ,, | | | 173425.00 | ,, |
| | | | | | | 867092.00 | |

## സാദ്ധ്യതകൾ

റോഡുകളുടെ ആവശ്യകത മുൻഗണനാപ്രകാരം ചിട്ടപ്പെടുത്തി പ്രസിദ്ധീകരിക്കുക. ഗ്രാമസഭയെ റോഡുകളുടെ ആധിക്യത്തെ കുറക്കാനും മുൻഗണന കണ്ടെത്താനും പ്രയോജനപ്പെടുത്തുക.

റോഡുകളുടെ നിർമ്മാണത്തിന് ജനങ്ങളുടെ അദ്ധ്വാനശേഷിയും മേൽനോട്ടവും ഉണ്ടാക്കിയെടുക്കുക.

50 ശതമാനം പൊതുഫണ്ടിൽ നിന്നും 25 ശതമാനം മനുഷ്യാദ്ധ്വാനവും 25 ശതമാനം വിഭവ സമാഹരണത്തിലൂടെയും എന്ന റേഷ്യോയിൽ റോഡ് നിർമ്മാണം ക്രമപ്പെടുത്തുവാൻ പറ്റുമോ എന്ന് പരിശോധിക്കുക.

* മുക്കം അഭിലാഷ് ജംഗ്ഷനിൽ ഡൈവേർട്ട് സ്ഥാപിക്കുക. ഇതിന് കച്ചവട സ്ഥാപനങ്ങളുടെ സ്പോൺസർഷിപ്പ് ഉപയോഗപ്പെടുത്താം.

* മുക്കം ബസ്റ്റാന്റിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കൽ, കക്കൂസ് നിർമ്മാണം എന്നിവയ്ക്ക് വിവിധ സംഘടനകളെയും സ്ഥാപനങ്ങളെയും ഉപയോഗപ്പെടുത്താൻ കഴിയും.

* മുക്കം ബസ്റ്റാന്റ് വിപുലീകരണം സമഗ്രമായ ചർച്ചക്ക് വിധേയമാക്കുക(സ്ഥലം ലഭിക്കാൻ ഇടയുണ്ട്.)

* റോഡു നിർമ്മാണത്തിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും വരവുചെലവുകൾ സുതാര്യമാക്കി ജനുങ്ങളുടെ വിശ്വാസ്യത നേടിയെടുത്താൽ അവരുടെ സഹകരണത്തെയും അദ്ധ്വാനത്തെയും പ്രയോജനപ്പെടുത്താൻ കഴിയും.

* ഗ്രാമസഭയിൽ വന്ന നിർദ്ദേശമായ റോഡുകളുടെ നിർമ്മാണത്തിന് പ്രത്യേകം സൊസൈറ്റി സ്ഥാപിക്കാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതാണ്.

* റോഡ് നിർമ്മാണങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ജനകീയ സമിതികൾക്ക് രൂപം കൊടുക്കുന്നത് നന്നായിരിക്കും.

## ഗ്രാമസഭയിലെ പ്രശ്നങ്ങൾ

വിപുലീകരിക്കേണ്ടതും ഗതാഗത യോഗ്യമാക്കേണ്ട റോഡുകൾ

മുക്കം തൂക്കുപാലം റോഡ്, മുക്കം കല്ലരമ്പലം, കുറ്റിപ്പാല മുക്കം ഹൈസ്കൂൾ , അഗസ്ത്യൻ മുഴി, കുറ്റിപ്പാല കൈട്ടാപൊയിൽ മാമ്പറ്റ, പണിക്കർ പൊയിൽ മുക്കം ഹൈസ്കൂൾ, മാമ്പറ്റ വട്ടോളിപറമ്പ്, പെരുമ്പടപ്പ് കാഞ്ഞിരമുഴി, അഗസ്ത്യൻ മുഴി തടപറമ്പ്, മാമ്പറ്റ ഡോൺബോസ്കോ താഴക്കോട് റോഡ്, അഗസ്ത്യൻ മുഴി താഴക്കോട് മിച്ചഭൂമി റോഡ്, വെസ്റ്റ് മാമ്പറ്റ കൈട്ടാപൊയിൽ, മാമ്പറ്റ കൈട്ടാപൊയിൽ റോഡ്, കൈട്ടാപൊയിൽ IHDP ഹരിജൻ കോളനി റോഡ്, കച്ചേരി കാഞ്ഞിരപ്പാറ കൈട്ടാപൊയിൽ ഹരിജൻ കോളനി, മണാശ്ശേരി വിളയത്ത് പനൂളി ഹരിജൻ കോളനി

തെയ്യത്തുംകടവ് റോഡ്, പൂളക്കുറ്റി കടവ് റോഡ്, എടോളിക്കുന്ന് റോഡ്, താറ്റുമ്പാലി-എളമ്പിലാശ്ശേരി കടവ് റോഡ് കുന്നത്ത് തോട്ടുമുഴി റോഡ്

ചേന്ദമംഗല്ലൂർ ഹൈസ്കൂൾ പൊറ്റശ്ശേരി റോഡ്, താഴകത്തിപറമ്പ്- മുത്താപ്പുമ്മൽ, പുൽപറമ്പ്-ചന്ദ്രൻതൊടിക, നോർത്ത് ചേന്ദമംഗല്ലൂർ മുത്താപ്പുമ്മൽ, പൊറ്റശ്ശേരി-കൂത്തല-ഒരംകുഴി

മണാശ്ശേരി-മുതുക്കുറ്റി ഹരിജൻ കോളനി റോഡ്

കുറ്റ്യേരമ്മൽ-എരിമല റോഡ്

പൊറ്റശ്ശേരി-നായർകുഴി റോഡ്

വെസ്റ്റ് മണാശ്ശേരി - വാഴക്കുഴി റോഡ്

ഗ്രാമീണ റോഡ്

വെസ്റ്റ് മാമ്പറ്റ വട്ടോളിപറമ്പ് റോഡ്

മണാശേരി- നടുമങ്ങാട്

തൂങ്ങമ്പുറം-ലക്ഷംവീട്

തൂങ്ങമ്പുറം-തടത്തിവ്വൽ

കുണ്ട്യോട്ട്-മാടാരിപറമ്പ്

ആലുന്തറ-മാതോലത്ത് കടവ് റോഡ്

പാലാട്ട് പറമ്പ്-കിളിക്കോട്ട് ചാലിൽ

അമ്പലക്കണ്ടി-തടത്തിമ്മൽ

ആയഞ്ചേറ്റി-പുളളന്നൂർ റോഡ്

ഇരട്ടക്കുളങ്ങര-പൂളപ്പൊയിൽ

പുളപ്പൊയിൽ കാടലംകുന്നി തെച്ച്യാട് റോഡ്

കാതിയോട് ചോത്തല നടുകിൽ റോഡ്

നീലേശ്വരം-തൂങ്ങമ്പുറം റോഡ്

പൂളപ്പൊയിൽ-കുറ്റ്യേരി പുതുക്കും ചാൽ

നീലേശ്വരം-കല്ലുരുട്ടി റോഡ്

പൊയിൽ മുണ്ടുപാറ പാലിയിൽ റോഡ്

തെച്ച്യാട്-വേനപ്പാറ റോഡ്

കാതിയോട് - ഓമശ്ശേരി റോഡ്

തെച്ച്യാട്-കാടംകുനി റോഡ്

പൊയിൽ-അമ്പലക്കണ്ടി റോഡ്

കാഞ്ഞിരമുഴി-പറശ്ശേരി പറമ്പ് കല്ലുരുട്ടി റോഡ്

കല്ലുരുട്ടി നീലേശ്വരം റോഡ്

കലങ്ങോട്ടുപാറ-മക്കാട്ടുചാൽ

ചോക്കയിൽ - തെച്ച്യാട് റോഡ്

വയൽക്കോട്ടു-പാറക്കോട്ട് തൊടുക റോഡ്

കല്ലുരുട്ടി-നെല്ലിക്കാപൊയിൽ

പഞ്ചവടി-വേനപ്പാററോഡ്

കല്ലുരുട്ടി-വേനപ്പാറ

കുന്നത്ത് പറമ്പ്-നെല്ലിക്കാപൊയിൽ

തോട്ടത്തിൽ കടവ്-പഞ്ചവടി-ശാന്തിനഗർ

പുളിയപ്പാറ ഹരിജൻ കോളനി റോഡ്

കുറ്റിപ്പാലകിഴക്കും പാടം റോഡ്

മാമ്പൊയിൽ-കുറ്റിപ്പാല റോഡ്

കുറ്റിപ്പാല-കയ്യിട്ടാപ്പൊയിൽ

കുറ്റിപ്പാല-ഹൈസ്കൂൾ അഗസ്ത്യൻ മുഴി

അഗസ്ത്യൻ മുഴി-ഇടവനം കുന്നത്ത് റോഡ്

മാമ്പറ്റ-നെടുമങ്ങാട് റോഡ്

കാഞ്ഞിരമുഴി-തൊണ്ടിമ്മൽ റോഡ്

തടപറമ്പ്-എറാട്ടുപാറ
പണിക്കോട്ടുതൊടിക-തേവർവട്ടം റോഡ്
ചാലക്കൽ-തടായി
ചേന്ദമംഗല്ലൂർ-കക്കാട് റോഡിന്റെ ബാക്കിഭാഗം
താറ്റുമ്പാലി-ചേനാംകുന്ന്
വേലൻകടവ് റോഡ്
ആറ്റുപുറം-നാലുസെന്റ് കോളനി
പൊറ്റശ്ശേരി-കണ്ണങ്കര റോഡ്
വാരിയത്ത് പൊയിൽ ഒരംക്കുഴി-വായനറോഡ്
കയ്യേരിക്കൽ ചോലക്കുഴി റോഡ്
കൊടുവാപിടി മല-ഈസ്റ്റ് മലയമ്മ
പറപ്പങ്ങലത്ത്-കീരിപ്പൊയിൽ
കറ്റുവാകുളങ്ങര-മാട്ടുമ്മൽ (പെന്റന്റ് എസ്റ്റേറ്റ് വഴി)
മുത്തുകുറ്റി മലയിൽ-കയ്തുർ റോഡ്
ഏറാട്ട് പാറ-വടക്കേക്കര റോഡ്
ചെറുതടത്തിൽ-മണാശ്ശേരി
വട്ടോളിപറമ്പ്-മാങ്ങാപൊയിൽ
കയ്യേരിമുക്ക്-എടത്തിൽ താഴംറോഡ്
വെണ്ണക്കോട്-കയ്യേരിമുക്ക്
പട്ടിണിച്ചാൽ-എടവനകുന്നത്ത്
പാറപുറത്ത്പൊയിൽ-തൂങ്ങമ്പുറം റോഡ്
പൂളപ്പൊയിൽ ഇരട്ടകുളങ്ങര
പാലാട്ടുപറമ്പ് തൂങ്ങംപുറം
വെളുത്തേടത്ത് കുന്നത്ത്
നൂനിക്കര-കുന്നത്ത്
തടത്തിൽ പൈറ്റൂളി
പുല്ലങ്കോട്ട് ഉള്ളാട്ടിൽ
തെച്ച്യാട്-പങ്കശ്ശേരി
കല്ലുരുട്ടി-പുല്ലങ്കോട് ഉള്ളാട്ട് റോഡ്
മാങ്ങാപ്പൊയിൽ ഇട്ടാരംകോട്
കല്ലുരുട്ടി സ്റ്റേഡിയം ഭജനമഠം റോഡുകൾ
പാലപ്രം-ചെമ്പപറ്റ റോഡ്
മുത്തേരി ആനപ്രക്കച്ചാൽ റോഡ്
മക്കാട്ടുചാൽ ഇരിമ്പിടംകണ്ടി റോഡ്
തോട്ടത്തിൻകടവ് വേനപ്പാറ ആദിവാസി കോളനി റോഡ്
കുന്നത്ത് പറമ്പ് കല്ലായി റോഡ്
പാലന്നൂർ-പച്ചക്കാട് റോഡ്
മുത്രാടം പടി-കൂനമ്പറമ്പ് റോഡ്
ഉർപ്പിൽ-പുച്ചപാ യു.പി.സ്കൂൾ റോഡ്
നെല്ലിക്കാപൊയിൽ-കണ്ണാടി റോഡ്
നെല്ലിക്കാപ്പൊയിൽ തൊണ്ടിമ്മൽ കടവ് ബൈപാസ് റോഡ്

**ഗ്രാമസഭ പ്രശ്നങ്ങൾ**

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ
മുക്കം-ബൈപാസ് എരിക്കഞ്ചേരി
മുക്കം എസ്.ആർ.ഒ ഓഫീസ് മാമ്പൊയിൽ റോഡ്
കുറ്റിപ്പാല കക്കടവത്ത് അമ്പലം റോഡ്
കുറ്റിപ്പാല ഹൈസ്കൂൾ റോഡ്
കുറ്റിപ്പാല-പമ്പ് ഹൗസിലേക്ക് (പൈപ്പ്ലൈൻ മൂടിക്കൊണ്ട്)
അഗസ്ത്യൻ മൂഴി-കപ്പടച്ചാലിൽ റോഡ്
പെരുമ്പടപ്പ്-മുത്തേരി
അഗസ്ത്യൻ മൂഴി-കപ്പടച്ചാലിൽ റോഡ്
അഗസ്ത്യൻ മുഴി-പെരുന്നാകുഴി
ഇരുൽകുന്ന്-തുമ്പോണകടവ്
എടക്കോട്ടു പറമ്പ്-അമ്പലക്കടവ്
തടപറമ്പ്-കെട്ടുള്ളക്കണ്ടി
കച്ചേരി ഹരിജൻ കോളനി റോഡ് വായനറോഡുമായി ബന്ധിപ്പിക്കുക
മണാശ്ശേരി സ്കൂൾ ചോലക്കുഴി റോഡ് വെസ്റ്റ് മാമ്പറ്റ റോഡുമായി ബന്ധിപ്പിക്കുക.
പന്നൂളി കോളനിയിലേക്ക് റോഡു വെട്ടുക
ശ്രീ കുന്നത്ത് അമ്പലം ജംങ്ക്ഷൻ മുതൽ പന്നൂളി കോളനിവരെ റോഡുവെട്ടുക.
ശ്രീ. കുന്നത്ത് അമ്പലം വാഴക്കുഴി റോഡ് വിപുലീകരിക്കുക.
മഠത്തിൽ പോത്തനാംപറമ്പ് - കുന്നത്ത്
മലോൽ-എടക്കണ്ടി കടവ് റോഡ്
ആയിപ്പറ്റ-ചക്കാലൻ കുന്ന് റോഡ്
മുത്താപ്പുമ്മൽ ചോലയിൽ കണ്ണങ്ങര റോഡ്
പയ്യടി - പാണക്കോട് ഹൈസ്കൂൾ കുന്ന്
ഒരങ്കുഴി-എം.എ.എം.ഒ.കോളേജ്
ചന്ദ്രൻതൊടി ഹൈസ്കൂൾ റോഡ്
കറുത്തേടത്ത് ഹൈസ്കൂൾ റോഡ്
വാഴക്കുഴി-ഏറാമല
മാട്ടുമ്മൽ-ഏരിമല
നെടുമങ്ങാട്-പൊക്കന്നാപറ്റ റോഡ്
വട്ടോളിപറമ്പ്-കയ്യേരിക്കൽ
കുണ്ടേൃാട്ട്-നെല്ലിക്കാപറമ്പ്
നെടുമങ്ങാട്-കിടങ്ങുംതടായി
മുത്താലം-കുമ്മാളി
വാഴക്കാട്-ചെറുതടം റോഡ്
പുത്തൂർപറ്റ-ഹരിജൻകോളനി റോഡ്
കിളിക്കോട്ടുചാൽ-പാലം പറമ്പ് കുന്ന്
തൂങ്ങംമ്പുറം-പുത്തൂർ പറ്റ റോഡ്
പുൽപറമ്പിൽ-ഹരിജൻ കോളനിറോഡ്
പാലാട്ട് പറമ്പ് - കുറ്റ്യേരിറോഡ്
പൂലേരി-കൊടിചാൽ മല
പൊയിൽ-തരിപ്പക്കുന്ന്
തെച്ച്യാട്-പൂവത്തിരി കോളനി
മുണ്ടുപാറ-അംഗനവാടി

മുണ്ടുപാറ-പുളപ്പൊയിൽ

തെച്ച്യാട്-കുളത്തിൽ മീത്തൽ

തെച്ച്യാട്-കാക്കോട്ടിൽ

കല്ലുരുട്ടി-ചെമ്പറ്റ

നെല്ലിക്കാപറമ്പ്-പറശ്ശേരി പറമ്പ്

ഉർപ്പിൽ നാരങ്ങാളികുന്ന്-നെല്ലിക്കാപൊയിൽ കോളനി

വേനപ്പാറ-പണിയരികുന്ന്-പാലന്നൂർ റോഡ്

പച്ചക്കാട് ശാന്തിനഗർ

കുന്നത്ത് പറമ്പ്-ഇരുവഴിഞ്ഞി കടവ്

തോട്ടത്തിൽ കടവ് പുത്തംമഠം നാലുസെന്റ് കോളനി

നെല്ലിക്കാപൊയിൽ രാരംതോട്ടം

പാറക്കൽ വാപ്പാട്ട് തൊണ്ടിമ്മേൽ

**ഗ്രാമസഭാ നിർദ്ദേശങ്ങൾ**

മണാശ്ശേരി-മുത്താലം-അമ്പലക്കണഅടി റോഡ് PWD ഏറ്റെടുക്കുക

പഞ്ചായത്ത് ഏറ്റെടുക്കേണ്ട റോഡുകൾ

മണാശ്ശേരി-നെടുമങ്ങാട് റോഡ്

നെടുമങ്ങാട് നെല്ലിപറമ്പ് -മണാശ്ശേരി

മണാശ്ശേരി-മുത്താലം റോഡിന്റെ പ്രവർത്തനം

ഉറവാട്ട് പാറ മുതൽ വൈലക്കര വരെയുള്ള റോഡിന്റെ പ്രവർത്തനം

**ഗ്രാമസഭയിലെ മറ്റു നിർദ്ദേശങ്ങൾ**

റോഡുപണിപോലുള്ള പ്രവർത്തനങ്ങൾ സൊസൈറ്റികൾ മുഖേന നടത്തുക

അഭിലാഷ് ജംഗ്ഷനിൽ ഡൈവേർട്ട് സ്ഥാപിക്കുക.

എല്ലാ റോഡുകൾക്കും ഡ്രൈനേജ് സിസ്റ്റം ഏർപ്പെടുക്കുക.

ജനത്തിരക്കേറിയ പി.സി.ജംഗ്ഷനിൽ വാഹന പാർക്കിംഗ് നിരോധിക്കുക

മുക്കം ബസ്റ്റാന്റ് വിപുലീകരിക്കുക

കയ്യിട്ടാപ്പൊയിൽ ചോലയിൽ റോഡിൽ കൽവെർട്ട് സ്ഥാപിക്കുക

മണാശ്ശേരി സ്കൂളിന്റെ ഭാഗത്ത് കൽവെർട്ട് സ്ഥാപിക്കുക

**തൂക്കുപാലം/കമ്പിപ്പാലം**

കച്ചേരി-കാരശ്ശേരിക്കടവിൽ-തൊണ്ടിമ്മൽ കടവിൽ തൂക്കൂപാലം

കൽപ്പായ് കടവ് തിരുവമ്പാടിയിലേക്ക്-കമ്പിപ്പാലം

നീലേശ്വരം-തിരുവമ്പാടിയിലേക്ക്-തൂക്കുപാലം

നീലേശ്വരം-പാടിക്കടവ്

**നടപ്പാലം**

തരിപ്പകുന്ന് വട്ടിക്കുന്ന് പ്രദേശങ്ങളിലേക്ക് നടപ്പാലം നിർമ്മിക്കുക

തെയ്യത്തുംകടവ് തൂക്കുപാലം

മംഗലശ്ശേരി-കക്കാട് നടപ്പാലം

തടത്തിൽ കരിമ്പാലകുന്ന് റോഡ് വയലിൽ കരിങ്കല്ലുകെട്ടി പാലം പണിയുക.

**നടപ്പാത**

മണാശ്ശേരി അങ്ങാടി പൊയിലിൽ ഹരിജൻ കോളനി-മണാശ്ശേരി സ്കൂൾവരെ

നെല്ലിപറമ്പ്-മേത്തലേമല-ചോലക്കുഴി

മണാശ്ശേരി-പൊയിൽകോളനി നടപ്പാത

**സ്ലാബ്:**

ഇരട്ടക്കുളങ്ങര-മുണ്ടുപാറ

മുതുകുറ്റി റോഡ് കയ്യേരിക്കൽ റോഡ് ബന്ധിപ്പിക്കുന്നതിന് എടോനിമ്മൽ വയലിൽ സ്ലാബിടുക.

മാമ്പറ്റ-വെണ്ണക്കോട്

**ഇടവഴി സഞ്ചാരയോഗ്യമാക്കേണ്ടത്.**

ചക്കാലക്കൽ-മരപ്പെട്ടി-ഇടവഴി

ചേനാംകുന്ന് നേഴ്സറി ഇടവഴി

ആറ്റുപുറം കടവ് ഇടവഴി

പാണക്കാട്ടിൽ ഹൈസ്കൂൾ ഇടവഴി

കുന്നുമ്മൽ-കുറ്റ്യേരി പൊയിൽ ഇടവഴി

**കൽവർട്ട്**

കൈട്ടാപൊയിൽ-വായനറോഡിൽ

മണാശ്ശേരി-ഉണ്ണിക്കുന്നേൽ ഭാഗത്ത്

എല്ലാ താഴ്ന്ന പ്രദേശങ്ങളും ഉയർത്തിക്കെട്ടുക.

**പരിഹാരങ്ങളും സാധ്യതകളും**

എല്ലാ വികസന പ്രവർത്തനങ്ങളും (പ്രത്യേകിച്ച് എല്ലാ റോഡുകളുടെയും നിർമ്മാണം) പഞ്ചായത്ത് തന്നെ നേരിട്ടു ചെയ്യണം എന്ന ചിന്താഗതിയിൽ മാറ്റം വരുത്താനും ഗ്രാമസഭകളുടെ ഉത്തരവാദിത്വവും ചുമതലയും ബോധ്യപ്പെടുത്താൻ കൂട്ടായ ശ്രമം നടത്തുക

റോഡുകളുടെ നിർമ്മാണം ഗ്രാമസഭകളുടെ ചുമതലയാക്കുകയും നിർമ്മാണവും മേൽനോട്ടവും ഏല്പിക്കുക

ഗ്രാമസഭയിൽ ആവശ്യപ്പെടുന്ന റോഡുകളുടെ നിർമ്മാണവും, വിപുലീകരണവും ടാറിംഗ് ജോലിയും പഞ്ചായത്തിന് നേരിട്ടു നടത്തുവാൻ കഴിയാത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ ഗ്രാമസഭയിലൂടെ ബോധ്യപ്പെടുത്തുക.

വളരെ അത്യാവശ്യമാകുന്ന സന്ദർഭത്തിൽ മാത്രമേ പഞ്ചായത്ത് ഫണ്ടിന്റെയും മറ്റു ഫണ്ടുകളുടെയുംവിഹിതം റോഡു നിർമ്മാണങ്ങൾക്ക് ഉപയോഗപ്പെടുത്താവൂ.

പുനരർപ്പണദിനം എന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിക്കുക.

റോഡു നിർമ്മാണപ്രവർത്തനങ്ങളുടെ വരവ് ചെലവ് കണക്കുകൾ സുതാര്യമാക്കുകയും പൊതുസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യുക.

ഓരോ വാർഡുകളിലേയും റോഡു നിർമ്മാണങ്ങൾ ഏതൊക്കെയെന്ന് മുൻഗണനാപ്രകാരം ചിട്ടപ്പെടുത്തി പരസ്യപ്പെടുത്താൻ ഗ്രാമസഭയെ ഉപയോഗപ്പെടുത്തുകയും ചുമതലയും ഉത്തരവാദിത്വവും നല്കുക. ○



5.7

# പാർപ്പിടം

# സാമൂഹ്യക്ഷേമം

### പാർപ്പിടം

താഴക്കോട് നീലേശ്വരം എന്നീ വില്ലേജുകൾ ഉൾക്കൊള്ളുന്നതാണ് മുക്കം ഗ്രാമപഞ്ചായത്ത്. വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരിക രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ ഗൾഫു പണത്തിന്റെ സ്വാധീനം ഗണ്യമാണ്. എന്നാൽ ഈ പണം ഉൽപാദനമേഖലയിൽ വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എന്നുമാത്രമല്ല, ഇതിൽ നല്ല പങ്ക് കോൺക്രീറ്റ് കാടുകളുടെ നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്.

നമ്മുടെ പഞ്ചായചത്തിലെ 7599 വീടുകളിൽ 1020 എണ്ണം കോൺക്രീറ്റും 4458 എണ്ണം ഓട് മേഞ്ഞതും 1321 എണ്ണം ഓലമേഞ്ഞതുമാണ് എന്ന് പഞ്ചായത്തിലെ രേഖകൾ കാണിക്കന്നു. കണക്കുകൾ ഇങ്ങനെയാണെങ്കിലും യഥാർത്ഥത്തിൽ 2067 വീടുകളെങ്കിലും ഇന്നും ഓലമേഞ്ഞതാണ്. പട്ടിക ഒന്ന് കാണുക.

ഭവനനിർമ്മാണത്തിന് മരത്തിൽ കൊത്തിമിനുക്കിയുണ്ടാക്കിയിരുന്ന പരമ്പരാഗത രീതി ഇപ്പോൾ കാണുന്നില്ല. ജനങ്ങളുടെ അഭിരുചിയിലുണ്ടായ മാറ്റവും, മരസാമഗ്രികളുടെ വില കൂടുതലും പണിക്കൂലിയിലുണ്ടായ വർദ്ധനവും ഇതിന് കാരണമായിട്ടുണ്ട്.

നിർമ്മാണതൊഴിലിലെ കൂലി വിവരം രണ്ടാം പട്ടികയിൽ ചേർക്കുന്നു.

കഴിഞ്ഞ പത്ത് വർഷമായി 146 പേർക്കാണ് വിവിധ സ്കീമുകളിൽ ഭവനനിർമ്മാണത്തിനുള്ള ധനസഹായം ലഭിച്ചത്. കോളനി വീടുകൾ ഒഴിച്ചുള്ള കണക്കാണിത് പട്ടിക 3ൽ

കൂട്ടുകുടുംബ സമ്പ്രദായത്തിന്റെ ഇല്ലാതാകൽ വീട് നിർമ്മാണ മാതൃകയെ സ്വാധീനിച്ചിട്ടുണ്ട്. ചെറിയ കുടുംബങ്ങളായപ്പോൾ നിർമ്മിക്കുന്ന വീടിന്റെ എണ്ണവും വർദ്ധിച്ചു. ക്രമേണ കരാറുകാർ ഈ മേഖലയിലേക്കും ചേക്കേറാൻ തുടങ്ങി. കരാറുകാരുടെ കടന്നുകയറ്റം മൂലം നിർമ്മാതാവിന് ചെലവ് കൂടാൻ കാരണമായി. എങ്കിലും നല്ലൊരു ശതമാനം ഭവനനിർമാതാക്കളും പണി നേരിട്ട് ചെയ്യിക്കുന്നവരാണ്.

നിർമാണ മേഖലയിൽ ധാരാളം തൊഴിലന്വേഷകർ അഭയം തേടുന്നുണ്ട്. താരതമ്യേന ഉയർന്ന വേതനവും ജോലിയുടെ ഭാരക്കുറവുമാണ് ഇതിന് കാരണം. ജോലിയെടുക്കുന്നതിന്റെ 85 ശതമാനത്തോളം സ്ത്രീകളും ഈ മേഖലയിലാണ് തൊഴിലെടുക്കുന്നത്.

ഐശ്വര്യപൂർണ്ണമായ വീടുകൾക്ക് അനുബന്ധ സൗകര്യങ്ങൾ ഒഴിച്ചുകൂടാൻ വയ്യാത്ത ഘടകമാണ്. പഞ്ചായത്തിൽ ഇനിയും ഓട് മേയാത്ത രണ്ടായിരത്തിലധികം വീടുകൾക്കും, ഓടിട്ടതിൽ തന്നെ പകുതി പേർക്കും നല്ല കക്കൂസ് സൗകര്യമില്ല എന്നത് ദു:ഖകരമാണ്. നല്ലൊരു വിഭാഗം പേർക്കും വൈദ്യുതിയുമില്ല. മണ്ണെണ്ണവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ രാത്രികൾ കഴിക്കുന്നവർ നാലായിരത്തിലധികം വരുമെന്നത് നമ്മെ അലട്ടുന്ന പ്രശ്നമാണ്.

ഭവനനിർമ്മാണ രംഗത്ത് വായ്പ നൽകുന്ന പഞ്ചായത്തിലെ ഏക സ്ഥാപനം ഭൂപണയബാങ്കാണ്. ഹൗസിംഗ് സൊസൈറ്റിയും ഹൗസിംഗ് ബോർഡും ഈ രംഗത്ത് നൽകുന്ന സേവനം ചെറുതല്ല.

**പ്രശ്നങ്ങൾ**

* ഭവനനിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ്

പട്ടിക 1

| വാർഡ് | ടെറസ് | ഓട് | ഓല | കുടിൽ | ഇരുനില | ആകെ |
|---|---|---|---|---|---|---|
| 1 | 82 | 362 | 219 | 12 | 26 | 675 |
| 2 | 98 | 476 | 90 | 7 | 98 | 671 |
| 3 | 170 | 490 | 105 | 20 | 169 | 785 |
| 4 | 76 | 451 | 266 | 10 | 102 | 813 |
| 5 | 65 | 507 | 130 | 10 | 89 | 712 |
| 6 | 35 | 370 | 251 | 19 | 18 | 695 |
| 7 | 74 | 418 | 170 | 22 | 27 | 684 |
| 8 | 127 | 427 | 201 | 30 | 29 | 785 |
| 9 | 163 | 372 | 183 | 8 | 89 | 726 |
| 10 | 52 | 306 | 200 | 21 | 16 | 579 |
| 11 | 78 | 279 | 132 | 15 | 31 | 504 |
| | 1020 | 4458 | 1147 | 174 | 694 | 7599 |

അവലംബം :അസ്സസ്മെന്റ് രജിസ്റ്റർ

* മരസാധനങ്ങളുടെ ദൗർലഭ്യവും വിലകൂടുതലും

* തൊഴിൽ രംഗത്തെ കൂലിവർദ്ധന

* സർക്കാരിന്റെ ചട്ടങ്ങളും നടപടിക്രമങ്ങളും

* വായ്പാ ലഭ്യതക്കുറവും വായ്പാ നടപടിക്രമങ്ങളുടെ സങ്കീർണതയും.

* വീട് നിർമാണത്തിന് ലോൺ വാങ്ങി തിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിൽ പ്പെടുന്നു.

* സാമ്പത്തിക സഹായം വേണ്ടത്ര ലഭ്യമല്ല.

* ദുർബ്ബല വിഭാഗങ്ങൾക്ക് നൽകുന്ന വായ്പതുകയുടെ അപര്യാപ്തത.

പട്ടിക 2

| വർഷം | പുരുഷൻ | | സ്ത്രീ | |
|---|---|---|---|---|
| | വിദഗ്ധൻ | സഹായി | വിദഗ്ധ | സഹായി |
| 90-91 | 60 | 40 | - | 25 |
| 91-92 | 70 | 50 | - | 30 |
| 92-93 | 80 | 60 | - | 40 |
| 93-94 | 90 | 65 | 70 | 50 |
| 94-95 | 100 | 75 | 75 | 60 |
| 95-96 | 125 | 80 | 85 | 70 |
| 96-97 | 150 | 0 | 100 | 80 |

അവലംബം: നാട്ടറിവ്

പട്ടിക 3

| വർഷം | RLEGP | NREP | IAY | MWS | JRY | NC |
|---|---|---|---|---|---|---|
| 88-87 | 20 | | | | | |
| 87-88 | 9 | | | | 5 | |
| 88-89 | 10 | 18 | | | | |
| 89-90 | | | | | 6 | |
| 90-91 | | | | | 7 | |
| 91-92 | | | | 5 | 7 | |
| 92-93 | | | | | | |
| 93-94 | | 4 | | | | |
| 94-95 | | | | 7 | | 4 |
| 95-96 | | | 23 | 10 | | |
| 96-97 | | | 4 | | 7 | |

അവലംബം: വി.ഈ.ഒ.ഓഫീസ് രേഖകൾ

**പരിഹാരങ്ങൾ**

* പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി തുടങ്ങുക.

* പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മുഴുവൻ ധനകാര്യസ്ഥാപനങ്ങളും സബ്സിഡിയോട് കൂടി ഭവന നിർമ്മാണ വായ്പ നല്കുക.

* കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ അപാകതകൾ കാലോചിതമായി പരിഹരിക്കുക

* നിർമാണതൊഴിലാളീ ക്ഷേമനിധിയിലേക്ക് തൊഴിലാളികളടയ്ക്കുന്ന തുക ആവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി പലിശ രഹിതവായ്പയായി അനുവദിക്കുക.

*വിവിധ ഏജൻസികൾ നല്കിവരുന്ന ഭവനനിർമ്മാണധനസഹായം, ഏകോപിപ്പിച്ച് ഗ്രാമപഞ്ചായത്ത് വഴി, അർഹതപ്പെട്ടവർക്ക് നൽകുക.

* വൻ ബഡ്ജറ്റ് വീടുകളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തുക

* സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നോ നാലോ പ്ലാനുകൾ നിജപ്പെടുത്തി അതിൽ മാത്രമേ വീടുണ്ടാക്കാവൂ എന്ന് നിയമം മൂലം നിർബന്ധമാക്കുക.

* പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ക്വോർട്ടേഴ്സ് സംവിധാനം ഏർപ്പെടുത്തുക

* സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായി വീട് ലഭ്യമാക്കുക

* പഞ്ചായത്തിലേക്ക് ആവശ്യമായ വീടും കക്കൂസും സൗജന്യമായി അനുവദിക്കുക

* സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി വയറിംഗ് ചെയ്ത് വൈദ്യുതി ലഭ്യമാക്കുക.

* കുടിലുകൾക്കും ഓലമേഞ്ഞ വീടുകൾക്കും പ്ലാനും നികുതിയും വേണ്ടെന്ന് തീരുമാനിക്കുക.

* രാജീവ് ദശലക്ഷം ഭവനത്തിനടുത്തുള്ള 50 സെന്റിൽ അംഗീകരിച്ച നിർമ്മിതി കേന്ദ്രം പ്രവർത്തിക്കാൻ വേണ്ട നടപടി കൈക്കൊള്ളുക.

അങ്ങനെ ആരോഗ്യത്തിനവശ്യം വേണ്ട വൃത്തിയുള്ള ഭവനാന്തരീക്ഷത്തിനായി നമുക്ക് കൂട്ടായി പ്രയത്നിക്കാം.

**സാമൂഹ്യക്ഷേമം**

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതിയും, കേന്ദ്രഗവണ്മെന്റിന്റെ കീഴിൽ സാമൂഹ്യക്ഷേമവകുപ്പ് നടത്തുന്ന വിവിധ പദ്ധതികളുമാണ് നിലവിലുള്ളത്. കേന്ദ്രസംസ്ഥാന ഗവണ്മെന്റുകൾ വഹിക്കുന്ന

ധാരാളം പദ്ധതികൾ വികസന ബ്ലോക്കുവഴി നടത്തുന്നുണ്ടെങ്കിലും മുക്കം പഞ്ചായത്തിൽ സാമൂഹ്യക്ഷേമരംഗത്ത് നിലവിലുള്ള പ്രവർത്തനം അപര്യാപ്തമാണ്.

താഴക്കോട്, നീലേശ്വരം എന്നീ രണ്ടു വില്ലേജുകൾ ഉൾപ്പെട്ട മുക്കം പഞ്ചായത്തിൽ 2777 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. ശരിക്കും ഇതിനേക്കാൾ എത്രയോ കൂടുതലാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം. ഇപ്പോൾ വാർഷികവരുമാനം 11,00ത്തിൽ കുറവുള്ളവരെ മാത്രമേ IRDP ലിസ്റ്റിൽ പെടുത്തുകയുള്ളൂ. ഇന്നത്തെ സാഹചര്യത്തിൽ ഇത് 25,000 രൂപയെങ്കിലുമായി ഉയർത്തേണ്ടതാണ്.

ഇങ്ങനെ ലിസ്റ്റിൽപെടുത്തിയ കുടുംബങ്ങളെത്തന്നെ വായ്പ നല്കി സഹായിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. 8ാം പദ്ധതികാലത്ത് ആകെ രണ്ടു വില്ലേജുകളിലായി 246 കുടുംബങ്ങൾക്ക് മാത്രമേ സഹായം ലഭിച്ചിട്ടുള്ളൂ. ഇതിൽ 160 കുടുംബങ്ങൾ പട്ടികജാതി- വർഗ്ഗ വിഭാഗത്തിൽപ്പെടുന്നു. ഏറ്റവും ദു:ഖകരമായ കാര്യം ഈ സഹായം ലഭിച്ചവരിൽ തന്നെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്താൻ കഴിഞ്ഞവരുടെ എണ്ണം വെറും 98 മാത്രമാണ്. 33% നടപ്പിലാക്കിയ പദ്ധതിയുടെ പോരായ്മയാണ് ഇത് കാണിക്കുന്നത്.

### IRDP സഹായ ലഭ്യതാ കണക്ക്

മുക്കം പഞ്ചായത്തിൽ മൊത്തം IRDP പ്രകാരം 8ാം പദ്ധതിയിൽ 9,80,735 രൂപ സബ്സിഡിയായും 16,65,257 രൂപ വായ്പയായും വിതരണം ചെയ്തിട്ടുണ്ട്.

IRDP പദ്ധതിയുടെ അപര്യാപ്തതയിലേക്ക് കണ്ണോടിക്കുമ്പോൾ പദ്ധതിയുടെ നടത്തിപ്പിന്ന് നമ്മുടെ പഞ്ചായത്തിലുള്ളബുദ്ധിമുട്ടുകൾ കൂടി വിലയിരുത്തേണ്ടിയിരിക്കുന്നു.

1. ഈടില്ലാതെ ബാങ്കുകൾ വായ്പനല്കാൻ വിസമ്മതിക്കുന്നു. ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതാണ്.

2. ഗവ. നിർദ്ദേശപ്രകാരം SC കുടുംബത്തിന് 10,000 രൂപയും OC കുടുംബത്തിന് 15,000 രൂപയും മിനിമം സഹായം നല്കണം. അത്തരം ആവശ്യക്കാർ വരുന്നില്ല. കാരണം ബാങ്കുകൾ വഴി സഹായം വാങ്ങി പദ്ധതികൾ വിജയിപ്പിക്കാനും കടം തിരിച്ചടക്കാനും കഴിയുമെന്നുള്ള ആത്മവിശ്വാസം മിക്ക IRDP കുടുംബങ്ങൾക്കില്ല. പദ്ധതികളെപ്പറ്റിയും വിജയകരമായ നടത്തിപ്പിനെപ്പറ്റിയും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചാൽ മാത്രമേ ഈ ആത്മവിശ്വാസം ഉണ്ടാക്കി നല്കുന്ന സഹായത്തിന്റെ ഗുണഫലം അനുഭവിക്കാൻ അവരെ പ്രാപ്തരാക്കാൻ കഴിയൂ. സഹായം ലഭിച്ചവർതന്നെ 67% വും പരാജയപ്പെട്ടതായി കണക്കുകൾ കാണിക്കുന്നു.

നമ്മുടെ പ്രദേശത്തിന്റെയും വ്യക്തികളുടെയും കഴിവിനും, സാഹചര്യത്തിനും അനുസരിച്ചുള്ള സ്കീമുകൾ തെരഞ്ഞെടുക്കാൻ കഴിയണം. എങ്കിൽ മാത്രമേ സഹായം ലഭ്യമാകുന്ന കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ വരൂ.

25,000 രൂപവരെ വാർഷികവരുമാനമുള്ള കുടുംബങ്ങളെക്കൂടി IRDP ലിസ്റ്റിൽ പെടുത്തുകയും വർഷംതോറും സർവ്വെ നടത്തി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുകയും വേണം. കൂടാതെ പരമാവധി കുടുംബങ്ങളെ സഹായിക്കാൻ ബാങ്കുകൾക്ക് സർക്കാർ തലത്തിൽ നിർദ്ദേശം കൊടുക്കുകയുംവേണം.

### DWCRA

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി ഏഴോ അതിലധികമോ സ്ത്രീകൾ കൂട്ടായി നടത്തുന്ന സംരംഭമാണ് DWCRA. 8ാം പദ്ധതിക്കാലത്ത് നീലേശ്വരം വില്ലേജിൽ 2ഉം മുക്കം വില്ലേജിൽ രണ്ടും എന്ന തോതിൽ 4DWCRA യൂനിറ്റുകളാണ് മുക്കം പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. രണ്ട് റെഡിമെയ്ഡ് ഗാർമെന്റ് യൂനിറ്റുകളും ഒരു സിമന്റുകട്ട നിർമ്മാണ യൂനിറ്റും ഒരു ചിപ്സ് നിർമ്മാണ യൂനിറ്റും ഇവ നാലും നല്ലനിലയിൽ പ്രവർത്തിക്കുന്നു.

ഓരോ വാർഡിലും താല്പര്യമുള്ള സ്ത്രീകളെ കണ്ടെത്തി ഓരോപ്രദേശത്തിന്റേയും സാദ്ധ്യതകൾക്കനുസരിച്ച് DWCRA യൂനിറ്റുകൾ ആരംഭിക്കുകയാണെങ്കിൽ അതുവഴി ധാരാളം സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്താൻ കഴിയും. ഓരോ പ്രദേശത്തെയും സന്നദ്ധസംഘടനകൾ മുൻകൈയെടുത്ത് സഹായിക്കുകയും വിപണനസാദ്ധ്യതകൾ വിലയിരുത്തി യൂനിറ്റുകൾ ആരംഭിക്കുകയും ചെയ്താൽ നന്നായി വിജയിക്കും. DWCRAയുടെ ഉല്പന്നങ്ങൾ സർക്കാർ ഏജൻസികൾ മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാവുകയാണെങ്കിൽ സ്ത്രീകളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് ഏറ്റവും നല്ല ഒരു ഉപാധിയായി ഇതിനെ മാറ്റാൻ കഴിയും.

### ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നല്കുന്നതാണ് ട്രൈസം. 8ാം പദ്ധതി കാലയളവിൽ മുക്കം പഞ്ചായത്തിൽ ആകെ ട്രൈസം പരിശീലനം നേടിയവർ 57 പേരാണ്. മുക്കം വില്ലേജിൽ നിന്ന് 45പേരും നീലേശ്വരം വില്ലേജിൽ 12പേരും ഇവരിൽ സ്വയം തൊഴിൽ

| വില്ലേജ് | IRDP സർവ്വെ പ്രകാരം കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവർ | ഇനി സഹായം ലഭിക്കേണ്ടവർ |
|---|---|---|---|
| നീലേശ്വരം | 18 | 11 | 7 |
| താഴക്കോട് | 72 | 16 | 56 |
| ആകെ | 90 | 27 | 63 |

### CRSP കക്കൂസുകൾ

| വില്ലേജ് | അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചവ | പൂർത്തീകരിക്കാനുള്ളത് | 96-97ൽ അനുവദിക്കുന്നത് |
|---|---|---|---|---|
| നീലേശ്വരം | 26 | 25 | 1 | |
| മുക്കം | 45 | 25 | 20 | 6 |
| ആകെ | 71 | 50 | 21 | |

കണ്ടെത്തിയവർ ആകെ 14 പേർ മാത്രമാണ്.

പാരമ്പര്യകൈത്തൊഴിലുകാർക്കുള്ള സഹായപദ്ധതിയായ R.A.P പദ്ധതിപ്രകാരം രണ്ടു വില്ലേജുകളിലായി മൊത്തം 27 പേർക്കാണ് സഹായംലഭിച്ചത്.

ഈ മേഖലയിലെ സഹായത്തെക്കുറിച്ച് തൊഴിലാളികൾ അജ്ഞരാണ്. അവരെ ബോധവാന്മാരാക്കുകയും എല്ലാ കുടുംബങ്ങൾക്കും നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുകയും വേണം.

പനമ്പ്, പായ, കുട്ട, കൗതുകവസ്തുക്കൾ, മൺപാത്രനിർമ്മാണം, ഫർണിച്ചർ നിർമ്മാണം, കൊല്ലപ്പണി, തുടങ്ങിയ പാരമ്പര്യ തൊഴിലാളികൾക്ക് ഈ പദ്ധതി വഴിസഹായം ലഭ്യമാക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ നമ്മുടെ പഞ്ചായത്തിന് പുരോഗതിയുടെ ഒരു പാത വെട്ടിത്തുറക്കാനാകും.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നല്കുന്ന പദ്ധതിയാണ് CRSP. വികസനബ്ലോക്കുവഴി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവർ വളരെ പരിമിതമാണ്. കക്കൂസില്ലാത്ത 3000 ഓളം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ കുടംബങ്ങൾക്കെല്ലാം കക്കൂസ് അനുവദിക്കേണ്ടത് അത്യാവശ്യമാണ്. കക്കൂസിനു വേണ്ടി സഹായം കിട്ടുന്ന കുടുംബങ്ങൾ കക്കൂസ് നിർമ്മിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം. ഓരോ വാർഡ് മെമ്പർമാരും ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമരംഗത്ത് വിവിധതരം പെൻഷനുകളും വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായവും റവന്യൂ വകുപ്പുവഴി മുക്കം പഞ്ചായത്തിലും ലഭ്യമാകുന്നുണ്ട്.

അർഹരായ മുഴുവൻ പേർക്കും സഹായം ലഭ്യമാകുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പോരായ്മയും പെൻഷനുകൾക്ക് അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അവകാശം ഗ്രാമസഭകൾക്കു നല്കിയാൽ ഈ പോരായ്മ പരിഹരിക്കാം.

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നല്കുന്ന പെൻഷനുകൾ കൃത്യമായി കിട്ടുന്നില്ല എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. വിവിധതരം പെൻഷനുകൾ കൃത്യമായും കിട്ടുന്നതിനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ ഉണ്ടാക്കണം. വിധവാ പെൻഷൻ പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ വാർദ്ധക്യപെൻഷൻ എന്നിവലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

മുക്കം പഞ്ചായത്തിൽലഭിക്കുന്ന വിവിധതരം പെൻഷനുകൾ

ഗുണഭോക്താക്കളുടെ എണ്ണം

അർഹരായ പലർക്കും പെൻഷൻകിട്ടാത്ത അവസ്ഥയും അനർഹരായ ചുരുക്കം ചിലരെങ്കിലും ലിസ്റ്റിൽ കടന്നുകൂടുന്ന അവസ്ഥയും നിലവിലുണ്ട്. ഇതിനു പരി

| വില്ലേജ് | വിധവാ-അഗതി | വികലാംഗപെൻഷൻ | വാർദ്ധക്യപെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ |
|---|---|---|---|---|
| നീലേശ്വരം | 30 | 26 | 1 | 402 |
| മുക്കം | 236 | 64 | 51 | 428 |
| ആകെ | 266 | 90 | 52 | 830 |

ഹാരമായി ഗ്രാമസഭകൾ വഴി പെൻഷന് അർഹരായ വരെ കണ്ടെത്തി പഞ്ചായത്തിൽ ലിസ്റ്റ് പ്രസിദ്ധപ്പെടു ത്തണം.

മുക്കം പഞ്ചായത്തിൽ രണ്ടു വില്ലേജുകളിലായി മൊത്തം 628പേർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റു ന്നവരായുണ്ട്.

**അംഗൻവാടികൾ**

നമ്മുടെ പഞ്ചായത്തിൽ 12വാർഡുകളിലായി 16 അംഗൻവാടികളും പഞ്ചായത്തുവക ഒരു നേഴ്സറി സ്കൂളും കേന്ദ്രഗവണ്മെന്റു വക ഒരു ഹരിജൻ ശിശുസം രക്ഷണ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഈ ശിശുസം രക്ഷണ കേന്ദ്രം പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തി ലാണ്. വേണ്ടത്ര സൗകര്യങ്ങൾ ഇല്ലെങ്കിലും 6-ാം വാർഡിലെ മുതുകുറ്റി അംഗൻവാടി ഒഴികെ ബാക്കി യെല്ലാ അംഗൻവാടികളും സ്വന്തമായ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്നവയാണ് അംഗൻവാടി കൾ. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്ന ഐ.സി.ഡി.എസിന്റെ ലക്ഷ്യം കൈവരിക്കണമെങ്കിൽ നമ്മുടെ പഞ്ചായത്തിൽ 10ൽ കൂടുതൽ അംഗൻവാടി കൾ കൂടി ഉണ്ടാകേണ്ടിയിരിക്കുന്നു. 1,7, വാർഡുക ളിൽ ഒറ്റ അംഗൻവാടിപോലുമില്ല. ഈ രണ്ടുവാർഡുക ളിലും അടിയന്തിരമായി രണ്ടുവീതം അംഗൻവാടികൾ നിർമ്മിക്കേണ്ടതാണ്. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാർക്ക് പ്രയാസവും കുട്ടികൾക്കും രക്ഷിതാക്കൾക്കും അസ ന്തുഷ്ടിയും പ്രദാനം ചെയ്യുന്നു. എത്രയും പെട്ടെന്ന് ഇതിനു പരിഹാരം കാണേണ്ടിയിരിക്കുന്നു. നിലവി ലുള്ള കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്താത്തതും, കളിപ്പാട്ടങ്ങളില്ലാത്തതും വലിയ പ്രശ്നമാണ്. രാവിലെ 9മുതൽ വൈകുന്നേരം 3.30വരെ ജോലിചെയ്യുന്ന അംഗൻവാടി ജീവനക്കാരുടെ വേതനം വളരെ തുച്ഛ മാണ്. ഈ അവസ്ഥയ്ക്കും പരിഹാരം കാണേണ്ട താണ്.

കൂടാതെ സ്വകാര്യമേഖലയിൽ മുക്കത്ത് രണ്ട് നഴ്സറി സ്കൂളുകളും, കാതിയോട് പൊയിലിൽ ഒരു നഴ്സറി സ്കൂളും പ്രവർത്തിക്കുന്നു. അതിനുപുറമെ ചേന്ദമംഗ ല്ലൂരിൽ രണ്ട് ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളും മുക്കത്തും കല്ലുരുട്ടിയിലും ഓരോന്നുവീതവും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിൽ സ്തുത്യർഹ മായ സേവനം നടത്തുന്ന ഒരു സ്ഥാപനമാണ് മുക്കത്തെ ബി.പി.മൊയ്തീൻ സേവാമന്ദിർ ക്രഷെ, കണ്ടൻസ്ഡ് കോഴ്സ് എന്നിവയ്ക്ക് സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നുണ്ടെങ്കിലും ഈ സ്ഥാപനത്തിന്റെ പ്രവർത്തനമേഖല കണക്കിലെടുക്കുമ്പോൾ ആ ഗ്രാന്റ് അപര്യാപ്തമാണ്. ഈ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ട എല്ലാ സഹായങ്ങളും ഉണ്ടാ കേണ്ടതാണ്. സാമൂഹ്യക്ഷേമവകുപ്പിന്റെ ഗ്രാന്റോടു കൂടി, വർഷങ്ങളായി നന്നായി പ്രവർത്തിക്കുന്ന മുക്കത്തെ മറ്റൊരു സ്ഥാപനമാണ് മുക്കം മുസ്ലിം അനാ ഥശാല. ഇവിടെ 1995-96ൽ ഒരുകുട്ടിക്ക് 85 രൂപ തോതിൽ 16,13832 രൂപ സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. ഈ ഗ്രാന്റ് അപര്യാപ്ത മാണ്.

**ക്ഷേമനിധികളെ സംബന്ധിച്ച്**

മുക്കം പഞ്ചായത്തിൽ കാര്യമായി അംഗങ്ങൾ ചേർന്നിട്ടുള്ളത് കർഷകത്തൊഴിലാളി ക്ഷേമനിധിയിലും, കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലുമാണ്. ധാരാളം അപാകതകൾ ഇവയ്ക്ക് രണ്ടിനുമുണ്ടെങ്കിലും കുറച്ചെങ്കിലും തൊഴിലാളികളെ ആകർഷിക്കാൻ ഇവയ്ക്കേ കഴിഞ്ഞിട്ടുള്ളൂ.

**പൊതുവിവരണം**

മുക്കം പഞ്ചായത്തിലാകെ 12 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. മൊത്തം കാർഡുകളുടെ എണ്ണം 6219 ആണ്. ആകെയുള്ള ഒരു മാവേലിസ്റ്റോർ മുക്കം അങ്ങാ ടിയിൽ പ്രവർത്തിക്കുന്നു. പൊതുവെ ധാരാളം ആക്ഷേ പങ്ങൾ ക്ഷണിച്ചുവരുത്തുന്ന മേഖലയാണ് റേഷൻഷാപ്പ്. പൊതുവിതരണ കേന്ദ്രം എന്ന പേർമാറ്റി 1966ലെ റേഷനിംഗ് ആക്റ്റ് പ്രകാരമുള്ള എന്നുതന്നെ യാക്കി ഇതിനെ മാറ്റുകയും പഞ്ചായത്തിലെ റേഷൻഷാ പ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെ ടുത്ത് ഈ മേഖലയിലെ പരാതികൾക്ക് പരിഹാരം കാണുകയും വേണം.

റേഷൻ ഷാപ്പുടമകൾക്ക് ന്യായമായ കമ്മീഷൻ ഉറ പ്പുവരുത്തി ചില ഷാപ്പുകളിൽ കാർഡുടമകളിൽ നിന്നും ഈടാക്കുന്ന അമിതമായ ചാർജ്ജ് (ബില്ലിൽ ഉൾപ്പെ ടാതെ) അവസാനിപ്പിക്കാൻ നടപടിയെടുക്കണം. നീലേ

| കുട്ടികളുടെ എണ്ണം | അംഗൻവാടി കളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | അംഗൻവാടികളിൽ എത്തുന്നവർ | എത്താത്തവർ | പോഷണക്കുറവുള്ള/ ഇല്ലാത്തവ |
|---|---|---|---|---|---|---|
| 1152 | 16 | 15 | 1 | 1624 | 180 | 972 |

ശ്വരം വില്ലേജിൽ ഒരു മാവേലി സ്റ്റോറും തെച്യാട് ഒരു റേഷൻ ഷാപ്പും അനുവദിക്കണം.

ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കാൻ ജന ങ്ങളെ ബോധവത്ക്കരിക്കുകയും പഞ്ചായത്തിൽ ഒരു ഉപഭോക്തൃ സംരക്ഷണസമിതി രൂപീകരിക്കുകയും വേണം. ഏറ്റവുമധികം ചൂഷണത്തിന് വിധേയമാകുന്ന ഒരു മേഖലയാണ്. ഉപഭോകൃത് മേഖല.

**ഗ്രാമസഭകളിൽ ഉയർന്നുവന്ന പൊതുവായ നിർദ്ദേശ ങ്ങൾ.**

താഴ്ന്ന വരുമാനക്കാർക്ക് കക്കൂസും വീടും നിർമ്മി ക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം നല്കുക. കക്കൂസിന് ഇന്നു നല്കിവരുന്ന സാമ്പത്തിക സഹായം അപര്യാപ്തമാണ്. കുറഞ്ഞത് 5000 രൂപയെങ്കിലും സഹായം നല്കിയാൽ മാത്രമേ അവശവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. വീടില്ലാത്ത വർക്ക് മൊത്തം വാർഡടിസ്ഥാനത്തിൽ സർവ്വെ നടത്തി മുൻഗണനാക്രമത്തിൽ ലിസ്റ്റ് തയ്യാറാക്കുക. പഞ്ചായ ത്തടിസ്ഥാനത്തിൽ ഭവനനിർമ്മാണ സഹകരണസംഘം ഉണ്ടാക്കുകയും മുൻഗണനാലിസ്റ്റ് പ്രകാരം ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുകയും ചെയ്യുക. ലയൺസ് ക്ലബ്, ജേസീസ്, ജൂനിയർ ചേമ്പർ, വ്യാപാരി വ്യവസായി, ബാങ്കുകൾ, സന്നദ്ധ സംഘടന കൾ, എന്നിവയുടെ സഹായം ഇക്കാര്യത്തിൽ ലഭ്യമാ ക്കാവുന്നതാണ്. ഭവനനിർമ്മാണ വായ്പാരംഗത്ത് ഉദ്യോഗസ്ഥതലത്തിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 10,000 രൂപയിൽ താഴെ യുള്ള ഭവനനിർമ്മാണവായ്പകൾ എഴുതിത്തള്ളേണ്ട താണ്.

മുക്കം പഞ്ചായത്തിലെ വിവിധ തരത്തിലുള്ള 30 കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ-കക്കൂസ്, വീട്, കുടിവെള്ളം, വെളിച്ചം എന്നിവ ഉറപ്പുവരുത്തുക.

വീടിന് നമ്പറില്ലാത്തതിനാൽ കാർഡില്ലാതെ വിഷ മിക്കുന്ന നാലു സെന്റ് , ലക്ഷംവീട്, രാജീവ് ദശലക്ഷം കോളനികളിൽ വീടിന് നമ്പറും, പട്ടയവും ലഭ്യമാക്കാൻ സത്വരനടപടി സ്വീകരിക്കുക. കൂടാതെ കുടിലുകൾക്ക് പ്ലാൻ സമർപ്പിക്കാതെ തന്നെ നമ്പർ കൊടുക്കുന്നതി നുള്ള സംവിധാനം ഏർപ്പെടുത്തുക.

നിർദ്ധനരായ, മിടുക്കരായ വിദ്യാർത്ഥികൾക്ക് പഠ നത്തിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

വികലാംഗർക്ക് സഹായം ലഭ്യമാക്കുക

മുക്കത്ത് പരിഗണനയിലിരിക്കുന്ന IRDP വിപണന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുക.

നവസാക്ഷരർക്കുള്ള സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കുക. കോളനികൾ കേന്ദ്രീകരിച്ച് തുടർവി ദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിക്കുക.

കോളനികൾ കേന്ദ്രീകരിച്ചുള്ള കള്ളവാറ്റു തടയാൻ ഉദ്യോഗസ്ഥതലത്തിൽ സത്വര നടപടികൾ സ്വീകരി ക്കുക.

7-ാം വർഡിൽ കയ്യേരിക്കൽ ഭാഗത്തും. നെടുമ ങ്ങാട് ആര്യംപാടം ഭാഗത്തും അംഗൻവാടികൾ സ്ഥാപി ക്കുക, രാജീവ് ദശലക്ഷം കോളനിയിൽ അംഗൻവാടി സ്ഥാപിക്കുക, കുറ്റിപ്പാലക്കൽ അംഗൻവാടി, ക്രഷെ, എന്നിവ സ്ഥാപിക്കുക, നടുകിൽ ഭാഗത്ത് അംഗൻവാടി സ്ഥാപിക്കുക, വേനപ്പാറ ആദിവാസി കോളനിയിൽ അംഗൻവാടി സ്ഥാപിക്കുക, അഗസ്ത്യൻ മുഴിയിൽ വൃദ്ധ സദനം, ക്രഷെ, എന്നിവ സ്ഥാപിക്കുക, കൊടുവാപ്പിടി മലയിൽ അംഗൻവാടി സ്ഥാപിക്കുക, ആയഞ്ചേറ്റിൽ അംഗൻവാടി സ്ഥാപിക്കുക, കാഞ്ഞിരമുഴിയിൽ വായ നശാല കേന്ദ്രീകരിച്ച് അംഗൻവാടി സ്ഥാപിക്കുക, 11-ാം വാർഡിൽ പാറക്കോട്ടു തൊടികയിൽ അംഗൻവാടി സ്ഥാപിക്കുക.

മേൽപറഞ്ഞ പ്രദേശങ്ങളിലെല്ലാം അംഗൻവാടിക്ക് സ്ഥലം ലഭ്യമാണ്.

അംഗൻവാടികളിൽ അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, ഫർണിച്ചർ, ശുദ്ധജലം, മൂത്രപ്പുര, കളിക്കോ പ്പുകൾ, ഭക്ഷണസാധനങ്ങൾ എന്നിവ ഉറപ്പുവരുത്തുക.

മഹിളാസമാജങ്ങൾ, അംഗൻവാടികൾ കേന്ദ്രീകരിച്ച് പുനരുദ്ധരിക്കുകയും, അതുവഴി സ്ത്രീകൾക്ക് ബോധ വൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുക

പഞ്ചായത്തിൽ ഒരു പൊതുശ്മശാനം നിർമ്മിക്കുക.

മണാശ്ശേരി, അഗസ്ത്യൻ മുഴി അങ്ങിടികളിൽ പൊതു കക്കൂസും, മൂത്രപ്പുരയും നിർമ്മിക്കുക.

തടപറമ്പ് ഭാഗത്ത് അജ്ഞാതരോഗം മൂലം വളരെയ ധികം ബുദ്ധിമുട്ടുന്ന മറ്റു ആശ്രയമില്ലാത്ത പാവപ്പെട്ട കുടുംബങ്ങളെ പെൻഷനിലുപരിയായി സ്ഥിരമായ സാമ്പത്തിക സഹായം ചെയ്തുസഹായിക്കുക. പഞ്ചാ യത്തിലെ ഇങ്ങനെയുള്ള മുഴുവൻ കുടുംബങ്ങളെയും കണ്ടെത്തി സഹായിക്കേണ്ടതാണ്.

പഞ്ചായത്തിലെ മാനസികരോഗികൾക്ക് ചികിത്സാ സഹായവും സാമ്പത്തിക സഹായവും നല്കുക.



## 5.8

# സംസ്കാരം

ഭൂതകാല സംസ്കൃതിയിൽ നിന്നുയിർ കൊണ്ട അരുമയായ നിഷേധിയുടെ ഭാവം എന്നും മുക്കത്തിന്റെ ഒരന്തർധാരയായിരുന്നു. ആരംഭ ശൂരത്വത്തിന്റെ പരിമിതികൾ ഏറെയുണ്ടെങ്കിലും പുതുമയാർന്ന സംരംഭങ്ങൾക്ക് എന്നും വളക്കൂറുള്ള മണ്ണാണ് മുക്കത്തിന്റേത്. നഷ്ട പ്രതാപൈശ്വര്യങ്ങളുടെ ഒരു വിളഭൂമിയാണ് മുക്കം എന്നത് ഒരു ചരിത്രാന്വേഷിക്ക് എളുപ്പം ബോധ്യമാവുന്നതാണ്. ഇന്ന് കോഴിക്കോട് മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പ്രധാന വാണിജ്യകേന്ദ്രമായി ത്തീർന്നിരിക്കുന്ന മുക്കത്തിന് ദശകങ്ങൾക്ക് മുമ്പ് പോലും ചരിത്രത്തിൽ ഇത്തരമൊരു സ്ഥാനമുണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. നമ്മുടെ നാടിന്റെ പൈതൃകത്തെക്കുറിച്ചന്വേഷിക്കുന്നതിനുള്ള ഒരുദ്യമമാണ് ഇവിടെ.

അനുഷ്ഠാന കലകൾക്കൊപ്പം നാടൻ കലകൾക്കും ഏറെ പ്രാമുഖ്യം കൽപ്പിച്ചിരുന്ന ഒരു പ്രദേശമായിരുന്നു നമ്മുടേത്. തുലാവർഷത്തിനുശേഷം വിളവെടുപ്പ് കഴിഞ്ഞ പാടത്തും കൊയ്തിട്ട കളങ്ങളിലും അമ്പലപ്പറമ്പുകളിലും മറ്റും ഉത്സവങ്ങളുടെ അരങ്ങേറ്റമായി. തിറ, തെയ്യാട്ട്, വട്ടക്കളി, പരിചക്കളി, ചെറുമർകളി, കോൽക്കളി, മുടിയാട്ടം, കുമ്മി, വെരിക്കളല എന്നിവയായിരുന്നു പ്രധാന കലകൾ. കണ്ടപുലി, കരിവില്ലി, ഗുളികൻ, കുട്ടിച്ചാത്തൻ, ഭഗവതി എന്നിവയായിരുന്നു പ്രധാന തിറ വേഷങ്ങൾ നിലമെഴുത്തും തോറ്റവും മറ്റുമുള്ള പ്രധാന ചടങ്ങായിരുന്നു വെരിക്കളം നമ്പൂതിരിയില്ലങ്ങളിൽ അവർ തന്നെ നടത്തിയിരുന്ന ഒരു പ്രാചീനകളയായിരുന്നു പാനേങ്കളി.

ആരാധനാലയവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഉത്സവങ്ങൾ മറ്റു പ്രദേശങ്ങളെയപേക്ഷിച്ച് ഇവിടെ പൊതുവെ കുറവായിരുന്നു, എന്ന് പറയാം. തൃക്കുടമണ്ണ ശിവക്ഷേത്രത്തിലെ ശിവരാത്രിയുത്സവവും മണാശ്ശേരി ചെമ്പ്രാട്ട് കാവിലെ തിറയുത്സവുമായിരുന്നു പണ്ടു മുതൽക്കേ നടത്തി വന്നിരുന്ന പ്രധാന ഉത്സവങ്ങൾ. ഇതിന് പുറമേ കൊറ്റങ്ങലിലും കൊളപ്പുറത്തും താലപ്പൊലിയും നടത്തിവരുന്നുണ്ട്.

കേളപ്പുണ്ണി നായരുടെ ദാരുണമായ മരണത്തെ സംബന്ധിച്ച ഐതിഹ്യമാണ് ചെമ്പ്രാട്ട് കാവിലെ തിറയുത്സവത്തിനാധാരം. ചെമ്പ്രാട്ട് യുവാവായ കേളപ്പുണ്ണിനായർ അമ്മയുടെ വിലക്ക് വകവെക്കാതെ നായാട്ടിന് പോയി. കാട്ടുദൈവമായ കര്യാത്തൻ കരിവില്ലുകൊണ്ട് കേളപ്പുണ്ണിനായരെ കുത്തിക്കൊന്ന് കാട്ടുകിടങ്ങിന്റെ കുഴിയിൽ കുഴിച്ചിട്ടു. ഈന്തൊടിക്കാനിറങ്ങിയിരുന്ന കള്ളാടിക്കണ്ടൻ ഈ സംഭവമൊക്കെ ഒളിഞ്ഞിരുന്നു കണ്ടിരുന്നു. അയാൾ നൽകിയ വിവരമനുസരിച്ച് മറ്റുനായാട്ടുകാർ കേളപ്പുണ്ണിനായരുടെ ശവം വീട്ടിലെത്തിച്ചു. ചിതയൊരുക്കി. തീ കത്തിപ്പടർന്നപ്പോൾ കേളപ്പുണ്ണിനായരുടെ സന്തതസഹചാരികളായിരുന്ന ചൊക്കൻ എന്നും വല്ലി എന്നും പേരായ രണ്ടു നായ്ക്കളും ചിതയിൽ ചാടിച്ചത്തു. മകൻ നഷ്ടപ്പെട്ട അമ്മയുടെ വിലാപം കേട്ടു പശ്ചാത്താപ വിവശനായ കര്യാത്തൻ "ഇനി ഞാൻ തന്നെ അമ്മയുടെ മകനായിരിക്കാം". എന്നു പറഞ്ഞ് ആ ചുടലയിൽത്തന്നെ കുടിയിരിക്കുന്നു. ഇതിനെ മുൻനിർത്തിയാണ് എല്ലാ മേട മാസം ഒന്നാം തിയ്യതിയും ഉത്സവം നടക്കുന്നത്. മലദൈവമായതിനാൽ മുത്തന്മാർക്കും കേളപ്പുണ്ണിനായരുടെ അന്ത്യത്തിന്റെ സൂചന നൽകിയത് കള്ളാടിമാരായതിനാൽ അവർക്കും ഈ ഉത്സവത്തിൽ പ്രത്യേകാധികാരാവകാശങ്ങൾ ഉണ്ട്.

തൃക്കുടമണ്ണ ശിവക്ഷേത്രത്തെ സംബന്ധിച്ചും ഒരൈതീഹ്യമുണ്ട്. അതിപ്രകാരമാണ്. ശിവപാർവ്വതി പരിണ

യത്തിൽ പങ്കെടുക്കുവാൻ ദേവന്മാരും മഹർഷിമാരുമെല്ലാം കൈലാസത്തിൽ സമ്മേളിച്ചിരിക്കുന്ന സമയത്ത് ദക്ഷിണദേശം ആപത്തിലാണെന്ന വിവരം കിട്ടി. അതിനെ നേരിടാൻ ഭൃഗുമുനി നൽകിയ കാൽക്കുടയും ശിവൻ നേരിട്ട് നൽകിയ ശിവലിംഗവുമായി അഗസ്ത്യമുനി ദക്ഷിണദിക്കിലേക്ക് പ്രയാണമാരംഭിച്ചു. യാത്രാമധ്യേ അദ്ദേഹം ഈ വഴി വരികയും ഒരാൽച്ചുവട്ടിൽ ഒരു രാത്രി തങ്ങുകയും ചെയ്തു. അടുത്ത പ്രഭാതത്തിൽ നിത്യകർമങ്ങൾക്കായി സമീപത്തു കണ്ട ആറ്റിലിറങ്ങിയ മഹർഷി ലക്ഷണമൊത്ത ഒഴുക്കുനോക്കി കുറച്ച് താഴോട്ട് നീങ്ങുകയും പുഴ നേരെ കിഴക്കോട്ടൊഴുകുന്ന ഭാഗത്തെത്തിയപ്പോൾ ഗംഗയാണെന്ന് സങ്കൽപ്പിച്ച് കുടയും ശിവലിംഗവും അടുത്തു കണ്ട മൺതിട്ടയിൽ സ്ഥാപിച്ച് കുളിയും തേവാരവും കഴിച്ചു. യാത്ര തുടരാനുദ്യമിച്ച മുനി കുടയും ശിവലിംഗവും മണ്ണിൽ ഉറച്ചതായിക്കണ്ടു. അതാണ് ഇന്നത്തെ ശിവക്ഷേത്രം.

ശിവരാത്രി മഹോത്സവം വളരെ ആർഭാടപൂർവ്വം വർഷങ്ങളായി ഈ ക്ഷേത്രത്തിൽ നടത്തി വരുന്നു. കഥകളി, ഹരികഥ, ബാലെ, ചാക്യാർകൂത്ത്, തുള്ളൽ എന്നീ ക്ഷേത്രകലകളും ഉത്സവത്തോടനുബന്ധിച്ച് വർഷം തോറും നടത്തിവരുന്നു. നമ്മുടെ പ്രദേശത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ മതസൗഹാർദ്ദത്തിന്റെ ഏറ്റവും ഉജ്ജ്വലമായ ഒരുദാഹരണമായി ഉയർത്തിക്കാണിക്കാവുന്ന ഒന്നാണ് ഈ ഉത്സവം. ജാതിമതഭേദമന്യേ എല്ലാവരും പങ്കെടുക്കുന്ന നാടിന്റെയുത്സവമായി ഇന്ന് ഇത് മാറിയതിന്റെ പിന്നിൽ ഇതര മതസ്ഥരുടെ അകമഴിഞ്ഞ സഹകരണമാണെന്ന് പറയാതെ വയ്യ.

കൂടാതെ മുക്കം സേക്രട്ട്ഹാർട്ട് ചർച്ച്, വേനപ്പാറ ഹോളിഫാമിലി ചർച്ച് എന്നിവയുടെ തിരുനാളാഘോഷങ്ങളും വിവിധ മുസ്ലിം സംഘടനകളും സ്ഥാപനങ്ങളും മുൻകൈയെടുത്തു നടത്തുന്ന നബിദിനാഘോഷങ്ങളും ഇവിടത്തെ പ്രധാന പരിപാടികളാണ്.

വിവിധ മതവിശ്വാസികളെങ്കിലും അന്യമതങ്ങളെ ബഹുമാനിക്കുകയും ഉത്സവങ്ങളുടെ നടത്തിപ്പിലും ആരാധനാലയങ്ങളുടെ നിർമാണങ്ങളിലും പരസ്പരം സഹകരിക്കുകയും ചെയ്യുന്ന മുക്കത്തുകാരുടെ മതസൗഹാർദ്ദസമീപം നമുക്ക് അഭിമാനത്തോടെ എടുത്തു കാണിക്കാവുന്ന ഒന്നാണ്.

മേൽപറഞ്ഞ വിവിധ ക്ഷേത്ര-നാടൻ കലാരൂപങ്ങളിൽ നിന്ന് ഊർജ്ജമുൾക്കൊണ്ടാണ് നമ്മുടെ നാട്ടിലെ വെള്ളരിനാടകങ്ങളും അഥവാ 'വൺസ് മോർ" നാടകങ്ങളും ഉണ്ടാവുന്നത്. ഈ പ്രവർത്തനങ്ങൾക്ക് ഒരു സംഘടിതമായ പരിശ്രമമുണ്ടാകുന്നത് 1936 ൽ അഗസ്ത്യൻ മുഴി കേന്ദ്രീകരിച്ച് രൂപം കൊണ്ട 'തുമ്പോണ" നാടകക്കമ്പനിയുടെ വരവോടെയാണ്. പുരാണ ചരിത്ര നാടകങ്ങളായിരുന്നു ഇവർ പ്രധാനമായും അവതരിപ്പിച്ചിരുന്നത്. '50 കളുടെ ആദ്യപകുതിയിലാണ്, പിൽക്കാലത്ത് കേരളത്തിലെ സാമൂഹ്യരംഗത്തെ സമൂലമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച നിരവധി പ്രവർത്തനങ്ങൾക്ക് പ്രചോദനമേകിയ ജനകീയ നാടകങ്ങൾ വ്യാപകമായി അരങ്ങേറുന്നത്. ഇത്തരം നാടകങ്ങളിൽപെട്ട പി.ജെ. ആന്റണിയുടെ ഇൻക്വിലാബിന്റെ മക്കൾ, തോപ്പിൽഭാസിയുടെ 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി', ചെറുകാടിന്റെ 'നമ്മളൊന്ന്' തുടങ്ങിയ അതേ കാലഘട്ടത്തിൽ, തന്നെ മുക്കത്ത് അരങ്ങേറുകയുണ്ടായി. ഇതോടൊപ്പം ഇടശ്ശേരിയുടെ 'കൂട്ടുകൃഷി' എന്ന നാടകം, നെല്ലിയോട്ട് കുഞ്ഞന്റെ നേതൃത്വത്തിൽ മുക്കത്ത് അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് '57 ൽ രൂപം കൊണ്ട ഉദയാ കലാസമിതി, '60 ൽ സ്ഥാപിക്കപ്പെട്ട ജ്യോതി ആർട്സ് ക്ലബ്ബ് '64 ൽ രൂപീകൃതമായ കേരള കലാമന്ദിർ എന്നീ സമിതികൾ നിരവധി നാടകങ്ങൾ അവതരിപ്പിച്ചു. ഇതിൽ കേരള കലാമന്ദിറിന്റെ 'വിഷജന്തുക്കൾ" ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്നായിരുന്നു.

തുടർന്ന് അനേകം കലാസമിതികളുടെ ജനനത്തിനും ശൈശവ മരണത്തിനും നമുക്ക് സാക്ഷ്യം വഹിക്കേണ്ടി വന്നു. കൂട്ടത്തിൽ '80 ൽ രൂപീകരിച്ച ഭവിക തിയേറ്റേഴ്സ് മാത്രമാണ് കുറച്ചെങ്കിലും അപവാദമായി നിൽക്കുന്നത്. ഇവർ അവതരിപ്പിച്ച ഓംചേരിയുടെ 'തേവരുടെ ആന' എന്ന നാടകം ഏറെ വേദികളിൽ അവതരിപ്പിക്കുകയുണ്ടായി.

പുല്ലൂക്കാവിൽ രാമൻ ഭാഗവതർ, വേങ്ങേരി ചിന്നൻനായർ, മുത്താലത്ത് അപ്പുനായർ, മൂത്രാടത്ത് കൃഷ്ണൻ നായർ എന്നിവർ മൺ മറഞ്ഞ നടന്മാരാണ്. ദാസൻ, മുക്കം ഭാസി, എം. അശോകൻ, അംബുജം തുടങ്ങിയവർ ഇന്ന് രംഗത്തുള്ള നടീനടന്മാരിൽ പ്രമുഖരാണ്. നാടകരംഗത്ത് ഒരു മുന്നേറ്റം നടത്താനുള്ള ഉയർന്ന സാധ്യതകൾ മുക്കത്തിനുണ്ടായിട്ടും ഉപയോഗപ്പെടാതെ പോകുന്നു എന്നത് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

എസ്.കെ. പൊറ്റെക്കാടിന് 'നാടൻ പ്രേമം" എഴുതാൻ പ്രചോദനമരുളിയ നാടാണ് നമ്മുടേതെങ്കിലും സാഹിത്യരംഗത്ത് വളരെയേറെ നേട്ടങ്ങളൊന്നും നമുക്കവകാശപ്പെടാനില്ല. സാംസ്കാരികരംഗത്തു നിറഞ്ഞു നിന്നിരുന്ന ഒരു വ്യക്തിത്വമായിരുന്ന ബി.പി. മൊയ്തീന്റെ ചില രചനകൾ അന്നത്തെ പത്രമാസികകൾ പ്രസിദ്ധീകരിച്ചു എന്നതും മുക്കം ഭാസിയുടെ ഒരു ഗാനസമാഹാരം പ്രസിദ്ധപ്പെടുത്തി എന്നതുമാണ് എടുത്തുപറയാനുള്ളത്. ഈ രംഗത്ത് പ്രത്യേകം അനുസ്മരിക്കപ്പെടേണ്ട ഒരു നാമധേയമാണ് പി.കെ. കൃഷ്ണന്റേത്. "ചിന്ത" വാരിക പ്രസിദ്ധീകരണമാരംഭിച്ചപ്പോൾ അതിന്റെ ആദ്യകാല മാനേജരായിരുന്നു അദ്ദേഹം.

1963 ൽ കേരള സാഹിത്യ സമിതിയുടെ ആഭിമുഖ്യത്തിലും 74 ൽ ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ ആഭിമുഖ്യത്തിലും 90 ൽ പുരോഗമന കലാസാഹിത്യസംഘത്തിന്റെ ആഭിമുഖ്യത്തിലും നടത്തപ്പെട്ട സാഹിത്യക്യാമ്പുകളിൽ കേരളത്തിലെ പ്രസിദ്ധരായ നിരവധി സാഹിത്യനായകന്മാർ പങ്കെടുക്കുകയുണ്ടായി. 1964 ൽ കെ. ശ്രീധരൻ പത്രാധിപരും പ്രസാധകനുമായി "അനിത" എന്ന പേരിൽ ഒരു മാസിക മുക്കത്തുനിന്ന് പ്രസിദ്ധീകരണമാരംഭിച്ചെങ്കിലും പെട്ടെന്ന് തന്നെ പ്രവർത്തനം നിലച്ചുപോയി. ഇവയെക്കൂടാതെ ഒരു യുവകവിയായ ദാസൻ ചേന്നമംഗല്ലൂരിന്റെ കവിതാസമാഹാരം പോലെ ചില പുസ്തക പ്രേമികൾ മുൻകൈയെടുത്ത് ഒറ്റപ്പെട്ട പുസ്തകങ്ങൾ മുക്കത്തു നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അയൽ പഞ്ചായത്തുകാരാണെങ്കിലും സലാം കാരശ്ശേരി, എം.എൻ. കാരശ്ശേരി മുതലായവരുടെ പ്രവർത്തനങ്ങളുടെ പ്രധാനകേന്ദ്രവും മുക്കമായിരുന്നു. 86ലെ എം.പി.പോൾ അവാർഡിനർഹമായ രാജശില്പി എന്ന നോവലിന്റെ രചയിതാവായ എടത്വാ പരമേശ്വരനും മാധ്യമം ദിനപത്രത്തിന്റെ മുഖ്യപത്രാധിപരായ ഒ.അബ്ദുറഹിമാൻ, ഒ.അബ്ദുല്ല, സി.ടി.അബ്ദുൾ റഹീം എന്നിവരുടെ നമ്മുടെ പ്രദേശത്തുകാരാണ് എന്ന് എടുത്തുപറയട്ടെ.

കേരളത്തിലെ അറിയപ്പെടുന്ന എഴുത്തുകാരനും നിരൂപകനും വാഗ്മിയുമായ ഹമീദ് ചേന്നമംഗല്ലൂർ ഗൾഫിലെ മലയാള ദിനപത്രം ഖലീജ് ടൈംസിലെ അബ്ദുൾ റബ്ബ്, ദേശാഭിമാനിയുടെ സബ് എഡിറ്ററും വളർന്നുവരുന്ന യുവനിരൂപകനുമായ ഷിബുമുഹമ്മദും ചന്ദ്രികയുടെ സബ്എഡിറ്ററായ നടുക്കണ്ടി അബൂബക്കർ എന്നിവരും തനതായ വ്യക്തിമുദ്ര പതിപ്പിച്ച നമ്മുടെ നാട്ടുകാരാണ്. പഞ്ചായത്തിലെ ശ്രദ്ധേയനായ ചിത്രകാരനും കാർട്ടൂണിസ്റ്റുമാണ് ആർ.കെ.പൊറ്റശ്ശേരി.

മുക്കത്തിന്റെ സാംസ്കാരിക ചരിത്രം പരിശോധിക്കുമ്പോൾ സ്മരിക്കപ്പെടേണ്ട പേരാണ് ചേതനാഫിലിം സൊസൈറ്റിയുടേത്. ഒരു പുതിയ സിനിമാ സംസ്ക്കാരം വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഒരു പറ്റം പുരോഗമന ചിന്താഗതിക്കാർ 1980കളിൽ മുക്കം കേന്ദ്രമായി രൂപീകരിച്ചതാണ് ഇത്. ഇതിന്റെ ആഭിമുഖ്യത്തിൽ ദേശീയ അന്തർദേശീയ പ്രസിദ്ധങ്ങളായ ഇരുപതോളം ചിത്രങ്ങൾ മുക്കത്ത് പ്രദർശിപ്പിക്കുകയുണ്ടായി.

ഒരു പ്രദേശത്തിന്റെ സാംസ്കാരികമായ ഉയർച്ചയിൽ അവിടങ്ങളിലെ വായനശാലകൾക്കും കലാകായിക സംസ്ക്കാരിക സംഘടനകൾക്ക് ഉള്ള പങ്ക് നിസ്സീമമാണ് എന്ന് നമുക്കറിയാം. ഈ രംഗത്ത് ആദ്യമായുണ്ടായ കാൽവെയ്പ് 1952ൽ മുക്കത്ത് വെച്ച് രൂപികരിക്കപ്പെട്ട മുഹമ്മദ് അബ്ദുറഹിമാൻ മെമ്മോറിയൽ റീഡിംഗ് റൂം ആയിരുന്നു. 1953ൽ മണാശേരിയിൽ ഒരു വായനശാല പ്രവർത്തനമാരംഭിച്ചു. 1956ൽ മുക്കം ലൈബ്രറി നിലവിൽ വന്നു. തുടർന്ന് 1973ൽ മുക്കത്ത് മൈക്കോയും 75ൽ പ്രതിഭാഗ്രന്ഥാലയും രൂപീകൃതമായി. ഇന്ന് മുക്കം പഞ്ചായത്തിൽ 9 ഗ്രന്ഥശാലകളിലായി പതിനയ്യായിരത്തോളം പുസ്തകങ്ങൾ ഉണ്ട്. ഇതിൽ 6 ഗ്രന്ഥശാലകൾ ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്തവയാണ്.

(പട്ടിക 1)

ഇവയെല്ലാം തന്നെ അതാത് പ്രദേശത്തിന്റെ സാംസ്കാരികമായ ഉന്നമനത്തിൽ ഊന്നിനിന്ന് പ്രവർത്തിച്ചുവരുന്നു. യുവശക്തികല്ലുരുട്ടിയും ബി.പി.മൊയ്തീൻ സേവാമന്ദിരവും അനുബന്ധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിൽ ഏറെ മുന്നിട്ടു നില്ക്കുന്ന വായനശാലകളാണ്

വായനശാലകളോടൊപ്പം സാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്ന ഒട്ടേറെ സ്ഥാപനങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. 1975ൽ രൂപം കൊള്ളുകയും സംഘടിത സാംസ്കാരിക പ്രവർത്തനത്തിന്റെ ശക്തിയും ദൗർബല്യവുമുൾക്കൊണ്ടുകൊണ്ട് ഇന്നും ഏറെക്കുറെ നല്ലരീതിയിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്ന മണാശ്ശേരിയിലെ യുവഭാവനയും 1973ൽ രൂപംകൊണ്ട് ഇന്ന് നിർജ്ജീവമായിത്തീർന്ന മുക്കത്തെ മൈക്കോയും ഇക്കൂട്ടത്തിൽ എടുത്തു പറയേണ്ടവയാണ്. ഇന്ന് മുപ്പതോളം കലാസാംസ്കാരിക സ്ഥാപനങ്ങൾ മുക്കത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ സ്വർഗചിത്ര, സഹൃദയ, നാട്ടുകൂട്ടം, എന്നിവയുടെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

(പട്ടിക കാണുക)

കലാംസാംസ്ക്കാരിക സംഘടനകൾക്കു പുറമേ വിദ്യാഭ്യാസ, ആരോഗ്യ,പരിസ്ഥിതി, സാംസ്ക്കാരിക രംഗങ്ങളിൽ നിരന്തരമായി ഇടപെട്ടുകൊണ്ട് ഒരു സജീവമായി നിറഞ്ഞു നില്ക്കുന്ന കേരളശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രവർത്തനവും ഇവിടെ സൂചിപ്പിക്കാതെ വയ്യ.

പട്ടിക 2

എടുത്തുപറയത്തക്ക ഒരു കായിക പാരമ്പര്യം നമുക്കില്ല എന്ന് ആദ്യമേ സൂചിപ്പിക്കട്ടെ. തലപ്പന്ത് കളി, കാരടി കളി തുടങ്ങിയ നാടൻ കളികൾ നമ്മുടെ നാട്ടിൽ പ്രചാരത്തിലുണ്ടായിരുന്നുവെങ്കിലും യുവാക്കളെ ഏറെ ആകർഷിച്ചിരുന്നത് ഫുട്ബോളായിരുന്നു. ഇപ്പോൾ ബസ്സ്റ്റാന്റായി മാറിയ പഴയ ചന്തപ്പറമ്പ് ആയിരുന്നു മുക്കത്തെ ആദ്യത്തെ കളിക്കളം. മൊയ്തീൻകോയ ഹാജി ഏർപ്പെടുത്തിയ കൂമ്പാറ ട്രോഫിക്കുവേണ്ടിയുള്ള സെവൻസ് മത്സരമായിരുന്നു പ്രാദേശിക തലത്തിൽ സംഘടിപ്പിക്കപ്പെട്ട ആദ്യത്തെ ഫുട്ബോൾ ടൂർണമെന്റ്.

പട്ടിക–1

## ഗ്രന്ഥശാലകൾ

| | പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിന വിതരണം | മറ്റു പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | റെഡ്സൺ പബ്ലിക് ലൈബ്രറി & ക്ലബ്,മാമ്പറ്റ | 1983 | 75 | 700 | | 5 | |
| 2. | ബി.പി. മൊയ്തീൻ സേവാമന്ദിരം,മുക്കം | 1984 | 115 | 2006 | E | 11 | |
| 3. | യുവജന ഗ്രന്ഥാലയം, ചേന്ദമംഗലർ | 1977 | 94 | 1200 | – | 20 | |
| 4. | പെതുജനവായനശാല മണാശേരി | 1970 | 342 | 2442 | D | 15 | |
| 5. | നവോദയ ഗ്രന്ഥാലയം മുത്താലം | 1983 | 73 | 1150 | E | 10 | |
| 6. | യുവശക്തി പബ്ലിക് ലൈബ്രറി റിക്രിയേഷൻ സെന്റർ, കല്ലുരുട്ടി | 1981 | 237 | 1481 | E | 8 | |
| 7. | പ്രതിഭാ ഗ്രന്ഥാലയം, മുക്കം | 1975 | 285 | 2000 | E | 15 | |
| 8. | കാഞ്ഞിരമുഴി പൊതുനജന വായനശാല | 1980 | 85 | 1200 | – | 10 | |
| 9. | മൈക്കോ, മുക്കം | 1973 | 1306 | 14179 | | | |

അവലംബം :സെക്കന്ററീസാറ്റ്

ഇതേ തുടർന്നാണ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഫുട്ബോൾ കമ്പം പടർന്നുപിടിച്ചത്. പ്രശസ്ത ടീമുകൾ വില്ലേജ് സ്റ്റാർ ടീമും മുക്കം ടൗൺ ടീമും ആയിരുന്നു. ഫുട്ബോൾ പാരമ്പര്യം ഇന്നും കാത്തുസൂക്ഷിക്കുന്നത് ചേന്നമംഗല്ലൂർ പ്രദേശമാണ്. ബ്രസീൽ ചേന്നമംഗല്ലൂർ, ഗ്രേറ്റ് ഫ്രന്റ്സ് മാമ്പറ്റ എന്നീ ക്ലബ്ബുകൾ ഈ രംഗത്ത് ഇന്നും സജീവമായി നിലകൊള്ളുന്നു. ഫുട്ബോളിൽ ചേന്നമംഗല്ലൂരിനെപോലെ വോളിബോളിൽ കല്ലുരുട്ടിയുടെ പേരും പൂളപ്പൊയിൽ, വെണ്ണക്കോടും ഏറെ ഉയർന്നു നില്ക്കുന്നു.

പ്രസിദ്ധ സ്പോർട്സ് ലേഖകൻ കൂടിയായിരുന്ന മുക്കത്തുകാരനായ ബി.പി.മൊയ്തീന്റെ പത്രാധിപത്യത്തിൽ കീഴിൽ 1975ൽ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഉദ്ഘാടനം ചെയ്ത സ്പോർട്സ് ഹെറാൾഡ് എന്ന പ്രസിദ്ധീകരണം ഈ രംഗത്ത് എടുത്തു പറയാവുന്ന ഒരു സംഭാവനയായിരുന്നു.

മുക്കം പഞ്ചായത്തിൽ നാല് മിനിസ്റ്റേഡിയങ്ങളും നിരവധി സ്കൂൾ ഗ്രൗണ്ടുകളും ഉണ്ടായിട്ടും കായികരംഗത്ത് നമുക്ക് എടുത്തു പറയത്തക്കതായ ഒരു മുന്നേറ്റം ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ല. ഇത് ഗൗരവപരമായി പരിശോധിക്കപ്പെടേണ്ടതാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നിലവിൽ വന്ന മണാശ്ശേരി സ്കൂളും താഴക്കോട് എൽ.പി.സ്കൂളുമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാലയങ്ങൾ. തുടർന്ന മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കാലത്താണ് ഇവിടെ പൊതു വിദ്യാലയങ്ങൾ കൂടുതലായി ഉയർന്നുവന്നത്. പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് വ്യക്തമായ സ്വാധീനം ചെലുത്തിയ സ്ഥാപനമാണ് മുക്കം മുസ്ലിം ഓർഫനേജ്. ഇന്ന് 2 കോളേജുകളടക്കം 20 പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. ഈ പ്രദേശത്തെ ആദ്യബിരുദധാരി കക്കടവത്ത് രാവുണ്ണി വാര്യരായിരുന്നു. ആദ്യത്തെ ഡോക്ടർ ബിരുദധാരികൾ ഇ.കെ.അബ്ദുൾ അസീസും, എം.കെ.ആമിനയുമാണ്. എഞ്ചിനീയറിംഗ് ബിരുദധാരികളാണ് പടിഞ്ഞാറെയിൽ കൃഷ്ണനുണ്ണി നായർ കിളിയരങ്ങൽ നാരായണൻ എന്നിവർ നിയമബിരുദധാരി കൊറ്റങ്ങൽ ആനന്ദകനകവുമാണ്. കേരളത്തിലെ തന്നെ ഏക യൂനാനി ഡോക്ടർ ബിരുദധാരിയാണ് ചേന്ദമംഗല്ലൂർ സ്വദേശിയായ കെ.ടി.അജ്മൽ.

ഈ പ്രദേശത്തെ മുസ്ലിം ജനവിഭാഗം വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച മുന്നേറ്റം മറ്റു പ്രദേശങ്ങളെയപേ

പട്ടിക–2

## കലാ സാംസ്കാരിക സ്ഥാപനങ്ങൾ

| വാർഡ് | | പേര് | വാർഡ് | | പേര് |
|---|---|---|---|---|---|
| I | 1. | മുക്കം പഞ്ചായത്ത് സാസ്കാരിക നിലയം | VII | 14 | കലിക വട്ടോളിപറമ്പ് |
| | 2. | നാട്ടുകൂട്ടം മുക്കം | | 15 | TYCOതൂങ്ങംപുറം |
| | 3. | വിക്ടറി കുറ്റിപ്പാല | | 16 | സാംസ്കാരിക നിലയം മണാശേരി |
| II | 4. | റോക്കിയോ മാമ്പറ്റ | VIII | 17 | നവരംഗ് വായനശാല വെണ്ണക്കോട് |
| III | 4 (1) | ആശക്ക്, അഗസ്ത്യൻമുഴി | | 17 (1) | സാരഥി ആലുംതറ |
| | 5. | സഹൃദയ ആർട്സ് ക്ലബ് അഗസ്ത്യൻ മുഴി | IX | 18. | മുണ്ടുംപാറ ആർട്സ് & സ്പോർട്സ് ക്ലബ് |
| | 5 (1) | റെഡ് സ്റ്റാർ മുത്തേരി | | 19. | ഗ്രീൻസ്റ്റാർ യൂത്ത് ക്ലബ് & ലൈബ്രറി |
| IV | 6. | വായന കലാ സാംസ്കാരികവേദി കയ്യിട്ടാപൊയിൽ | | | പൊയിൽ, കാതിയോട് |
| | 7. | സ്വർഗചിത്ര കലാ സാംസ്കാരിക വേദി | | 20. | ക്രസന്റ് ആർട്സ് & സ്പോർട്സ് ക്ലബ്, പൂളപ്പൊയിൽ |
| | | ഈസ്റ്റ് – മണാശേരി | | 21. | ജനവിദ്യാ കേന്ദ്രം, നീലേശ്വരം |
| | 7 (1) | സരണി സർഗഗ്ഗവേദി ചേന്ദമംഗല്ലൂർ | | 22. | പൊയിലിൽ സി.എച്ച്., കൾച്ചർ |
| | 7 (2) | മുഹമ്മദ് അബ്ദുറഹിമാൻ വായനശാല, പുൽപ്പറമ്പിൽ | | 23. | പ്രിയദർശിനി, നീലേശ്വരം |
| | 8 | കവിത ആർട്സ് പൊറ്റശേരി | X | 24. | പ്രിയദർശിനി ആർട്സ് & സ്പോർട്സ് ക്ലബ് |
| V | 9 | സംഘമിത്ര, പൊറ്റശേരി | | | നീലേശ്വരം |
| | 10 | മുഹമ്മദ് അബ്ദുറഹിമാൻ മെമ്മോറിയൽ | | 25. | നടുകിൽ ഗ്രാമീണ വായനശാല, നടുകിൽ |
| | | റീഡിങ്ങ് റൂം പൊറ്റശേരി | XII | 26. | വികാസ് ആർട്സ് & സ്പോർട്സ് ക്ലബ് |
| VI | 11. | അനുഗ്രഹാ കലാ സാംസ്കാരിക വേദി | | | തോട്ടത്തിൽ കടവ് |
| | | സൗത്ത് മണാസേരി | | 27. | പൗരശക്തി വായലശാല, ചെറുവണ്ണൂർ. |
| | 12. | ജനവിദ്യാ കേന്ദ്രം സൗത്ത് മണാശേരി | | 28. | യുവരശ്മി പുത്തൻ മഠം |
| | 13 | യുവഭാവന മണാശേരി | | 29. | ഉദയ റിക്രിയേഷൻ ക്ലബ്, വേനപ്പാറ |
| | | | | 30. | ഹരിത പഞ്ചവടി |

പട്ടിക-3

## വർത്തമാന പത്രങ്ങൾ

| പേര് | എണ്ണം |
|---|---|
| മാതൃഭൂമി | 724 |
| മനോരമ | 370 |
| ദേശാഭിമാനി | 110 |
| കൗമുദി | 134 |
| മാധ്യമം | 238 |
| ചന്ദ്രിക | 91 |
| ജന്മഭൂമി | 59 |
| ദീപിക | 9 |
| ജനയുഗം | 2 |
| മംഗളം | 53 |
| ആകെ | 1781 |
| ഇന്ത്യൻ എക്സപ്രസ്സ് | 45 |
| ഹിന്ദു | 10 |
| ആകെ | 55 |

(അവ:സെക്കന്ററി ഡാറ്റ)

ക്ഷിച്ച് ശ്രദ്ധേയമാണ്.

നമ്മുടെ പഞ്ചായത്തിൽ 1881 മലയാള ദിനപത്രങ്ങൾക്കും 59 ഇംഗ്ലീഷ് ദിനപത്രങ്ങൾക്കും വരിക്കാരുണ്ട്. ഒരു പഠനത്തിന് വിധേയമാക്കിയിട്ടില്ലെങ്കിലും വാരികകളുടെയും മറ്റു പ്രസിദ്ധീകരണങ്ങളുടെയും പ്രചാരം ഗണ്യമാണെന്ന് കാണാം. ശരാശരി, പഞ്ചായത്തിലെ 16പേർക്ക് ഒരുപത്രം എന്ന നില അഭിമാനിക്കതക്കതാണ് എന്നു പറയാം. (പട്ടിക 3 നോക്കുക)

നമ്മുടെ ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക രംഗത്തെ ഏറെക്കുറെ തെളിവാർന്ന ഒരു ചിത്രം നല്കാനാണ് മുകളിൽ ശ്രമിച്ചത്. ശാസ്ത്രസാങ്കേതിക രംഗത്തുണ്ടായ വളർച്ചയിലൂടെ മാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനം നമ്മുടെ സാംസ്ക്കാരിക രംഗത്തെ മലിമസമാക്കിക്കൊണ്ടിരിക്കുകയാണ്. മികച്ച ഒരു സാംസ്ക്കാരിക പാരമ്പര്യമുണ്ട്. എന്നവകാശപ്പെടുന്ന നമ്മുടെ ഗ്രാമത്തിനും ഈ ജീർണ്ണതയിൽ നിന്നും മോചിതമാവാൻ കഴിയുന്നില്ല. എന്നത് ദു:ഖകരമായ വാസ്തവമാണ്.

**12 ഗ്രാമസഭകളിൽ നിന്നായി ഉയർന്നുവന്നിട്ടുള്ള ഉൾച്ചകളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചതിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന പ്രശ്നങ്ങളും സാധ്യതകളുമാണ് ചുവടെ പറയുന്നത്.**

* ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും എണ്ണത്തിലും ഗുണത്തിലും ഉള്ളപോരായ്മകൾ
* പ്രാദേശികത്തനിമയാർന്ന കലകളുടെനാശനം
* കായിക-വിനോദ സംഘാടനത്തിലെ അപര്യാപ്തത
* കായിക-സാംസ്ക്കാരിക വേദികളുടെലക്ഷ്യബോധമില്ലായ്മ
* മാധ്യമങ്ങളുടെ വിവേചന രഹിതമായ അതിപ്രസരം
* സ്ത്രീകളോടുള്ള സമീപനത്തിലെ അധ:പതനം
* സാംസ്കാരിക നിലയങ്ങളില്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുക. ഇതോടനുബന്ധിച്ച് സാംസ്ക്കാരിക സമിതികൾ രൂപീകരിച്ച് അന്നാട്ടിലെ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമായി ഈ നിലയങ്ങൾ മാറണം.
* സ്ത്രീകൾക്കുപയോഗപ്പെടുന്ന രീതിയിൽ ജനവിദ്യാകേന്ദ്രങ്ങളും അംഗനവാടികളും, പൊതു ഉപയോഗത്തിനായി സാംസ്കാരിക നിലയങ്ങളിലും ഗ്രന്ഥശാലകളായി ഉപയോഗപ്പെടുത്താൻ കഴിയണം. അവ പ്രവർത്തനക്ഷമമാകുമെന്ന് ഉറപ്പുവരുത്തണം.
* മുക്കം കേന്ദ്രമായി റഫറൻസ് സൗകര്യങ്ങളോടുകൂടിയ ഒരു ലൈബ്രറിക്ക് മുന്തിയ പരിഗണന നൽകണം.
* കലാകായിക പ്രവർത്തനങ്ങൾക്ക് വാർഷിക കലണ്ടർ നിർമിക്കുക
* കലാകായിക രംഗത്തെ പ്രതിഭകളെ കണ്ടെത്തുന്നതിനുവേണ്ടി പഞ്ചായത്തു തലത്തിൽ വിദ്യാർത്ഥികൾക്കായി അവധിക്കാലക്യാമ്പുകൾ സംഘടിപ്പിക്കുക.
* നിലവിലുള്ള മാമ്പറ്റ മിനിസ്റ്റേഡിയത്തിൽ ഇരുനൂറ് മീറ്റർ ട്രാക്ക് നിർമിച്ച് കായികമത്സരങ്ങൾക്കുപയോഗപ്പെടുത്തുക.
* പഞ്ചായത്ത് തല ഒളിമ്പ്യാട് നടത്തുക. പഞ്ചായത്തിൽ ഫുട്ബോൾ, കോച്ചിംഗ് ക്യാമ്പ് നടത്തുക
* നാടൻ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക
* മുക്കത്ത് ഒരു കലാകേന്ദ്രം സ്ഥാപിക്കുക
* സർക്കാർ മാധ്യമങ്ങൾ സാംസ്ക്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുക, അതിനായി ജനകീയ പ്രതിരോധ നിര പടുത്തുയർത്തുക.
* നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസത്തിനായുള്ള ക്രിയാത്മക പദ്ധതികൾ ആവിഷ്ക്കരിക്കുക.
* അശ്ലീല പോസ്റ്ററുകൾ നിരോധിക്കുക. 0



5.9

# വനിത

സ്ത്രീയെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും കേന്ദ്രബിന്ദുവായി അംഗീകരിച്ച ഒരു സാമൂഹ്യ വ്യവസ്ഥ പ്രാചീന കാലത്തുണ്ടായിരുന്നുവത്രെ. സ്ത്രീ ഐശ്വര്യ ദേവതയും ശക്തി സ്വരൂപിണിയുമായി വാഴ്ത്തപ്പെട്ടു.

``യത്ര നാര്യസ്തു പൂജ്യന്ത
രമതേ തത്ര ദേവത''

എന്ന സ്മൃതിവാക്യം സ്മരണീയമാണ്. എന്നാൽ പിൻകാലത്ത് സ്ത്രീയെ അബലയായി മുദ്രകുത്തുകയും പുരുഷാധിപത്യം അടിച്ചേൽപ്പിക്കുകയും ചെയ്തു. ഇതിന്നെതിരെ ഒറ്റപ്പെട്ട പ്രതിഷേധവും പ്രവർത്തനവും ആദ്യംമുതലേ ഉണ്ടായിരുന്നുവെങ്കിലും വേണ്ടത്ര വിജയിച്ചില്ല. ഇന്ന് വനിതാ വിമോചന പ്രസ്ഥാനത്തിന്റെ ആവശ്യകതയെകുറിച്ച് സ്ത്രീകൾ ബോധവതികളാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും സ്ത്രീകൾ അവകാശപോരാട്ടങ്ങൾക്ക് തുടക്കം കുറിച്ചു. അടുക്കളയിലെ നാലുചുമരുകൾക്കിടയിലെ കഥകളുമായി ആയുസ്സ് തള്ളിനീക്കേണ്ടവരല്ല തങ്ങളെന്നും സാമൂഹ്യ പുരോഗതിയിൽ ഗണ്യമായ പങ്കുവഹിക്കേണ്ടവരാണെന്നുമുള്ള ബോധം അവർക്കിടയിലുണ്ടായി.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ധാരാളം വനിതാ സംഘടനകളും മഹിളാ വിമോചന പ്രസ്ഥാനങ്ങളും സജീവമായി പ്രവർത്തനരംഗത്തെത്തിയെങ്കിലും ഇന്നും സ്ത്രീകൾക്കെതിരെയുള്ള അവഗണനക്കും അതിക്രമങ്ങൾക്കും ഒരറുതിവരുത്താൻ കഴിഞ്ഞില്ല എന്നുള്ളത് നഗ്നസത്യമാണ്. ഇതിന്റെ തെളിവുകളാണ് ഇന്ന് നടക്കുന്ന സ്ത്രീപീഢനങ്ങളും മറ്റും.

നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരെക്കാൾ കൂടുതലാണെന്നാണ്. 1991 ലെ സെൻസസ് കാണിക്കുന്നത്. സാമൂഹ്യ പുരോഗതിക്ക് പുരുഷന്മാരെപോലെ തന്നെ സ്ത്രീകൾക്കും പങ്കുണ്ടെന്നുള്ളകാര്യം സ്മരിക്കുമ്പോൾ തന്നെ പുരോഗതിയുടെ കാര്യത്തിൽ സ്ത്രീകളുടെ പങ്കെത്ര എന്നു നാം നോക്കേണ്ടതുണ്ട്. സ്ഥിതി വിവരകണക്കുകൾ പരിശോധിക്കുമ്പോൾ ഇത് പിന്നിലാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

വിദ്യാഭ്യാസകാര്യത്തിൽ മറ്റുപ്രദേശങ്ങളെന്നപോലെ തന്നെ നമ്മുടെ പ്രദേശത്തും സ്ത്രീകൾ പിന്നോക്കമാണ്. ഇതിന് പല സാമൂഹ്യ കാരണങ്ങളും ചൂണ്ടികാണിക്കാൻ കഴിയും. അതുപോലെ തൊഴിൽ രംഗത്തും സ്ത്രീകളുടെ എണ്ണ വളരെ പരിമിതമാണ്. (പട്ടിക-1) DWCRA യുടെ കീഴിൽ മണാശ്ശേരിയിൽ നടക്കുന്ന സിൻസിയർ, പൊറ്റശ്ശേരിയിലെ തനിമ, തെച്ചാട് യൂനിറ്റ് എന്നീ തയ്യൽ യൂണിറ്റുകളും, മാമ്പറ്റയിൽ പ്രവർത്തിക്കുന്ന വനിതാ സഹകരണ സംഘവും നമുക്കുണ്ടെന്നുള്ളത് ആശ്വാസകരമാണ്. സർക്കാർധനസഹായവും മറ്റും ഉപയോഗപ്പെടുത്തി ചെറുകിട വ്യവസായ യൂണിറ്റുകളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കാൻ കൂട്ടായ ശ്രമം നടത്തേണ്ടതുണ്ട്.

സ്ത്രീപീഢന കേസുകൾ ധാരാളം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇത്തരം കേസുകൾകുറവാണ്. ചിലവനിതാ സംഘടനകളുടെ ശക്തമായ പ്രവർത്തനമാണ് ഇതിന് കാരണമെന്ന് കരുതുന്നതിൽ തെറ്റില്ല. കാർഷിക ചെറുകിട വ്യവസായ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീ

തൊഴിലാളികൾ നമ്മുടെ പ്രദേശത്ത് ഏറെയുണ്ട്. എന്നാൽ പുരുഷനെ അപേക്ഷിച്ച് സ്ത്രീക്ക് അർഹമായ കൂലി ലഭിക്കുന്നില്ല.

**വനിതകൾ നേരിടുന്ന മുഖ്യപ്രശ്നങ്ങൾ**

1. വർദ്ധിച്ച തോതിലുള്ള തൊഴിലില്ലായ്മ

2. സ്വയംതൊഴിൽ മേഖലയിൽ സ്ത്രീകൾക്കു കടന്നുവരാനുള്ള വിമുഖത

3. കൂലിനിരക്കിലുള്ള വിവേചനം

4. തൊഴിൽമേഖലയിലെ അജ്ഞത

5. വിദ്യാലയങ്ങളിലെ പാഠ്യേതര രംഗത്ത് പെൺകുട്ടികളുടെ പങ്കാളിത്ത കുറവ്.

6. സേവന രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തകുറവ്.

7. പൊതു പ്രവർത്തനങ്ങളിൽ സ്ത്രീകൾ പങ്കെടുക്കുന്നതിൽ പുരുഷൻമാരുടെ വിലക്ക്.

**പരിഹാരനിർദ്ദേശങ്ങൾ**

1. വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾക്ക് പ്രോത്സാഹനം നല്കുക.

2. സ്ത്രീകൾക്ക് അർഹമായിട്ടുള്ള സംവരണം ഉറപ്പുവരുത്തുക.

3. വിദ്യാഭ്യാസ പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്തുതല മോണിറ്ററിംഗ് സെൽ രൂപീകരിക്കുക.

4. മഹിളാ സമാജങ്ങളും ബോധവൽക്കരണ സെമിനാറുകളും സംഘടിപ്പിക്കുക.

5. സഹകരണാടിസ്ഥാനത്തിലും അല്ലാതെയുമുള്ള തൊഴിൽ സംരഭങ്ങൾ ആരംഭിക്കുക.

6. ആട് മാട് കോഴിവളർത്തൽ എന്നിവക്ക് കൂടുതൽ കുടുംബങ്ങൾക്ക് ധനസഹായം നൽകുക.

7. (അവ.വിവരദായകർ)പായനെയ്ത്ത്, കുട്ടമെടച്ചിൽ, കരകൗശല വസ്തുനിർമ്മാണം, എന്നിവയ്ക്ക് പരിശീലനവും സാമ്പത്തിക സഹായവും നല്കുക.

8. നിർദ്ധനരായ സ്ത്രീകൾക്ക് വാർദ്ധക്യ, അഗതി, വിധവ, കർഷക തൊഴിലാളിപെൻഷനുകൾ ഉറപ്പുവരുത്തുക.

9. സന്നദ്ധ സംഘടനകൾ മുഖേന സ്ത്രീപീഢനത്തിനെതിരെ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

**പട്ടിക 1**

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷൻമാർ |
|---|---|---|
| കർഷകർ | 73 | 1167 |
| കർഷക തൊഴിലാളി | 512 | 1653 |
| മൃഗസംരക്ഷണം | 61 | 305 |
| തോട്ടം തൊഴിലാളികളുടെ | | |
| ചെറുകിട വ്യവസായം | 27 | 85 |
| കെട്ടിടനിർമ്മാണം, | 45 | 619 |
| ഗതാഗതം വാർത്താവിനിമയം | 21 | 421 |
| വ്യാപാരം | 44 | 207 |
| ക്വാറി | 44 | 207 |
| മറ്റുള്ളവ | 383 | 1652 |

**12 വാർഡുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ**

DWCRA യൂണിറ്റുകളിൽ കൂടി സിമന്റ് കട്ടനിർമ്മാണം നടപ്പിലാക്കുക.

10-ാം വാർഡിൽ മുണ്ടുപാറ ഭാഗത്ത് സ്ത്രീകൾക്ക് സ്വന്തമായി കോഴിഫാം തുടങ്ങുക.

തടപറമ്പിൽ ഒരുതയ്യൽപരിശീലന കേന്ദ്രം തുടങ്ങിയാൽ 40-ഓളം വനിതകൾക്ക് തൊഴിൽ ലഭിക്കും.

സ്ത്രീ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ബി.പി.മൊയ്തീൻ സേവാമന്ദിർ എന്ന സ്ഥാപനത്തിന് സുഗമമായി പ്രവർത്തിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുക.

കാഞ്ഞിരമുഴി സബ്സെന്റർ പ്രവർത്തനക്ഷമമാക്കണം.

മുതുകുറ്റി കോളനിനിവാസികളായ സ്ത്രീകൾക്കായി ഒരു ടൈലറിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക.

8-ാം വാർഡിൽ ആലുംതറയിൽ തയ്യൽ ക്ലാസ് നടത്തുന്നതിനുവേണ്ട നടപടികൾസ്വീകരിക്കുക.

മുക്കം പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പോലീസ് വനിതാ സെൽ വരുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക. പുളിയപാറ ഹരിജൻ കോളനിയിൽ ഒരുടൈല

റിംഗ് യൂണിറ്റ് ആരംഭിക്കുക. കയ്യിട്ടാം പൊയിൽ IHDP കോളനിയിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ നല്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നല്കുക. രാജീവ് ദശലക്ഷംകോളനിയിൽ ഒരു ടെയ്ലറിംഗ് യൂണിറ്റ് സ്ഥാപിക്കുക.

**ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ**

വിധവകൾക്ക് വീട്, കക്കൂസ്, മറ്റു ധനസഹായങ്ങളിൽ മുൻഗണന നൽകുക.

വഴിമുട്ടിനില്ക്കുന്ന കുടുംബങ്ങൾക്ക് ദുരിതാശ്വാസ നിധിയിൽനിന്നും പരമാവധി സംരക്ഷണം നൽകാൻ കഴിയണം.

വനിതകൾക്കായുള്ള സ്വയംതൊഴിൽ യൂണിറ്റുകൾക്കുള്ള വായ്പകൾ ഉറപ്പുവരുത്തുക.

സ്ത്രീകൾക്കെതിരെ നടക്കുന്ന അസന്മാർഗ്ഗിക പ്രവർത്തനങ്ങൾക്കെതിരെ നിയമപരമായി നടപടികൾസ്വീകരിക്കുക.

അഞ്ചുവയസ്സിനു താഴെയുള്ള കുട്ടികൾക്ക് ക്രഷെ ആരംഭിക്കുകയും കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുകയും ചെയ്യുക. അംഗൺവാടികൾ കേന്ദ്രീകരിച്ച് സ്ത്രീകൾക്കായുള്ള ബോധവൽക്കരണക്ലാസുകളും ചർച്ചാക്ലാസുകളും സംഘടിപ്പിക്കുക.

മദ്യനിരോധനം ശക്തമാക്കിയാൽ സ്ത്രീപീഢനം ഒരു പരിധിവരെ കുറയ്ക്കാം.

സ്ത്രീപീഢനം, സ്ത്രീധനപീഢനം എന്നിവയ്ക്കെതിരെ പുരുഷൻമാരെയും ഉൾപ്പെടുത്തി ബോധവൽക്കരണം നടത്തുക, അശ്ലീല പോസ്റ്ററുകൾ തടയാനുള്ള അധികാരം ഗ്രാമസഭകൾക്ക് നല്കണം.

ഗ്രാമങ്ങളിൽ സുലഭമായി ലഭിക്കുന്ന ചക്ക സംസ്കരിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുകയാണെങ്കിൽ സ്ത്രീകൾക്ക് 6 മാസം തൊഴിൽ ലഭിക്കും.

മുക്കംപഞ്ചായത്തിലെ എല്ലാ ഹരിജൻ കോളനിയിലെ സ്ത്രീകൾക്കു സ്വയം തൊഴിൽ പദ്ധതി പ്രകാരം സാമ്പത്തിക സഹായംനല്കുക.

മുക്കം ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പഞ്ചായത്ത് ബോർഡ് സ്വീകരിക്കണം. അനെർട്ട്, പരിഷത്ത് തുടങ്ങിയ സംഘടനകളെക്കൊണ്ട് ഇത് നടപ്പിലാക്കിയാൽ സ്ത്രീക്ഷേമത്തിനായി ചെയ്യാൻ കഴിയുന്ന ഏറ്റവും മികച്ച പ്രവർത്തനം ആയിരിക്കും

**വനിതകൾക്ക് ഗ്രൂപ്പായി ആരംഭിക്കാവുന്ന പദ്ധതികൾ**

ഹോളോബ്രിക്സ്, റെഡിമെയ്ഡ്, ഗാർമെന്റ്സ്, പ്ലാസ്റ്റിക് വർക്സ്, പഴവർഗങ്ങൾ സംസ്കരിക്കൽ, ചക്ക സംസ്കരണം, അച്ചാർയൂണിറ്റ് പായനെയ്ത്ത്, ചൂടി, കയർ, യൂനിറ്റ് സംരംഭങ്ങൾ, പശു, ആട് കോഴിവളർത്തു കേന്ദ്രങ്ങൾ, ബുക്ക് ബൈൻഡിംഗ് യൂണിറ്റ്, അവിലിടി യൂണിറ്റ് എന്നിവ തുടങ്ങിയാൽ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

അംഗൻവാടികൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുകയും അതോടനുബന്ധിച്ച് മഹിളാ സമാജങ്ങൾ രൂപീകരിച്ച് സ്ത്രീകൾക്ക് പഠനക്ലാസ്സുകളും , ബോധവത്ക്കരണ സെമിനാറുകളും നടത്തണം. സാംസ്കാരിക പ്രവർത്തനങ്ങളിൽ വനിതകളെ പങ്കാളികളാക്കാനും ആരോഗ്യശുചിത്വ ശിശു പരിപാലനകാര്യങ്ങളിൽ ബോധവത്ക്കരണം നടത്താനും ഇത് സഹായകമാവും സ്ത്രീകളെ ഏറ്റവും കൂടുതൽ അലട്ടുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. ○





5.10

# സഹകരണമേഖല

സാധാരണക്കാരന്റെ ജീവിതപുരോഗതിക്കും അത്യാവശ്യസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹകരണമേഖല അതിന്റേതായ പങ്ക് നിർവ്വഹിക്കുന്നുണ്ട്. ലാഭനഷ്ടഉത്തരവാദിത്വങ്ങളിൽ തുല്യത എന്നതും അവസരസമത്വം ലഭിക്കുന്നുവെന്നതും ഈ രംഗത്തെ പ്രത്യേകതയാണ്.

ഏതാണ്ട് അരനൂറ്റാണ്ട് മുമ്പുതന്നെ ഈ പ്രദേശത്തെ സഹകരണ മനോഭാവം നാമ്പെടുക്കുകയുണ്ടായി. താറുമാറായ രാജ്യത്തിന്റെ സാമ്പത്തികാവസ്ഥ പുനരുദ്ധീകരിക്കുന്നതിൽ തങ്ങളുടേതായ പങ്കാളിത്തം നിർവ്വഹിക്കുക എന്നതായിരുന്നു അന്നത്തെ സഹകാരികളുടെ മുഖ്യലക്ഷ്യം ആ അടിസ്ഥാനത്തിൽ 1947-48 കാലഘട്ടത്തിൽ താഴക്കോട് പി.സി.സിക്ക് രൂപം കൊടുത്തു പിന്നീട് സർവ്വീസ് സഹകരണ ബേങ്കായി പ്രവർത്തനം തുടർന്ന മുക്കം സർവ്വീസ് സഹകരണ ബേങ്ക് കാർഷിക മേഖലയിൽ ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ചുവരുന്നു. ഇടക്കാലത്ത് ആരംഭിച്ച് പിന്നീടു പ്രവർത്തനരഹിതമായ കല്ലുരുട്ടി ബേങ്കിന്റെ കെട്ടിടം വിലക്കുവാങ്ങി അവിടെ ഒരു ബ്രാഞ്ച് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

ഏതാണ്ട് ഇതേ കാലഘട്ടത്തിൽതന്നെ കുലാലസമുദായത്തിന്റെ ക്ഷേമം മുൻനിർത്തി അവരെ സാമൂഹ്യമായും തൊഴിൽപരമായും ഉയർത്തിയെടുക്കുന്നതിനുവേണ്ടി മൺപാത്ര നിർമ്മാണവ്യവസായ സഹകരണ സംഘം രൂപവൽക്കരിച്ചെങ്കിലും പ്രവർത്തനം നിശ്ചലമാവുകയും പിന്നീടു പിരിച്ചുവിടപ്പെടുകയും ചെയ്തു. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകൾക്കും സൗകര്യപ്പെടുമാറ് പുസ്തകവിതരണം മാത്രം ലക്ഷ്യമാക്കി ആറ് സ്കൂൾ സൊസൈറ്റികളും ക്ഷീരോത്പാദകരുടെ ക്ഷേമത്തിന് വേണ്ടി മൂന്ന് ക്ഷീരോത്പാദക സഹകരണ സംഘങ്ങളും മണാശ്ശേരി കേന്ദ്രമായി കുന്ദമംഗലം ബ്ലോക്ക് പ്രിന്റിംഗ് വ്യവസായ സഹകരണ സംഘവും മാമ്പറ്റ ആസ്ഥാനമായി കുന്ദമംഗലം ബ്ലോക്ക് വനിതാ വ്യവസായ സഹകരണ സംഘവും പ്രവർത്തിക്കുന്നു. കോഴിക്കോട് താലൂക്ക് കാർഷിക വികസന ബാങ്കിന്റെ ഒരു ബ്രാഞ്ച് മുക്കത്ത് പ്രവർത്തിക്കുകയും കർഷകർക്ക് ദീർഘകാലാടിസ്ഥാനത്തിൽ വായ്പകൾ നല്കിയും വ്യവസായ ലോണുകൾ ഹൗസിംഗ് ലോണുകൾ എന്നിവ നല്കിയും പ്രവർത്തിക്കുമ്പോൾ ഭവന നിർമ്മാണവായ്പകൾ ലഭിക്കുന്നതിന് വേണ്ട ഹൗസിംഗ് സൊസൈറ്റികൾ ഈ പ്രദേശത്ത് പ്രവർത്തനമാരംഭിക്കാത്തത് വളരെ പ്രയാസം നേരിടുന്നു.

തികച്ചും കാർഷിക മേഖലയെ മാത്രം ആശ്രയിച്ചുകൊണ്ടു ജീവിതം നയിക്കുന്ന ഈ പ്രദേശത്ത് സർവ്വീസ് സഹകരണബേങ്കും കാർഷിക വികസന ബേങ്കിന്റെ ഒരു ബ്രാഞ്ചും പ്രവർത്തിക്കുന്നുണ്ടെങ്കിലും വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് യഥാസമയത്തോ തോതിലോ വായ്പകൾ ലഭിക്കുന്നില്ല. തന്നിമിത്തം പലരും അമിതപലിശ ഈടാക്കുന്ന ബ്ലേഡ് കമ്പനികളെ ആശ്രയിക്കുകയാണ് ഇത്തരം ഏജൻസികളുടെ പ്രവർത്തനം നിരുത്സാഹപ്പെടുത്തേണ്ടതും അതിലകപ്പെട്ടുപോകുന്ന ഹതഭാഗ്യരെ ബദൽ സംവിധാനം ഏർപ്പെടുത്തി രക്ഷപ്പെടുത്തേണ്ടത് സമൂഹത്തിന്റേയും സഹകാരികളുടെയും പുരോഗതി ആഗ്രഹിക്കുന്ന ഏവരുടെയും കർത്തവ്യമാണ്. വ്യവസായികം, വിപണനം, തുടങ്ങി എല്ലാ മേഖലകളിലേക്കും സഹകരണരംഗം വ്യാപിപ്പിക്കേണ്ടത് അത്യാവശ്യവും അതിനുള്ള സാദ്ധ്യതയും ഇവിടെ ഉണ്ട്.

**മുക്കംസർവ്വീസ് സഹകരണ ബേങ്ക്**

## മുക്കം സർവ്വീസ് സഹകരണബാങ്ക്

| ക്രമനമ്പർ | സംഘത്തിന്റെ പേരും ആരംഭിച്ച വർഷം പ്രവർത്തന പരിധി | വർഷം | വ്യക്തി അംഗത്വം | കടം ആയിരത്തിൽ | നിക്ഷേപം ആയിരത്തിൽ | വായ്പകൾ (1000ത്തിൽ) | | ലാഭമോ നഷ്ടമോ (1000ത്തിൽ) | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | കാർഷികം | കാർഷികേതരം | ലാഭം | നഷ്ടം | സ്ഥിരം | മറ്റുള്ളവർ |
| | മുക്കംസർവ്വീസ് സഹകരണ ബാങ്ക് | 1991-92 | 9926 | 9370 | 8569 | 5793 | 3577 | - | 1800 | 15 | |
| | Ltd F 1241 | 92-931 | 10032 | 10945 | 10887 | 5613 | 5332 | - | 1350 | 13 | |
| | 2-5-1956 | 93-94 | 10183 | 14065 | 16075 | 4835 | 9230 | - | 1000 | 12 | |
| | പ്രവർത്തന പരിധി | 94-95 | 5974 | 21731 | 22718 | 7922 | 13809 | 191 | - | 10 | |
| | മുക്കം പഞ്ചായത്ത് പ്രദേശം | '95-96 | 7155 | 28174 | 27989 | 9.015 | 19159 | 1310 | - | 20 | 1 |

1994-95 വർഷത്തിൽ ബേങ്കിന്റെ പ്രവർത്തന പരിധിയിൽ നിന്നും കാരശേരി പഞ്ചായത്ത് പ്രദേശം വിട്ടുപോയതിനാൽ 5000-ത്തോളം മെമ്പർമാർ ഓഹരി സംഖ്യ മടക്കി വാങ്ങിയിട്ടുണ്ട്. (അവലംബം : സെക്കണ്ടറി ഡാറ്റ)

പി.സി.സി.യായി രൂപീകൃതമായ സംഘം പിന്നീട് ജനറൽ ബോഡി യോഗതീരുമാന പ്രകാരം ഒരു സർവ്വീസ് സഹകരണ ബേങ്കായി മാറ്റപ്പെടുകുണ്ടായി. മുക്കം, കാരശ്ശേരി, കൊടിയത്തൂർ, തിരുവമ്പാടി, കൂടരഞ്ഞി, കോടഞ്ചേരി എന്നീ വിശാലമായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഈ ബേങ്കിന്റെ പ്രഥമപ്രസിഡണ്ട് ശ്രീ.ഇ.വേലായുധൻ കമ്പൗണ്ടർ ആയിരുന്നു. 1200 മെമ്പർമാരും 28000 രൂപ ഷെയർ സംഖ്യയുമായി പ്രവർത്തനമാരംഭിച്ച സംഘം എഴുപതുകളിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുകയും പിരിച്ചുവിടൽ ഭീഷണി നേരിട്ടിരുന്നെങ്കിലും ഇപ്പോൾ 7340 മെമ്പർമാരും 60ലക്ഷം രൂപ അംഗീകൃത ഓഹരി മൂലധനവുമായി സ്വന്തം കെട്ടിടത്തിൽ തലയുയർത്തി പ്രവർത്തിച്ചുവരുന്നു. ഇതിനുവേണ്ടി കഠിനാധ്വാനം ചെയ്ത ഒട്ടുവളരെ സഹകാരികൾ ഈ പ്രദേശത്ത് ഉണ്ട്.

പലഘട്ടങ്ങളിലായി പരിധിപുനർനിർണ്ണയം നടത്തിയതിന്റെ ഫലമായി ഇപ്പോൾ മുക്കം പഞ്ചായത്ത് പ്രദേശത്ത് മാത്രം പ്രവർത്തിച്ചുവരുന്നു. കർഷകർക്കാവശ്യമായ എല്ലാ രംഗങ്ങളിലും നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘം വിത്ത്, വളം, കീടനാശിനി, സാമ്പത്തിക സഹായം എന്നിവക്ക് പരമാവധി സൗകര്യം ഉപയോഗപ്പെടുത്തിക്കൊടുക്കുന്നതോടുകൂടി നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തി ആശ്വാസം നല്കുന്നതിന് സൂപ്പർമാർക്കറ്റ് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ കർഷകർക്ക് കാലാനുസൃതമായി പുതിയ സ്കീം അനുസരിച്ച് വായ്പകൾ നല്കുന്നതിനോ ആവശ്യമായ തോതിൽ വിതരണം ചെയ്യുന്നതിനോ സംഘത്തിന്റെ സാമ്പത്തിക പ്രയാസം കൊണ്ടു സാധിക്കുന്നില്ല. വായ്പകൾ തിരിച്ചടക്കുന്നതിലുള്ള കാലതാമസവും വിദേശത്ത് ജോലി ചെയ്യുന്നവരിൽ നിന്ന് നിക്ഷേപം സ്വീകരിക്കുന്നതിലുള്ള സാങ്കേതിക തടസവുമാണ് ഇതിന്റെ പ്രധാനകാരണം. വർഷത്തിൽ ഒന്നരകോടി രൂപയെങ്കിലും കാർഷിക വായ്പക്ക് ആവശ്യമാണ്. ഹ്രസ്വകാലാടിസ്ഥാനത്തിൽ പരമാവധി 25000 രൂപയും വ്യക്തിജാമ്യത്തിൽ 5000 രൂപയും മാത്രമേ ഇപ്പോൾവിതരണം ചെയ്യുന്നുള്ളൂ ഇവ ദീർഘകാലാടിസ്ഥാനത്തിലും വർദ്ധിച്ച തോതിലും വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വായ്പകൾ ലഭിക്കുന്നതിനുള്ള പണയാധാരപ്രമാണങ്ങളുടെ വർദ്ധിച്ചുവരുന്ന പണച്ചിലവ് കർഷകർ നേരിടുന്ന മറ്റൊരു ബുദ്ധിമുട്ടാണ്

ഈ പ്രയാസം ദുരീകരിക്കാൻ വായ്പാപേക്ഷകർ സംഘം മേലധികാരിയുടെ മുമ്പാകെ പ്രമാണപത്രം തയ്യാറാക്കുന്ന അവസരം ഉണ്ടാവേണ്ടതുണ്ട്.

**ക്ഷീരോത്പാദന സഹകരണസംഘങ്ങൾ**

(പട്ടിക 2 കാണുക)

അറുപതുകളിൽ താഴക്കോടു പരസ്പര സഹായ പാൽ സൊസൈറ്റിയായി രൂപീകൃതമാവുകയും ഇപ്പോൾ മുക്കം ക്ഷീരോത്പാദക സഹകരണസംഘം എന്ന പേരിൽ പ്രവർത്തിക്കുകയും ചെയ്യുന്ന സംഘമാണ് ഈ രംഗത്തുള്ള ആദ്യസ്ഥാപനം കർഷകർക്ക് ഗുണപ

## പട്ടിക 2
## ക്ഷീരോത്പാദക സഹകരണസംഘങ്ങൾ

| പേര് | വർഷം | ആകെസംഭരിച്ച പാൽ (ലിറ്ററിൽ) | പ്രാദേശിക വിൽപന (ലിറ്ററിൽ) | മിൽമക്ക് നൽകിയ പാൽ (ലിറ്ററിൽ) |
|---|---|---|---|---|
| മുക്കം ക്ഷീരോൽപാദക | 1993-94 | 147792 | 88040 | 60740 |
| സഹകരണ സംഘം | 94-95 | 137015 | 86472 | 51683 |
| | 95-96 | 162494 | 104567 | 59582 |
| മണാശേരി ക്ഷീരോൽ | 1993-94 | 61265 | 24973 | 36292 |
| പാദക സഹകരണ | 94-95 | 64992 | 31240 | 33752 |
| സംഘം | 95-96 | 67081 | 36081 | 31001 |
| ചേന്ദമംഗല്ലൂർ ക്ഷീരോൽപാദക സഹകരണ സംഘം | 1993-94 | പുതിയതായി രൂപം കൊണ്ട | | |
| | 94-95 | സഹകരണ സംഘമാണ് | | |
| | 95-96 | 6391 | 2282 | 283 |

അവലംബം : സെക്കന്ററി ഡാറ്റാ

പരമായ ഒട്ടേറെ പദ്ധതികൾ സംഘം മുഖേന ലഭിക്കുന്നുണ്ട്. കന്നുകുട്ടി പരിപാലനപദ്ധതി ഇതിൽ എടുത്തു പറയത്തക്കതാണ്. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ഒരു നാടൻ ക്ഷീരോത്പാദകയൂനിറ്റും പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനപരിധി ഒന്ന്, രണ്ട്, മൂന്ന്, ഏഴ് വാർഡുകളുടെ ഭാഗങ്ങളിലാണ്. മണാശ്ശേരി ക്ഷീരോത്പാദക സഹകരണസംഘം 1987ൽ ആരംഭിക്കുകയും ലാഭകരമായി പ്രവർത്തിക്കുകയും ചെയ്യുന്നു. സംഘം കന്ന്കുട്ടി പരിപാലന പദ്ധതി നാടൻ ക്ഷീരോത്പാദക യൂനിറ്റ് എന്നിവക്ക് പുറമെ ഒരു ICDP സബ്സെന്റർ സംഘത്തിനോടനുബന്ധിച്ച് പ്രവർത്തിക്കുന്നു എന്നാൽ ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം ഇല്ല. ചേന്ദമംഗല്ലൂർ ക്ഷീരോത്പാദക സഹകരണസംഘം ഇടക്കാലത്ത് പ്രവർത്തനം നിലച്ചുപോയിരുന്നുവെങ്കിലും ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്നതോടെ നാടൻ ക്ഷീരോത്പാദക യൂനിറ്റും കന്ന്കുട്ടിപരിപാലനപദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള സൗകര്യവും ചെയ്തുകൊടുക്കുന്നു.

കാർഷിക വികസന ബേങ്ക് (പട്ടിക 2 കാണുക)

കോഴിക്കോട് താലൂക്കിലെ മലയോര പ്രദേശങ്ങളുടെ വികസനത്തിനു ആവശ്യമായ കാർഷിക വായ്പകൾ നല്കിവരുന്ന സ്ഥാപനത്തിന്റെ ബ്രാഞ്ച് മുക്കം സർവ്വീസ് സഹകരണ ബേങ്കിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ദീർഘകാലവായ്പകൾ ലഭിക്കുന്നതിന് സൗകര്യപ്പെടുന്നുവെങ്കിലും പ്രവർത്തനപരിധി വളരെ വിസ്തൃതമായതിനാൽ ഇന്നനുഭവിക്കുന്ന പ്രയാസം മാറ്റിയെടുക്കുന്നതിനു പരിധി ചുരുക്കുകയും കുറെക്കൂടി പുതിയ സ്കീമുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടത് ആവശ്യവുമാണ്.

കുന്ദമംഗലം ബ്ലോക്ക് വനിതാവ്യവസായ സഹകരണ സംഘം മാമ്പറ്റ കേന്ദ്രമായി ആയിരത്തിതൊള്ളായിരത്തി എൺപത്തി ആറിൽ ആരംഭിച്ച് റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കി വിതരണം നടത്തിവരുന്നു. വനിതാക്ഷേമം ലക്ഷ്യംവെച്ചു രൂപം കൊടുക്കുമ്പോൾ 33000 രൂപ മൂലധനവും ഒരുലക്ഷംരൂപ സർക്കാർ ഷെയറും ഉണ്ടായിരുന്ന ഇത് ആധുനിക വൻകിട വസ്ത്രവ്യാപാര മേഖലയുമായി കിടപിടിച്ച് നിലനില്ക്കുവാൻ പ്രയാസപ്പെടുകയാണ്. കുറഞ്ഞവിലക്ക് അസംസ്കൃത പദാർഥങ്ങൾ ലഭിക്കാൻ കഴിയാത്തതും ഉല്പാദിപ്പിക്കുന്ന വസ്തുക്കൽ വിറ്റഴിക്കുവാനുള്ള സംവിധാനമില്ലായ്മയും വൻതോതിൽ സ്ഥാപനത്തെ അലട്ടിക്കൊണ്ടിരിക്കുന്നു. ഒരു സഹകരണസംഘം എന്ന നിലയിൽ എല്ലാവരാലും പ്രോത്സാഹനം ലഭിച്ചാൽ മാത്രമേ വനിതാ ക്ഷേമത്തിനു വേണ്ടി രൂപം നല്കിയിട്ടുള്ള ഇത്തരം സ്ഥാപനം അഭിവൃദ്ധപ്പെടുകയുള്ളൂ.

കുന്ദമംഗലം ബ്ലോക്ക് പ്രിന്റിംഗ് വ്യവസായ സഹകരണ സംഘം മണാശേരി ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറിൽ ആരംഭിച്ചു പ്രവർത്തിക്കുന്നുവെങ്കിലും ലാഭത്തിൽ നടത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല.

### ഹൗസിംഗ് സൊസൈറ്റി

പഞ്ചായത്തിൽ ഭവനനിർമ്മാണവായ്പകൾ ലഭിക്കുന്നതിന് കാരന്തൂർ ഹൗസിംഗ് സൊസൈറ്റിയെയാണ് ആശ്രയിക്കുന്നത്. ചെറുകിട വരുമാനക്കാർ ഉൾപ്പെടെ ഭവനരഹിതരായ ഇടത്തരം ആളുകൾ ആവശ്യമായ വായ്പകൾക്ക് മാർഗം തേടിക്കൊണ്ടിരിക്കുകയാണ്.

വർദ്ധിച്ചുവരുന്ന നിർമ്മാണവസ്തുക്കളുടെ വിലക്കയറ്റവും കൂലിച്ചിലവും കൂടി കണക്കിലെടുക്കുമ്പോൾ പഞ്ചായത്ത് പ്രദേശത്ത് ഭവനനിർമ്മാണ സഹകരണ സംഘം രൂപവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്.

തേനീച്ചവളർത്തൽ വ്യവസായ സഹകരണസംഘം.

മലയോരപ്രദേശമായ ഇവിടെ ധാരാളലം കർഷകർ തേനീച്ച വളർത്തൽ രംഗത്ത് സഹകരണത്തോടെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും ഈച്ചകളുടെ വംശനാശത്തോടെ മിക്കവാറും കർഷകർ വായ്പകൾ തിരിച്ചടക്കാൻ കഴിയാതെ കടക്കെണിയിലകപ്പെടുകയും സംഘം പ്രവർത്തന രഹിതമാവുകയും ചെയ്തു. ഈ കൃഷിയേയും അതിനു തയ്യാറാകുന്ന കർഷകരേയും പ്രോത്സാഹിപ്പിച്ചെടുക്കേണ്ടത് തൊഴിൽരംഗം അഭിവൃദ്ധിപ്പെടുത്തേണ്ടതിന് അനിവാര്യമാണ്.

**പ്രശ്നങ്ങൾ**

1. പുതിയ മേഖലകളിലേക്ക് കടന്നുവരാനുള്ള മനക്കരുത്തില്ലായ്മ
2. അമിതമായ എസ്റ്റാബ്ലിഷ്മെന്റ്
3. ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമില്ലായ്മ
4. ഭരണസമിതിയുടെയും ജീവനക്കാരുടെയും പ്രതിബദ്ധതയില്ലായ്മ
5. ഡിപ്പാർട്ട്മെന്റൽ മേധാവിത്വം
6. വായ്പകൾ തിരിച്ചടയ്ക്കുന്നതിനുള്ള കാലതാമസം
7. വായ്പകൾ വകമാറി ചെലവുചെയ്യലും ദുരുപയോഗവും
8. നിക്ഷേപം സ്വീകരിക്കുന്നതിനുള്ള പ്രയാസം
9. സാങ്കേതിക നിയമങ്ങളിൽ ഊന്നിക്കൊണ്ടുള്ള ഉദ്യോഗസ്ഥരുടെ മനോഭാവം
10. പുതിയ സംഘങ്ങൾ രൂപവൽക്കരിക്കുന്നതിനുള്ള പ്രായോഗിക വിഷമങ്ങൾ
11. വിശാലമായ പ്രവർത്തനപരിധി
12. ജില്ലാതലങ്ങളിൽ നിന്ന് കാർഷികവായ്പക്കും മറ്റും ഫണ്ട് അനുവദിക്കുന്നതിനുള്ള കാലതാമസം
13. സങ്കുചിത രാഷ്ട്രീയ താല്പര്യം.

**സാധ്യതകൾ**

1. പുതിയ സഹകരണസംഘങ്ങൾ രൂപവൽക്കരിക്കുക
2. ജീവനക്കാർക്കും ഭരണസമിതിയംഗങ്ങൾക്കും ആവശ്യമായ പരിശീലനം നല്കുക.
3. പ്രവർത്തനം വൈവിധ്യവൽക്കരിക്കൽ
4. ക്രെഡിറ്റ് സംഘങ്ങൾ ആവശ്യമനുസരിച്ചുള്ള സ്കീം തയ്യാറാക്കുക.
5. ധാരാളം വിദേശമലയാളികൾ
6. ഓഡിറ്റിംഗ് സമ്പ്രദായം പ്രായോഗികമാക്കൽ
7. പ്രവർത്തനപരിധി പുനിർനിർണ്ണയിക്കൽ

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്ത് പ്രദേശത്ത് ഭവനനിർമ്മാണസഹകരണ സംഘം രൂപീകരിക്കുക.
2. ആലുംതറ, നീലേശ്വരം പ്രദേശത്ത് ക്ഷീരോത്പാദക സഹകരണസംഘങ്ങൾ ആരംഭിക്കുക.
3. പത്താംവാർഡ് പൊയിലിൽ ഒരു ചകിരി തുപ്പ് നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക
4. സഹകരണമേഖലയിൽ, അഭ്യസ്തവിദ്യരുടെ മുതൽമുടക്കോടെയും സർക്കാർ സഹകരണത്തോടെയും ഓട്ടോ മൊബൈൽ വർക്ഷോപ്പ്, പാരലൽ കോളേജ്, മെഡിക്കൽ സ്റ്റോർ, ഹോട്ടൽ, ധാന്യപ്പൊടി നിർമ്മാണയൂണിറ്റ് മുതലായവ ആരംഭിക്കുക.
5. മാർക്കറ്റിംഗ് സൊസൈറ്റി രൂപവത്ക്കരിക്കുക.
6. ഒമ്പതാം വാർഡിൽ സഹകരണാടിസ്ഥാനത്തിൽ കോഴിഫാം ആരംഭിക്കുക
7. സഹകരണഹബേങ്കുകൾക്ക് NRI തുടങ്ങുവാനുള്ള അനുവാദം നല്കുക.
8. സ്കൂൾ സൊസൈറ്റികൾ സ്റ്റുഡൻസ് മാർക്കറ്റിംഗ് സൊസൈറ്റിയായി രൂപാന്തരപ്പെടുത്തുക.
9. കാർഷിക വായ്പയുടെ പലിശ സബ്സിഡി യഥാസമയം ലഭ്യമാക്കുക.
10. നോട്ടുപുസ്തക നിർമ്മാണസൊസൈറ്റി രൂപവൽക്കരിക്കുക
11. കരകൗശല വസ്തു നിർമ്മാണസൊസൈറ്റി രൂപവൽക്കരിക്കുക
12. പായനെയ്ത് സഹകരണസംഘം ആരംഭിക്കുക
13. പട്ടികജാതി സഹകരണസംഘം രൂപവൽക്കരിക്കുക
14. മെഴുകുതിരി നിർമ്മാണയൂണിറ്റ് ആരംഭിക്കുക
15. സർവ്വീസ് സഹകരണബേങ്കിന്റെ ബ്രാഞ്ച് അനുയോജ്യമായ സ്ഥലത്ത് സ്ഥാപിക്കുക.
16. ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം ആരംഭിക്കുക
17. കയ്യിട്ടാംപൊയിലിൽ കയറ് സംസ്ക്കരണ സംഘം ആരംഭിക്കുക
18. നീലേശ്വരത്ത് സഹകരണാടിസ്ഥാനത്തിൽ നഴ്സറി ആരംഭിക്കുക
19. 12-ാം വാർഡിൽ റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായം ആരംഭിക്കുക.



5.11

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

ഗ്രാമങ്ങളിൽ നാടിന്റെ ആത്മാവ് കണ്ടെത്തിയ രാഷ്ട്രപിതാവ് ഏറ്റവും സ്നേഹിച്ച വിഭാഗത്തെ-പട്ടിക ജാതി, പട്ടികവർഗ്ഗക്കാരെ-സമൂഹത്തിന്റെ മുഖ്യധാരയി ലേക്ക് ഉയർത്തുവാൻ നമ്മുടെ പഞ്ചായത്തും കാര്യ മായ പങ്ക് വഹിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഈ വിഭാ ഗത്തെ അവഗണിച്ചുകൊണ്ടുള്ള ഏതൊരാസൂത്രണ പ്രക്രിയയും ഫലവത്താകാതെ പോകുമെന്നതിന് ഏറെ ഉദാഹരണങ്ങൾ ആവശ്യമില്ല.

അകം നോവുകൾ ഉള്ളിലൊതുക്കുന്ന അധഃസ്ഥിത രുടെ ഒരു പ്രതിനിധി ഈ പഞ്ചായത്തുഭരണ സാരഥ്യം വഹിക്കുന്നു. എന്നത് നമുക്കേവർക്കും അഭിമാനാർഹ മാണ്.

1991 ലെ സെൻസ്സസ് പ്രകാരം കോഴിക്കോട് ജില്ല യിലെ പട്ടികജാതിക്കാരുടെ 2.34% മുക്കം പഞ്ചായത്തി ലാണ്-പട്ടിക ഒന്ന് കാണുക.

പട്ടിക. ഒന്ന്

| | പുരുഷൻ | സ്ത്രീ | ആകെ. |
|---|---|---|---|
| കോഴിക്കോട് ജില്ല. | 91647 | 93073 | 184720 |
| പഞ്ചായത്ത് | 2116 | 2206 | 4322 |

അവലംബം 91 ലെ സെൻസ്സസ് റിപ്പോർട്ട്.

മുക്കം പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 14.25 ശതമാനം പട്ടിക ജാതിക്കാരാണ്. പുതിയ കണ ക്കുകൾ പ്രകാരം 769 പട്ടിക ജാതി കുടുംബങ്ങളും അഞ്ച് പട്ടിക വർഗ്ഗകുടുംബങ്ങളുമാണ് ഇവിടെ ഉള്ളത്. ഇവരിൽ ബഹുഭൂരിപക്ഷം പേരും കോളനികളിലാണ്. 19 അംഗീകൃത കോളനിയിലും 9 അംഗീകരിക്കപ്പെ ടേണ്ട കോളനികളിലുമായി 671 കുടുംബങ്ങളും 198 ഇടകലർന്നു ജീവിക്കുന്ന കുടുംബങ്ങളും ഉൾപ്പെടെ 769 പട്ടികജാതി കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇവ യിലെ ആകെ ജനസംഖ്യ 4565 ആണ്.-പട്ടികവർഗക്കാ രുടെ ജനസംഖ്യ ഇരുപത്തഞ്ചുമാണ്.

സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ ഏറെക്കാലം അടിച്ചമർത്തപ്പെട്ട വിഭാഗമെന്നതുകൊണ്ടുതന്നെ സാമ്പ ത്തികമായി വേണ്ടത്ര പുരോഗതി നേടാനും വരുമാനം കാര്യക്ഷമമായി വിനിയോഗിക്കാനും പല കുടുംബ ങ്ങൾക്കും കഴിയുന്നില്ല. എങ്കിലും മാറിയ സാഹചര്യ ത്തിൽ വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക മേഖ ലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ ഇവർക്കു കഴിഞ്ഞിട്ടുണ്ട്. അസമത്വങ്ങൾ കുറഞ്ഞ് ഇതര വിഭാഗ ങ്ങൾക്കൊപ്പം സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തി ച്ചേരാൻ ഇവർക്ക് ഒരു പരിധിവരെ കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്.

സർക്കാർ നടപ്പാക്കുന്ന പല പദ്ധതികളെക്കുറിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നടപടിക്രമങ്ങൾ കൊണ്ടും ഇവയുടെ നേട്ടങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഇവർക്കു കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിനു ഭാഗിക മായി നേട്ടങ്ങൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട് എന്ന യഥാർത്ഥ്യം വിസ്മരിക്കുന്നില്ല. ഇതിൽ കൂടുതൽ നേട്ട ങ്ങൾ കൈവരിക്കാൻ കഴിഞ്ഞത് കോളനിനിവാസി കൾക്കാണ് എന്നിരുന്നാലും പ്രശ്നങ്ങളിനിയും പരിഹ രിക്കപ്പെടേണ്ടതുണ്ട്. (കോളനികളുടെ വിവരം രണ്ടാം പട്ടികയിൽ ചേർക്കുന്നു.)

## അംഗീകരിച്ച കോളനികൾ സംബന്ധിച്ച വിവരണം

| ക്രമനമ്പ്ര് | വാർഡ്1 | കോളനിയുടെ പേര് | വീട് എണ്ണം | അംഗങ്ങളുടെ എണ്ണം | വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | 1 | കിഴക്കുംപാടം | 36 | 368 | 3.76 |
| 2 | I | പുളിയപ്പാറ | 18 | 69 | 1.39 |
| 3 | II | തടപ്പറമ്പ് | 74 | 371 | 3.27 |
| 4 | Ii | താഴക്കോട് | 42 | 226 | 3.8 |
| 5 | III | കച്ചേരി | 23 | 113 | 5.36 |
| 6 | III | കയ്യിട്ടാപൊയിൽ | 46 | 283 | 3.52 |
| 7 | VI | മുതുകുറ്റി | 26 | 176 | 2.83 |
| 8. | VII | വട്ടോളിപറമ്പ് | 29 | 148 | 2.41 |
| 9. | VII | പൊക്കിണാം പറ | 40 | 256 | 3.14 |
| 10. | VII | പുതുക്കാം പുറം | 43 | 276 | 2.99 |
| 11. | VIII | പുൽപറമ്പ് | 16 | 61 | 1.38 |
| 12. | VIII | പുത്തൂർപറ്റ | 27 | 154 | 2.42 |
| 13 | IX | പൂവത്തിരി | 16 | 54 | 1.68 |
| 14 | XI | അയ്യപ്പൻകുന്ന് | 16 | 72 | 0.85 |
| 15 | XI | ഇട്ടാരം കോട്ടുമ്മൽ | 27 | 128 | 3.16 |
| 16 | XII | നെല്ലിക്കാം പൊയിൽ | 51 | 367 | 5.68 |
| 17 | VI | പൊൽപാടി | 19 | 73 | 1.86 |
| 18 | III | കാഞ്ഞിരപ്പാറ | 15 | 64 | 1.31 |
| 19 | III | പൊയിൽ | 19 | 88 | 2.08 |
| | | ആകെ | 583 | 3347 | 53.17 |

## അംഗീകരിക്കപ്പെടേണ്ട കോളനികൾ സംബന്ധിച്ച വിവരങ്ങൾ

| | | | | | |
|---|---|---|---|---|---|
| 1 | II | ചെറുതടം | 11 | 61 | 1.61 |
| 2 | IV | ചെനാംകുന്ന് മംഗലശ്ശേരി | 26 | 93 | 2.76 |
| 3 | XII | കുരുമുളകിൻ കാട് | 13 | 38 | 2.06 |
| 4 | VI | ചോലക്കുഴി-വിളയത്ത് | 14 | 39 | 1.33 |
| 5 | XI | വെള്ളിപറമ്പ്-അരീപുറം | 13 | 42 | 1.88 |
| 6 | XI | തുമ്പച്ചാൽ | 15 | 52 | 2.06 |
| 7 | 1 | പനച്ചിങ്ങൾ | 7 | 31 | 1.82 |
| 8 | III | കാടംകുനി | 14 | 48 | 2.88 |
| 9 | XI | പന്ന്യൂളി | 21 | 59 | 2.01 |
| | | ആകെ | 134 | 463 | 18.41 |

## വിദ്യാഭ്യാസം

തെങ്ങോല മെടഞ്ഞുകെട്ടിയ കൂരകളിൽ മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ അക്ഷരങ്ങളുടെ ലോകത്ത് ഏറെ മുന്നോട്ടു പോകാൻ കഴിയാതിരുന്ന പഴയ തലമുറക്കാരിൽ നല്ല പങ്കും തങ്ങളുടെ ദുര്യോഗം ഇളം തലമുറക്ക് ഉണ്ടാവരുതെന്ന് ചിന്തിക്കുന്നത് ഒരു ശുഭസൂചനയായി കണക്കാക്കാം. നിരക്ഷർ പൊതുവെ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര മുന്നേറാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഇതര വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇവരിൽപെട്ട പുതിയ തലമുറ ശരാശരിയ്ക്കൊപ്പം തന്നെയുണ്ട്. എന്നത് ആശാസ്യമാണ്. എസ്. എസ്. എൽ. സി.ക്കുശേഷം തുടർന്നു പഠിക്കാൻ നല്ലൊരു ശതമാനവും താത്പര്യം കാണിക്കുന്നില്ല. പഴയ തലമുറയിൽപ്പെട്ട രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തന്നതിന് ആസൂത്രിത മായ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വിദ്യാഭ്യാസ സമിതി രൂപവൽക്കരിച്ച് പ്രവർത്തിക്കുന്നതാണ്.

1996-97 അധ്യയന വർഷത്തിൽ 1038 വിദ്യാർത്ഥികൾ സ്കൂളുകളിൽ പഠനം നടത്തുന്നുണ്ട്. കൊഴിഞ്ഞുപോക്കു താരതമ്യേന കുറവാണ്. എസ്. എസ്. എൽ. സിക്കുശേഷം ഉപരിവിദ്യാഭ്യാസം ചെയ്യുന്നവരും കുറവുതന്നെ. (ചില വിവരങ്ങൾ പട്ടിക 3-ലും 4-ലും)

പട്ടിക 4

| വർഷം | SSLC | വിജയം | തോറ്റ് പഠിക്കുന്നവർ | പഠനം നിർത്തിയവർ |
|---|---|---|---|---|
| 95-96 | 114 | 32 | 38 | 44 |

## തൊഴിൽ

"പകലന്തിയോളം പണിയെടുത്താൽ
പറനിറയെ നെല്ലും പൊതിരെ തല്ലും"

കിട്ടുന്ന അടയാള സമ്പ്രദായം ഇവിടെയും ഉണ്ടായിരുന്നു. അറിയപ്പെടുന്ന ജന്മികുടുംബങ്ങളുടെ ആശ്രിതരായി കഴിഞ്ഞിരുന്നവർക്ക് നട്ടം കൊയ്തും മെതിച്ചും ജീവിതം തള്ളിനീക്കി. അവരുടെ പിൻമുറക്കാർ ഈ പാരമ്പര്യം തുടരാതിരുന്നപ്പോൾ നമ്മുടെ വയലേലകളിൽ നിന്നുയരുന്ന നാട്ടിപ്പാട്ടുകൾക്ക് ഈണം നഷ്ടമായി. ഒപ്പം പുത്തൻ ജന്മിമാർ അംബരചുംബികളായ കോൺക്രീറ്റ് കാടുകളിൽ അഭയാന്വേഷണം തുടങ്ങിയപ്പോൾ താരതമ്യേന വരുമാനം കൂട്ടി ജീവിതനിലവാരം ഉയർത്തുന്നതിനുള്ള ത്വര സ്വാഭാവികമായും-ഇവർക്കും ഉണ്ടായി. അങ്ങനെ കാർഷിക തൊഴിലിൽ നിന്ന് നിർമാണ തൊഴിലിലേയ്ക്കും പട്ടികവിഭാഗക്കാർ എത്തിച്ചേർന്നു.

(പട്ടിക 5)

കൂലിവിവരം

| വർഷം | മേഖല | പുരുഷൻ | സ്ത്രീ |
|---|---|---|---|
| 90-91 | കാർഷികം | 50 | 35 |
| | നിർമാണം | 70 | 55 |
| 95-96 | കാർഷികം | 90 | 60 |
| | നിർമാണം | 125 | 90 |

അന്നന്നത്തെ അധ്വാനം കൊണ്ട് ഉപജീവനം നടത്തിവരുന്ന ഇവരെ അല്ലലും അലട്ടുമില്ലാതെ ജീവിക്കാനുതകുന്ന പുത്തൻ തൊഴിൽ മേഖലകളിലേക്ക് ആകർഷിക്കാൻ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

## പാർപ്പിടം

കോൺക്രീറ്റു സൗധങ്ങളുയർത്താൻ കഴിഞ്ഞില്ലെങ്കിലും ചോർന്നൊലിക്കുന്ന ചെറ്റക്കുടിലുകൾ ഓടുമേഞ്ഞ വീടുകളാക്കാൻ പല കുടുംബങ്ങൾക്കും സാധിച്ചിട്ടുണ്ട്. ഇതിനു സർക്കാർ ഏജൻസികളുടെ പ്രവർത്തനം സഹായിച്ചിട്ടുണ്ട്. ഇതിന്റെ ഗുണഭോക്താക്കളധികവും കോളനിവാസികളാണ്.

ഒറ്റപ്പെട്ട കുടുംബങ്ങളുടെ സ്ഥിതി അത്ര പുരോഗമിച്ചിട്ടില്ല. മാത്രമല്ല ഭവന നിർമ്മാണത്തിനു വിവിധ ഏജൻസികളിൽ നിന്നും വായ്പയെടുത്ത് കടക്കെണിയിൽ അകപ്പെട്ടവരുമുണ്ട്. വായ്പത്തുകയുടെ അപര്യാപ്തതമൂലം ഭവനനിർമാണം പൂർത്തിയാക്കാൻ കഴിയാതെ വിഷമിക്കുന്നവരെയും കാണാം. പുനരധിവാസപദ്ധതി പ്രകാരം സ്ഥലവും വീടും ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയാലേ ഇത്തരം പ്രശ്നങ്ങൾക്കു പരിഹാരമാവൂ. കോളനികളിൽ പ്രാഥമിക സൗകര്യങ്ങളില്ലാത്ത പ്രശ്നവും പരിഹരിക്കേണ്ടതുണ്ട്.

ലക്ഷംവീടു കോളനികളിലും നാലുസെന്റ് കോളനികളിലും പൊതു കക്കൂസുകളും കിണറുകളും മറ്റും നിർമിക്കാൻ ഏർപ്പാടുണ്ടാക്കേണ്ടതുണ്ട്. നിലവിലുള്ള കോളനികളിലെ സൗകര്യം സംബന്ധിച്ചു വിവരം പട്ടിക 6ൽ ചേർക്കുന്നു. ഇതിന് പുറമേ അംഗീകരിക്കപ്പെടേണ്ട ഒമ്പത് കോളനികളിലും ഇടകലർന്ന് ജീവിക്കുന്ന ഹരിജൻ കുടുംബങ്ങൾക്കുമായി ഏകദേശം അറുനൂറിൽപരം വീടുകൾ ആവശ്യമുണ്ട്.

പട്ടിക.3

| | പട്ടികജാതി | | | | ഇതരവിഭാഗം | | | |
|---|---|---|---|---|---|---|---|---|
| വർഷം | ആൺ | പെൺ | ആകെ | കൊഴിഞ്ഞുപോക്ക് | ആൺ | പെൺ | ആകെ | കൊഴിഞ്ഞുപോക്ക് |
| 96-97 | 524 | 514 | 1038 | 5 | 4338 | 4287 | 8625 | 122 |

അവലംബം സ്കൂൾ സെക്കന്ററി ഡാറ്റ

പട്ടിക 6

| കോളനിയുടെ പേര് | | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം | കക്കൂസ് ആവശ്യമില്ലാത്തവർ |
|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | | | |
| 1 | കിഴക്കുംപാടം | | 8 | 28 | 28 | 28 | 8 |
| 2 | പുളിയപാറ | | 3 | 15 | 15 | 15 | 3 |
| 3 | തടപ്പറമ്പ് | | 3 | 71 | 71 | 69 | 5 |
| 4 | താഴക്കോട് | | 2 | 40 | 40 | 38 | 4 |
| 5 | കച്ചേരി | | 6 | 14 | 14 | 15 | 5 |
| 6 | കയ്യീട്ടാപ്പൊയിൻ | | 39 | 7 | 7 | 18 | 38 |
| 7 | മുതുക്കുറ്റി | 1 | 17 | 8 | 8 | 16 | 10 |
| 8 | വട്ടോളിപറമ്പ് | | 25 | 4 | 4 | 9 | 20 |
| 9 | പൊക്കിണംപറ്റ | | 6 | 34 | 34 | 35 | 5 |
| 10 | പുതുക്കംപുറം | | 10 | 33 | 33 | 38 | 5 |
| 11 | പുൽപറമ്പ് | | 16 | 16 | 16 | 16 | - |
| 12 | പുത്തൂർപറ്റ | | 11 | 16 | 16 | 18 | 9 |
| 13 | പൂവത്തിരി | | 4 | 12 | 12 | 11 | 5 |
| 14 | അയ്യപ്പൻകുന്ന് | | 10 | 6 | 6 | 10 | 6 |
| 15 | ഇട്ടാരം കോട് | | 17 | 10 | 10 | 17 | 10 |
| 16 | നെല്ലിക്കാംപ്പൊയിൽ | 1 | 44 | 6 | 6 | 10 | 41 |
| 17 | പുലപ്പാടി | | 3 | 16 | 16 | 16 | 3 |
| 18 | കാഞ്ഞിരപാറ | | 6 | 9 | 9 | 10 | 5 |
| 19 | പൊയിൽ | | 1 | 18 | 18 | 17 | 2 |
| ആകെ | | 2 | 231 | 363 | 363 | 406 | 184 |

അവലംബം: ബ്ലോക്ക് കോളനീ രജിസ്റ്റർ.

## കലാരംഗം

പോയ കാലങ്ങളിൽ ഈ ഗ്രാമത്തിന്റെ ഹൃദയം കവർന്ന അടിയാളരുടെ കലാരൂപങ്ങൾ നെഞ്ചിലേറ്റി ലാളിക്കാൻ പുതിയ തലമുറയിൽ ആരുമില്ല എന്നത് ദുഃഖകരമാണ്. തെയ്യവും തിറയും വട്ടക്കളിയും പരിശമുട്ടുമെല്ലാം ഗ്രാമ ചാരുതക്ക് പകിട് നൽകിയ കാലം പോയ്മറഞ്ഞു. വട്ടോളി പറമ്പിലും, നടപ്പറമ്പിലും, നെച്ച്യാടും നെല്ലിക്കാപ്പൊയിലിലും കയ്യിടാപ്പൊയിലിലും, പനച്ചിങ്ങലുമെല്ലാം ഉൽസവകാലങ്ങളിൽ പടക്കളിയുടേയും, കോൽക്കളിയുടേയും പരിശമുട്ടിന്റേയും കേളികൾ ഉയർന്നിരുന്നു. വെന്ന് പഴമക്കാർ ഓർമിക്കുന്നു. നാട്ടിപ്പാട്ടും നാൻ വായ്ത്താരികളും......... അങ്ങനെ നിരവധി നാടൻ കലകളുടെ പെറ്റമ്മയും പോറ്റമ്മയുമായിരുന്ന ഈ വിഭാഗത്തിന് പണക്കൊഴുപ്പിന്റെയും നിറപ്പകിട്ടിന്റെയും കളിയരങ്ങായി മാറിയ പുത്തൻ കലോൽസവങ്ങളിൽ വേദികളില്ലാതെ പോയി കലയും കൈവിരുതും അദ്ധ്വാനിക്കുന്നവരുടേതാകുമ്പോൾ അതിന് കരുത്തു കൂടും എന്നതുകൊണ്ട് തന്നെ ഇത് പരിഹരിക്കേണ്ടിയിരിക്കുന്നു. ഇതിനായി ഒരു നാടൻ കലാ പ്രോൽസാഹന സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. കോളനികളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. പാർപ്പിടവും അനുബന്ധ സൗകര്യങ്ങളും ആവശ്യത്തിനില്ല.
3. വീട് നിർമിക്കാൻ നൽകുന്ന വായ്പ തുക തികയാഞ്ഞതു മൂലം. നിർമാണം പൂർത്തിയാക്കാൻ കഴിയുന്നില്ല.

4. മദ്യത്തിന്റെ ഉപയോഗം

5. വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല.

6. തൊഴിൽ പരിശീലനം ലഭ്യമല്ല

7. തൊഴിലില്ലായ്മ

8. ആരോഗ്യ സംരക്ഷണ സംവിധാനം വേണ്ടത്ര കാര്യക്ഷമമല്ല

9. പൊതു ശ്മശാനത്തിന്റെ അഭാവ

10. വിവിധ പദ്ധതികളെകുറിച്ച് വേണ്ടത്ര അറിവില്ലാത്തതും നടപടിക്രമങ്ങളുടെ പ്രയാസവും കാരണം ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ ഉണ്ടാകുന്നില്ല.

11. വിവാഹആവശ്യങ്ങൾക്കും മറ്റുമായി ഭൂമി വിൽക്കുന്നത് മൂലം പല കുടുംബങ്ങളും ദരിദ്ര്യരായിത്തീരുന്നു.

## സാദ്ധ്യതകൾ

**കുടിവെള്ളം:** പഞ്ചായത്തിലെ മുഴുവൻ കോളനികളിലും കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. കുന്നുകളെ കേന്ദ്രീകരിച്ചാണ് കോളനികളിൽ പലതും എന്നതുകൊണ്ട് തന്നെ മാസങ്ങളോളം താഴ്‌വരകളിൽ നിന്ന് വെള്ളം ചുമന്ന് കയറ്റേണ്ടതായി വരുന്നു. ഇത് പരിഹരിക്കുന്നതിന് കോളനികളിലെ ഉയരം കൂടിയ ഭാഗത്ത് ടാങ്ക് നിർമ്മിച്ച് താഴ്‌വരകളിൽ നിന്ന് വെള്ളം അടിച്ച് കയറ്റുന്ന മിനി ജല വിതരണ പദ്ധതികൾ സർക്കാരിന്റെ സഹായത്തോടെ സന്നദ്ധപ്രവർത്തനം സംഘടിപ്പിച്ച് നടപ്പാക്കുന്ന ഒരു പൊതുനയം രൂപപ്പെടുത്തുക.

**ഗതാഗതം:-** പഞ്ചായത്തിലെ മിക്ക കോളനികളിലും ഗതാഗത യോഗ്യമായ റോഡുകൾ ഇല്ല. ഇതുണ്ടാക്കുന്ന പ്രയാസങ്ങൾ ചില്ലറയല്ല. ആയത് പരിഹരിക്കുന്നതിന് കോളനീ കമ്മറ്റികളെ ഉപയോഗപ്പെടുത്തി റോഡുകൾ ടാർ ചെയ്ത് നന്നാക്കേണ്ടതാണ്.

**വൈദ്യുതി:-** നെല്ലിക്കാപ്പൊയിൽ അംബേദ്കർ കോളനിയിലും മുതുകുറ്റിയിലും മാത്രമേ വൈദ്യുതീ വിതരണം നടന്നിട്ടുള്ളൂ. മറ്റ് കോളനികൾക്ക് വൈദ്യുതി എത്തിക്കുന്നതിന് നയം രൂപീകരിച്ച് പ്രവർത്തിക്കണം. കൂടാതെ ഹരിജൻ വീടുകൾക്ക് വയറിംഗ് അടക്കം വൈദ്യുതി സൗജന്യമാക്കുന്നതിനും നടപടി വേണം.

പട്ടിക വിഭാഗങ്ങൾക്ക് വിവിധ വകുപ്പുകൾ നൽകുന്ന സഹായങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും മുഴുവൻ പദ്ധതികളെക്കുറിച്ചും ഉപദേശം നൽകുന്നതിനും താഴക്കോട്, നീലേശ്വരം, ഗ്രാമസേവകൻമാരുടെ നേതൃത്വത്തിൽ ഒരു കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നത് നന്നായിരിക്കും. പഞ്ചായത്ത് മെമ്പർ അതത് വർഡുകളിൽ കമ്മിറ്റി ചെയർമാൻ മാരായിരിക്കുന്നത് നന്നായിരിക്കും.

**സ്വതന്ത്രശ്രദ്ധപതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.**

പായനെയ്ത്ത്, കൊട്ട, പരമ്പ് എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

ഹരിജൻ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലനം നൽകുക. അവരുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് സ്വയം പര്യാപ്തമാക്കുക.

പട്ടികവിഭാഗങ്ങൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.

വ്യാവസായിക പരിശീലനം നൽകുകയും പരിശീലനം ലഭിച്ചവർക്ക് വ്യാവസായം തുടങ്ങാൻ ആവശ്യമായ വായ്പ നൽകുക. കൂടാതെ പരിശോധനക്കായി ഒരു മോണിട്ടറിംഗ് സെൻ രൂപീകരിക്കുകയും ചെയ്യുക.

സഹകരണ മേഖലയിൽ റെഡിമെയ്ഡ് യൂണിറ്റുകൾ സംഘടിപ്പിക്കുക.

പഞ്ചായത്തിലെ മുഴുൻ കോളനികളും ഐ. എച്ച്. ഡി. പി. യിൽ ഉൾപ്പെടുത്തുക.

ഭൂമി സ്വന്തമായി ഇല്ലാത്തവർക്ക് ഭവനരഹിത പുനരധിവാസപദ്ധതി പ്രകാരം സ്ഥലവും വീടും നിർമ്മിച്ച് നൽകുക.

കോളനികളിൽ താമസിക്കുന്നവർക്ക് ലഭിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും ഇടകലർന്ന് ജീവിക്കുന്ന ഹരിജനങ്ങൾക്കും ലഭ്യമാക്കുക.

കോളനികളിലും മറ്റ് ഹരിജൻ കൃഷിഭൂമിയിലും മണ്ണൊലിപ്പ് തടയുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.

പൊതു ശ്മശാനങ്ങൾ നിർമ്മിക്കുക.

അഭ്യസ്ത വിദ്യരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ഉപയോഗപ്പെടുത്തുക.

മാനേജ്മെന്റ് - സഹകരണ സ്ഥാപനങ്ങളിലെ സംവരണ ക്രമം പാലിക്കുന്നു എന്നുറപ്പ് വരുത്തുക.

വിവിധോദ്ദേശസഹകരണ സംഘങ്ങൾ തുടങ്ങുക.

പട്ടികജാതിയിൽപ്പെട്ട സംരംഭകർക്ക് വേണ്ട മുഴുവൻ സഹായങ്ങൾക്കും നടപടി ഉണ്ടാവുക.

പട്ടികജാതിക്കാർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുക

കോളനീ റോഡ് നിയമം സംബന്ധിച്ച അപാകതകൾ പരിഹരിക്കുക

കോളനീ റോഡുകൾക്കുള്ള സ്ഥലം സൗജന്യമായി ലഭിച്ചില്ലെങ്കിൽ വിലകൊടുത്ത് വാങ്ങാൻ പഞ്ചായത്തുകൾക്ക് അനുമതി നൽകുക.

ഭവനനിർമ്മാണ വായ്പയെടുത്ത് തിരിച്ചടക്കാൻ കാലാവധികഴിഞ്ഞ് പത്ത് വർഷംവരെയായ മുഴുവൻ കടങ്ങളും എഴുതിതള്ളുക.

ഇങ്ങനെ നൂറ്റാണ്ടുകളോളം അവഗണനയിൽ കഴിഞ്ഞ ഈ അടിസ്ഥാന വിഭാഗത്തെ കൂടുതൽ കാര്യക്ഷമമായി രാഷ്ട്രപുനഃസൃഷ്ടിയിൽ അണിനിരത്താം.

□



5.12

# വിഭവസമാഹരണം

ഉദ്ദേശം 35000ത്തിലധികം ജനങ്ങൾ അധിവസിക്കുന്ന മുക്കം ഗ്രാമപഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. 31.26 ച.മീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിന്റെ കിഴക്കേ അതിർത്തി പ്രദേശങ്ങളിലൂടെ ഒഴുകുന്ന ഇരുവഞ്ഞിപ്പുഴ പഞ്ചായത്തിന്റെ പകുതിയോളം വാർഡുകളെ സ്പർശിക്കുന്നുവെങ്കിലും കാർഷിക രംഗത്തെ മുരടിപ്പും കാർഷിക ഉല്പന്നങ്ങളുടെ വിലക്കുറവും ഉല്പാദന ചിലവിലുള്ള വർദ്ധനവും ജനങ്ങളെ കാർഷിക വൃത്തിയിൽ നിന്നും അകറ്റിയിട്ടുണ്ട്. വിദ്യുച്ഛക്തിയുടെ ദൗർലഭ്യവും കാർഷികരംഗത്തെ മുരടിപ്പിന് ആക്കം കൂട്ടുന്നു. വ്യാവസായിക രംഗത്ത് ഈ പഞ്ചായത്തിന്റെ സ്ഥിതി പരിതാപകരമാണ്. എടുത്തുപറയത്തക്ക ചെറുകിട വ്യവസായമോ കുടിൽ വ്യവസായമോ ഇല്ല. വൈദ്യുതി പ്രതിസന്ധിയാണ് ഇതിന് പ്രധാന തടസ്സമെന്ന് കാണുന്നു. അതുകൊണ്ടുതന്നെ കാർഷിക വ്യവസായ മേഖലയിൽ നിന്ന് കാര്യമായ യാതൊരു വരുമാനവും ഇല്ല.

പഞ്ചായത്തിന്റെ ഇപ്പോഴുള്ള പ്രധാനവരുമാനം കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദനികുതി, ലൈസൻസ് ഫീസ്, മാർക്കറ്റ് ഫീസ്, ബസ്സ്റ്റാന്റ് ഫീസ് എന്നിവയും സർക്കാർ ഗ്രാന്റുകളുമാണ്.

**കെട്ടിടനികുതി:** കെട്ടിടനികുതി ഇനത്തിൽ ഇപ്പോഴുള്ള വരുമാനം 4 ലക്ഷത്തോളം രൂപയാണ്. കെട്ടിടത്തിന് ലഭിക്കാവുന്ന വാർഷിക വാടക കണക്കാക്കിയാണ് ഇപ്പോൾ നികുതി ചുമത്തിക്കൊണ്ടിരിക്കുന്നത്. ഭീമമായ തുക ചിലവാക്കികൊണ്ടു നിർമ്മിക്കുന്ന മണിമാളികകൾക്കും, സൗധങ്ങൾക്കും അവയുടെ സ്വഭാവവും കെട്ടിടത്തിനകത്തെ സൗകര്യവും തറവിസ്തീർണ്ണവും കണക്കിലെടുത്ത് നികുതി ചുമത്തുന്ന ശാസ്ത്രീയമായ രീതി അവലംബിക്കുകയും വാടകക്കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിട ഉടമയോടുംകൈവശക്കാരനോടും ഡിക്ലറേഷൻ വാങ്ങി കൃത്യമായ വാടക കണക്കാക്കി നികുതി ചുമത്തുകയും കെട്ടിട നിർമ്മാണരംഗത്തെ ഇന്നത്തെ പ്രവണത കണക്കിലെടുക്കുകയും ചെയ്താൽ ഈ ഇനത്തിൽ നല്ലൊരു വർദ്ധനവ് പ്രതീക്ഷിക്കാം.

**വിനോദനികുതി:** ഈ ഇനത്തിൽ 1995-96ലെ വരുമാനം 61/4 ലക്ഷത്തോളം രൂപയാണ്. കേബിൾ ടി.വി. സ്റ്റാർ ടി.വി. മുതലായവയുടെകടന്നുകയറ്റം ഈ മേഖലയിൽ പ്രതിഫലിക്കുന്നുണ്ടെങ്കിലും ഇപ്പോൾ കാര്യമായ പ്രതിസന്ധി ഇല്ല. വിനോദനികുതി സമ്പ്രദായം ശാസ്തിരീയമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. സ്റ്റാർ, കേബിൾ ടി.വി ഓപ്പറേറ്റർമാർക്ക് കൂടികണക്ഷന്റെ അടിസ്ഥാനത്തിൽ വരുമാനം തിട്ടപ്പെടുത്തി നികുതി ചുമത്തപ്പെട്ടാൽ ഈ ഇനത്തിൽ വരുമാനവർദ്ധനവുണ്ടാക്കാം.

**തൊഴിൽ നികുതി:** ഈ ഇനത്തിൽ 1995-96 വർഷത്തെ വരുമാനം 2 ,04,365 രൂപയാണ്. ഒട്ടനവധി വാണിജ്യ കച്ചവടസ്ഥാപനങ്ങളുടെ കേന്ദ്രമായി അഭിവൃദ്ധിപ്പെടാവുന്ന മുക്കത്തെ സംബന്ധിച്ചിടത്തോളം ഈ ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. അദ്ധ്യാപകർക്കും, സർക്കാർ ജീവനക്കാർക്കും പൊതുമേഖലാ ജീവനക്കാർക്കം ബാങ്ക് ജീവനക്കാർക്കും മാത്രമേ ഇപ്പോൾ കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തപ്പെടുന്നുള്ളൂ. കച്ചവടസ്ഥാപനങ്ങൾക്കും, മറ്റു സ്ഥിരം തൊഴിലാളികൾക്കും സ്വകാര്യ ആസ്പത്രികൾ അവയിലെ ജീവനക്കാർ ആധാരം എഴുത്തുകാർ ട്രാവൽ ഏജൻസികൾ, കൃഷിക്കാർ, സ്വകാര്യ ബേങ്കുകാർ, സ്വകാര്യ വിദ്യാഭ്യാസ ഏജൻസികൾ, വർക്ക് ഷോപ്പ് ഉടമകൾ എന്നിവർക്കും ശാസ്ത്രീയമായി നികുതി ചുമത്തപ്പെട്ടാൽ ഈ ഇനത്തിൽ വർദ്ധനവും പ്രതീക്ഷിക്കാം.

**ബസ്സ്റ്റാന്റ് ഫീ:** ഈ ഇനത്തിലുള്ള 95-96ലെ വരുമാനം 58300 രൂപയാണ് ബസ്സ്റ്റാന്റിൽ വന്നുപോകുന്ന ബസ്സുകളുടെ എണ്ണത്തിൽ വന്ന വർദ്ധനവ് കണക്കിലെടുത്താൽ വരുമാനത്തിൽ വന്ന വർദ്ധനവ് നിസ്സാരമാണ്. ഈ ഇനത്തിൽ വരുന്ന വരുമാനം ബസ്റ്റാന്റ് മെയിന്റനൻസിനും വേണ്ടി വരുന്ന തുകയുടെ ഒരു ചെറിയ ശതമാനം മാത്രമാണ്. പെർമിറ്റ് നല്കുന്ന RTA ഓഫീസുകളിൽ നിന്നു തന്നെ ഈ ഇനത്തിൽ ഫീസ് വസൂൽ ചെയ്ത് യഥാസമയം പഞ്ചായത്തുകൾക്ക് കൊടുക്കുന്ന ഒരു ശാസ്ത്രീയരീതി നടപ്പാക്കിയാൽ ഈ ഇനത്തിലുള്ള വരുമാനചോർച്ച തടയാൻ സാധിക്കും.

**മാർക്കറ്റ്:** മാർക്കറ്റിൽ നിന്ന് 95-96 കാലത്തെ വരുമാനം 36000 രൂപയാണ്. ഈ ഇനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. തുറസായ സ്ഥലത്തല്ല ഇപ്പോൾ മാർക്കറ്റ് സ്ഥിതി ചെയ്യുന്നത്. എന്നതും ആഴ്ചചന്തയുടെ പ്രസക്തി കുറഞ്ഞുവരുന്നതും ഈ ഇനത്തിലുള്ളവരുമാനം കുറയുന്നതിന് കാരണമാണ്. കർഷകരുടെ പക്കൽ നിന്നും കാർഷിക വിളകൾ മെച്ചമായ വിലക്ക് വാങ്ങുന്നതിന് ന്യായമായ വിലക്ക് നിത്യോപയോഗ സാധനങ്ങളും മറ്റും ഉപഭോക്താവിന് ലഭിക്കുന്നതിനും, സിവിൽ സപ്ലൈസ് കോർപ്പറേഷനോ മറ്റ് സർക്കാർ പൊതുമേഖല ഏജൻസിയോ (സഞ്ചരിക്കുന്ന മാവേലിസ്റ്റോർ മാതൃക) ആഴ്ചചന്തയിൽ സംവിധാനമൊരുക്കിയാൽ പതിറ്റാണ്ടുകൾക്കു മുമ്പേ പേരുകേട്ട മുക്കം ചന്തയുടെ പ്രസക്തി നിലനിർത്തുന്നതിനും ചന്തയിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിനും സാധിക്കും. ചന്തയോടനുബന്ധിച്ചുള്ള മത്സ്യമാംസസ്റ്റാളുകൾ കാരണമുള്ള മലിനീകരണം തടയേണ്ടതും അത്യാവശ്യമാണ്. ഇതിന്നായി മൃഗങ്ങളെ അറക്കുന്നതിന് പബ്ലിക് സ്ലാട്ടർ ഹൗസുകൾ സ്ഥാപിക്കേണ്ടതും അവിടെവെച്ചല്ലാതെ മൃഗങ്ങളെ അറക്കുന്നത് കർശനമായി തടയേണ്ടതുമുണ്ട്. സ്ലാട്ടർഹൗസിൽ നിന്നും ഒരു നല്ല തുക വരുമാനമായി പ്രതീക്ഷിക്കുകയും ചെയ്യാം.

**കെട്ടിടവാടക:** പഞ്ചായത്ത്ത വക ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് സെന്ററിൽ നിന്ന് മുക്കം ഷോപ്പിംഗ് സെന്ററിൽ നിന്നുമുള്ള 1995-96 വർഷത്തെ വാടക ഇനത്തിൽ ഉള്ള വരുമാനം 1,98,726 രൂപയാണ്. ഈ ഇനത്തിലുള്ള വർദ്ധനവ് തീരെ ആശാവഹമല്ല. പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകക്ക് കൊടുക്കുന്നതിനുള്ള ചട്ടങ്ങളിലും നിയമങ്ങളിലും ശാസ്ത്രീയമായ വീക്ഷണത്തോടെ കാലാനുസൃതമായി മാറ്റംവരുത്തിയാൽ മാത്രമേ ഈ കാര്യത്തിൽ മാറ്റം വരികയുള്ളൂ. റൂറൽ ഡവലപ്പുമെന്റ് ബോർഡ് 1990ൽ നിർമ്മിച്ച് പഞ്ചായത്തിനു നൽകിയ ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് സെന്റർ കെട്ടിടത്തിന് 8,71,379 രൂപ തിരിച്ചടച്ചിട്ടുണ്ട്. ഇനി 33,59885.00 രൂപ അടക്കാൻ ബാക്കിയാണ് RDB ഓരോ പ്രാവശ്യവും വർധിപ്പിക്കുന്ന വർദ്ധിച്ച പലിശനിരക്ക് കാരണം തുക കൃത്യമായി അടക്കാൻ പഞ്ചായത്തിന് സാധിക്കുകയില്ല. ഈ വസ്തുത പരിശോധിച്ചാൽ RDBയെ ഒഴിവാക്കിക്കൊണ്ടു ബേങ്കുകളിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ പണം കടമെടുത്ത് കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതി നല്കുകയാണെങ്കിൽ വളരെ സഹായകരമായിരിക്കും.

സർക്കാരിൽ നിന്നും ലഭിക്കുന്ന പ്രധാനപ്പെട്ട ഗ്രാന്റുകൾ സ്റ്റാമ്പ് ഡ്യൂട്ടി, ജെ.ആർ.വൈ.പ്രത്യേക ഘടകപദ്ധതി അനുസരിച്ചുള്ള ഗ്രാന്റ് എന്നിവയാണ് (പട്ടിക നോക്കുക)

സർക്കാർ ഗ്രാന്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി അപ്പപ്പോൾ തന്നെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വെഹിക്കൾ ടാക്സ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നീയിനത്തിലുള്ള വരുമാനം പഞ്ചായത്തിൽ എത്തുന്നത് വർഷങ്ങൾ കഴിഞ്ഞാണ് അമിതമായ കാലതാമസം ഒഴിവാക്കുകയും നീതിപൂർവ്വകമായ വിതരണം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

**മറ്റ് ധനാഗമമാർഗ്ഗങ്ങൾ**

**1. DFD ട്രേഡ് ലൈസൻസ് ഫീസ്സ്:** ഈ ഇനത്തിലുള്ള വരുമാനം തൃപ്തികരമല്ല. 1964ലെ നിയമത്തിന്റെ വെളിച്ചത്തിൽ അന്ന് തിട്ടപ്പെടുത്തിയ തോതനുസരിച്ച് ടൺ ഫീസ് പിരിച്ചുകൊണ്ടിരിക്കുന്നത്. പഞ്ചായത്ത് രാജ് നിയമത്തിന്റെ വെളിച്ചത്തിലും ശാസ്ത്രീയമായും ലൈസൻസ് ഫീസ് ചുമത്തപ്പെട്ടാൽ ഈ ഇനത്തിൽ വൻ വർദ്ധനവ് പ്രതീക്ഷിക്കാം.

**2. PFA ലൈസ്സൻസ് ഫീസ്:** ഈ ഇനത്തിൽ ഇപ്പോഴുള്ള വരുമാനം തീരെ ആശാവഹമല്ല. നാമമാത്രമാണ്. ഇത് പിരിക്കുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന രശീതി, ഫോറങ്ങൾ, എഴുതപ്പെടുന്ന രജിസ്റ്ററുകൾ എന്നിവയുടെ ചില വിന് ഉതകുന്ന തുകകൂടി ഈ ഇനത്തിൽ വരവില്ലെന്ന് കാണാം. ഇത് കാലാനുസൃതവും ശാസ്ത്രീയവുമായി പരിഷ്കരിച്ചാൽ ഈ ഇനത്തിൽ മോശമല്ലാത്ത വരുമാനമുണ്ടാകും.

**കെട്ടിടനിർമ്മാണ ലൈസൻസ് ഫീസ്:** ഈ ഇനത്തിൽ പഞ്ചായത്തിന് പതിനായിരങ്ങളുടെ വരുമാനമുണ്ട്. നിയമം കർശനമായി നടപ്പാക്കുന്നതിനുള്ള വിഷമതകളും, അശാസ്ത്രീയവും നിലവിലുള്ള സാമൂഹിക സാമ്പത്തിക ചുറ്റുപാടിൽ മാറ്റപ്പെടേണ്ടതായ ചില വകുപ്പുകളും കാരണം ഈ ഇനത്തിലും കെട്ടിട നികുതി ഇനത്തിലും ചോർച്ച സംഭവിക്കുന്നുണ്ട്. ഉദാഹരണം സർക്കാർ പ്രഖ്യാപിക്കുന്ന പലതരം സാമൂഹ്യക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തിയും സാമൂഹ്യസേവന ഏജൻസികൾ മുഖേനയും മറ്റും നിർമ്മിക്കുന്ന വീടുകൾക്ക് പോലും പലപ്പോഴും പ്ലാൻ നല്കി അംഗീകാരം വാങ്ങുന്നില്ല. ഇതിന്നുള്ള പ്രധാനകാരണം 3ഉം 4ഉം സെന്റ് സ്ഥലത്ത് വീട് നിർമ്മിക്കുമ്പോൾ നിലവിലുള്ള നിയമത്തിലെ നിബന്ധനകൾ പാലിക്കാൻ സാധിക്കുന്നില്ല എന്നതാണ് അതുകൊണ്ട് സ്വന്തമായി മറ്റ് സ്ഥലം ഇല്ലാത്തവരും 5 സെന്റിൽ താഴെ ഭൂമി ഉള്ളവരുമായവരുടെ കാര്യത്തിലെങ്കിലും നിയമം ഉദാരമാക്കുകയോ ഇളവ് അനുവദിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നല്കുകയോ ചെയ്താൽ ഈ ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

കാഴ്ചനികുതി, അധികവിനോദനികുതി, പുറമ്പോക്ക് ലീസ്സ് (പാട്ടം)നടക്കാവ് വൃക്ഷങ്ങളിലെ മേലനുഭവങ്ങൾ ലേലം ചെയ്തവ. കടവ് കുത്തക ലേലം എന്നീ ഇനങ്ങളിലുമാണ് മറ്റു പ്രധാന വരവ്.

**മറ്റ് ധനകാര്യ സ്ഥാപനങ്ങൾ**

കനറാബേങ്ക്, ഫെഡറൽ ബാങ്ക്, കാർഷിക വികസന ബാങ്ക് ശാഖകളും മുക്കം സർവീസ് സഹകരണ ബാങ്കുമാണ് മുക്കം പഞ്ചായത്തിൽ ഇപ്പോഴുള്ളത്. ബേങ്കുകൾ ഈ പ്രദേശത്തു നിന്നുമുള്ള വിഭവസമാഹരണത്തിന്റെ 50%മെങ്കിലും ഈ പ്രദേശത്തുകാരായ അപേക്ഷകർക്ക് വായ്പയായി അനുവദിക്കുന്നതിനുള്ള സംവിധീനം ഉണ്ടാക്കുകയും വായ്പ നല്കുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കുകയും അപേക്ഷപ്രകാരമുള്ള ആവശ്യത്തിന് തുക വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്താൽ മാത്രമേ ചെറുകിട വ്യവസായ രംഗത്തും വാണിജ്യമേഖലയിലും നേട്ടങ്ങൾ ഉണ്ടാക്കുന്നതിനും കാർഷിക മേഖലപരിപോഷിപ്പിക്കുന്നതിനും സാധിക്കുമെന്നതിൽ സംശയമില്ല. സർവീസ് സഹകരണബാങ്ക് നടത്തിവരുന്ന വസ്ത്രവ്യാപാരം മറ്റു മേഖലകളിലേക്കുകൂടി വ്യാപിപ്പിക്കുകയും

പഞ്ചായത്തിന്റെ കഴിഞ്ഞ 5 വർഷത്തെ വരവു ചെലവു അവതരിച്ച കണക്ക്.

| വർഷം | വരവ് | ചിലവ് |
|---|---|---|
| 1991. 92 | 2340000.97 | 1925249.11 |
| 1992. 93 | 2407582.70 | 2737885.70 |
| 1993. 94 | 2453133.61 | 2453792.16 |
| 1994. 95 | 2853635.90 | 2864105.05 |
| 1995. 96 | 30220.27 | 2709686.50 |

**പട്ടിക 2**

വരുമാനത്തിന്റെ വ്യതിയാനം.

| ഇനം. | 1991. | 92 | 1995. | 96 | വ്യതിയാനം | | % |
|---|---|---|---|---|---|---|---|
| തനത് വരുമാനം. | | | | | | | |
| (a) കെട്ടിട നികുതി | 223323 | 66 | 394516 | 45 | +171192 | -79 | 76.66 |
| (b) വിനോദനികുതി | 287384 | 63 | 626036 | 00 | +338651 | -37 | 117.83 |
| (c) തൊഴിൽ നികുതി | 136632 | - | 204365 | - | +67733 | -00 | 49.57 |
| d) ബസ്സ്റ്റാന്റ് ഫീസ് | 41100 | - | 58300 | - | +17200 | -00 | 41.85 |
| e) മാർക്കറ്റ് | 11500 | - | 36000 | - | +24500 | -00 | 21304 |
| f) കെട്ടിട വാടക | 188037 | - | 198726 | - | +10689 | -00 | 5.68 |
| ഉപാധിഹരിതഫണ്ട്. | 150000 | - | 201680 | - | +51680 | -00 | 34.45 |
| S. C. P. | 50000 | - | 161910 | - | +111910 | -00 | 223.82 |
| ജെ. ആർ. വൈ | 403500 | - | 641200 | - | +237700 | -00 | 58.91 |
| ഗ്രാന്റുകൾ സംഭാവനകൾ | 337360 | - | 385276 | - | +47916-00 | 14.20 | |

**പട്ടിക 3**

**ചെലവ്**

| ഇനം | 1991. | 92 | 1995. | 96 | വ്യതിയാനം | | % |
|---|---|---|---|---|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | 361368 | 55 | 587833 | 10 | +226464 | -55 | 62-67 |
| കറണ്ടു ചാർജ്ജ് | 32066 | 85 | 51350 | - | +19283 | -15 | 60.14 |
| റോഡുറിപ്പയർ | 119983 | 60 | 316993 | 50 | +197009 | -90 | 164.20 |

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വക ഒരു ഡിപ്പാർട്ടുമെന്റൽ സ്റ്റോർ മുക്കത്ത് ആരംഭിക്കുകയും ചെയ്താൽ പൊതുവിപണിയിലെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സഹായകരമായിരിക്കും.കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർ പ്രൈസസ്സിന്റെ ഒരു ശാഖ മുക്കത്ത് സ്ഥാപിക്കുന്നതും ഒരു ഗവണ്മെണ്ട് ട്രഷറി ആരംഭിക്കുന്നതും മുക്കം ആസ്ഥാനമാക്കി ഒരു താലൂക്ക് രൂപീകരിക്കുന്നതും ഈ പ്രദേശത്തിന്റെ സർവ്വതോന്മുഖമായ വളർച്ചക്ക് അത്യന്താപേക്ഷിതമാണ്.

**നിർദ്ദേശങ്ങൾ**

1. നികുതികൾ ചുമത്തുന്നതിനും പരിച്ചെടുക്കുന്നതിനും സഹായകരമായ നിലയിൽ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നിയന്ത്രണത്തിൽ വാർഡുമെമ്പർമാർ ഉൾക്കൊള്ളുന്ന ജനകീയ കമ്മറ്റികൾ ഓരോ വാർഡിലും രൂപീകരിക്കുക. നികുതി ചുമത്തലിലുള്ള ആക്ഷേപം ഒഴിവാക്കുന്നതിനും യതാസമയം പിരിച്ചെടുക്കുന്നതിനും ഇതു സഹായകമായിരിക്കും.

2. പുഴ പുറമ്പോക്കുകൾ ഇപ്പോൾ നാമമാത്രമായ ലീസ് (പാട്ടം)നാണ് നല്കുന്നത്. പാട്ടം വർദ്ധിപ്പിക്കുകയും കുഴികൂറുകൾക്ക് കൂടി പാട്ടം ഏർപ്പെടുത്തുകയും ചെയ്യുക.

3. പുറംപോക്കു ഭൂമികൾ അളന്ന് തിട്ടപ്പെടുത്തുകയും അവയിലെ കുഴിക്കൂറുകൾ അന്യാധീനപ്പെട്ടിട്ടില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

4 സ്വകാര്യ കൺസ്ട്രക്ഷൻ കമ്പനികൾ, കോൺട്രാ

ക്ടർമാർ ബേങ്കർമാർ, ആധാരം എഴുത്തുകാർ, ട്രാവൽ ഏജൻസികൾ റിയൽ എസ്റ്റേറ്റുകാർ, LIC ഏജന്റുമാർ, മഹിള പ്രധാൻ ഏജന്റുമാർ എന്നിവർക്കെല്ലാം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തുക.

5. രോഗികളെകിടത്തി ചികിത്സിക്കുന്നതും ഫീസ്സ്, വാടക എന്നിവ ഈടാക്കുന്ന സ്വകാര്യ ആസ്പത്രികൾക്കും വാടക അടിസ്ഥാനത്തിൽ കെട്ടിട നികുതി ചുമത്തുകയും സ്ഥാപനത്തിനും ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും തൊഴിൽ നികുതി ചുമത്തുകയും ചെയ്യുക.

6. ഭൂമിയുടെ വിലവർദ്ധനവിനനുസരിച്ച് വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് ഭൂമിയുടെയും കെട്ടിടങ്ങളുടെയും കൈമാറ്റങ്ങൾ ഇത്തരം കൈമാറ്റങ്ങളിലൂടെ ലക്ഷങ്ങൾ സമ്പാദിക്കുന്ന പലരും പഞ്ചായത്തിന് യാതൊരു നികുതിയും അടക്കാതെ രക്ഷപ്പെടുന്നവരാമ്. ഇത്തരം വസ്തു കൈമാറ്റക്കാരെ കണ്ടുപിടിച്ച് അവരിൽ നിന്നും നിശ്ചിത തുക ഈടാക്കുന്നതിന് സാധിക്കണം. കൂടാതെ വലിയ കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുമ്പോൾ ഉടമസ്ഥാവകാശം മാറ്റിക്കൊടുക്കുന്നതിന് രജിസ്ട്രേഷൻ ഫീസിന്റെ അടിസ്ഥാനത്തിൽ ഒരു നിശ്ചിതക തുക പഞ്ചായത്തിൽ ഫീസ്സായി ചുമത്താവുന്നതാണ്.

7. പഞ്ചായത്തുകൾക്ക് സാമ്പത്തിക വിഷമം കാരണം നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ കഴിയാതെ വരുമ്പോൾ ധനം സ്വരൂപിക്കാൻ ബോണ്ടുകൾ ഇറക്കുന്നതിനും ബേങ്കുകളിൽ നിന്ന് കടമെടുക്കുന്നതിനുള്ള അധികാരം നല്കുക

8. പഞ്ചായത്തിൽ ആധുനിക സൗകര്യത്തോടെ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുകയും അതിന്റെ ദൈനംദിന നടത്തിപ്പ് ചമതല ആ പ്രദേശത്തെ ജനകീയ കമ്മറ്റിയെ ഏല്പിക്കുകയും ചെയ്യുക. (അഗസ്ത്യൻ മുഴിയിലുള്ള P.W.D വക സ്ഥലം ഈ ആവശ്യത്തിലേക്കായിപഞ്ചായത്തിന് വിട്ടുതരിക.

9. താഴക്കോട് വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ഓഫീസിനും പിന്നിലുള്ളതുമായ സുമാർ 28 സെന്റ് റവന്യു സ്ഥലം പഞ്ചായത്തിന് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കുക. പ്രസ്തുത സ്ഥലത്ത് വില്ലേജ് ഓഫീസ് ട്രഷറി എന്നിവ അടക്കം പ്രവർത്തിക്കാൻ പറ്റിയ ഒരു കെട്ടിട നിർമ്മിക്കാവുന്നതാണ്.

10. മുക്കത്ത് ഒരു ടാക്സിസ്റ്റാന്റ് നിർമ്മിക്കുന്നതിന് മുക്കം അങ്ങാടിയിലെ വാഹനത്തിരക്ക് ലഘൂകരിക്കുന്നതിനും ഈയിനത്തിൽ വരുമാനം സ്വരൂപിക്കുന്നതിനും സഹായകമാകും.

11. റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ജനകീയ കമ്മറ്റികൾ മുഖേന നടത്തിയാൽ ഈ വകയിലുള്ള ചിലവ് ചുരുക്കുന്നതിനു സാധിക്കും.

12. പഞ്ചായത്തുകളിലെ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നതിന് പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ പ്രത്യേകം എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കേണ്ടതാണ്.

13. പഞ്ചായത്ത് റോഡുകളുടെയും ശുദ്ധജലവിതരണ സൗകര്യങ്ങൾ, കലുങ്കുകൾ പൊതു കക്കൂസുകൾ, ബസ് വെയ്റ്റിംഗ് ഷെഡുകൾ, വായനശാലകൾ, പൊതു കിണറുകൾ, പുറമ്പോക്ക് ഭൂമികൾ, കുഴിക്കൂറുകൾ, പുഴമണൽ, എന്നിവ സംരക്ഷിക്കുന്നതിനായി അതാത് സ്ഥലങ്ങളിൽ ജനകീയ കമ്മറ്റികൾ രൂപീകരിക്കുക. 14 പഞ്ചായത്തുകൾ ഭീമമായ തുക മുടക്കി റോഡുകളും കൾവർട്ടുകളും മറ്റും നിർമ്മിക്കുമ്പോൾ ഈ ഇനത്തിൽ പഞ്ചായത്തിന് യാതൊരു വരമാനവും ലഭിക്കുന്നില്ല. എന്നാൽ ഇത്തരം റോഡുവക്കുകളിലുള്ള പറമ്പുകൾക്കും കെട്ടിടങ്ങൾക്കുമെല്ലാം വൻ വിലവർദ്ധനവുണ്ടാവുന്നു. ഒട്ടനവധി സൗകര്യങ്ങൾ കൂടുന്നു. ഈ കാര്യങ്ങൾ പരിഗണിച്ച് ഇത്തരം റോഡിലൂടെ ഓടന്നു വാഹനങ്ങൾക്ക് ഒരു നിശ്ചിത കാലത്തേക്ക് ചുങ്കം പിരിക്കുന്നതും വസ്തു കൈമാറ്റങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കുന്നതും ഉചിതമായിരിക്കും.

16. വഴിത്തർക്കങ്ങൾ, മലിനീകരണം സംബന്ധിച്ച തർക്കങ്ങൾ അപായമായ നിലയിൽ വൃക്ഷങ്ങളും ചില്ലകളും മറ്റും ചാഞ്ഞു നില്ക്കുന്നതു മൂലമുള്ള തർക്കങ്ങൾ പഞ്ചായത്തീരാജ് ചട്ടങ്ങളുടെ കീഴിൽ വരുന്ന മറ്റു ചെറിയതരം കുറ്റങ്ങൾ എന്നിവക്ക് കുറ്റക്കാരിൽ നിന്നും പിഴ ഈടാക്കി ഒത്തുതീർപ്പാക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നല്കേണ്ടതാണ്.

17. ശുചീകരണത്തിന്റെ അപര്യാപ്തത എന്നും പൊതുജനങ്ങളുടെ മുറവിളിക്ക് ആധാരമാകുന്ന ഒന്നാണ്. ജീവനക്കാരുടെ അപര്യാപ്തതയും ചണ്ടി സംസ്ക്കരിക്കുന്നതിന് സ്ഥലമില്ലാത്തതുമാണ് ഇതിന് പ്രധാന കാരണം ഇതിന് ശാശ്വതമായ പരിഹാരം കാണുന്നതിനായി ഫുൾടൈം കണ്ടിജന്റ് ജീവനക്കാർ (തൂപ്പവേലക്കാർ) അങ്ങാടിയിൽ അടിച്ചുവൃത്തിയാക്കുന്നതിനായി നിയമിക്കപ്പെടേണ്ടതും ചവറുകൾ സംസ്ക്കരിക്കത്തക്ക നിലയിൽ ഒരു ട്രഞ്ചിംഗ് ഗ്രൗണ്ട് നിർമ്മിക്കുകയും വേണം (കമ്പോസ്റ്റ് വിറ്റ് വരുമാനം ഉണ്ടാക്കുവാനും സാധിക്കും)

18. പഞ്ചായത്തീരാജ് സംവിധാനത്തിന്റെ വെളിച്ചത്തിൽ സമയബന്ധിതമായി കാര്യങ്ങൾ ചെയ്തുതീർക്കുന്നതിനും അതുവഴി വരുമാന ചോർച്ച തടയുന്നതിനും പഞ്ചായത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുകയും നിയമാനുസരണം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം.

19. പഞ്ചായത്തുകളുടെ റീഗ്രൂപ്പിംഗ് നടത്തുക.

20. ഈ പഞ്ചായത്തിൽപ്പെട്ട നൂറുകണക്കിനാളുകൾ ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവരായുണ്ട്. ഇന്നത്തെ പ്രതിസന്ധിയുടെ വെളിച്ചത്തിൽ ഗൾഫ് മേഖലയിൽ നിന്നും തിരിച്ചുപോരുന്നവർക്കായി സർക്കാർ വല്ല പദ്ധതിയും ആവിഷ്ക്കരിക്കുന്നുവെങ്കിൽ ഇത്തരം പദ്ധതികൾക്ക് ഈ പഞ്ചായത്തിൽ വമ്പിച്ച പ്രസക്തിയുണ്ട്.

21. ജനന-മരണ രജിസ്ട്രേഷനടക്കം മുഴുവൻ ഫോറങ്ങളും രജിസ്റ്ററുകളും മാതൃഭാഷയിലാക്കുന്നത് ഈ ഇനത്തിലുള്ള ചിലവ് കുറക്കുന്നതിനും പൊതുജനങ്ങൾക്ക് സൗകര്യപ്രദവുമായിരിക്കും.

22. പഞ്ചായത്തിൽ ഹാൾട്ട് ചെയ്യുകയും ഓട്ടം തുടങ്ങുകയും ചെയ്യുന്ന ടാക്സി വാഹനങ്ങൾക്ക് നികുതി ചുമത്തേണ്ടതാണ്.

മനുഷ്യാധ്വാനം വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾക്ക് ഈ പഞ്ചായത്തിൽ തുടക്കം കുറിച്ചിരിക്കുന്നു. ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണവും അനുകൂല തീരുമാനങ്ങളുമുണ്ടായാൽ വിഭവസമാഹരണത്തിലും വികസനത്തിലും വൻവിജയം കൈവരിക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല. ●



# 6

# മുക്കം ഗ്രാമപഞ്ചായത്ത് പ്രവർത്തനരേഖ

1995 ഒക്ടോബർ 2നാണ് മുക്കം ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതി അധികാരമേറ്റത്. പഞ്ചായത്ത് ഓഫീസിൽ വെച്ച് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിന് കക്ഷിരാഷ്ട്രീയഭേദമന്യേ മുക്കത്തെ പ്രഗത്ഭരും പ്രശസ്തരുമടക്കം വമ്പിച്ച ജനാവലി സാക്ഷ്യം വഹിച്ചു. ഭരണരംഗത്തും പഞ്ചായത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി കക്ഷിരാഷ്ട്രീയത്തിന്നതീതമായി ജനപങ്കാളിത്തം ഉറപ്പാക്കികൊണ്ട് ആത്മാർത്ഥമായി പ്രവൃത്തിക്കുമെന്ന പഞ്ചായത്ത് അംഗങ്ങൾക്കുവേണ്ടി വി. പി. ചാത്തൻ എ. അഹമ്മദുകുട്ടി ഹാജി , എം. കെ. ജോസ്, കുഞ്ഞൻമാസ്റ്റർ., ചേറ്റൂർ ബാലകൃഷ്ണൻ മാസ്റ്റർ എന്നിവർ പ്രസ്തുത ചടങ്ങിൽ പ്രഖ്യാപിക്കുകയുണ്ടായി. ആയത് യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പിന്നീട് നടത്തിയത്.

ഒക്ടോബർ 4 -ന് നടന്ന പഞ്ചായത്ത് കമ്മറ്റി യോഗത്തിൽ വെച്ച് വി. പി. ചാത്തൻ പഞ്ചായത്ത് പ്രസിഡണ്ടായും, എ.എം.അഹമ്മദ്കുട്ടി ഹാജി വൈസ് പ്രസിഡണ്ടായും ഡിസംബർ 30ന് ചേർന്ന യോഗത്തിൽ വെച്ച് ജ: കെ. പി. അഹമ്മദുകുട്ടി സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനായും തെരഞ്ഞെടുക്കപ്പെട്ടു.

ജനകീയ പങ്കാളിത്തത്തോടെ വികസനപദ്ധതികളും സാമൂഹ്യസേവനപ്രവർത്തനങ്ങളും വിദ്യാഭ്യാസ പദ്ധതികളും ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളും കലാ-സാംസ്കാരിക പരിപാടികളും വിജയിപ്പിക്കണമെന്ന ഉദ്ദേശത്തോടെ പഞ്ചായത്ത് തലത്തിൽ കാർഷിക വികസനസമിതി വിദ്യാഭ്യാസ സമിതി, ശിശുക്ഷേമ സമിതി കേൻസർ നിർമ്മാർജ്ജന സമിതി. സ്പോർട്സ് കലാസാംസ്കാരിക സമിതി (കേരളോത്സവം സംഘാടകസമിതി) എന്നിവ രൂപീകരിച്ച് പ്രവർത്തനം നത്തിവരുന്നു. വിദ്യാഭ്യാസ സമിതിയുടെ ഭാഗമായി എല്ലാ വാർഡുകളിലും വാർഡ് തല വിദ്യാഭ്യാസസമിതികൾ രീപീകരിക്കുകയും പഞ്ചായത്തിലെ എല്ലാ യു. പി, എൽ. പി. സ്കൂളുകളിലും മാതൃസംഗമങ്ങൾ നടത്തപ്പെടുകയുമുണ്ടായി. കാർഷിക വികസനസമിതി കൃഷി ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ പഞ്ചായത്തിൽ ഒട്ടനവധി കാർഷിക വികസന പരിപാടികൾ ആവിഷ്കരിക്കുകയുണ്ടായി.

ചിങ്ങം 1 കർഷകദിനം പുനരർപ്പണദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളുടെ ജില്ലാതല ഉൽഘാടനം മുക്കത്ത് വെച്ച് നടത്തപ്പെട്ടു. ഇതിനോടനുബന്ധിച്ച് നടന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കാഞ്ഞിക്കാവ് കുഞ്ഞികൃഷ്ണൻ അദ്ധ്യക്ഷത വഹിക്കുകയും ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി എം. എൽ. എ. ശ്രീ. പി. വിശ്വൻ എം. എൻ. എ. എന്നിവരടക്കം പ്രമുഖരായ പല നേതാക്കളും കൃഷിവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും സംബന്ധിക്കുകയുണ്ടായി. ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി മുക്കം ഗ്രാമപഞ്ചായത്തിൽ ജനകീയ പങ്കാളിത്തത്തോടെ നടത്തിയ പണികൾ പൊയിൽ മുക്കം ഹൈസ്ക്കൂൾ റോഡ് പ്രവർത്തിയുടെ പേരിൽ ഉൽഘാടനവും 1996 നവംബർ 1ന് ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി എം. എൽ. എ. നിർവ്വഹിച്ചു. കേരളോത്സവത്തോടനുബന്ധിച്ച് കായിക മത്സരങ്ങളും കലാ-സാഹിത്യ മത്സരങ്ങളും വിജയിപ്പിക്കുന്നതിന് സഹായിച്ചത് സ്പോർട്സ് കലാസാഹിത്യസമിതിയാണ്.

പഞ്ചായത്തീരാജ് നിയമം അനുശാസിക്കുന്ന പ്രകാരം ഒന്നാം ഗ്രാമസഭകൾ പഞ്ചായത്തിലെ 12 മണ്ഡലങ്ങളിലും നടത്തപ്പെട്ടു. മിക്ക ഗ്രാമസഭകളിലും വർദ്ധിച്ച ജനപങ്കാളിത്തം ഉണ്ടാവുകയും ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ഉയർന്നുവരികയും ചെയ്തു.

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പല നിർദ്ദേശങ്ങളും പ്രാവർത്തികമാക്കേണ്ടതുണ്ട്. 9ാം പദ്ധതി ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി നടത്തപ്പെട്ട പ്രത്യേക ഗ്രാമസഭായോഗങ്ങളിൽ പ്രത്യാശയോടെ ആവേശപൂർവ്വം തന്നെ ജനങ്ങൾ പങ്കെടുത്തിട്ടുണ്ട്. ഇതിനിടയിൽ തന്നെ 2-ാം ഗ്രാമസഭകൾ പ്രത്യേകമായി ചേർന്നിട്ടുണ്ട്.

പുതിയ ഭരണസമിതി അധികാരമേറ്റെടുത്ത ശേഷം ആരംഭിച്ചതും മുൻഭരണസമിതിയുടെ കാലത്ത് തുടങ്ങി വെച്ചതുമായ ഒട്ടനധി വികസനപദ്ധതികൾ ജെ. ആർ. വൈ. അൺടൈഡ് എന്നീ ഫണ്ടുകളുപയോഗിച്ചും പഞ്ചായത്തിന്റെ തനതായ ഫണ്ടും ഗ്രന്റും ഉപയോഗിച്ചും പൂർത്തിയാക്കപ്പെട്ടിട്ടുണ്ട്.

ഇതിൽ സുമാർ 15 ലക്ഷം രൂപയുടേത് അൺടൈസ് ഫണ്ട് ഉപയോഗിച്ചും 1,72500 രൂപയുടേത് ജെ. ആർ വൈ ഫണ്ട് ഉപയോഗിച്ചും 2,37000 രൂപയുടേത് പ്രത്യേക ഗ്രിന്റും പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് ചെയ്തതാണ്.

കരുവാളക്കുളങ്ങര-വെസ്റ്റ് മലയമ്മ, ഇട്ടാരം കോട്ട്-നീലേശ്വരം, വെസ്റ്റ്- മണാശ്ശേരി ഗ്രാമീണ, മട്ടോളി വെസ്റ്റ്-മാമ്പറ്റ, തോട്ടത്തിൽകടവ്- വേനപ്പാറ, മണാശ്ശേരി-മുതുകുറ്റി, പൊയിൽ-മുണ്ടുപാറ തുടങ്ങിയ റോഡുകളുടെ അഭിവൃദ്ധിപ്പെടുത്തൽ പ്രവർത്തികളും, കല്ലുരുട്ടി- നെല്ലിക്കാപ്പൊയിൽ റോഡ് ടാറിംഗ്, ചക്കാലക്കൽ വാട്ടർടാങ്ക്, തെച്ച്യാട്ട് വാട്ടർ സപ്ലൈസ്കീം, വെണ്ണക്കോട് ആയുർവ്വേദ ഡിസ്പൻസറി എന്നിവയുടെ നിർമ്മാണ പ്രവർത്തികളും, കരിമ്പിൽ ലക്ഷം വീട് കോളനിയിലെ വീടുകളുടെ റിപ്പെയർ പ്രവർത്തിയുമാണ് ഉപാധിരഹിതഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രധാന പ്രവർത്തികൾ

ജെ.ആർ.വൈ.ഫണ്ട് ഉപയോഗിച്ച് മണാശ്ശേരിയിൽ സാംസ്കാരിക നിലയവും തൂങ്ങുപുറം സാംസ്കാരിക നിലയവവും നിർമ്മിച്ചു. പഞ്ചവടി റോഡ് അഭിവൃദ്ധിപ്പെടുത്താൽ പ്രവൃത്തി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സറേ പ്ലാന്റ് നിർമ്മാണ പ്രവർത്തി പ്രത്യേക ഗ്രാന്റ് ഉപയോഗിച്ചും പൂർത്തിയാക്കി ഇതിനു പുറമെ അൺടൈഡ് ഫണ്ട് ഉപയോഗിച്ച് 8,23,000 രൂപയുടെയും ജെ.ആർ.വൈ.ഫണ്ട് ഉപയോഗിച്ച് 80,000 രൂപയുടെയും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 1775000 രൂപയുടെയും വികസന നിർമ്മാണപ്രവൃത്തികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഐ.എച്ച്.ഡി.പി.കോളനിയിലെ കുടുംബങ്ങൾക്ക് കൃഷിവകുപ്പിന്റെ സഹകരണത്തോടെ കാർഷിക പണിയായുധങ്ങൾ വിതരണം ചെയ്തു. പട്ടികജാതിക്കാരായ 5 നിർദ്ധനയുവതികൾക്ക് 2000 രൂപവീതം വിവാഹ സഹായധനം നല്കി. പട്ടികജാതിക്കാരായ 5 നഴ്സറി വിദ്യാർത്ഥികൾക്ക് 1020 രൂപ തോതിൽ പുസ്തകം യൂനിഫോറം എന്നിവ വാങ്ങുന്നതിന് ധനസഹായം നല്കി.

പട്ടികജാതിയിൽപ്പെട്ട 2 കുടുംബങ്ങൾക്ക് വീട് കെട്ടിമേയുന്നതിന് 500 രൂപവീതവവും വീട് കെട്ടിമേയുന്നതിന് പഞ്ചായത്തിലെ 100 കുടുംബങ്ങൾക്ക് 150 രൂപ വീതവും ധനസഹായം നല്കി. മുക്കം പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ നിന്ന് എസ്സ്.എസ്സ്.എൽ.സി.പരീക്ഷയിൽ കൂടുതൽ മാർക്കുനേടി വിജയികളായ വിദ്യാർത്ഥികൾക്കും രാഷ്ട്രപുരസ്കാർ അവാർഡുകൾ നേടിയ മുക്കം ഹൈസ്കൂളിലെ വിദ്യാർത്ഥികൽക്കും കേഷ് അവാർഡുകൾ നൽകി.

പ്രകൃതിക്ഷോഭം മൂലം വീടു നഷ്ടപ്പെട്ടവർക്ക് ധനസഹായം നല്കി.

1996-97ലെ ജെ.ആർ.വൈ.ഫണ്ട് (452000 രൂപ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 226 കുടുംബങ്ങൾക്ക് 2000 രൂപ വീതം ഉപയോഗിച്ച് കക്കൂസ് നിർമ്മിച്ച് നല്കുന്നതിന് തീരുമാനിക്കുകയും പ്രവൃത്തി നടന്നുവരികയുംചെയ്യുന്നു.

വട്ടോളി പറമ്പ് ഹരിജൻ കോളനിയിലെ താമസക്കാരായ അർഹതപ്പെട്ട വ്യക്തികൾക്ക് അൺടൈഡ് ഫണ്ട് ഉപയോഗിച്ച് ഓരോ തയ്യിൽ മെഷീൻ വാങ്ങിക്കൊടുക്കുവാനും കയ്യിട്ടാപ്പൊയിലിൽ ഹരിജൻ കോളനിയിൽ സ്വന്തമായി വീടില്ലാത്ത 5 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നല്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇത്തരം വികസനസാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഇനിയും ഒട്ടനവധി നടത്തേണ്ടതായിട്ടുണ്ട്.

മേൽകാണിച്ച പ്രവൃത്തികളിലൊന്നും തന്നെ ജനകീയ വിഹിതം സ്വരൂപിക്കുന്നതിനോ സന്നദ്ധ സേവന സംഘടനകളുടേയോ പ്രവർത്തകരുടേയോ അദ്ധ്വാനം ഉപയോഗപ്പെടുത്തുന്നതിനോ സാധിച്ചിരുന്നില്ല. ജനകീയാസൂത്രണ പദ്ധതിയിലൂടെ ജനങ്ങളുടെ സഹകരണവും സഹായവും അദ്ധ്വാനവും സ്വരൂപിക്കാൻ കാർഷികരംഗത്തും വൻ പുരോഗതി കൈവരിക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല. അതുകൊണ്ട്തന്നെ ത്യാഗസന്നദ്ധരും സേവനതല്പരരുമായ മുഴുവൻ നാട്ടുകാരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ടും ജനകീയ ആസൂത്രണ പരിപാടിയിൽ പങ്കെടുക്കാൻ അഭ്യർത്ഥിച്ചുകൊണ്ടും ഭാവിയെ പ്രതീക്ഷയോടെ എതിരേൽക്കാൻ കാത്തിരിക്കുന്നു.

സ്നേഹപൂർവ്വം

**വി.പി.ചാത്തൻ**

പ്രസിഡണ്ട്

മുക്കം ഗ്രാമപഞ്ചായത്ത്

# ഉപസംഹാരം

സമയം....
ഓടിപ്പിടിച്ച് തോല്പിക്കാൻ
ഞങ്ങളാവതും ശ്രമിച്ചു!
പക്ഷെ....
കാലംതന്നെ വിജയിച്ചു!

ധൃതിപിടിച്ച സമയക്രമത്തിനുള്ളിൽ
ചെയ്തുതീർക്കേണ്ട ഒട്ടേറെ പ്രവർത്തനങ്ങൾ ഉണ്ടായതിനാൽ
ഏത് സംരംഭത്തിനും വേണ്ട
സൂക്ഷ്മമായ മുന്നൊരുക്കങ്ങൾ
തൃപ്തികരമായി നിറവേറ്റാൻ സാധിച്ചിട്ടില്ല
സാധ്യമായ സമഗ്രത കൈവരുത്താൻ ശ്രമിച്ചിട്ടുണ്ട്
എന്നാലും പോരായ്മകൾ ഗണ്യമായുണ്ടാകാം.
നൂറുകണക്കിനാളുടെ മനനത്തിലൂടെ
ഇത് നമുക്ക് സംപുഷ്ടമാക്കാനാകും. തീർച്ച!

വികേന്ദ്രീകൃത കൂട്ടായ്മയുടെ ഒരു സൃഷ്ടിയാണിത്!
നിസ്സീമമായ സേവനോത്സുകതയുടെ സൃഷ്ടി!!
ഇതിലെ രണ്ടധ്യായങ്ങൾ ക്രമീകരിച്ച് ചിട്ടപ്പെടുത്തിയതിന്
നേതൃത്വം നല്കിയത് വനിതകളാണെന്നത്
ചാരിതാർത്ഥ്യജനകമാണ്!

ഒരുപാട് പേരോട് നന്ദിയുണ്ട്.
വിവരദായകരോട്
ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ നൽകിയവരോട്
നന്ദി.....



ഒരു നവകേരള സൃഷ്ടിക്ക്
പുനരർപ്പിതമായ ജനസഞ്ചയത്തിന്റെ
ആരവത്തിന് കാതോർത്ത് കൊണ്ട്
നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ
**"സമഗ്രവികസനരേഖ"**
വികസനസെമിനാറിന്റെ മുമ്പാകെ സമർപ്പിക്കുന്നു.
നിശിതമായ വിശകലനത്തിനും ചർച്ചയ്ക്കും
പരിപൂർണ്ണതയ്ക്കും വേണ്ടി..... □



..ജന്മനാടിന്റെ മോചനത്തിനുവേണ്ടി പടപൊരുതുമ്പോൾ
1945–നവം. 23 ന് നമ്മുടെ ഗ്രാമത്തിൽ ജീവത്യാഗം ചെയ്ത
**മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്**
......ആദരാഞ്ജലികൾ.....

അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക് അധികാരം

അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക് അധികാരം

അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക് അധികാരം



"ഗ്രാമങ്ങളിലാണ് ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത്

ഗ്രാമങ്ങൾ നശിച്ചാൽ ഇന്ത്യ നശിക്കും"

അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക് അധികാരം